# അധികാരം ജനങ്ങളിലേക്ക്

# വികസന റിപ്പോർട്ട്

ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത്


ഇൻഡ്യ
കേരളം


കേരളം
കൊല്ലം

# അധികാരം ജനങ്ങളിലേക്ക്

## 9-ാം പദ്ധതി ജനകീയ പദ്ധതി

# വികസന റിപ്പോർട്ട്

## ശൂരനാട് തെക്ക്
## ഗ്രാമപഞ്ചായത്ത്

# ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത്

## ഭരണസമിതി



ബി. രവീന്ദ്രനാഥ ബാബു
(പ്രസിഡന്റ്)



സി. ഭാർഗ്ഗവൻ
(വൈസ് പ്രസിഡന്റ്)



എൽ. സരസ്വതി
(സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പെഴ്സൺ)



സി. സരസ്വതി അമ്മ (മെമ്പർ)



കെ. രവീന്ദ്രൻ പിള്ള (മെമ്പർ)



കെ.സി. സുഭദ്രാമ്മ

(മെമ്പർ)



ആർ. ശിവശങ്കരൻ നായർ

(മെമ്പർ)



പി.എം. ഇബ്രാഹിം കുട്ടി

(മെമ്പർ)



ഐ. ബഷീർ കുട്ടി

(മെമ്പർ)



എസ്. ശാന്തകുമാരി

(മെമ്പർ)




അവലംബം : വിഭവഭൂപടം, സെസ്സ്



## സംസ്ഥാന റിസോഴ്സ് പേഴ്സൺ.

### വി. രമണി.

## ജില്ലാ റിസോഴ്സ് പെഴ്സൺസ്.

എം.സുകുമാരക്കുറുപ്പ്. (കൺവീനർ)
സി.എം. നാരായണപിള്ള.
സി.ജി.കെ. പിള്ള.
ജെ. രവീന്ദ്രനാഥൻ പിള്ള.
എം. അബൂബക്കർ കുഞ്ഞ്.
കെ.രാമചന്ദ്രൻ.
കൊമ്പിപ്പിള്ളിൽ സന്തോഷ്.
വി. ശശീന്ദ്രൻ.
പി.ഒ. ജിനിമോൾ.
ജേക്കബ് എബ്രഹാം.
(പഞ്ചായത്തു സെക്രട്ടറി, ചീഫ് കോ-ഓർഡിനേറ്റർ)

### ജീവനക്കാർ

1. ജേക്കബ് എബ്രഹാം. (സെക്രട്ടറി)
2. ശാന്തമ്മയമ്മ. (ഹെഡ്ക്ലാർക്ക്)
3. റഹിംകുഞ്ഞ്. (യു.ഡി.സി.)
4. കെ. ഷാഹിദാബീവി. (യു.ഡി.സി)
5. ശിവശങ്കരപ്പിള്ള. (എൽ.ഡി.സി)
5. രവീന്ദ്രൻ പിള്ള. (എൽ.ഡി.സി.)
6. വാസുദേവൻപിള്ള. (എൽ.ഡി.സി)
8. ചന്ദ്രശേഖരൻപിള്ള. (എൽ.ഡി.സി)
9. ബാലകൃഷ്ണപിള്ള. (ലൈബ്രേറിയൻ)




ചിത്രം 3.3

അവലംബം : വിഭവഭൂപടം, CESS

# ആമുഖം



വികസന പദ്ധതികളുടെ ആസൂത്രണവും ഒരു പരിധിവരെ അവയുടെ നിർവഹണവും ജനങ്ങൾ നേരിട്ടു നടത്തുന്ന പരിപാടിയാണ് ജനകീയാസൂത്രണ പരിപാടി. 1951 മുതൽ നമ്മുടെ നാട്ടിൽ നടപ്പാക്കിയ വികസന പദ്ധതികളെല്ലാം തന്നെ ആസൂത്രിതമായിട്ടാണ് നടപ്പാക്കിയത്. ഗ്രാമവികസനപദ്ധതികളും ആസൂത്രണത്തിലൂടെത്തന്നെയാണ് നടപ്പിലാക്കിക്കൊണ്ടിരുന്നത്. എന്നാൽ ഈ പദ്ധതികളൊന്നും അവയ്ക്കുവേണ്ടി ചില വഴിച്ച പണത്തിനും പ്രയത്നത്തിനും അനുസരണമായ പ്രയോജനം നൽകിയില്ല. അതിന്റെ ഒരു പ്രധാന കാരണം ഈ പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും അവയുടെ ഗുണഭോക്താക്കളായ ജനങ്ങൾക്ക് പങ്കൊന്നുമില്ലാതിരുന്നതാണ്. പദ്ധതികളുടെ പ്രയോജനം പൂർണ്ണമായും ജനങ്ങൾക്കു ലഭ്യമാകാതിരുന്നതിനു പുറമെ, ഈ പദ്ധതികൾക്കു വേണ്ടി ചിലവഴിച്ച തുകകളുടെ ഗണ്യമായ ഒരു പങ്ക് പലവഴിക്ക് ചോർന്നു പോവുകയും ചെയ്തു. ഈ സ്ഥിതിക്കൊരു പരിഹാരം എന്ന നിലയിലാണ് ജനകീയാസൂത്രണ പ്രസ്ഥാനം നമ്മുടെ സംസ്ഥാനത്ത് ആവിഷ്കരിച്ചു നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നത്.

സ്ഥായിയും നീതിപൂർവ്വകവുമായ സാമ്പത്തിക വളർച്ചയിലൂടെ ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തലാണ് വികസനം. സാമ്പത്തിക വളർച്ച സാദ്ധ്യമാകണമെങ്കിൽ കാർഷിക വ്യാവസായിക മേഖലകളിലെ ഉത്പാദനം വർദ്ധിക്കണം. എന്നാൽ ഇന്നു കാർഷിക മേഖലയിലെ വളർച്ച മുരടിച്ചു നിൽക്കുകയാണ്. കാർഷികോത്പാദനം വർദ്ധിച്ചാലല്ലാതെ നമുക്ക് മുന്നോട്ടു പോകാൻ കഴിയാത്ത ഒരു അവസ്ഥ വന്നു ചേർന്നിരിക്കുന്നു. ആയതിനാൽ ഗ്രാമങ്ങളുടെ സമഗ്ര വികസനമാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ലക്ഷ്യമെങ്കിലും, കാർഷിക മേഖലയിലേയും അനുബന്ധമേഖലകളിലേയുംഉത്പാദനം വർദ്ധിപ്പിക്കലിലാണ് പ്രസ്ഥാനത്തിന്റെ ഊന്നൽ. കൂടാതെ, ഗ്രാമീണ വികസന യത്നങ്ങളിൽ രണ്ടുമൂന്നു ദശകങ്ങൾക്കു മുമ്പുവരെ നമ്മൾ പ്രയോജനപെടുത്തിക്കൊണ്ടിരുന്ന ജനങ്ങളുടെ സന്നദ്ധസേവന മനോഭാവം ഏറെക്കാലമായി ഉപയോഗപ്പെടുത്താതിരിക്കുന്നതു മൂലം അതിപ്പോൾ മന്ദീഭവിച്ചുകൊണ്ടിരിക്കുന്നു. ഈ സ്ഥിതിക്കൊരു മാറ്റം വരുത്തി, നമ്മുടെ ഗ്രാമങ്ങളുടെ ദ്രുത വികസനത്തിന് ഗ്രാമീണ ജനതയുടെ സേവന സന്നദ്ധത കഴിയുന്നത്ര ഉപയോഗപ്പെടുത്തുക എന്നതും ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ലക്ഷ്യങ്ങളിലൊന്നാണ്.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ ജനകീയാസൂത്രണ പരിപാടി നടപ്പാക്കുന്നതിനാവശ്യമായ പശ്ചാത്തല സൗകര്യം ഇപ്പോൾ ഒരുങ്ങിയിട്ടുണ്ട്. 73-74 ഭരണഘടനാ ഭേദഗതികളോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇന്ത്യൻ ഭരണക്രമത്തിന്റെ അവിഭാജ്യവും അനിവാര്യവുമായ ഘടകങ്ങളായിരിക്കു

ന്നു. മറ്റൊരു തരത്തിൽ പറഞ്ഞാൽ, കേന്ദ്രഗവണ്മെന്റി നേയും സംസ്ഥാന ഗവണ്മെന്റുകളേയും പോലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും ഭരണഘടനാധിഷ്ഠിത ഭരണാധികാരസ്ഥാപനങ്ങളായി മാറിയിരിക്കുന്നു. അധികാരവികേന്ദ്രീകരണം ലക്ഷ്യമാക്കിക്കൊണ്ട് ഗവണ്മെന്റ് പല അധികാരങ്ങളും ഇതിനകം പഞ്ചായത്തുകളെ ഏല്പിച്ചു കഴിഞ്ഞു. കൂടുതൽ അധികാരങ്ങൾ താമസിയാതെ നൽകും. ഒൻപതാം പഞ്ചവത്സരപദ്ധതിയുടെ അടങ്കലിന്റെ 35-40 ശതമാനം തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെയുള്ള വികസനപ്രവർത്തനങ്ങൾക്കുവേണ്ടി നീക്കിവെയ്ക്കുവാൻ സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. ഈ അനുകൂല സാഹചര്യങ്ങൾ ജനകീയാസൂത്രണ പരിപാടി ഏറ്റെടുത്തു നടപ്പാക്കുന്നതിൽ പഞ്ചായത്തുകളെ കൂടുതൽ പ്രാപ്തമാക്കിയിട്ടുണ്ട്.

ഗ്രാമസഭകൾ വിളിച്ചുകൂട്ടി ഗ്രൂപ്പുചർച്ചയിലൂടെ വികസന നിർദ്ദേശങ്ങൾ രൂപപ്പെടുത്തുകയും ഈ വികസന നിർദ്ദേശങ്ങൾക്ക് പഞ്ചായത്ത് വികസന സെമിനാറിലെ ഗ്രൂപ്പുചർച്ചയിലൂടെ മുൻഗണനാക്രമം നിശ്ചയിക്കുകയും വ്യക്തമായ പരിഹാര മാർഗ്ഗങ്ങൾ കണ്ടുപിടിക്കുകയും, ഈ പരിഹാര നിർദ്ദേശങ്ങൾ സെമിനാറിൽ വച്ചു തന്നെ രൂപീകരിക്കപ്പെടുന്ന കർമ്മസമിതികളെ ഏല്പിച്ച് പദ്ധതികളാക്കി മാറ്റുകയും, ഈ പദ്ധതികളുടെ മുൻഗണനാക്രമം അവസാനമായി പഞ്ചായത്തു കമ്മിറ്റി അംഗീകരിച്ച് ആവശ്യമായ അനുവാദം വാങ്ങി ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് മുൻഗണനാക്രമത്തിൽ ജനപങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുകയുമാണീ പദ്ധതിയുടെ പ്രവർത്തന പരിപാടി.

നമ്മുടെ പഞ്ചായത്തിൽ ജനകീയാസൂത്രണപരിപാടിയുടെ തുടക്കം കുറിക്കുന്നത് 12-9-96 ൽ നടന്ന ഏകദിന ശില്പശാലയോടുകൂടിയാണ്. ശില്പശാലയ്ക്കുശേഷം ജില്ലാതലപരിശീലകരുടെയും (ജില്ലാ റിസോർഴ്സ് പേഴ്സൺസ്) പഞ്ചായത്തുതല പരിശീലകരുടേയും (പഞ്ചായത്ത് റിസോർഴ്സ് പേഴ്സൺസ്) സഹകരണത്തോടെ 21-09-96 നും 13-10-96 നും ഇടയിൽ നമ്മുടെ 10 വർഡുകളിലെയും ഗ്രാമസഭകൾ കൂടുകയുണ്ടായി. ഗ്രാമസഭകളിൽ 95 മുതൽ 267 വരെ വോട്ടർമാർ പങ്കെടുത്തു. ശരാശരി പങ്കാളിത്തം 159 ആണ്. ഇത് സംസ്ഥാന ശരാശരിയായ 200 നേക്കാൾ താഴെയാണ്. ഈ ഗ്രാമസഭകളിൽ വച്ച് അതതു വാർഡുകളിലെ വികസന നിർദ്ദേശങ്ങൾ രൂപപ്പെടുത്തുകയുണ്ടായി.

പഞ്ചായത്തുതല പരിശീലകർക്ക് 25-11-96 ൽ രണ്ടാംഘട്ട പരിശീലനം നൽകുകയും, അവരെ 12 വിഷയഗ്രൂപ്പുകളായി തിരിച്ച് അതതു വിഷയത്തിന്റെ വികസന റിപ്പോർട്ട് എഴുതി തയ്യാറാക്കാൻ ചുമതലപ്പെടുത്തുകയും ചെയ്തു. 10 ഗ്രൂപ്പുകളുടെ ചെയർമാന്മാർ പ്രസിഡണ്ടുൾപ്പടെയുള്ള പഞ്ചായത്തുകമ്മിറ്റി അംഗങ്ങളും ബാക്കി രണ്ടു ഗ്രൂപ്പുകളുടെ ചെയർമാന്മാർ 9 ജില്ലാതല പരിശീലകരിൽ 2 പേരുമായിരുന്നു. ഈ ഗ്രൂപ്പുകളുടെ നിരന്തരമായ കഠിന പ്രയത്നം മൂലമാണ് പോരായ്മയോടുകൂടിയാണെങ്കിലും ഈ വികസന റിപ്പോർട്ട് മൂന്നുനാലു ദിവസത്തിനുള്ളിൽ എഴുതി തയ്യാറാക്കാൻ കഴിഞ്ഞത്. ഈ മഹാസംരഭത്തിൽ പങ്കാളികളായ ആദരണീയരായ എല്ലാ സന്നദ്ധസേവകരുടെയും, ഈ റിപ്പോർട്ടിന്റെ മൂന്നാം അദ്ധ്യായം പൂർണ്ണമായും എഴുതി തയ്യാറാക്കി തരുകയും, 13 ഭൂപടങ്ങൾ നിർമ്മിച്ച് തരുകയും, വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിൽ മാർഗ്ഗനിർദ്ദേശം നൽകി സഹായിക്കുകയും ചെയ്ത തിരുവനന്തപുരം ആക്കുളത്തെ 'സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസി' ലെ ഉദ്യോഗസ്ഥനായ ശ്രീമാൻ "ജയപാലിന്റെ" യും വിലമതിക്കാനാവാത്ത സേവനം കൃതജ്ഞതാപുരസ്സരം അനുസ്മരിച്ചുകൊണ്ടും, നമ്മുടെ ഭാവി വികസന പദ്ധതികൾക്ക് ആധാരമാകേണ്ട ഈ വികസന റിപ്പോർട്ട്, ബഹുമാന്യരായ വോട്ടർമാർ മുമ്പാകെ സമർപ്പിച്ചുകൊള്ളുന്നു.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. | പൊതു വിവരണം. | 1 |
| 2. | ഭരണചരിത്രം. | 2 |
| 3. | സാമൂഹ്യസാംസ്കാരിക ചരിത്രപശ്ചാത്തലം. | 3 |
| 4. | ഭൂപ്രകൃതി, ജനപ്രകൃതി. | 6 |
| 5. | വികസനമേഖലകൾ. | |
| 1. | കൃഷി, ജലസേചനം. | 17 |
| 2. | മൃഗസംരക്ഷണം, മത്സ്യമേഖല. | 25 |
| 3. | വിദ്യാഭ്യാസം. | 28 |
| 4. | ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം. | 35 |
| 5. | വ്യവസായം. | 47 |
| 6. | ഗതാഗതം, ഊർജ്ജം, മാർക്കറ്റ്. | 50 |
| 7. | ഭവനനിർമ്മാണ , ക്ഷേമപ്രവർത്തനങ്ങൾ. | 61 |
| 8. | സംസ്കാരം. | 71 |
| 9. | വനിത. | 85 |
| 10. | പട്ടികജാതിക്ഷേമം. | 92 |
| 11. | സഹകരണം. | 99 |
| 12. | വിഭവസമാഹരണം. | 104 |

# പഞ്ചായത്തിനെ സംബന്ധിച്ച പൊതുവിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത് | |
| രൂപീകരിച്ച വർഷം | : 1952 (അവിഭക്ത ശൂരനാട് പഞ്ചായത്ത്) | |
| വിഭജനത്തിനു ശേഷം ശൂരനാട് തെക്ക് പഞ്ചായത്തായി മാറിയ വർഷം | : 1962. | |
| ബ്ലോക്ക് പഞ്ചായത്ത് | : ശാസ്താംകോട്ട. | |
| താലൂക്ക് | : കുന്നത്തൂർ | |
| വിസ്തീർണം | : 17.17 ചതുരശ്ര കിലോമീറ്റർ. | |
| അതിരുകൾ | : വടക്ക്: | ശൂരനാട് വടക്ക് പഞ്ചായത്ത് |
| | കിഴക്ക്: | പോരുവഴി, ശാസ്താംകോട്ട പഞ്ചായത്തുകൾ |
| | തെക്ക്: | ശാസ്താംകോട്ട മൈനാഗപ്പള്ളി പഞ്ചായത്തുകൾ |
| | പടിഞ്ഞാറ്: | പള്ളിക്കലാറ്. |
| ജനസംഖ്യ | : 21,282 ( 1991 സെൻസസ് ) | |
| പുരുഷന്മാർ | : 10,543 | " |
| സ്ത്രീകൾ | : 10,739 | " |
| ജനസാന്ദ്രത | : 1239 ( ചതുരശ്ര കിലോമീറ്ററിന് ) ( 1991 സെൻസസ് ) | |
| കുടുംബങ്ങളുടെ എണ്ണം | : 4327 | " |
| സാക്ഷരർ | : 16958 | " |
| പുരുഷന്മാർ | : 8705 | " |
| സ്ത്രീകൾ | : 8253 | " |
| സാക്ഷരതാ ശതമാനം | : 90.78 | " |
| പുരുഷന്മാർ | : 94.24 | " |
| സ്ത്രീകൾ | : 87.39 | " |
| വാർഡുകൾ | : 10 | " |

# പഞ്ചായത്തിന്റെ ഭരണചരിത്രം




നമ്മുടെ പഞ്ചായത്ത് 1952 ലാണ് രൂപംകൊണ്ടത്. ഇന്നത്തെ ശൂരനാട് തെക്കു പഞ്ചായത്തിന്റെയും ശൂരനാട് വടക്ക് പഞ്ചായത്തിന്റെയും അധികാര പരിധികൾ ചേർന്നതായിരുന്നു, അവിഭക്ത ശൂരനാട് പഞ്ചായത്തിന്റെ അധികാര പരിധി. 1962 ലെ വില്ലേജ് പുനർനിർണ്ണയത്തിന്റെ ഭാഗമായി ശൂരനാട് വില്ലേജ്, ശൂരനാട് തെക്ക്, ശൂരനാട് വടക്ക് എന്നീ വില്ലേജുകളായി വിഭജിക്കപ്പെട്ടു. അതേ വർഷം തന്നെ നമ്മുടെ പഞ്ചായത്തും ശൂരനാട് തെക്ക് പഞ്ചായത്തും ശൂരനാട് വടക്ക് പഞ്ചായത്തുമായി വിഭജിക്കപ്പെട്ടു. ഇപ്പോൾ ശൂരനാട് തെക്ക് വില്ലേജു മാത്രമാണ് നമ്മുടെ പ്രവർത്തന പരിധി.

1952 മുതൽ ഇന്നുവരെ 4 ഭരണസമിതികൾ അധികാരത്തിലിരുന്നു. അഞ്ചാമത്തെ ഭരണസമിതിയാണിപ്പോൾ നിലവിലിരിക്കുന്നത്. ആദ്യത്തെ കമ്മിറ്റിയംഗങ്ങളുടേയും മുൻ പ്രസിഡന്റുമാരുടെയും പേരുകൾ അടിയിൽ കൊടുക്കുന്നു.

## ആദ്യത്തെ കമ്മിറ്റിയംഗങ്ങൾ (അവിഭക്ത ശൂരനാട് പഞ്ചായത്ത്)

1. തറയിൽ ആർ. രാമകൃഷ്ണൻ (പ്രസിഡന്റ്), തറയിൽ ഇരവിച്ചിറകിഴക്ക്, ശൂരനാട് തെക്ക്.
2. കെ. കരുണാകരൻ നായർ (വൈസ്പ്രസിഡന്റ്), താഴത്തടത്ത് തെക്കേമുറി, ശൂരനാട് വടക്ക്.
3. കെ. വെളുത്തകുഞ്ഞ്.
4. എൻ. പരമേശ്വരക്കുറുപ്പ്, ചെറുകര, പാതിരിക്കൽ, ശൂരനാട് വടക്ക്.
5. എൻ. ശങ്കരപ്പിള്ള കൊല്ലന്റെതെക്കതിൽ, പടിഞ്ഞാറ്റംമുറി.
6. കെ. എൻ. നാരായണപ്പണിക്കർ, കൊച്ചുവീട്ടിൽ, ആനയടി, ശൂരനാട് വടക്ക്.
7. കെ. ഗോപാലപിള്ള, കൊമ്പിപ്പള്ളിൽ, ആയിക്കുന്നം, ശൂരനാട് തെക്ക്.
8. എൻ. രാഘവൻപിള്ള, പനമ്പിലാവിൽ, ഇരവിച്ചിറ നടുവിൽ, ശൂരനാട് തെക്ക്.
9. കെ. ഭാസ്കരൻപിള്ള, കൊച്ചുതറയിൽ, ഇരവിച്ചിറകിഴക്ക്, ശൂരനാട്തെക്ക്.
10. വി.എൻ. ബാലകൃഷ്ണപിള്ള, വാഴപ്പള്ളിത്തറ, കിടങ്ങയം കന്നിമേൽ, ശൂരനാട്തെക്ക്.

## മുൻ പ്രസിഡന്റുമാർ

1. തറയിൽ ആർ. രാമകൃഷ്ണൻ.
2. മുടിയിൽതറ വി. ഭാസ്കരൻ.
3. പി. മാധവൻപിള്ള.
4. എൻ. രാഘവൻ നായർ.
5. എം. ഇസ്മായിൽകുട്ടി.
6. സി.എം. നാരായണപിള്ള.

# സാമൂഹ്യ സാംസ്കാരിക ചരിത്ര പശ്ചാത്തലം



കേരളത്തിലെ മറ്റേതൊരു സാധാരണ ഗ്രാമത്തേയും പോലെ ജന്മികുടിയാൻ ബന്ധവും സവർണ്ണമേധാവിത്വവും അയിത്താചരണവും വിദ്യാഭ്യാസ പിന്നോക്കാവസ്ഥയും നിലനിന്നിരുന്ന ഒരു ഗ്രാമമാണ് ശൂരനാട്. സാമൂഹ്യ സാംസ്കാരിക പ്രസ്ഥാനങ്ങളുടെ പ്രവർത്തന ഫലമായും സർക്കാരിന്റെ പുരോഗമനപരമായ നടപടികളുടെ ഫലമായും ഇന്നീ സ്ഥിതിക്ക് സമൂലമായ മാറ്റം വന്നിരിക്കുന്നു. സാമ്പത്തികരംഗത്ത് ഇന്നും വേണ്ടത്ര വളർച്ച നേടിയിട്ടില്ലെങ്കിലും വിദ്യാഭ്യാസ സാംസ്കാരിക രംഗങ്ങളിൽ ഇന്നീ ഗ്രാമം മുൻനിരയിലേക്കെത്തിയിരിക്കുന്നു.

മലയാളഭാഷയുടെ കുലഗുരുവെന്ന് വിശേഷിപ്പിക്കപ്പെടാവുന്ന ബഹുഭാഷാപണ്ഡിതനും ലക്സിക്കൺ എഡിറ്ററും ചരിത്ര ഗവേഷകനും സാഹിത്യകാരനും പത്മഭൂഷൺ, പ്രഥമ തുഞ്ചത്ത് എഴുത്തച്ഛൻ സ്മാരക പുരസ്കാരം തുടങ്ങിയ ബഹുമതികൾ നേടിയിട്ടുള്ള അതുല്യ പ്രതിഭയുമായ ശ്രീ. ശൂരനാട്ടു കുഞ്ഞൻ പിള്ളയുടെ നാമധേയത്തിലൂടെയാണ് ഈ ഗ്രാമം പുറംലോകത്ത് ആദ്യമായി അറിയപ്പെടുന്നത്. തൊട്ടുപിന്നാലെ, ജന്മിത്വത്തിന്റെ നിരന്തരമായ പീഡനങ്ങൾക്കിരയായ ഒരു കൂട്ടം പുരോഗമന ചിന്തകരായ ചെറുപ്പക്കാരുടെ ചെറുത്തുനില്പിന്റെ ഫലമായി ഒരു പോലീസ് ഇൻസ്പെക്ടറും മൂന്നു പോലീസുകാരും കൊലചെയ്യപ്പെടുകയും തുടർന്ന് ഇപ്പോഴത്തെ ശൂരനാട് വടക്ക് പ്രദേശമാകെ അതി ഭീകരമായ പോലീസ് തേർവാഴ്ചയിൽ അമരുകയും, ഏഴു യുവാക്കൾ പോലീസ് മർദ്ദനമേറ്റ് ലോക്കപ്പിൽ കിടന്ന് മരിക്കുകയും, പിൽക്കാലത്തെ സാമൂഹ്യമാറ്റത്തിന് ഒരു പ്രേരകശക്തിയായി മാറുകയും ചെയ്ത 1949 ഡിസംബർ 31-ാം തീയതിയിലെ 'ശൂരനാട്' സംഭവത്തിലൂടെയും, ഈ ഗ്രാമം കേരളമാകെ അറിയപ്പെട്ടു.

ശൂരനാടിന് ഈ പേര് വന്നതെങ്ങനെയെന്ന് കാണിക്കുന്ന രേഖകളൊന്നുംതന്നെയില്ല. എന്നാൽ 'ശൂരൻ' എന്നു പേരായ ഒരു നാടുവാഴി വാണിരുന്ന നാടായതുകൊണ്ടാണ് ഈ സ്ഥലത്തിന് 'ശൂരനാട്' എന്നു പേര് വന്നത് എന്നാണ് ഐതിഹ്യം. 'കടമ്പൻ' എന്ന നാടുവാഴി വാണിരുന്ന കടമ്പനാടുമായി 'ശൂരൻ' ശത്രുതയിലായിരുന്നുവെന്നും, ഇവർ തമ്മിൽ ഇടയ്ക്കിടെ യുദ്ധം ഉണ്ടാകുമായിരുന്നുവെന്നും, പോരാളികൾ മുന്നേറുകയും പിൻവാങ്ങുകയും ചെയ്തിരുന്ന വഴിയാണ് രണ്ടു സ്ഥലങ്ങൾക്കു മിടയിലുള്ള 'പോരുവഴി' എന്നും പ്രധാന ഏറ്റുമുട്ടലുകൾ നടന്നിരുന്ന പടക്കളമായിരുന്നു 'ചക്കുവള്ളി പടനില' മെന്നും യുദ്ധത്തിൽ മരണമടഞ്ഞ പോരാളികളുടെ മൃതദേഹങ്ങൾ കൂട്ടിയിടുകയോ സംസ്കരിക്കുകയോ ചെയ്തിരുന്ന സ്ഥലമായിരുന്നു സമീപത്തുള്ള 'മയ്യത്തുംകര' യെന്നും യോദ്ധാക്കൾ തയ്യാറെടുക്കുന്ന താവളങ്ങളായിരുന്നു ശൂരനാട്ടും പോരുവഴിയിലും ' ഇട്ടുകെട്ടുംവിള' എന്ന ഒരേ പേരിലുള്ള പുരയിടങ്ങളെന്നും ഈ ഐതിഹ്യം പറയുന്നു.

ദേശീയ പ്രസ്ഥാനത്തിലും നവോത്ഥാനപ്രസ്ഥാനത്തിലും നേതൃത്വപരമായ പങ്കൊന്നും ഇവിടെ ഉയർന്നു വന്നിട്ടില്ലെങ്കിലും, ഈ പ്രസ്ഥാനങ്ങളിൽ ഈ ഗ്രാമവും പങ്കാളിത്തം വഹിച്ചിട്ടുണ്ട്. ആറു മാസക്കാലം ജയിൽ ശിക്ഷ അനുഭവിക്കേണ്ടിവന്ന നെഹ്റു എന്നറിയപ്പെട്ടിരുന്ന ശ്രീമാൻ കാട്ടൂർത്തെക്കതിൽ ഗോപാലപിള്ളയും വിഭജനത്തെ തുടർന്ന് ശൂരനാട്ട് വടക്ക്പഞ്ചായത്തിൽപ്പെട്ട പ്രദേശത്തെ താമസക്കാരായിരുന്നവരും പോലീസിന്റെ മർദ്ദനം ഏറ്റുവാങ്ങേണ്ടി വന്നവരുമായ കോടംവിളയിൽ പത്മനാഭൻ, ഇടവിളയിൽ പത്മനാഭൻ എന്നിവരും ഇപ്പോഴത്തെ ശൂരനാട് തെക്ക് പ്രദേശത്തുള്ളവരായിരുന്ന മുടിയിലയ്യത്ത് പരമു, വലിയവീട്ടിൽ കിഴക്കതിൽ കൊച്ചുരാമൻ തുടങ്ങിയവരുമാണ് ഇന്ന് ജീവിച്ചിരിക്കുന്നവരുടെ ഓർമ്മയിലുള്ള ആദ്യകാല സ്വാതന്ത്ര്യസമര പ്രവർത്തകർ. ദേശീയപ്രസ്ഥാനത്തിന്റേയും നവോത്ഥാനപ്രസ്ഥാനത്തിന്റേയും പ്രവർത്തനം സാമൂഹ്യ വ്യവസ്ഥിതിയിൽ ഗുണപരമായ മാറ്റങ്ങൾ വരുത്തുന്നതിൽ സഹായിച്ചിട്ടുണ്ട്.

ജാതിയ്ക്കെതിരായ ചെറുത്തുനില്പിന്റെ സംഭവങ്ങളൊന്നും ഇവിടെ ഉണ്ടായിട്ടില്ല. എന്നാൽ ജാതിവ്യവസ്ഥയ്ക്കെതിരെ പട്ടികജാതിക്കാരെ സംഘടിപ്പിക്കുന്നതിലും ഹരിജനവിമോചനനേതാവായിരുന്ന ശ്രീമാൻ അയ്യങ്കാളിയുടെ സഹായത്തോടുകൂടി ക്ഷേത്രപ്രവേശനാവകാശത്തിനുവേണ്ടി സമ്മർദ്ദം ചെലുത്തുന്നതിലും ശ്രീമാൻ. തോട്ടുകര കൊച്ചയ്യപ്പൻ ചാന്നാർ നേതൃത്വം വഹിച്ചിട്ടുണ്ട്. സാമൂഹ്യബോധവും പുരോഗമനചിന്തയുമുള്ള നിരവധി ചെറുപ്പക്കാർ നാടിന്റെ നാനാഭാഗത്തും ഉണ്ടായിരുന്നതുകൊണ്ട് ജാതിവ്യവസ്ഥയും അനാചാരങ്ങളും അന്ധവിശ്വാസങ്ങളും ഒന്നും നമ്മുടെ നാട്ടിൽ ബീഭത്സരൂപം കൈക്കൊണ്ടിട്ടില്ല. ക്ഷേത്രപ്രവേശനവിളംബരംഉണ്ടായിട്ടും ദൈവങ്ങളേയും സവർണ്ണ ജാതിക്കാരേയും ഭയന്ന് ക്ഷേത്ര ദർശനം നടത്താൻ അറച്ചുനിന്ന അവർണ്ണരെ കൈപിടിച്ച് ക്ഷേത്രങ്ങളിൽ കയറ്റുവാൻ പല സവർണ്ണ യുവാക്കളും മുന്നിട്ടിറങ്ങിയിട്ടുണ്ട്. 1950 കളിൽ ഹിന്ദുക്കളുടെയിടയിലെ ജാതീയമായ വേർതിരിവ് ഇല്ലാതാക്കുക എന്ന മഹത്തായലക്ഷ്യത്തോടുകൂടി N.S.S. സ്ഥാപകനായ ശ്രീമാൻ മന്നത്തു പത്മനാഭനും S.N.D.P. നേതാവായ ശ്രീ. ആർ. ശങ്കറും കൂടി രൂപം കൊടുത്ത 'ഹിന്ദു മഹാ മണ്ഡല'ത്തിന്റെ നേതൃത്വത്തിൽ ഒരുത്സവദിവസം കുമരൻചിറ ക്ഷേത്രമൈതാനിയിൽ വച്ച് ഒരു വമ്പിച്ച യോഗം നടത്തുകയുണ്ടായി. ഈ യോഗത്തിൽ വച്ച് നമ്മുടെ മുൻ പ്രസിഡന്റുമാരായിരുന്ന തറയിൽ രാമകൃഷ്ണനും മുടിയിൽത്തറ വി. ഭാസ്കരനും അവരുടെ പേരിനോടു ചേർന്ന് നേരത്തേയുണ്ടായിരുന്ന ജാതിചിഹ്നമായ 'പിള്ള' എന്ന വാൽ മുറിച്ചുകളയുകയുണ്ടായി.

ജനപങ്കാളിത്തത്തോടുകൂടിയ നിർമ്മാണപ്രവർത്തനങ്ങളിൽ നമ്മുടെ ഗ്രാമത്തിന് തിളക്കമാർന്ന ഒരു ഭൂതകാലമാണുള്ളത്. നമ്മുടെ പഞ്ചായത്തിലെ ആദ്യകാല പ്രൈമറി സ്കൂളായ കുമരംചിറ യു.പി.എസ്., ഉദയംമുകൾ L.P.S, ഇഞ്ചക്കാട്ട് L.P.S ഇരവിച്ചിറ L.P.S, മാലുമേൽ L.P.S. എന്നിവയെല്ലാം അതാതു പ്രദേശത്തെ പ്രമുഖരായ ആളുകൾ മുന്നിട്ടിറങ്ങി, സ്ഥലം ദാനം ചെയ്തും, സംഭാവനകൾ സമാഹരിച്ചുമാണ് പടുത്തുയർത്തിയിട്ടുള്ളത്. സാംസ്കാരിക രംഗത്തെ ഏറ്റവും ശ്രദ്ധേയമായ ആദ്യ ഉദാഹരണം അദ്ധ്യാപകനും നടനും രാഷ്ട്രീയ പ്രവർത്തകനും സഹകാരിയും ദീർഘകാലം നമ്മുടെ പഞ്ചായത്തിന്റെ പ്രസിഡന്റുമായിരുന്ന ശ്രീമാൻ, മുടിയിത്തറ വി.ഭാസ്കരന്റെ നേതൃത്വത്തിൽ 1948 ൽ സ്ഥാപിതമായ ശൂരനാട് പബ്ലിക്ക് ലൈബ്രറിയാണ്. ഈ ഗ്രന്ഥശാലയുടെ സ്ഥാപനത്തിലും പ്രവർത്തനത്തിലും നിന്ന് ആവേശം ഉൾക്കൊണ്ട് ഏറെ താമസിയാതെ തൃക്കുന്നപ്പുഴ വടക്ക്, തൃക്കുന്നപ്പുഴ തെക്ക്, ഇഞ്ചക്കാട് എന്നീ പ്രദേശങ്ങളിലും ഗ്രന്ഥശാലകൾ സ്ഥാപിതമായി.

1958 ൽ പണിതുടങ്ങിയ ചക്കുവള്ളിച്ചിറ ജന പങ്കാളിത്തത്തോടുകൂടിയ നിർമ്മാണപ്രവർത്തനത്തിന്റെ മറ്റൊരു തിളങ്ങുന്ന ഉദാഹരണമാണ്. 10 ഏക്കർ വിസ്തീർണ്ണത്തിലുള്ള റിസർവോയറും, 10 അടിയോളം ആഴവും, 200 മീറ്റർ നീളവും 3 മീറ്റർ വീതിയുമുള്ള ബണ്ടുമുള്ള ഈ കൂറ്റൻ ചിറയുടെ കോൺക്രീറ്റു ജോലി ഒഴികെയുള്ള ജോലിയുടെ സിംഹഭാഗവും സന്നദ്ധസേവനം വഴിയായിരുന്നു നടന്നിരുന്നത്. പഴയ കുന്നത്തൂർ താലൂക്കിന്റെ നാനാ ഭാഗത്തുനിന്നുമുള്ള 100 കണക്കിന് സന്നദ്ധപ്രവർത്തകർ ഒരാഴ്ചക്കാലം ഇവിടെ ശ്രമദാനം നടത്തി. ഈ മഹാസംരംഭത്തിനും നേതൃത്വം നൽകിയത് ശ്രീമാൻ, മുടിയിത്തറ വി.ഭാസ്കരനായിരുന്നു.

ശ്രീമാൻമാർ തെന്നില ഗോപാലപിള്ള, കളത്തൂർ ഗോപാലപിള്ള തുടങ്ങിയവരുടെ നേതൃത്വത്തിൽ 1949-ൽ U.P.സ്കൂളായി സ്ഥാപിക്കപ്പെടുകയും 1951-ൽ അവിഭക്ത ശൂരനാട് വില്ലേജിലെ ആദ്യത്തെ ഹൈസ്കൂളായി മാറുകയും ചെയ്ത ശൂരനാട് ഹൈസ്കൂളും നമ്മുടെ പഞ്ചായത്ത് പ്രദേശത്തെ ആദ്യ ആശുപത്രിയായി ഇപ്പോഴത്തെ ശൂരനാട് വടക്ക് 1955-ൽ സ്ഥാപിതമായ ശൂരനാട് പ്രൈമറി ഹെൽത്ത് സെന്ററും നമ്മുടെ പഞ്ചായത്തിലെ തന്നെ പ്രൈമറി ഹെൽത്ത് സെന്ററും ജനങ്ങളുടെ കൂട്ടായ പ്രവർത്തനഫലമായി പടുത്തുയർത്തപ്പെട്ടവയാണ്. ശ്രീമാൻമാർ കൊല്ലക തങ്കപ്പൻ പിള്ള, മുടിയിൽതറ വി. ഭാസ്കരൻ, ആർ.ഗോപാലകൃഷ്ണപിള്ള, എം. രാമാനന്ദൻ, എൻ. ശ്രീധരൻ പിള്ള, എ. ഹനീഫ, പി. മാധവൻ പിള്ള, ശ്രീ, രാഘവൻ, ശ്രീ. സി ഭാർഗ്ഗവൻ കെ. മൈതീൻ കുഞ്ഞ്, ശ്രീ. ജി. സുരേന്ദ്രൻ പിള്ള എന്നിവരോടൊപ്പം തുല്യ പങ്കാളിത്തമുള്ള മറ്റു പലരുടേയും കൂട്ടായ ശ്രമത്തിലൂടെയാണ് നമ്മുടെ ഹെൽത്ത് സെന്റർ ഉയർന്നു വന്നത്. ചക്കുവള്ളി- പുതിയകാവ് റോഡൊഴികെ നമ്മുടെ പഞ്ചായത്തിലെ റോഡുകൾ ഏതാണ്ടെല്ലാം തന്നെ ജനങ്ങളുടെ സന്നദ്ധപ്രവർത്തനങ്ങളിലൂടെ രൂപം കൊണ്ടവയോ, ഗതാഗതയോഗ്യമാക്കപ്പെട്ടവയോ ആണ്.

സ്വാതന്ത്ര്യാനന്തര കാലത്ത് 1952- ൽ ശ്രീ, മുടിയിൽത്തറ വി. ഭാസ്കരന്റെ നേതൃത്വത്തിൽ രൂപം കൊണ്ട ജനാധിപത്യ സംഘടനയാണ് നമ്മുടെ നാട്ടിൽ രൂപമെടുത്ത ആദ്യത്തെ കർഷക സംഘടന. ഇതിനെതുടർന്ന് പല ട്രേഡ് യൂണിയനുകളും രൂപം കൊണ്ടു.

മറ്റെല്ലാസ്ഥലത്തുമെന്നപോലെ നമ്മുടെ നാട്ടിലും ഭൂമിയുടെ ഉടമസ്ഥതയിൽ വിസ്മയാവഹമായ മാറ്റമാണുണ്ടായിരിക്കുന്നത്. വില്ലേജ് ഓഫീസിലെ സെറ്റിൽമെന്റ് രേഖകൾ പ്രകാരം അവിഭക്ത ശൂരനാട് വില്ലേജിൽ 1928-ൽ 200-ൽ താഴെയുള്ള ഭൂവുടമകളാണുണ്ടായിരുന്നത്. ഏതാണ്ട് എല്ലാ. ഭൂമിയും ഏതാനും ദേവസ്വങ്ങളുടെയും ജന്മിമാരുടെയും വകയായിരുന്നു. 1957 മുതൽ 1971 വരെയുള്ള കാലത്ത് സംസ്ഥാനത്തു നടപ്പിലാക്കിയ കാർഷിക പരിഷ്കരണ നടപടികളുടെ ഫലമായി കുടികിടപ്പുഭൂമികളിലും പാട്ട-വാര ഭൂമികളിലും കൈവശക്കാർ ഉടമസ്ഥരായി. 1928 ൽ അവിഭക്ത ശൂരനാട് വില്ലേജിൽ 200 ൽ താഴെ ഭൂവുടമകളുണ്ടായിരുന്ന സ്ഥാനത്ത് ഇന്നിപ്പോൾ ശൂരനാട് തെക്കു പഞ്ചായത്തിൽ മാത്രം 11029 ഭൂവുടമസ്ഥരുണ്ട്. പഴയ നായർ തറവാടുകളിലെ അംഗങ്ങൾ ദൈനംദിന ആവശ്യങ്ങൾക്കും സുഖഭോഗങ്ങൾക്കും വേണ്ടി വസ്തുക്കൾ വിറ്റഴിച്ചതും കാരണവൻമാരും മാതാപിതാക്കളും തങ്ങളുടെ പിൻമുറക്കാരുടെ പേരിൽ വസ്തുക്കൾ ഭാഗം ചെയ്തതും, ജന

സംഖ്യാവർദ്ധനവും മറ്റും കാരണങ്ങളാണെങ്കിലും ഭൂവുടമസ്ഥതയിലുള്ള ഈ കുതിച്ചു ചാട്ടത്തിന്റെ മുഖ്യകാരണങ്ങളിലൊന്ന് കാർഷിക പരിഷ്കരണങ്ങൾ തന്നെയാണ്. ഭൂവുടമാബന്ധങ്ങളിൽ വന്ന മാറ്റം സവർണ്ണ മേധാവിത്വത്തിന്റെ അടിത്തറ തോണ്ടി. ജന്മിക്ക് എന്തെങ്കിലും അനിഷ്ടം തോന്നിയാൽ കുടിൽ പൊളിച്ചുകളഞ്ഞോ തീയിട്ടോ കുടിയിറക്കപ്പെടുമെന്ന ഭീഷണിയിൽ കഴിഞ്ഞ കുടികിടപ്പുകാരനും, വസ്തുവിൽനിന്ന് ഒഴിപ്പിക്കപ്പെടുമെന്നുള്ള ഭയത്തിൽ കഴിഞ്ഞിരുന്ന പാട്ട-വാരക്കാരനും വസ്തുക്കൾക്ക് ഉടമസ്ഥത ഉറപ്പായതോടുകൂടി അവരുടെ അന്നുവരെയുണ്ടായിരുന്ന അടിമമനോഭാവത്തിൽനിന്ന് മോചിതരായി. അവരുടെ ആത്മവിശ്വാസവും സ്വാശ്രയബോധവും വിലപേശൽ ശേഷിയും ഗണ്യമായി വർദ്ധിച്ചു. ഇത് വലിയൊരു സാമൂഹ്യമാറ്റത്തിന് വഴിതെളിച്ചു. പാവപ്പെട്ടവരുടെ ജീവിതനിലവാരം ഉയർന്നു. വിദ്യാഭ്യാസ ആരോഗ്യരംഗങ്ങളിൽ വമ്പിച്ച പുരോഗതിയുണ്ടായി. സാക്ഷരതാ നിലവാരത്തിൽ ഒരു കുതിച്ചുചാട്ടം തന്നെയുണ്ടായി.

കഴിഞ്ഞ മുക്കാൽ നൂറ്റാണ്ടു കാലത്ത് വിദ്യാഭ്യാസരംഗത്തുണ്ടായ വളർച്ച വമ്പിച്ചതാണ്. 1879 നും 1884 നും ഇടയിൽ സ്ഥാപിക്കപ്പെട്ട ഇന്നത്തെ കുമരംചിറ യു.പി.എസ് ആണ് നമ്മുടെ പ്രദേശത്തെ ആദ്യ സ്കൂൾ. തുടർന്ന് ഇഞ്ചക്കാട് എൽ.പി.എസ്സ്, ഉദയംമുകൾ എൽ.പി.എസ്സ്, ഇരവിച്ചിറ എൽ.പി.എസ്സ്, മാലുമേൽ എൽ.പി.എസ്സ്, എന്നിവയും സ്ഥാപിക്കപ്പെട്ടു. എന്നാൽ 1944 ൽ കുമരംചിറ എൽ.പി.എസ്സ് യു.പി.എസ്സ് ആയി ഉയർത്തപ്പെടുന്നതു വരെ നാലാംക്ലാസ്സ് വിദ്യാഭ്യാസം കഴിഞ്ഞവർ അപ്പർപ്രൈമറി വിദ്യാഭ്യാസത്തിനായി ശാസ്താംകോട്ടയിൽ പോകേണ്ടിയിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി കടമ്പനാട് മലയാളം ഹൈസ്കൂളിലോ, കരുനാഗപ്പള്ളി ഇംഗ്ലീഷ് ഹൈസ്കൂളിലോ നടന്നുപോകണം. ഇതിനൊരു മാറ്റം ഉണ്ടായത് സമീപപ്രദേശങ്ങളായ ഭരണിക്കാവ്, പുന്നമൂട് എന്നീ സ്ഥലങ്ങളിലും 1951 ൽ ശൂരനാട്ടും ഹൈസ്കൂളുകൾ സ്ഥാപിതമായതോടെയാണ്. ഇന്നിപ്പോൾ നമ്മുടെ പഞ്ചായത്തിൽ മാത്രം ശാന്തിനികേതൻ ഹൈസ്കൂളും, മൂന്നു യു.പി. സ്കൂളുകളുൾപ്പടെ 8 മറ്റു സ്കൂളുകളുമുണ്ട്. നമ്മുടെ നാടിന്റെ വിദ്യാഭ്യാസ സാംസ്കാരിക മുന്നേറ്റത്തിൽ ഈ സ്ഥാപനങ്ങൾ വഹിച്ച പങ്ക് വളരെ വലുതാണ്.

ആരോഗ്യ രംഗത്ത് ഒരു 75 വർഷത്തിനുമുമ്പുള്ള സ്ഥിതി പരിശോധിച്ചാൽ, ജനങ്ങൾ പൊതുവെ അരോഗദൃഢഗാത്രരായിരുന്നെങ്കിലും വസൂരിപോലെയുള്ള മാരക സാംക്രമികരോഗങ്ങൾ അടിയ്ക്കടി പൊട്ടിപ്പുറപ്പെടുകയും നൂറുകണക്കിനാളുകൾ കൂട്ടത്തോടെ മരണമടയുകയും ചെയ്തിരുന്നു. കുടുംബത്തിലെ ഒരാളിന് വസൂരി രോഗബാധയുണ്ടായാൽ അയാളെ ഉടനെതന്നെ വീട്ടിൽ നിന്നും മാറ്റി വസൂരിരോഗികളെ കിടത്തുന്ന പ്രത്യേക കെട്ടിടത്തിലാക്കി ശുശ്രൂഷാ ചുമതല 'പ്രൊഫഷണൽ' ആശാന്മാരെ ഏൽപ്പിക്കും. മദ്യപിച്ച് ലക്കുകെട്ടിരിക്കുന്ന ശുശ്രൂഷകരിൽനിന്ന് സമയത്ത് മരുന്നോ വെള്ളംപോലുമോ ലഭിക്കാതെ മൃതപ്രായരാവുന്ന രോഗികളെ അർദ്ധജീവനോടെ പായിൽ ചുരുട്ടിക്കെട്ടി സംസ്കരിക്കും. പരമ്പരാഗത നാട്ടുവൈദ്യന്മാരുടെ രോഗചികിത്സമാത്രമേ എല്ലാരോഗങ്ങൾക്കും അന്നു ലഭ്യമായിരുന്നുള്ളു. എന്നാൽ കാലക്രമത്തിൽ കരുനാഗപ്പള്ളിപോലുള്ള സമീപപ്രദേശങ്ങളിലും ഏറ്റവും ഒടുവിൽ നമ്മുടെ പഞ്ചായത്തിലും ആധുനിക വൈദ്യശാസ്ത്രപ്രകാരമുള്ള ആശുപത്രികൾ സ്ഥാപിതമായി. നമ്മുടെ ആശുപത്രിയിൽ നിന്നും വളരെ പരിമിതമായ സേവനങ്ങളേ ലഭിക്കുന്നുള്ളൂ എങ്കിലും, ഇത്തരം ആശുപത്രികളുടെ പ്രവർത്തനഫലമായും, പ്രതിരോധകുത്തിവെയ്പ്പുകൾ വ്യാപകമാക്കിയതിനാലും, ജനങ്ങളുടെ വിദ്യാഭ്യാസ നിലവാരവും ആരോഗ്യസംബന്ധമായ അവബോധവും ഉയർന്നതിനാലും നമ്മുടെ പഞ്ചായത്തിൽ ആരോഗ്യരംഗത്ത് ഗണ്യമായ പുരോഗതിയുണ്ടായിട്ടുണ്ട്.

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ നമ്മുടെ ഗ്രാമത്തിലുള്ള വീടുകൾ ഏതാനും ജന്മിമാരുടെ എട്ടുകെട്ടു പുരകളും നാലുകെട്ടു പുരകളും കുടിയാന്മാരുടെ കുറെ മൺപുരകളും തൊഴിലാളികളുടെ കുടിലുകളും ആയിരുന്നുവെന്ന് പഴമക്കാർ പറയുന്നു. കാലക്രമത്തിൽ ഇതിനു മാറ്റം വന്നു. ഇന്നിപ്പോൾ കുറെയാളുകൾ പാർപ്പിടസൗകര്യമില്ലാതെ ബുദ്ധിമുട്ടുന്നു എന്ന യാഥാർത്ഥ്യം നിലനിൽക്കുമ്പോൾ തന്നെ, പട്ടികജാതിക്കാരുൾപ്പടെ ഭൂരിഭാഗം ജനങ്ങൾക്കും സാമാന്യം വാസയോഗ്യമായ വീടുകൾ ഉണ്ടായിട്ടുണ്ട്. അനേകം മണിമന്ദിരങ്ങളും ഉയർന്നു വന്നിട്ടുണ്ട്. അതുപോലെതന്നെ ഗതാഗത, വസ്ത്ര മേഖലകളിലും നമ്മുടെ പഞ്ചായത്തിന് വമ്പിച്ച പുരോഗതിയുണ്ടായിട്ടുണ്ട്.

ഇങ്ങനെ പഴയ പ്രശ്നങ്ങൾ പലതും കുറഞ്ഞിട്ടുണ്ടെങ്കിലും പുതിയ പ്രശ്നങ്ങൾ ഉയർന്നു വന്നിരിക്കുന്നു. ഇന്നിപ്പോൾ നമ്മുടെ പഞ്ചായത്തു നേരിടുന്ന പ്രശ്നങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം

1. കാർഷികരംഗം മുരടിച്ചു നിൽക്കുന്നു. ഉത്പാദനക്ഷമത കുറയുന്നു.
2. തൊഴിലില്ലായ്മ, പ്രത്യേകിച്ചും അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ വർദ്ധിക്കുന്നു.
3. വിദ്യാഭ്യാസ ആരോഗ്യാദി സേവനമേഖലകളുടെ അനുക്രമമായ നിലവാരത്തകർച്ച.
4. സ്ത്രീകളുടെയും പട്ടികജാതിക്കാരുടെയും സാമൂഹ്യമായ പിന്നോക്കാവസ്ഥ.
5. ജനങ്ങളുടെ അദ്ധ്വാനശീലത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന ഇടിവ്.
6. ഈ പ്രശ്നങ്ങൾക്ക് ഭാവനാപൂർണ്ണമായ പരിഹാരമാർഗ്ഗങ്ങൾ കണ്ടുപിടിച്ച് നടപ്പിലാക്കുന്നതിലൂടെ മാത്രമേ നമ്മുടെ ഗ്രാമത്തിന്റെ സമഗ്ര വികസനം സാദ്ധ്യമാകൂ.

# ഭൂപ്രകൃതി
# ജനപ്രകൃതി

ഓരോ പ്രദേശത്തിന്റെയും പ്രാദേശിക ആസൂത്രണം വിഭാവനം ചെയ്യുമ്പോൾ അതാതു പ്രദേശങ്ങളുടെ ഭൂമിശാസ്ത്രപരമായ സവിശേഷതകളെക്കുറിച്ചുള്ള അറിവ് അനിവാര്യമാണ്. ആസൂത്രണത്തിന് വിധേയമാക്കേണ്ട പ്രദേശത്തിന്റെ ഭൂപ്രകൃതി, മൺതരം, കാലാവസ്ഥ, ജലലഭ്യത തുടങ്ങി എല്ലാ പ്രകൃതിദത്ത വിഭവങ്ങളെയും അപഗ്രഥിച്ചുകൊണ്ടാവണം ആസൂത്രിത പദ്ധതിയ്ക്ക് തുടക്കം കുറിയ്ക്കേണ്ടത്. ഓരോ പ്രദേശത്തിന്റേയും വികസനം ആ പ്രദേശത്ത് വസിക്കുന്ന ജനങ്ങളുടെയും മറ്റ് പ്രകൃതി വിഭവങ്ങളുടെയും സംതുലിതാവസ്ഥയ്ക്ക് അനുയോജ്യമായതും ആ പ്രദേശത്തിന്റെ സ്ഥായിയായ വികസനത്തിന് വഴിയൊരുക്കുന്നതുമായിരിക്കണം. ഇത്തരം പരിപാടികളിൽ വ്യത്യസ്ത പ്രദേശങ്ങളുടെ ഭൂമിശാസ്ത്രഘടകങ്ങളുടെ അവലോകനവും ഒഴിച്ചുകൂടാനാവാത്തതാണ്.

കൊല്ലം ജില്ലയിൽ കൊല്ലം നഗരത്തിന് ഏകദേശം 30 കിലോമീറ്റർ വടക്ക്-കിഴക്കായും അറബിക്കടലിനു 12 കിലോമീറ്റർ കിഴക്കായും സുപ്രസിദ്ധമായ ശാസ്താംകോട്ടയ്ക്ക് വടക്ക് പടിഞ്ഞാറായും സ്ഥിതിചെയ്യുന്ന പ്രകൃതിരമണീയമായ ഒരു ഭൂപ്രദേശമാണ് ശൂരനാട് തെക്ക് പഞ്ചായത്ത്.

കൊല്ലം ജില്ലയിലെ കുന്നത്തൂർ താലൂക്കിൽ ശാസ്താംകോട്ട ബ്ലോക്കിൽ ഉൾപ്പെടുന്ന പഞ്ചായത്തുകളിൽ ഒന്നാണ് ശൂരനാട് തെക്ക് പഞ്ചായത്ത്. (ചിത്രം 3-1). 17.17 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിനെ പത്തു വാർഡുകളായി തിരിച്ചിരിക്കുന്നു. (പട്ടിക 1) പഞ്ചായത്ത് ഓഫീസ് സ്ഥിതിചെയ്യുന്നത് പതാരം ജംഗ്ഷനിൽ നാലാം വാർഡിന്റെ തെക്കേ അതിരിലാണ്. നാഷണൽ




ഹൈവേ 47- ൽ കൊല്ലത്തിനും കായംകുളത്തിനുമിടയിലുള്ള കരുനാഗപ്പള്ളിയാണ് ഏറ്റവും അടുത്തുള്ള പ്രധാന കേന്ദ്രം.

ഭൂമിശാസ്ത്രപരമായി ശൂരനാട് തെക്ക് പഞ്ചായത്ത് അക്ഷാംശം $9^{0}3^{1}$ നും $9^{0}6^{1}30^{11}$ Nഉം രേഖാംശം $76^{0}$ $34^{1}$ $30^{11}$ നും $76^{0}$ $38^{1}$ E നും ഇടയ്ക്ക് സ്ഥിതിചെയ്യുന്നു. (ചിത്രം 3.3)

പഞ്ചായത്തിന്റെ വടക്ക് ശൂരനാട് വടക്ക് പഞ്ചായത്തും, കിഴക്ക് പോരുവഴി, ശാസ്താംകോട്ട എന്നീ പഞ്ചായത്തുകളും, തെക്കായി ശാസ്താംകോട്ട, മൈനാഗപ്പള്ളി പഞ്ചായത്തുകളും, പടിഞ്ഞാറായി തൊടിയൂർ പഞ്ചായത്തും സ്ഥിതിചെയ്യുന്നു. (ചിത്രം 3.2) പഞ്ചായത്തിലെ പ്രധാന സ്ഥലങ്ങൾ കോയിക്കൽ ചന്ത, പള്ളിച്ചന്ത, പതാരം, ചക്കുവള്ളി, വായനശാലമുക്ക്, കുമരൻചിറ, കക്കാക്കുന്ന്, നാലുമുക്ക്, മാലുമേൽക്കടവ് തുടങ്ങിയവയാണ്.

<u>പട്ടിക 1</u>

| വാർഡ് നമ്പർ | വാർഡിന്റെ പേര് | വിസ്തീർണ്ണം |
|---|---|---|
| 1. | കിടങ്ങയം | 189.03 |
| 2. | കിടങ്ങയം വടക്ക് | 201.51 |
| 3. | ഇരവിച്ചിറ പടിഞ്ഞാറ് | 192.15 |
| 4. | ഇരവിച്ചിറ നടുവിൽ | 160.91 |
| 5. | ഇരവിച്ചിറ കിഴക്ക് | 198.39 |
| 6. | തൃക്കുന്നുപ്പുഴ വടക്ക് | 173.39 |
| 7. | പതാരം | 142.15 |
| 8. | തൃക്കുന്നുപ്പുഴ തെക്ക് | 134.63 |
| 9. | ഇഞ്ചക്കാട് | 198.39 |
| 10. | ആയിക്കുന്നം | 126.51 |

അവലംബം. വിഭവഭൂപടം

## ഭൂപ്രകൃതി

ഭൂപ്രകൃതിയനുസരിച്ച് ശൂരനാട് തെക്ക് പഞ്ചായത്ത് ഇടനാട് മേഖലയിൽ ഉൾപ്പെടുന്നതാണെങ്കിലും പടിഞ്ഞാറേ അരികിൽ കുറച്ചു പ്രദേശം തീരപ്രദേശത്തിന്റെ സ്വഭാവമുള്ളതാണ്.

നിമ്നോന്നതിയനുസരിച്ച് ഈ പഞ്ചായത്തിനെ മുഖ്യമായും രണ്ടു മേഖലകളായി തിരിക്കാം. അതായത് സമുദ്രനിരപ്പിൽ നിന്നും 20 മീറ്ററിൽ താഴെയുള്ള പ്രദേശങ്ങളും, 20 മീറ്ററിന് മുകളിലുള്ള പ്രദേശങ്ങളും

ചിത്രം 3.4. പട്ടിക 2

| നിമ്നോന്നത മേഖലകൾ | വിസ്തൃതി ഹെക്ടറിൽ | ശതമാനം |
|---|---|---|
| 1. 20 മീറ്ററിൽ താഴെ | 1199 | 69.83 |
| 2. 20 മീറ്ററിന് മുകളിൽ | 518 | 30.17 |
| ആകെ. | 1717 | 100.00 |

അവലംബം വിഭവഭൂപടം

പഞ്ചായത്തിന്റെ ഭൂരിഭാഗവും 20 മീറ്ററിന് താഴെയുള്ള പ്രദേശങ്ങളാണ്. ഏറ്റവും ഉയരംകൂടിയ പ്രദേശങ്ങൾ കിഴക്കു ഭാഗത്ത് സ്ഥിതിചെയ്യുന്ന ആയിക്കുന്നം, കക്കാക്കുന്ന്, പനമൂട് എന്നിവയും, തെക്കുപടിഞ്ഞാറായി സ്ഥിതിചെയ്യുന്ന കാളകുത്തുംപൊയ്കയുമാണ്.

ഭൂരചനയെ അനുസരിച്ച് ശൂരനാട് തെക്ക് പഞ്ചായത്തിനെ മൂന്നായി തരംതിരിക്കാം ( ചിത്രം 3.5)

1. നിലം 2. ചെരിവ് 3. ഉയർന്ന സമതലം

പഞ്ചായത്തിലെ ഏറ്റവും താഴ്ന്ന പ്രദേശങ്ങളാണ് നിലങ്ങൾ. ഏറ്റവും ഉയർന്നതും ഏറെക്കുറെ നിരപ്പുള്ളതുമായ പ്രദേശങ്ങളാണ് ഉയർന്ന സമതലത്തിൽ ഉൾപ്പെട്ടിരിക്കുന്നത്. അവിടെനിന്ന് നിലങ്ങളിലേക്ക് ചരിഞ്ഞിറങ്ങുന്ന പ്രദേശങ്ങളെയാണ് ചെരിവുകൾ എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. ഈ പഞ്ചായത്തിൽ ഉൾപ്പെട്ടിരിക്കുന്ന ഉയർന്ന സമതലങ്ങൾ താരതമ്യേന പൊക്കം കുറഞ്ഞവയായതുകൊണ്ട് ചെരിവുകളെല്ലാം ഇടത്തരം ചെരിവുകളാണ്. ( $5^0$ - $10^0$ വരെ)

പട്ടിക 3

| ഭൂരചനകൾ | വിസ്തൃതി ഹെക്ടറിൽ | ശതമാനം |
|---|---|---|
| നിലം | 569 | 33.13 |
| ചെരിവ് | 815 | 47.46 |
| ഉയർന്ന സമതലം | 333 | 19.39 |
| ആകെ | 1717 | 100.00 |

അവലംബം വിഭവഭൂപടം

## മണ്ണ്

ശൂരനാട് തെക്ക് പഞ്ചായത്തിലെ ഉപരിതല മണ്ണിനെ രണ്ടായി തരംതിരിക്കാം.

1. എക്കൽ മണ്ണ്
2. ചെമ്മണ്ണ് (ലാറ്ററേറ്റ് മണ്ണ്)

എക്കൽ മണ്ണിനെ വീണ്ടും രണ്ടായി തരംതിരിക്കാം, ചെളികൂടുതലുള്ള എക്കൽമണ്ണും, മണൽ കൂടുതലുള്ള എക്കൽ മണ്ണും. നിലങ്ങളിൽ മാത്രമാണ് എക്കൽ മണ്ണു കാണുന്നത്. നിലങ്ങളിൽ താഴ്ന്ന ഭാഗങ്ങളിൽ കൂടുതൽ ചെളി കലർന്ന എക്കൽ മണ്ണും, മുകളിലോട്ടുള്ള ഭാഗങ്ങളിൽ കൂടുതൽ മണൽകലർന്ന എക്കൽമണ്ണുമാണ് കാണുന്നത് (ചിത്രം 3.6) ചെരിവ് പ്രദേശങ്ങളിലും, ഉയർന്ന സമതലങ്ങളിലും പൊതുവേ ചരൽ നിറഞ്ഞ ചെമ്മണ്ണ് കാണപ്പെടുന്നു.

പട്ടിക 4

| മൺതരം | വിസ്തീർണ്ണം ഹെക്ടറിൽ | ശതമാനം |
|---|---|---|
| ചെമ്മണ്ണ് (ലാറ്ററേറ്റ്) | 1148 | 66.86 |
| മണൽ കൂടുതലുള്ള എക്കൽ മണ്ണ് | 387 | 22.65 |
| ചെളി കൂടുതലുള്ള എക്കൽ മണ്ണ് | 181 | 11.54 |
| ആകെ | 1717 | 100.00 |

അവലംബം വിഭവഭൂപടം

### *ജല ലഭ്യത*

ശൂരനാട് തെക്ക് പഞ്ചായത്തിന്റെ ജലസ്രോതസ്സുകളെ രണ്ടായി തരംതിരിക്കാം. ഉപരിതലസ്രോതസ്സുകളായ നദികൾ, തോടുകൾ, കുളങ്ങൾ മുതലായവയും, ഭൂഗർഭസ്രോതസ്സുകളായ കിണറുകളുമാണ് അവ. പള്ളിക്കലാർ പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിരിൽ കൂടി കടന്നുപോയി വട്ടക്കായലിൽ അവസാനിക്കുന്നു. ചക്കുവള്ളി ചിറയിൽ നിന്നാരംഭിച്ച് പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിരിൽ പള്ളിക്കലാറിൽ അവസാനിക്കുന്ന കൂവളകുറ്റി തോടാണ് പഞ്ചായത്തിന്റെ പ്രധാന തോട്. ഓരോ വാർഡിലൂടെയും കടന്നു പോകുന്ന തോടിന്റെയും, കനാലിന്റെയും നീളം താഴെ കൊടുത്തിരിക്കുന്നു.

പള്ളിക്കൽ ആർ 4.75 കിലോമീറ്റർ

കൂവളക്കുറ്റി തോട് 7.4 കിലോമീറ്റർ

പട്ടിക 5

| | നീളം കിലോമീറ്ററിൽ | | | |
|---|---|---|---|---|
| വാർഡ് | കുളങ്ങളുടെ എണ്ണം | | തോട് | കനാൽ |
| 1 | | 4 | - | 2.28 |
| 2 | | 3 | 5.08 | 2.4 |
| 3. | | 3 | 3.6 | - |

| | | | |
|---|---|---|---|
| 4 | 6 | 6.36 | .68 |
| 5 | 4 | - | 3.44 |
| 6 | 3 | 2.96 | 3.48 |
| 7 | 3 | 1.56 | 1.96 |
| 8 | 1 | .56 | 1.72 |
| 9 | 2 | 2.08 | 2.92 |
| 10 | 2 | 2.04 | .64 |

അവലംബം വിഭവഭൂപടം

പഞ്ചായത്തിന്റെ ഭൂഗർഭജലസ്രോതസ്സുകളുടെ ജല ലഭ്യത അനുസരിച്ച് ഈ പ്രദേശത്തെ മൂന്നായി തരംതിരിക്കാം (ചിത്രം 3.7). ജല ദൗർലഭ്യമില്ലാത്ത പ്രദേശങ്ങൾ, മിതമായ ജലലഭ്യതയുള്ള പ്രദേശങ്ങൾ, വരൾച്ച അനുഭവപ്പെടുന്ന പ്രദേശങ്ങൾ എന്നിവയാണ് അവ. പഞ്ചായത്തിന്റെ ഭൂരിഭാഗവും മിതമായി ജലലഭ്യതയുള്ള പ്രദേശങ്ങളാണ്. പഞ്ചായത്തിലൂടെ കടന്നുപോകുന്ന തോടുകളുടെയും നദികളുടെയും അടിസ്ഥാനത്തിൽ ശൂരനാട് തെക്കിനെ രണ്ട് നിർമറി പ്രദേശങ്ങളായി തരംതിരിക്കാം

1. പള്ളിക്കൽ ആറിന്റെ കിഴക്കുവശത്തു വരുന്ന പള്ളിക്കൽ ആറ് നീർമറി പ്രദേശം.
2. കൂവളക്കുറ്റി നീർമറിപ്രദേശം.

കൂവളക്കുറ്റി നീർമറിപ്രദേശത്തെ വീണ്ടും ആറ് സൂക്ഷ്മ നീർമറിപ്രദേശങ്ങളായി തരംതിരിച്ചിരിക്കുന്നു. ഓരോ സൂക്ഷ്മ നീർമറിപ്രദേശത്തിന്റെയും വിസ്തീർണ്ണം താഴെക്കൊടുത്തിരിക്കുന്നു.

പട്ടിക 6

| നീർമറിപ്രദേശത്തിന്റെ പേര് | വിസ്തീർണ്ണം(ഹെക്ടറിൽ) |
|---|---|
| 1. പള്ളിക്കൽ ആർ | 449.56 |
| 2. കൂവളക്കുറ്റി തോട് | 1267.44 |
| II.a) ചക്കുവള്ളി- കൂവളക്കുറ്റി | 218.40 |
| II.b) പനപ്പട്ടി -കൂവളക്കുറ്റി | 194.32 |
| II.c) കൂവളക്കുറ്റി-വലിയതറ | 411.82 |
| II.d) തെങ്ങുംതറ ഏല | 81.16 |
| II.e) മുക്കട തോട് | 199.68 |
| IIf) കുമരംചിറ | 162.04 |

അവലംബം വിഭവഭൂപടം

## കാലാവസ്ഥ

ശൂരനാട് തെക്ക് പഞ്ചായത്ത് തെക്കൻ ഇടനാട് കാർഷികകാലാവസ്ഥാ മേഖലയിലാണ് ഉൾപ്പെടുന്നത്. ഒരു വർഷം ശരാശരി 241 മി.മീറ്റർ മഴ ഈ പഞ്ചായത്തിൽ ലഭിക്കുന്നു. ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന മാസം ജൂലൈയും കുറച്ചു മഴലഭിക്കുന്ന മാസം ജനുവരിയുമാണ്. ( ചിത്രം 3.8). ഏറ്റവും കൂടുതൽ അന്തരീക്ഷ ഊഷ്മാവ് അനുഭവപ്പെടുന്നത് ഏപ്രിൽ മാസത്തിലും ഏറ്റവും കുറവ് ജനുവരി മാസത്തിലുമാണ്. ചിത്രം 3.9

## കാലാവസ്ഥാ കലണ്ടർ

വർഷകാലം സാധാരണയായി തുടങ്ങുന്നത് ഇടവം 15 നാണ്. ഇത് കർക്കിടകമാസം അവസാനം വരെ നീണ്ടു നിൽക്കും തുടർന്നു വരുന്ന പൊതുവെ തെളിഞ്ഞ കാലാവസ്ഥയ്ക്ക് ശേഷം തുലാമാസാരംഭത്തോടുകൂടി ഏതാനും ദിവസം തുലാവർഷവും ലഭിക്കാറുണ്ട്. ചില വർഷങ്ങളിൽ നല്ല തോതിൽ തുലാവർഷം ലഭിക്കുമ്പോൾ ചില വർഷങ്ങളിൽ ഇത് തീരെ ശുഷ്കമോ ഒട്ടുംതന്നെ ഇല്ലാതിരിക്കുകയോ ചെയ്യാറുണ്ട്. തുലാവർഷത്തെ തുടർന്ന് മഞ്ഞുകാലമായി. വൃശ്ചികം 1 മുതലാണ് സാധാരണയായി ഇതിന്റെ ആരംഭം. മകരമാസം അവസാനം വരെ ഇത് നീണ്ടു നിൽക്കും. പിന്നീടാണ് വേനൽക്കാലം ആരംഭിക്കുന്നത്. ഇത് കാലവർഷാരംഭം വരെ നീണ്ടു നിൽക്കും. ഇടയ്ക്ക് കുംഭം. മീനം, മേടം മാസങ്ങളിൽ ചെറിയ തോതിൽ ഇടമഴയും കിട്ടാറുണ്ട്. (ചിത്രം 3.10) കാലാവസ്ഥയിൽ ഈ അടുത്തകാലത്തനുഭവപ്പെടുന്ന ഒരു സവിശേഷത വർഷം തോറും ചൂടുകൂടിവരുന്നു എന്നതാണ്.

## ഭൂവിനിയോഗം

ശൂരനാട് തെക്ക് പഞ്ചായത്തിലെ കാർഷിക ഭൂവിനിയോഗത്തിൽപ്രധാനമായും മിശ്രിതവിളകളും നെല്ലുമാണ്. 72 %ത്തോളം ഭൂമിയിൽ മിശ്രിതവിളകളാണ് കൃഷി ചെയ്യുന്നത്. ( ചിത്രം 3.11) രണ്ടാം സ്ഥാനം നെൽകൃഷിക്കാണ്. ഇതിനകം 5%ത്തോളം നെൽകൃഷിക്കനുയോജ്യമായ ഭൂമി നികത്തി മിശ്രിതവിളകൾ കൃഷിചെയ്യുന്നുണ്ട്. കേരളത്തിന്റെ നാണ്യവിളകളിലൊന്നായ റബ്ബർ കൃഷിയും പഞ്ചായത്തിലുടനീളം വർദ്ധിച്ചുവരുന്നുണ്ട്. വാർഡടിസ്ഥാനത്തിൽ പഞ്ചായത്തിലെ ഭൂവിനിയോഗം പട്ടിക 7 1 കൊടുത്തിരിക്കുന്നു. ഏറ്റവും കൂടുതൽ നെൽകൃഷിചെയ്യുന്നത് 4-ാം വാർഡിലും കുറച്ചുചെയ്യുന്നത് 10-ാം വാർഡിലുമാണ്. വയൽ നികത്തി മറ്റു കൃഷികൾ ചെയ്യുന്ന പ്രധാന വാർഡുകളാണ് 2,3,7 ഇവ. കൃഷിക്കനുയോജ്യമായതും അല്ലാത്തതുമായ തരിശു ഭൂമികൾ വാർഡ് 1 ലും 2 ലും കാണുന്നുണ്ട്.

( തുടർച്ച ..... 9)

പട്ടിക 7

| ഭൂവിനിയോഗം (ഹെക്ടറിൽ | വാർഡുകൾ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | ആകെ |
| നെൽകൃഷി (വിരിപ്പ്+മുണ്ടകൻ) | 39.04 | 33.68 | 20.28 | 64.84 | 21.16 | 17.48 | 13.56 | 25.16 | 19.72 | 7.76 | 287.84 |
| വയൽനികത്തി മിശ്രിത വിളകൾ ചെയ്യുന്നവ | 3.76 | 17.04 | 19.68 | 2.98 | - | 5.48 | 19.32 | — | 7.12 | - | 75.38 |
| മിശ്രിത വിളകൾ | 63.72 | 85.38 | 84.28 | 110.88 | 167.12 | 97.24 | 218.20 | 86.24 | 299.68 | 45.53 | 1258.27 |
| തെങ്ങ് | - | 3.92 | 5.68 | - | - | - | 8.84 | 11.64 | 7.16 | - | 37.24 |
| റബ്ബർ | 5.65 | 29.55 | 5.2 | - | - | 2.12 | 2.16 | 5.04 | 1.24 | 1.48 | 52.44 |
| മരച്ചീനി | | - | - | - | - | - | 2.44 | - | - | - | 2.44 |
| ഉപയുക്തമായ തരിശുഭൂമി | 4.03 | 6.62 | - | - | - | .52 | - | - | - | 7.68 | 12.85 |
| തരിശുഭൂമി. | - | 1.87 | - | - | - | - | - | .8 | - | - | 2.67 |

അവംലംബം: വിഭവഭൂപടം

പഞ്ചായത്തിലുള്ള റോഡുകളുടെ വിവരം താഴെ കൊടുത്തിരിക്കുന്നു.

പട്ടിക 8

| വാർഡ് നമ്പർ | നീളം (കിലോമീറ്ററിൽ) | | |
|---|---|---|---|
| | ടാർ ചെയ്തത് | മെറ്റൽ ഇടാത്തത് | നടപ്പാത |
| 1 | 4.8 | - | 1.92 |
| 2. | 4 | 4 | 2.28 |
| 3 | 1.8 | 7.9 | 28 |
| 4 | 2.2 | 2 | 6.6 |
| 5 | 4.4 | .6 | 7.68 |
| 6 | 3.6 | — | 2.92 |
| 7 | 3.1 | .5 | 5.64 |
| 8 | 3.4 | .1 | 3.56 |
| 9 | 1.9 | .14 | 9.20 |
| 10 | 2.8 | — | 1.08 |

അവലംബം: വിഭവഭൂപടം

പഞ്ചായത്തിലെ നിലവിലുള്ള ഭൂപ്രകൃതിയും, മണ്ണും ജലലഭ്യത, നിലവിലുള്ള കൃഷിരീതികൾ അവയുടെ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ, എന്നിവയും ആശാസ്യമായ കൃഷിരീതികളും സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

പട്ടിക 9

| ഭൂരൂപങ്ങൾ | നിമ്നോന്നതി | ഉപരിതല മണ്ണ് | ജല ലഭ്യത | ഭൂവിനിയോഗം നിലവിലുള്ളത് | ആശാസ്യമായ ഭൂവിനിയോഗം | പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ |
|---|---|---|---|---|---|---|
| നിലം | 20 മീറ്ററിനു താഴെ | എക്കൽ മണ്ണ് | കൂടുതൽ | നെല്ല്,എള്ള്, വാഴ,പയർ, പച്ചക്കറി,മരച്ചീനി ഇഞ്ചി,ചേമ്പ് | നെല്ല് (ഇടവിളയായി പയർ,എള്ള്, പച്ചക്കറി) | വെള്ളപ്പൊക്കം. വെള്ളക്കെട്ട് മണ്ണൊലിപ്പ് തോടുകൾ മൂടപ്പെടുന്നു വരൾച്ച |
| ചെരിവ് | 20 മീറ്ററിനു താഴെ | ചെമ്മണ്ണ് | മിതം | മിശ്രിതവിളകൾ മിശ്രിതമരങ്ങൾ തെങ്ങ്,മരച്ചീനി വാഴ, | മിശ്രിതകൃഷി തെങ്ങ് ദീർഘകാല വൃക്ഷങ്ങൾ | മണ്ണൊലിപ്പ് |
| ഉയർന്ന സമതലം | 20 മീറ്ററിനു മുകളിൽ | ചെമ്മണ്ണ് | കുറവ് | ചേന,കാച്ചിൽ ചേമ്പ്,ഇഞ്ചി മഞ്ഞൾ,റബ്ബർ | " | " |

മേൽപ്പറഞ്ഞ (പട്ടിക 9 ) പാരിസ്ഥിതിക പ്രത്യാഘാതങ്ങളെ ഒരു പരിധിവരെ ചെറുത്തുനിൽക്കുവാൻ താഴെ പറയുന്ന സംരക്ഷണ നടപടികൾ ചെയ്യേണ്ടതാണ്.

1. അടഞ്ഞ തോടുകളെ തെളിക്കണം
2. തോടിന്റെ വശങ്ങൾ ബലപ്പെടുത്തണം
3. വെള്ളക്കെട്ടുകളിൽ മത്സ്യകൃഷി ചെയ്യുക
4. നിലത്തോടു ചേർന്ന ചെരിവ് പുരയിടങ്ങളിൽ ഇടയ്ക്കിടെ ഈട്, വരമ്പുകൾ, കോണ്ടൂർ ബണ്ട്, കൈയ്യാല എന്നിവ കെട്ടുക
5. തീറ്റ പുൽ കൃഷിചെയ്യുക
6. മഴവെള്ളം ശേഖരിക്കുന്നതിനുവേണ്ടി അനുയോജ്യമായ രീതിയിൽ കുഴികൾ ഉണ്ടാക്കുക.
7. സമതലം ചെരിവുമായി ചേരുന്ന സ്ഥലങ്ങളിൽ വരമ്പുകൾ നിർമ്മിച്ചും, കുഴികൾ നിർമ്മിച്ചും മണ്ണൊലിപ്പു തടയുകയും മഴവെള്ളം സംഭരിക്കുകയും ചെയ്യുക.

കുമരംചിറ ഏലായുടെ പടിഞ്ഞാറുഭാഗത്ത് ഒന്നാം വാർഡിന്റെയും രണ്ടാം വാർഡിന്റെയും ഇടയിൽ വരുന്ന വയലിൽ എല്ലാ വർഷവും വെള്ളപ്പൊക്കം ഉണ്ടാകുന്നു. ഇതിനുകാരണം പള്ളിക്കൽ ആറിന്റെ കിഴക്കേക്കരയിൽ ബണ്ട് ഇല്ലാത്തതാണ്. കരിയില പുഞ്ചയും, പനച്ചക്കൽ ഏലായിലുമുള്ള വെള്ളപ്പൊക്കത്തിനുകാരണം ശൂരനാട് തെക്ക്-വടക്ക് പഞ്ചായത്തുകളിൽ ലഭിക്കുന്ന മഴ ഈ പുഞ്ചയിൽ തങ്ങുന്നതാണ്. മാലുമേൽ ബണ്ട് കാരണമാണ് ഇത് തടസ്സപ്പെടുന്നത്.

കുമരൻചിറയുടെ പടിഞ്ഞാറു വടക്കുഭാഗം, അതേ പാടത്തിന്റെ തെക്കുഭാഗം എന്നിവിടങ്ങളിൽ ഇഷ്ടികക്കു വേണ്ടി യഥേഷ്ടം ചെളിയെടുത്തതിനാൽ വെള്ളം കെട്ടി നിൽക്കുന്നു. ഇതുകൂടാതെ മൂന്നാം വാർഡിന്റെ വടക്കുഭാഗവും, പനച്ചക്കൽ ഏലാ, മാലുമേൽക്കടവിനു കിഴക്കുഭാഗം എന്നിവിടങ്ങളിലും ഇതേ കാരണത്താൽ വെള്ളം കെട്ടിക്കിടക്കുന്നു.

അഞ്ചാം വാർഡിൽ ചക്കുവള്ളിച്ചിറ-കുവളക്കുറ്റി തോടിന്റെയും ഇഞ്ചക്കാട് ഏലായിൽ പനപ്പെട്ടി- കുവള

ക്കുറ്റി തോടിന്റെയും വശങ്ങൾ ഇടിഞ്ഞു കിടക്കുന്നു. ഇതു കൂടാതെ, കുവളക്കുറ്റി-വലിയതുറകടവ് തോടിന്റെ പലയിടത്തും വശങ്ങൾ ഇടിഞ്ഞു കിടക്കുന്നു. അഞ്ചാം വാർഡിൽ വരട്ടുചിറ കുളത്തിൽ നിന്നും തുടങ്ങുന്ന തോട് പന്തിരാമ്പള്ളി ഏലാവരെ നികന്നു കിടക്കുകയാണ്.

ചില വാർഡുകളിൽ പ്രത്യേകിച്ച് 4-ാം വാർഡ്, 6-ാം വാർഡ് , 9, 10 എന്നീ വാർഡുകളുടെ കിഴക്കുഭാഗങ്ങൾ, ഇവിടങ്ങളിൽ ഡിസംബർ മുതൽ മേയ് വരെ കിണറുകൾ വറ്റുന്നു. ചക്കുവള്ളി ഏല, ഇഞ്ചക്കാട് ഏല, വേങ്ങോല, കുമരൻചിറ ഏല എന്നിവയിലും വരൾച്ച ബാധിക്കുന്നുണ്ട്.

പള്ളിക്കലാറിന്റെ കിഴക്കേ ഭാഗത്തെ ബണ്ടും, രണ്ടാം വാർഡിന്റെയും, മൂന്നാം വാർഡിന്റെയും പടിഞ്ഞാറുഭാഗമായ പള്ളിക്കൽ ആറിന്റെയും കിഴക്കേ കരയിലുള്ള ബണ്ടിൽ രണ്ട് കലുങ്കും സ്ഥാപിച്ചാൽ ആ പ്രദേശത്തെ വെള്ളപ്പൊക്കം നിയന്ത്രിക്കാൻ കഴിയും. ചക്കുവള്ളി- കൂവളക്കുറ്റി തോട്, പനപ്പട്ടി-കൂവളക്കുറ്റി തോട്, വരട്ടുചിറ-പന്തിരാമ്പള്ളി ഏല തോടുകൾ തെളിച്ച് വശങ്ങൾ ബലപ്പെടുത്തി ചീപ്പുകൾ നിർമ്മിച്ചാൽ പാടത്തിലേക്കുള്ള വെള്ളം നിയന്ത്രിക്കാവുന്നതാണ്. ചക്കുവള്ളി ചിറ (ഉദ്ദേശം 10 ഏക്കർ) വിശാലമാക്കിയാൽ ചിറയ്ക്കു ചുറ്റുമുള്ള മഴവെള്ളം ചിറയിൽ സംഭരിക്കാൻ കഴിയും. അതുമൂലം സമീപമുള്ള കിണറുകൾ വറ്റാതിരിക്കുകയും ചെയ്യും.

## ജനപ്രകൃതി

1991 ലെ കാനേഷുമാരി റിപ്പോർട്ട് പ്രകാരം ശൂരനാട് തെക്ക് പഞ്ചായത്തിന്റെ ജനസംഖ്യ 21282 ആകുന്നു. 1991ൽ ജനസംഖ്യ 18,823 ആയിരുന്നു ഈ പതിറ്റാണ്ടിൽ 13.06 ശതമാനം വർദ്ധനവ് ജനസംഖ്യയിൽ ഉണ്ടായിട്ടുണ്ട്. ഇത് കൊല്ലം ജില്ലയ്ക്ക് 10.68 ശതമാനവും, കേരള സംസ്ഥാനത്തിനു 14.32 ശതമാനവുമാണ്.

പഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള ജനസംഖ്യ താഴെ കൊടുത്തിരിക്കുന്നു.

പട്ടിക 10

| വാർഡ് | പുരുഷന്മാർ | സ്ത്രീകൾ | ആകെ | സാന്ദ്രത |
|---|---|---|---|---|
| 1 | 1620 | 1526 | 3146 | 1550 |
| 2 | 1357 | 1444 | 2801 | 1303 |
| 3 | 935 | 961 | 1896 | 920 |
| 4 | 1045 | 1098 | 2143 | 1224 |
| 5 | 1011 | 1101 | 2112 | 996 |
| 6 | 1007 | 993 | 2000 | 1070 |
| 7 | 1012 | 1066 | 2078 | 1332 |
| 8 | 1181 | 1168 | 2349 | 789 |
| 9 | 1375 | 1382 | 2757 | 1300 |
| ആകെ | 10543 | 10739 | 21282 | 1239 |

അവലംബം : കാനേഷുമാരി, 1991

കേരളത്തിന്റെ ജനസാന്ദ്രത (769) യെക്കാൾ വളരെ ഉയർന്നതാണ് പഞ്ചായത്തിലെ ജനസാന്ദ്രത. പഞ്ചായത്തിലെ ജനസാന്ദ്രത 1239 ചതു. കി. മീറ്ററാണ്. ഇത് കൊല്ലം ജില്ലയ്ക്ക് 967 ആണ്. ഈ പഞ്ചായത്തിന്റെ സ്ത്രീ പുരുഷാനുപാതം 1020 ആണ്. ഇത് കേരളത്തിന് 1036 ആകുന്നു.

ആറു വയസ്സിനുതാഴെയുള്ള കുട്ടികളുടെ എണ്ണം വാർഡടിസ്ഥാനത്തിൽ താഴെ കൊടുത്തിരിക്കുന്നു.

പട്ടിക 11

| വാർഡ് | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ |
|---|---|---|---|
| 1 | 436 | 224 | 212 |
| 2 | 348 | 169 | 179 |
| 3 | 224 | 118 | 106 |
| 4 | 225 | 113 | 112 |
| 5 | 266 | 140 | 126 |
| 6 | 230 | 121 | 109 |
| 7 | 245 | 118 | 127 |
| 8 | 266 | 126 | 140 |
| 9 | 362 | 177 | 185 |
| ആകെ | 2642 | 1306 | 1296 |

അവലംബം : കാനേഷുമാരി, 1991

ഈ പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 15.49% പട്ടിക ജാതിക്കാരാണ്. പഞ്ചായത്തിലെ 90.78% പേരും സാക്ഷരരാണ്. കേരളസംസ്ഥാനത്തിന്റെ സാക്ഷരതാ നിരക്ക് 89.81% മാണ്.

പട്ടിക 12

| | ആകെ | സ്ത്രീകൾ | പുരുഷന്മാർ |
|---|---|---|---|
| പട്ടികജാതി | 3297 | 1635 | 1662 |
| സാക്ഷരത | 16958 | 8253 | 8705 |

അവലംബം: കാനേഷുമാരി, 1991.

തൊഴിലുകളെ ആസ്പദമാക്കി പഞ്ചായത്തിലെ തൊഴിലെടുക്കുന്നവരെ 3 ആയി തരം തിരിക്കാം.

1. പ്രാഥമിക മേഖലയിലേർപ്പെട്ടവർ
2. ദ്വിതീയ മേഖലയിലേർപ്പെട്ടവർ
3. ത്രിതീയമേഖലയിലേർപ്പെട്ടവർ

പഞ്ചായത്തിൽ 57% പേർ പ്രാഥമിക മേഖലയിലുള്ള തൊഴിലുകളിലാണ് ഏർപ്പെട്ടിരിക്കുന്നത്.

പട്ടിക 13

| വിഭാഗം | തൊഴിലെടുക്കുന്നവരുടെ എണ്ണം | | |
|---|---|---|---|
| | പുരുഷന്മാർ | സ്ത്രീകൾ | മൊത്തം |
| മുഖ്യ തൊഴിൽ | 4332 | 731 | 5063 |
| ഭാഗിക തൊഴിൽ | 566 | 624 | 1190 |
| പണിചെയ്യാത്തവർ | 5645 | 9384 | 15029 |
| തൊഴിൽപങ്കാളിത്ത നിരക്ക് % | 40.33 | 12.61 | 29.38 |

വിവിധ മേഖലകളിലായി ജോലിചെയ്യുന്നവരുടെ വിശദ വിവരങ്ങൾ പട്ടിക 14 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 14

| തൊഴിൽ | പുരുഷൻ | സ്ത്രീ | മൊത്തം |
|---|---|---|---|
| <u>പ്രാഥമികമേഖല</u> | | | |
| കൃഷിക്കാർ | 1401 | 63 | 1464 |
| കർഷകത്തൊഴിലാളികൾ | 1117 | 162 | 1279 |
| മൃഗസംരക്ഷണം/മത്സ്യബന്ധനം | 98 | 3 | 101 |
| ഖനനം, പാറപൊട്ടിക്കൽ | 41 | — | 41 |
| <u>ദ്വിദീയമേഖല</u> | | | |
| കുടിൽവ്യവസായം | 49 | 9 | 58 |
| കുടിലേതരവ്യവസായം | 452 | 233 | 685 |
| <u>ത്രിതീയമേഖല</u> | | | |
| കെട്ടിടം/റോഡുനിർമ്മാണം | 91 | — | 91 |
| വാണിജ്യം | 481 | 26 | 507 |
| ഗതാഗതം | 121 | 4 | 125 |
| മറ്റുസേവനങ്ങൾ | 497 | 255 | 752 |

അവലംബം: കാനേഷുമാരി, 1991






ചിത്രം 3.1

അവലംബം : വിഭവഭൂപടം, സെസ്സ്

കൊല്ലം ജില്ല

പഞ്ചായത്തുകൾ






അവലംബം: വിഭവഭൂപടം, CESS




അവലംബം: വിഭവഭൂപടം, CESS




ചിത്രം 3.11 a.

അവലംബം: വിഭവഭൂപടം, CESS




ചിത്രം 3.4

അവലംബം: വിഭവഭൂപടം, CESS




ചിത്രം 3.5

അവലംബം: വിഭവഭൂപടം, CESS




ചിത്രം 3.8




ചിത്രം: 3.9




ചിത്രം: 3.10




ചിത്രം 3.11

അവലംബം : വിഭവഭൂപടം, CESS

# വികസനമേഖലകൾ

# കൃഷി, ജലസേചനം.



ജനസംഖ്യയിൽ 90% വും കൃഷിയെ മാത്രം ആശ്രയിച്ച് ഉപജീവനം നടത്തിവന്നിരുന്ന ഒരു പഞ്ചായത്താണിത്. കിഴക്കുനിന്ന് പടിഞ്ഞാറോട്ട് ഏതാണ്ട് 9 കി.മീറ്റർ നീളത്തിലും, തെക്കുനിന്നും വടക്കോട്ട് 5 കി.മീറ്റർ വീതിയിലുമായി ഈ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നു. കിഴക്കുനിന്നും പടിഞ്ഞാറോട്ട് നേരിയ ചരുവിൽ സ്ഥിതി ചെയ്യുന്ന ഈ പഞ്ചായത്തിന്റെ ഭൂപ്രകൃതി മിക്കവാറും എല്ലാ കൃഷികൾക്കും അനുയോജ്യമാണ്. ഉദ്ദേശം 2942 ഏക്കർ പുരയിടങ്ങളും 1023 ഏക്കർ നിലവും, തോട്, കുളം, കാടുകൾ, റോഡുകൾ എന്നിവ ഉൾപ്പടെ 275 ഏക്കർ തരിശുഭൂമിയും ഉണ്ട്.

കൃഷി

ഒരുകാലത്ത് ഇവിടുത്തെ മുഖ്യകൃഷി നെല്ലായിരുന്നു. മരച്ചീനി, വാഴ എന്നിവയും ധാരാളമായി കൃഷിചെയ്തിരുന്നു. തൊട്ടടുത്ത സ്ഥാനം തെങ്ങുകൃഷിക്കായിരുന്നു. കർഷകനും, കർഷകത്തൊഴിലാളിയുമായി ഉണ്ടായിരുന്ന നല്ല ബന്ധത്തിലാണ് ഈ കൃഷികൾ മുന്നോട്ടു നീങ്ങിയിരുന്നത്.

ഭൂപരിഷ്കരണ നിയമങ്ങളെ തുടർന്നുണ്ടായ സാമൂഹ്യ സാമ്പത്തിക മാറ്റം കാർഷിക രംഗത്ത് ഒരു വലിയ മാറ്റം സൃഷ്ടിച്ചു. ഭൂവുടമകളായിരുന്ന പലരും പുറംതള്ളപ്പെടുകയും, കൈവശക്കാരൻ ഭൂമിക്ക് ഉടമയാവുകയും ചെയ്തു. ഇതോടുകൂടി കർഷകരുടെ എണ്ണം വർദ്ധിക്കുകയും, കർഷകത്തൊഴിലാളികളുടെ എണ്ണം സാരമായി കുറയുകയും ചെയ്തു. ഉത്പാദന ചിലവിലുണ്ടായ വർദ്ധനവും കൃഷിപ്പണികൾക്ക് സമയാസമയങ്ങളിൽ തൊഴിലാളികളെ കിട്ടാതെ വന്നതും കൃഷിയിൽ നിന്നുള്ള വരുമാനം കുറഞ്ഞതും കാർഷിക രംഗത്തുനിന്നും കർഷകരെ പുറകോട്ടു മാറ്റി. ലാഭകരമായ മറ്റു പല രംഗങ്ങളിലേക്കും കടന്നു കയറാൻ കൃഷിക്കാർ നിർബന്ധിതരായി. ഒരു കാലത്ത് മുഖ്യ ഇടക്കാല വിളകളായിരുന്ന പയർ, മുതിര,കൂവരക് ഉഴുന്ന്, എള്ള് എന്നിവ ലാഭകരമല്ലാതെ വന്നതു മൂലം അന്യംനിന്നു കഴിഞ്ഞു.

ഒരു ഹെക്ടറിൽ താഴെ കൃഷിഭൂമിയുള്ള 6187 നാമമാത്ര കൃഷിക്കാരും ഒന്നുമുതൽ രണ്ടു വരെ ഹെക്ടറിൽ താഴെയുള്ള 68 ചെറുകിട കൃഷിക്കാരും 25 വൻകിട കൃഷിക്കാരും ഈ പഞ്ചായത്തിലുണ്ടെന്നാണ് കൃഷിഭവൻ കണക്കിൽ കാണുന്നത്.

ഏതാണ്ട് 700 ഏക്കർസ്ഥലത്ത് നെൽകൃഷി നടത്തി വരുന്നു. പലകാരണങ്ങളാലും നെൽകൃഷി ലാഭകരമല്ലാതായി തീർന്നിരിക്കുന്നു. പഞ്ചായത്തിലെ ഇപ്പോഴത്തെ മുഖ്യ കൃഷി തെങ്ങാണ്. ഏതാണ്ട് 1000 ഹെക്ടർ സ്ഥലത്ത് 175000 തെങ്ങുകൾ ഉണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഈ തെങ്ങുകളിലെ ശരാശരി ഉൽപാദനം സംസ്ഥാന ശരാശരിയേക്കാൾ വളരെക്കുറവാണ്. കാറ്റു വീഴ്ച.യും മണ്ടചീയൽ രോഗവും മറ്റു കീടശല്യങ്ങളും മൂലം ഏതാണ്ട് 40% തെങ്ങുകളും രോഗബാധിതമായിരിക്കുന്നു. മുൻകാലങ്ങളിലെ വർദ്ധിച്ച രാസവളപ്രയോഗം മൂലവും സംരക്ഷണ നടപടികളിൽ വന്ന അപര്യാപ്തത മൂലവും ഉല്പാദനവും ഗണ്യമായി കുറഞ്ഞു. ജൈവ-രാസവളങ്ങളുടെ വില വർദ്ധനവും, വിളപരിപാലനത്തിനുള്ള തൊഴിലാളികളുടെ അഭാവവും മൂലം ഈ കൃഷിയും നമ്മുടെ പഞ്ചായത്തിൽ നഷ്ടത്തിൽ എത്തിയിരിക്കുന്നു. തന്മൂലം തെങ്ങു കൃഷി ഉപേക്ഷിച്ച് പല കൃഷിക്കാരും തെങ്ങിൻ തോപ്പുകൾ, റബ്ബർ തോട്ടങ്ങളാക്കി മാറ്റിക്കൊണ്ടിരിക്കുന്നു. ഒരുകാലത്ത് വ്യാപകമായി ചെയ്തു വന്നിരുന്ന മരച്ചീനി കൃഷി വളരെ പരിമിതമായി അങ്ങിങ്ങ് കാണുന്നു. കൂട്ടായ എലിനശീകരണത്തിന്റെ അഭാവവും ഉല്പാദന ചിലവിലുണ്ടായ വർദ്ധനവും ഈ കൃഷിയേയും മരവിപ്പിച്ചുകഴിഞ്ഞു. കാറ്റ്, വെള്ളപ്പൊക്കം, വരൾച്ച എന്നീ കെടുതികൾ ഇല്ലാത്ത പക്ഷം ചുരുങ്ങിയ നിലയിൽ ലാഭകരമായി കൈകാര്യം ചെയ്യാവുന്ന ഒരു കൃഷിയാണ് നേന്ത്രവാഴ കൃഷി. വ്യാപകമായ തോതിലില്ലെങ്കിലും എല്ലാ വാർഡുകളിലും പച്ചക്കറി കൃഷിയും നടത്തിവരുന്നു.

## ഭൂവിനിയോഗം

നെൽകൃഷി ലാഭകരമല്ലാത്തതുമൂലം വളരെയധികം നിലങ്ങൾ നികത്തിക്കഴിഞ്ഞു. കുടുംബങ്ങളുടെ എണ്ണം വർദ്ധിച്ചതുമൂലമുണ്ടായ പാർപ്പിടപ്രശ്നങ്ങൾ പരിഹരിക്കുന്നതിനും റോഡിന്റെ ഇരുവശങ്ങളിലുമുള്ള വളരെയധികം നിലങ്ങളും നികത്തിക്കഴിഞ്ഞു. പഞ്ചായത്തിന്റെ പടിഞ്ഞാറൻ ഭാഗങ്ങളിലുള്ള ചെളി നിലങ്ങൾ ഏറിയപങ്കും കുഴിച്ച് ചെളിവിൽക്കുന്നതാണ് ലാഭകരമെന്നു കണ്ട് ആ പ്രക്രിയയും അനുസ്യൂതം നടന്നുവരുന്നു. കൃഷി ലാഭകരമല്ലാതായി മാറിയതുമൂലം കര പുരയിടങ്ങൾ പോലും കുഴിച്ച് മണ്ണുവിറ്റ് ലാഭമുണ്ടാക്കുന്നു. ഈ നടപടികൾ പരിസ്ഥിതി മലിനീകരണപ്രശ്നത്തിന് കാരണമാകുന്നു. ജൈവവള ലഭ്യത വളരെകുറഞ്ഞിരിക്കുന്നു. മുൻപുണ്ടായിരുന്ന പല പച്ചില ക്കാടുകളും പഞ്ചായത്തിൽ നിന്നും അപ്രത്യക്ഷമായി. എങ്കിൽ പോലും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 40 ഹെക്ടറോളം സ്ഥലത്ത് ഇപ്പോൾ റബ്ബർ കൃഷിയുണ്ട്. മറ്റുകൃഷികളെ അപേക്ഷിച്ച് ലാഭകരമായതുകൊണ്ടും സർക്കാരും, റബ്ബർബോർഡും കയ്യയച്ച് സഹായം നൽകുന്നതുകൊണ്ടും പഞ്ചായത്തിലെ തെങ്ങിൻ പുരയിടങ്ങൾ റബ്ബറിന് വഴിമാറിക്കൊടുത്തുകൊണ്ടിരിക്കുന്നു.

## വായ്പാ മേഖല

721-ാം നമ്പർ പതാരം സർവ്വീസ് സഹകരണ ബാങ്ക് 1132-ാം നമ്പർ ഫാർമേഴ്സ് സർവ്വീസ് സഹകരണബാങ്ക്, ശാസ്താംകോട്ട കാർഷിക വികസന ബാങ്ക്, ഇന്ത്യൻ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, ശാസ്താംകോട്ട ബ്രാഞ്ച് എന്നിവിടങ്ങളിൽ നിന്നും കാർഷിക വായ്പകൾ ലഭിക്കുന്നുണ്ട്. ക്രഡിറ്റ് സംഘങ്ങളിൽ കൂടി വളവും ചെറിയ തോതിൽ കീടനാശിനികളും ലഭിച്ചുവരുന്നു.

## കൃഷിഭവൻ

പഞ്ചായത്തിൽ ഒരു കൃഷിഭവൻ പ്രവർത്തിച്ചുവരുന്നു. ഇത് മൂന്നാം വാർഡിൽ സ്ഥിതിചെയ്യുന്നു. പ്രയോജനപ്രദമായ പലപദ്ധതികളും കൃഷിഭവൻ മൂലം നടത്തുന്നുണ്ട്. എന്നാൽ പഞ്ചായത്തിലെ മൊത്തം കൃഷിക്കാർക്കും ഇതിന്റെ സേവനം ലഭ്യമാകുന്നില്ല എന്ന പരാതി നിലവിലുണ്ട്. കൃഷിഭവനിൽക്കൂടി നടപ്പാക്കേണ്ട പല പദ്ധതികളും കൃഷിഭവനിൽ എത്തിച്ചേരുന്നത് പലപ്പോഴും വളരെ താമസിച്ചുമാത്രമാണ്. അതുകൊണ്ടു തന്നെ പദ്ധതികൾ ജനങ്ങളിൽ എത്തിച്ചേരുവാനും അവസരം നഷ്ടപ്പെടുന്നു. പല ജലസേചനപദ്ധതികളും ഉദ്ദേശിച്ചതുപോലെ ഫലവത്തായില്ല. രോഗം വന്ന് മുഴുവൻ തെങ്ങുകളും മുറിച്ചുമാറ്റി രോഗബാധതടയുന്നതിനു പകരം ഓരോ വാർഡിൽ നിന്നും രോഗം ബാധിച്ച കുറെ തെങ്ങുകൾ വെട്ടി മാറ്റിയതുകൊണ്ട് സർക്കാരിന് സാമ്പത്തിക ബാദ്ധ്യത വരുത്തിവച്ചു എന്നല്ലാതെ തെങ്ങുരോഗം തടയുന്നതിനോ കൃഷിക്കാർക്ക് കാര്യമായ എന്തെങ്കിലും നേട്ടം ഉണ്ടാക്കുന്നതിനോ സാധിച്ചിട്ടില്ല. ഇടവിളകൃഷികൾ നടത്താനുള്ള വിത്തിനങ്ങൾ യഥാസമയം ലഭിക്കുന്നില്ല. കൃഷിഭവൻ മുഖേന മണ്ണ് പരിശോധന ഫലപ്രദമായി നടക്കുന്നില്ല. അഞ്ചുമുതൽ പത്തുവ ാ വാർഡുകളിൽ മണ്ണൊലിപ്പും, നീർവാർച്ചയും തടയുന്നതിനുവേണ്ടി വാട്ടർഷെഡ് പദ്ധതി നടപ്പിലാക്കി. ലക്ഷക്കണക്കിനു രൂപ ചെലവഴിച്ചു. എങ്കിലും അതു പൂർത്തിയാകാതെ അഴിമതിയാരോപണങ്ങളിൽ എത്തിനിൽക്കുന്നു. പഞ്ചായത്തിലെ കൃഷിവികസനസമിതിപോലും പൂർണ്ണമായും സംഘടിപ്പിക്കപ്പെട്ടിട്ടില്ല.കൃഷിഭവന്റെ കീഴിൽ അഞ്ച് ഏലാ വികസനസമിതികളും, ഒരു കേര വികസന സമിതിയും പ്രവർത്തിച്ചു വരുന്നു. ഏലാവികസന സമിതികളിൽ ചക്കുവള്ളി ഏലാവികസന സമിതിക്കുമാത്രമാണ് ഒരു പവർടില്ലർ ഉള്ളത്. ഈ സമിതികൾക്ക് ഒന്നുംതന്നെ കൃഷിക്കാർക്ക് ആവശ്യമായ ആധുനിക യന്ത്രോപകരണങ്ങൾ ലഭ്യമായിട്ടില്ല. കൃഷിഭവന്റെ നേതൃത്വത്തിൽ ഈ സമിതികളെ കാര്യക്ഷമമായി പ്രവർത്തിപ്പിക്കേണ്ടിയിരിക്കുന്നു. കാർഷികോല്പന്നങ്ങളുടെ വിപണനത്തിൽ മദ്ധ്യവർത്തികളെ ഒഴിവാക്കാൻവേണ്ടി ഏതെങ്കിലും പദ്ധതി നടപ്പിലാക്കേണ്ടിയിരിക്കുന്നു.

## ജലസേചനം

നാളിതുവരെയായി ഫലപ്രദമായ യാതൊരു ജലസേചനപദ്ധതിയും ഈ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല. കോടിക്കണക്കിന് രൂപ ചെലവാക്കിയ കല്ലട ജലസേചന പദ്ധതി കൃഷിക്കാർക്ക് യാതൊരു പ്രയോജനവും ലഭിക്കാത്ത വിധത്തിൽ പാളിപ്പോയിരിക്കുന്നു ഈ പദ്ധതി ഫലപ്രദമായി നടപ്പിലാക്കിയാൽ അതുകൊണ്ട് മാത്രം അൻപത്ശതമാനമെങ്കിലും ജലസേചന സൗകര്യം ലഭ്യമാകുന്നതാണ്. ചക്കുവള്ളി ചിറയിൽനിന്നും ആരംഭിച്ച് പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുകൂടി പടിഞ്ഞാറേ അതിർത്തിയായ പള്ളിക്കലാറിൽ എത്തിച്ചേരുന്ന തോടാണ് ചക്കുവള്ളി വലിയതറതോട്. ഇഞ്ചക്കാട്ടു പാടത്തു നിന്നും ആരംഭിച്ച് കൂവളക്കുറ്റിയിൽ എത്തിച്ചേരുന്ന ഒരു തോടും നിലവിലുണ്ട്. ഈ തോട്ടിൽ മുക്കുടക്കുഴി എന്ന സ്ഥലത്ത് ഉദ്ദേശം 200 ചതുരശ്രമീറ്റർ വിസ്തീർണ്ണത്തിൽ ഒരിക്കലും വെള്ളംവറ്റാത്ത ഒരു ജലസംഭരണിയുണ്ട്. ഈ തോടിന്റെ പടിഞ്ഞാറ്ഭാഗത്ത് ചാങ്ങക്കുറ്റി തെക്കുവശം ചീർപ്പ് നിർമ്മിച്ച് തെക്കും പടിഞ്ഞാറുമുള്ള നിലങ്ങളിലേക്ക് ജലസേചനം നടത്തുന്ന ഒരു പദ്ധതി ഉണ്ടായിരുന്നു. സംരക്ഷണത്തിന്റെ പോരായ്മ നിമിത്തം ഇതും പാളിപ്പോയിരിക്കുന്നു. ജലസേചനത്തിന് പ്രയോജനപ്പെടുത്താവുന്ന മുപ്പതോളം കുളങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി സ്ഥിതിചെയ്യുന്നു. ജലസേചന സൗകര്യത്തിന് ചിലകുളങ്ങളിൽ പണികൾ നടന്നുവെങ്കിലും അതും ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഏതാണ്ട് 39-ഓളം പൊതുകിണറുകൾ ഈ പഞ്ചായത്തിൽ ഉണ്ട്. ഇതും ജലസേചനത്തിന് ഒരു പരിധിവരെ ഉപയോഗിക്കാവുന്നതാണ്. ഏറ്റവും വലിയ ജലസ്രോതസ്സായ ചക്കുവള്ളി വലിയതറതോടിന്റെ പല ഭാഗങ്ങളും ഇരുവശങ്ങളിലുമുള്ള വസ്തു ഉടമസ്ഥർ കൈയ്യേറുകയും പല ഭാഗങ്ങളിലും കുഴിച്ച് മണ്ണെടുക്കുകയും ചെയ്തതുമൂലം തോടും അനുബന്ധനിലങ്ങളും അക്ഷരാർത്ഥത്തിൽ നാശത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. ഈ തോട് ശരി

യായ തോതിൽ സംരക്ഷിച്ച് ഇരു വശങ്ങളും സൈഡ്വാൾ കെട്ടി ആവശ്യമായ ഭാഗങ്ങളിൽ തടയണകൾ നിർമ്മിച്ച് പമ്പിംഗ് സൗകര്യം ഏർപ്പെടുത്തിയാൽ ഭൂരിഭാഗം സ്ഥലങ്ങളിലും ജലസേചന സൗകര്യം ലഭിക്കുന്നതാണ്.

ഈ പഞ്ചായത്തിലെ ഭൂമി സംബന്ധിച്ച വിവരങ്ങളും വിളവിസ്തീർണ്ണ ഉല്പാദന വിവരങ്ങളും, കാർഷിക ഉപകരണങ്ങളുടെ വിവരങ്ങളും, പൊതുകിണർ, കുളം എന്നിവകളെ സംബന്ധിച്ച കണക്കുകളുടെ പട്ടികകളും ഇതോടെ അനുബന്ധമായ ചേർത്തിരിക്കുന്നു.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ഇരുപ്പൂ, ഒരുപ്പൂ നിലങ്ങൾ വളരെ ആഴത്തിൽ കുഴിക്കുന്നതുമൂലം ജലനിരപ്പു താഴുകയും തന്മൂലം സമീപ പ്രദേശങ്ങളിലെ കരപുരയിടങ്ങൾ തരിശ്ശായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അങ്ങനെ തരിശായിക്കൊണ്ടിരിക്കുന്ന പുരയിടങ്ങളിൽ വളരെ നേരത്തേ ഉണ്ടായിരുന്ന കൃഷികളായ വാഴ, ചേന, ചേമ്പ്, ചീനി ഇത്യാദി കൃഷികൾ കുറഞ്ഞുവരുന്നു. ഇത്തരം കരപുരയിടങ്ങളിൽ ജലസേചനം ലഭ്യമാക്കേണ്ടതാണ്. തെങ്ങുകൃഷിയേയും ഇതു സാരമായി ബാധിക്കുന്നു.

കൃഷിഭവൻ രേഖാപ്രകാരം.

ശൂരനാട് തെക്ക് ഗ്രാമ പഞ്ചായത്തിലെ
കുളങ്ങളുടെ ലിസ്റ്റ്.

| വാർഡ് | എണ്ണം |
|---|---|
| 1 | 6 |
| 2 | 1 |
| 3 | 3 |
| 4 | 6 |
| 5 | 4 |
| 6 | 3 |
| 7 | 3 |
| 8 | 4 |
| 9 | 2 |
| 10 | 2 |

ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത്
പൊതുകിണർ സ്റ്റേറ്റുമെന്റ്

| വാർഡ് | എണ്ണം |
|---|---|
| 1 | 5 |
| 2 | 10 |
| 3 | 5 |
| 4 | 5 |
| 5 | 8 |
| 6 | 2 |
| 7 | 3 |
| 8 | 3 |
| 9 | 3 |
| 10 | 3 |

കൃഷിഭവൻ രേഖാപ്രകാരം.

ശൂരനാട് തൊക്ക് ഗ്രാമ പഞ്ചായത്ത് കാർഷികോപകരണ സ്റ്റേറ്റുമെന്റ്

| വാർഡ് നമ്പർ | ഉഴവുപകരണങ്ങൾ | | | മരുന്നുതളിഉപകരണങ്ങൾ | | | മെതി യന്ത്രം | തെങ്ങു കയറ്റ യന്ത്രം | പോർട്ടബിൾ പമ്പുസെറ്റ് |
|---|---|---|---|---|---|---|---|---|---|
| | ട്രാക്റ്റർ | ട്രില്ലർ | നാടൻ കലപ്പ | റോക്കർ സ്പ്രേയർ | നാപ്സ സ്പ്രേയർ | മറ്റുള്ളവ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1 | — | — | 45 | 5 | 8 | 15 | — | — | — |
| 2 | 2 | — | 25 | 4 | 5 | 10 | — | — | — |
| 3 | — | — | 35 | 5 | 10 | 5 | — | — | — |
| 4 | — | — | 40 | 1 | 3 | 2 | — | — | — |
| 5 | — | 1 | 50 | 20 | 10 | 75 | 2 | — | — |
| 6 | — | — | 40 | 10 | 10 | 70 | — | — | — |
| 7 | — | — | 30 | 15 | 10 | 80 | — | — | — |
| 8 | — | — | 25 | 10 | 10 | 75 | — | — | — |
| 9 | — | — | 30 | 15 | 4 | 65 | — | — | — |
| 10 | — | — | 20 | 10 | 10 | 70 | — | — | — |

കൃഷിഭവൻ രേഖപ്രകാരം

ശൂരനാട് തെക്ക് ഗ്രാമ പഞ്ചായത്ത് - ഭൂമിസംബന്ധിച്ച വിവരങ്ങൾ.

| ഇനം | വിസ്തീർണ്ണം |
|---|---|
| നിലം | 1022 ഏക്കർ |
| പുരയിടം | 2941 ഏക്കർ |
| പുറമ്പോക്ക് | 275 ഏക്കർ |
| കൃഷിയോഗ്യതരിശ് | 273 ഏക്കർ |
| കൃഷിയോഗ്യമല്ലാത്തതരിശ് | 2 ഏക്കർ |

ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത്
വിളവിസ്തീർണ്ണവും ഉത്പാദനവും ( അടിസ്ഥാന വിവര രജിസ്റ്റർ )

| വിള | വിസ്തീർണ്ണം | മൊത്തഉല്പാദനം | ഉത്പാദനക്ഷമത (ഹെക്ടർ) |
|---|---|---|---|
| നെല്ല് ഒന്നാംവിള | 310 ഹെക്ടർ | 992 ടൺ | 3.2 ടൺ |
| നെല്ല് രണ്ടാംവിള | 272 ഹെക്ടർ | 816 ടൺ | 3 ടൺ |
| നെല്ല് മൂന്നാംവിള | | | |
| പയർ | 10 ഹെക്ടർ | 3 ടൺ | 0.3 ടൺ |
| എള്ള് | 50 ഹെക്ടർ | 15 ടൺ | 0.3 ടൺ |
| പച്ചക്കറികൾ | 7 ഹെക്ടർ | 14.21 ടൺ | 2 ടൺ |
| തെങ്ങ് | 1000 ഹെക്ടർ | 2100000 എണ്ണം | 2100 എണ്ണം |
| വാഴ | 50 ഹെക്ടർ | 750 ടൺ | 15 ടൺ |
| മരച്ചീനി | 195 ഹെക്ടർ | 780 ടൺ | 4 ടൺ |
| കുരുമുളക് | 20 ഹെക്ടർ | 16 ടൺ | 0.8 ടൺ |
| പ്ലാവ് | 18 ഹെക്ടർ | 1500 ടൺ | 83.3 ടൺ |
| കശുമാവ് | 7 ഹെക്ടർ | 6 ടൺ | 0.85 ടൺ |
| മാവ് | 14 ഹെക്ടർ | 15 ടൺ | 1.07 ടൺ |
| റബ്ബർ | 25 ഹെക്ടർ | 112.5 ടൺ | 4.5 ടൺ |
| കമുക് | 10 ഹെക്ടർ | 65 ടൺ | 6.5 ടൺ |

കൃഷിഭവൻ രേഖപ്രകാരം.

കൈവശഭൂമി വിസ്തീർണ്ണം
സംബന്ധിച്ച സ്റ്റേറ്റുമെന്റ്
ശൂരനാട് തെക്ക് പഞ്ചായത്ത്

| 1 | 2 | 3 | 4 |
|---|---|---|---|
| വാർഡ് നമ്പർ | നാമമാത്ര കർഷകർ (ഒരു ഹെക്ടറിൽ താഴെ) | ചെറുകിടകർഷകർ (1-2 വരെ ഹെക്ടർ) | വൻകിട കർഷകർ (2 ഹെക്ടറിനു മുകളിൽ) |
| 1 | 618 | 8 | 3 |
| 2 | 600 | 7 | 2 |
| 3 | 580 | 9 | 3 |
| 4 | 650 | 4 | 2 |
| 5 | 525 | 8 | 2 |
| 6 | 575 | 10 | 3 |
| 7 | 600 | 5 | 3 |
| 8 | 700 | 6 | 2 |
| 9 | 650 | 5 | 3 |
| 10 | 689 | 6 | 2 |
| ആകെ | 6187 | 68 | 25 |

### പ്രശ്നങ്ങൾ

A പഞ്ചായത്തുതലം (കൃഷി, ജലസേചനം)

1. 36 വർഷങ്ങളായി കോടിക്കണക്കിന് രൂപ മുടക്കി പണിതതും ഏറ്റവും കൂടുതൽ സ്ഥലത്ത് ജലസേചനം നടത്താൻ കഴിവുള്ളതുമായ K.I.P കനാലുകളുടേയും, പൈപ്പുകളുടേയും മറ്റും അറ്റകുറ്റപ്പണി ഉടനടി പൂർത്തിയാക്കി ഒരു ടൈംടേബിൾ പ്രകാരം ജലവിതരണം നടത്താൻ അടിയന്തര നടപടി ഉണ്ടാകണം.

2. പൂട്ട് യന്ത്രം, കൊയത്ത്യന്ത്രം, മെതിയന്ത്രം, നടീൽയന്ത്രം സ്പ്രേയറുകൾ എന്നിവ ആവശ്യാനുസരണം ലഭ്യമാക്കാനുള്ള ഏർപ്പാട് ഉണ്ടാക്കുക.

3. രോഗംവന്ന മുഴുവൻ തെങ്ങുകളും വെട്ടിമാറ്റി പകരം തെങ്ങുകൾ നടുന്നതിനുവേണ്ടി അത്യുല്പാദന ശേഷിയുള്ളതും രോഗപ്രതിരോധശേഷിയുള്ളതുമായ തൈകൾ സബ്സിഡിനിരക്കിൽ വിതരണം ചെയ്യുക.

4. പഞ്ചായത്ത് ആഭിമുഖ്യത്തിൽ ആണ്ടിൽ രണ്ട് പ്രാവശ്യം തെങ്ങിന് മരുന്ന് തളിക്കുക

5. നെൽകൃഷിക്ക് ഏക്കറിന് ആയിരത്തി അഞ്ഞൂറ് രൂപാനിരക്കിൽ സബ്സിഡി അനുവദിക്കുക.

6. പഞ്ചായത്ത് തലത്തിൽ കർഷകന് യഥാസമയം വിത്തുകൾ വിതരണം ചെയ്യാൻ ഏർപ്പാട് ഉണ്ടാക്കുക.

7. എലി നശീകരണത്തിന് ഒരു സംയോജിത പരിപാടി നടപ്പിലാക്കുക.

8. മണ്ണ് പരിശോധന നടത്തി യഥാസമയം റിപ്പോർട്ട് കൃഷിക്കാരന് എത്തിക്കുക.

9. പഞ്ചായത്തിൽ മുഴുവൻ പച്ചക്കറികൃഷി വ്യാപിപ്പിക്കുവാനുള്ള ഒരു സംയോജിത പരിപാടി നടപ്പിലാക്കുക.

10. കർഷക തൊഴിലാളികളുടെ ഒരു കൃഷിസേന പഞ്ചായത്തടിസ്ഥാനത്തിൽ രൂപീകരിക്കുക. വ്യവസ്ഥകൾക്ക് വിധേയമായി കൃഷിക്കാരുടെ ആവശ്യാനുസരണം തൊഴിലാളികളെ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യുക.

11. കാർഷിക ഉപകരണങ്ങൾ കൃഷിക്കാർക്ക് യഥാസമയം ലഭിക്കുന്നതിന് വാടക സമ്പ്രദായത്തിൽ പഞ്ചായത്ത് തലത്തിൽ ഏർപ്പാട് ഉണ്ടാക്കുക.

12. മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളുടെ ചുമതല പഞ്ചായത്ത് ഏറ്റെടുക്കുകയും ആവശ്യമായ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക.

13. കാർഷികോല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിലകിട്ടുന്നതിന് പർച്ചേസിംഗ് സെന്റർ സ്ഥാപിക്കുക.

B. <u>വാർഡുതലം</u>

1. ജലസേചന സൗകര്യമില്ലാത്ത അടിയിൽ പറയുന്ന സ്ഥലങ്ങളിൽ കുഴൽ കിണർ സ്ഥാപിക്കുക.

വാർഡ് 1 കുമരൻചിറ വയലിൽകിഴക്ക് ഭാഗത്തും, പടിഞ്ഞാറുഭാഗത്തും.

വാർഡ് 3 ഒരു കുഴൽകിണർ കുരണ്ടിപ്പിള്ളി ചിറയുടെ തെക്ക് ഭാഗത്ത്.

വാർഡ് 4 (1) ചാങ്ങയിൽ കുളത്തിന്റെ പരിസരത്ത്.

(2) പുതുശ്ശേരി കുളത്തിന്റെ പരിസരത്ത്.

വാർഡ് 5 ഏലായുടെ കിഴക്കുഭാഗത്ത്

വാർഡ് 6 ഏലായുടെ കിഴക്കുഭാഗത്ത്

2. അടിയിൽ പറയുന്ന കുളങ്ങൾ ജലസേചനത്തിന് യോഗ്യമാക്കുക.

വാർഡ് 1 ചക്കാലക്കുളം, കാവിനാൽ കുളം, കല്ലുകടേക്കൽ കുളം

വാർഡ് 3 കുരണ്ടിപ്പിള്ളിച്ചിറ, മലയാറ്റൂർ കുളം

വാർഡ് 4 ചാങ്ങയിൽ കുളം

വാർഡ് 5 അമ്പഴവേലികുളം, വരട്ടുചിറ, പാണിറക്കത്തുകുളം, കിഴക്കേവീട്ടിൽകുളം

വാർഡ് 7 ചെറുകരകുളം

വാർഡ് 8 ചൂളൂർകുളം, ആലത്തൂർകുളം

3 അടിയിൽ പറയുന്ന സ്ഥലങ്ങളിൽ പുതിയ കുളങ്ങൾ

വാർഡ് 2 പാലത്തറതെക്ക്, വാഴപ്പള്ളിത്തറ വടക്ക് (പമ്പിംഗ് സൗകര്യം ഉണ്ടാകണം)

വാർഡ് 7 ചിറയിൽ കുളം

4. അടിയിൽ പറയുന്ന തോടുകൾ തെളിയ്ക്കണം

വാർഡ് 1 ആലത്തൂർ പാടത്തുനിന്നുമുള്ള തോട് നടവരമ്പുവഴി കുരീയ്ക്കൽ ഏലായിലേക്ക്, ഒരു തോട് ചക്കാക്കുളം കനാൽ വഴി ആമച്ചിറവഴി പള്ളിക്കൽ ആറ്റിലേക്ക് ഉണ്ടാക്കുക.

വാർഡ് 2 കല്ലട പദ്ധതിയുടെ കനാലിൽ നിന്നും കളരിക്കൽമുക്കിൽ നിന്നും ഒരു തോട് പടിഞ്ഞാറോട്ട് വാർഡിന്റെ ഉയരമുള്ള ഭാഗത്തു കൂടി വെട്ടി പടിഞ്ഞാറ് അവസാനിപ്പിക്കണം.

വാർഡ് 4 നെടിയപാടം, ഏലായുടെ തെക്കേയരികിൽക്കൂടിയുള്ള തോട് തെളിയ്ക്കണം.

വാർഡ് 7 ചിറയിൽ ഏലായിൽ നിന്നും തെക്കോട്ടുള്ളത് തെളിച്ച് ക്രോസ്ബാർ കെട്ടണം

5. അടിയിൽ പറയുന്ന തോടുകളിൽ സൈഡ് കെട്ടുകയും, ക്രോസ്ബാർ കെട്ടുകയും വേണം.

1, വാർഡ് 1,2,5,6,7,8 ടി വാർഡുകൾക്ക് പ്രയോജനകരമായ ചക്കുവള്ളിച്ചിറ, വലിയതറകടവ് തോട്.

(1.a) വാർഡ് മൂന്നിൽ മലയാറ്റൂർ കുളത്തിൽ നിന്നും ഈഴവർ താഴെവരെയുള്ള തോട് ശരിയാക്കുക.

2, തൊടിയൂർ- കണിയാങ്കടവ് ബണ്ട് (സൈഡുവാൾ മാത്രം)

3, വാർഡ് 7

(1) കാരൂർതറ തോട്.

(2) വേങ്ങോല, ഇഞ്ചക്കാട്, കാവുള്ളതിൽ തെക്ക് എന്നീ ഏലകളിലെ തോട് (മൂന്ന് മുക്കിൽ സ്ലാബ് നിർമ്മിക്കുകയും വേണം) വേങ്ങോല, പൊരീക്കൽ ഈ ഭാഗങ്ങളിൽ ക്രോസ്ബാറുകളും കെട്ടുക.

വാർഡ് 8. മുക്കടക്കുഴിയിൽ വെള്ളം സംഭരിച്ച് സൈഡുവാൾ കെട്ടി കുമരൻചിറ ഏലായിൽ ജലസേചന സൗകര്യം ഉണ്ടാക്കുക.

4, വാർഡ് 9

കളീക്കൽകുളം മുതൽ കാരൂർത്തറ

വരെയുള്ള തോട്.

5, വാർഡ് 10

(1) മുസലിയാർ ഏല-ഉള്ളന്നൂർ മഠം ഏലയിലെ തോട്.

(2) വേടന്റെകുളം-പുത്തൻകുളം-കാവിനാൽകുളം താമരശേരി പാടശേഖരം തോട്.

B 2) <u>വാർഡുതലത്തിലെ മറ്റ് അത്യാവശ്യങ്ങൾ</u>

1. കൃഷിഡിപ്പാർട്ടുമെന്റിലെ പദ്ധതികൾ അപ്പപ്പോൾ പഞ്ചായത്ത് ഗ്രാമതല നോട്ടീസ് ബോർഡുകളിൽ പരസ്യപ്പെടുത്തണം

2. D.R.D.A പദ്ധതികൾ ഗ്രാമ പഞ്ചായത്തുതലത്തിൽ നടപ്പിലാക്കണം.

3. കൃഷി ഉദ്യോഗസ്ഥൻമാരുടെ സേവനം പരമാവധി ലഭ്യമാക്കണം.

4. മിതമായ നിരക്കിൽ വാട്ടകക്കയും, കീടനാശിനികളും വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുക.

5. രാസവള സബ്സിഡികൾ കർഷകന്റെ കൈവശം പണമായി ലഭിക്കുന്നതിന് പകരം കൃഷിയുടെ അടിസ്ഥാനത്തിൽ വളത്തിന്റെ വിലയിൽ ഇളവ് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

6. മുണ്ടകത്തറ I.H.D.P കോളനിക്ക് സർക്കാരിൽ നിന്ന് നൽകിയിട്ടുള്ള ട്രാക്ടറിന്റെ ഉപയോഗം ടി പഞ്ചായത്തിന് ലഭ്യമാക്കുക.

7. പഞ്ചായത്ത്തലത്തിൽ കാർഷിക നഴ്സറി സ്ഥാപിക്കുക

a വാഴകൃഷി വിപുലമാക്കണം, സബ്സിഡി നൽകണം.

8. കട്ടച്ചൂളകളിലെ പുക കൃഷിയേയും വൃക്ഷങ്ങളേയും നശിപ്പിക്കുന്നതുകൊണ്ട് വ്യവസായശാലകളിൽ കുറഞ്ഞത് അൻപതടി ഉയരത്തിലെങ്കിലും പുകക്കുഴൽ ഉണ്ടാക്കുവാൻ നിർദ്ദേശങ്ങൾ കൊടുക്കുക.

9. പന്തിരാമ്പള്ളി ഏലയിൽ മുമ്പുണ്ടായിരുന്ന തോട് തെളിച്ച് കലുങ്ക് പണിയുക.

10. പീടികത്തറ കലുങ്ക് വഴി പന്തീരാമ്പള്ളി ഏലായിലേക്ക് വരുന്ന ഒഴുക്ക് തടയുക.

11. പഞ്ചായത്തുതലത്തിൽ റബ്ബർ നഴ്സറി തുടങ്ങുക.

12. കൃഷിക്കാർക്ക് കൃഷിക്കാവശ്യമായ വൈദ്യുതി സൗജന്യമായി നല്കുക.

13. ചാങ്ങയിൽകുളം മത്സ്യകൃഷിക്ക് ഉപയോഗയോഗ്യമാക്കുക.

14. പന്തീരാമ്പള്ളി ഏലാഗ്രൂപ്പ്ഫാമിങ്ങിൽ ഉൾപ്പെടുത്തുക.

15. തെക്കേച്ചിറ, വടക്കേച്ചിറ നടവരമ്പിൽ വീതികൂട്ടി കലുങ്ക് സ്ഥാപിക്കുക.

16 വെഞ്ഞാറക്കൽതറ-പറമ്പിലാവിൽതറ നടവരമ്പിൽ തെക്കും, വടക്കും രണ്ട് കലുങ്കുകൾ സ്ഥാപിക്കുക.

17. ചക്കുവള്ളി ഏലാവികസനസമിതിക്ക് ഒരു ആഫീസ് പണിയുന്നതിന് K.I.P. വക 5 സെന്റ് സ്ഥലം അനുവദിച്ചുകൊടുക്കുക.

18. ആഫ്രിക്കൻപായൽ നശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

19. പുൽകൃഷിയെ പ്രോത്സാഹിപ്പിക്കുക.

20. അത്യുല്പാദനശേഷിയുള്ള കശുമാവിൻതൈകൾ ലഭ്യമാക്കുക.

21. നെല്ലുകൃഷി രോഗങ്ങൾക്ക് സൗജന്യമായി മരുന്നുതളിക്കുന്നതിനുള്ള പദ്ധതി ഉണ്ടാക്കുക.

22. K.I.P. ഇടതുകരകനാലിന്റെ പള്ളിശ്ശേരിക്കൽഭാഗം യോജിപ്പിച്ച് ജലസേചനസൗകര്യം വർദ്ധിപ്പിക്കുകയും ഹൈഡ്രെന്റുകൾ ഉപയോഗയോഗ്യമാക്കുകയുകയും ചെയ്യുക.

23. ധാന്യസംഭരണി, കാർഷിക ഉപകരണങ്ങൾ എന്നിവ പഞ്ചായത്തിൽ വിതരണം ചെയ്യുക.

24. കക്കാക്കുന്ന് അന്തിചന്ത-ആഴ്ചചന്തയായി ഉയർത്തുക.

25. K.I.P. കനാൽ ആയിക്കുന്നത്ത് 10-ാം വാർഡിൽ നീട്ടുക.

26. മുണ്ടകപ്പാടംഏലാ ബണ്ട്കെട്ടിതിരിച്ചു മത്സ്യകൃഷിയ്ക്ക് ഉപയുക്തമാക്കുക.

<u>നിർദ്ദേശങ്ങൾ</u>.- റിസോഴ്സ് ഗ്രൂപ്പ് –

1. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി കൂട്ടുകൃഷി സംവിധാനം നടപ്പിലാക്കുക. അതിനുവേണ്ടി പ്രത്യേക സമിതികൾ രൂപീകരിക്കുകയും കാർഷികോപകരണങ്ങൾ, പൂട്ടുമെഷീൻ, മെതിയെന്ത്രം, സ്പ്രെയർ, എന്നിവ സമിതിക്കു ലഭ്യമാക്കുകയും ടി കാര്യം ഫലപ്രദമായി നടപ്പിലാക്കുന്നതിനു പഞ്ചായത്തടിസ്ഥാനത്തിൽ കർഷകരെ ബോധവത്കരിക്കുകയും ചെയ്യുക.

2. കരുവാറ്റ മോഡൽ വാഴകൃഷി;-

വാഴകൃഷി ഏറ്റവുംകൂടുതൽ ലാഭകരമാക്കുവാനായി കരുവാറ്റ പഞ്ചായത്തിൽ പരീക്ഷിച്ച് വിജയിച്ച വാഴകൃഷി പഞ്ചായത്തിൽ നടപ്പിലാക്കുക. അതനുസരിച്ച് ഒരു കർഷകസംഘം രൂപീകരിക്കുകയും ഒരു സമയത്ത് തമിഴ്നാട്ടിൽനിന്നും വിത്ത് ഇറക്കി ഒന്നായി കൃഷി ആരംഭിക്കുകയും ഒന്നിച്ച് വളം, കീടനാശിനി പ്രയോഗിക്കുകയും ഒന്നിച്ച് വിളവെടുക്കുകയും ചെയ്യുക. ഉണ്ടാകുന്ന ഉത്പന്നങ്ങൾ പഞ്ചായത്തിലെ ഉപയോഗം കഴിച്ച് ഒന്നായി വിൽക്കുന്നതിനുള്ള മാർക്കറ്റിംഗ് സമ്പ്രദായം നടപ്പിലാക്കുക.

3. തരിശു സ്ഥലങ്ങളിൽ മരച്ചീനി കൃഷി ചെയ്യുന്നതിന് അത്യുല്പാദന ശേഷിയുള്ള മരക്കമ്പുകൾ ലഭ്യമാക്കുകയും പഞ്ചായത്തിൽ കൂട്ടായ എലി നശീകരണം നടപ്പിലാക്കുവാനുള്ള സംവിധാനവും നടപ്പിലാക്കുക.

4. ഔഷധസസ്യങ്ങൾ വർദ്ധിച്ച തോതിൽ കൃഷിചെയ്യുന്നതിന് ആവശ്യമായ നടീൽവസ്തുക്കൾ ലഭ്യമാക്കുകയും കർഷകരെ പ്രേരിപ്പിക്കുകയും ചെയ്യുക. കുറ്റിമുല്ല, ഓർക്കിഡ്, ആന്തോറിയം എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കുക.

5. കൂൺകൃഷിയെപ്പറ്റി വ്യാപകമായി ബോധവത്കരണം നടത്തുകയും ലഭ്യമാകുന്ന ഉത്പന്നങ്ങൾ വിറ്റഴിക്കാൻ മാർക്കറ്റിംഗ് സമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്യുക.

6. പുരയിടങ്ങളുടെ അരികിലും മറ്റ് തരിശായികിടക്കുന്നിടത്തും കടച്ചകൃഷി (പൈനാപ്പിൾ) വ്യാപിപ്പിക്കുന്നതിന് പഞ്ചായത്തു തലത്തിൽ ബോധവത്കരണം നടത്തുക.

7. കേരസമിതി മുഖാന്തിരമോ, കൃഷിഭവൻ വഴിയോ അത്യുല്പാദന ശേഷിയുള്ള കശുമാവിൻ തൈകൾ വിതരണം നടത്തുക.

8. ജൈവവളപ്രയോഗം വർദ്ധിപ്പിക്കുന്നതിന് ശീമക്കൊന്ന, വട്ട, മറ്റ് പച്ചിലചെടികൾ മുതലായവ വ്യാപകമായി വച്ചുപിടിപ്പിക്കുന്നതിന് ബോധവൽക്കരണം നടത്തുകയും രാസവളപ്രയോഗം പരമാവധി കുറയ്ക്കുകയും ചെയ്യുന്നതിന് കർഷകരെ പ്രേരിപ്പിക്കുക.

9. റോഡ് അരികിലും, തോട് അരികിലും മറ്റും ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുവാൻ അതാതു വാർഡിലെ കർഷകരെ പ്രേരിപ്പിക്കുക.

10. അന്യംനിന്നുപോയ പയർ, ഉഴുന്ന്, കൂവരക്, കിഴങ്ങ്, കൂവകിഴങ്ങ് എന്നിവ കൃഷിചെയ്യുന്നതിന് കൃഷിക്കാരെ പ്രോത്സാഹിപ്പിക്കുകയും വിളവിന്റെ അടിസ്ഥാനത്തിൽ ഉല്പാദന ബോണസ് ഏർപ്പെടുത്തുകയും ചെയ്യുക.

11. തമിഴ്നാടിനെ ആശ്രയിച്ച് കഴിയുന്ന പച്ചക്കറിസാധനങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്നതിന് കൂട്ടായ ഒരു സംരംഭം ഏർപ്പെടുത്തുകയും നടീൽ വസ്തുക്കളും, കീടനാശിനികളും പഞ്ചായത്തടിസ്ഥാനത്തിൽ വിതരണം ചെയ്തും ഉൽപ്പന്നങ്ങൾ കൂട്ടായി ശേഖരിച്ച് വിതരണം നടത്താൻ മാർക്കറ്റിംഗ് സമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്യുക.

12. രോഗം വന്ന തെങ്ങുകൾ ഒരു പുരയിടത്തിൽ നിന്നും ഒന്നോ, രണ്ടോ വെട്ടിമാറ്റുന്ന ഇപ്പോഴത്തെ സമ്പ്രദായം അവസാനിപ്പിച്ച് രോഗം ബാധിച്ച മുഴുവൻ തെങ്ങുകളും ഒന്നായി നശിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും അത്യുല്പാദന ശേഷിയും, രോഗപ്രതിരോധശക്തിയുമുള്ള പുതിയ ഇനം തെങ്ങും തൈകൾ മിതമായ വിലയ്ക്ക് നല്കുകയും ചെയ്യുക.

13. റബ്ബർകൃഷിയ്ക്ക് പ്രോത്സാഹനമായി കൊടുക്കുന്ന സബ്സിഡികൾ തെങ്ങുകൃഷിയ്ക്കും ഏർപ്പെടുത്തുക.

14. നാളീകേരത്തിന്റെ വിപണനത്തിന് ഇടത്തട്ടുകാരെ ഒഴിവാക്കുവാൻ ഉണ്ടാക്കിയ കേരഫെഡും, മറ്റു സഹകരണസ്ഥാപനങ്ങളും ഫലപ്രദമായി പ്രവർത്തിപ്പിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുക.

15. പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുകൂടി കടന്നുപോകുന്ന ചക്കുവള്ളിചിറ-വല്ല്യത്ത്കടവ് തോട്, സൈഡ്വാൾ കെട്ടിയും ആവശ്യമായ സ്ഥാനത്ത് ക്രോസ്ബാർ നിർമ്മിച്ചും മണ്ണ് മാറ്റിയും ജലസേചനപ്രദമാക്കുക. ഒരിക്കലും വെള്ളം വറ്റാത്ത മുക്കടകുഴിയിൽ പമ്പുസെറ്റുകൾ സ്ഥാപിച്ച് കുമരൻചിറ ഏലായിലെ ഇരുപ്പൂകൃഷികൾ മൂന്നുകൃഷിചെയ്യുന്നതിന് സൗകര്യപ്പെടുത്തുക. പ്രസ്തുത തോടിന്റെ പടിഞ്ഞാറുഭാഗത്തുള്ള നശിച്ചുപോയ ബണ്ട് പുനർനിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം. ടി തോട്ടിൽ സുലഭമായി വെള്ളം ലഭിക്കുന്നതിന് K.I.P. കനാലിൽ നിന്നും വരുന്ന വെള്ളം ചക്കുവള്ളിചിറയിൽ സംഭരിച്ച് ജലസേചനം സൗകര്യപ്രദമാക്കുക.

16. പഞ്ചായത്തിൽ നിലവിലുള്ള കുളങ്ങളിലെ ജലം കൃഷിക്ക് ഉപയോഗപ്രദമാക്കുന്നതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തുക.

17. തോട്, കുളം എന്നിവ മൂലം ജലം ലഭിക്കാത്ത സ്ഥലങ്ങളിൽ കുഴൽ കിണർ സ്ഥാപിച്ച് ജലസേചന സൗകര്യം വർദ്ധിപ്പിക്കുക.

18. കോടികണക്കന് രൂപ ചിലവ്ചെയ്ത് നിർമ്മിച്ച കല്ലടകനാൽ പദ്ധതി ഇതുവരെയും ഫലപ്രദമായിട്ടില്ല. ടി പഞ്ചായത്തിന്റെ ജലസേചനസൗകര്യം ഒരളവുവരെ പരിഹരിക്കുവാൻ പര്യാപ്തമാണ് ടി പദ്ധതി. തോടുകളുടെ കേടുപാടുകൾ മാറ്റി ജലം സുഗമമായി ഒഴുക്കുവാനും കൃത്യമായി വിതരണം ചെയ്യുന്നതിനുമുള്ള സംവിധാനം ഏർപ്പടുത്തുക. ജലം തുറന്നുവിടുമ്പോൾ കൃഷിയിടങ്ങളിലും, റോഡുകളിലും വെള്ളം എത്തിച്ചേരുന്നത് തടയുവാൻ കൈച്ചാലുകൾ വെട്ടി തോട്ടിലോ, കായലിലോ, കുളത്തിലോ എത്തിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

19. കാർഷിക വായ്പകൾക്ക് ഇപ്പോൾ ഈടാക്കിക്കൊണ്ടിരിക്കുന്ന പലിശ 5% ആയി കുറയ്ക്കുക. പിഴ പലിശ ഈടാക്കാതിരിക്കുക. പ്രകൃതിക്ഷോഭം മൂലം കൃഷിനഷ്ടപ്പെട്ടാൽ പലിശപരിപൂർണ്ണമായി ഇളവുചെയ്തു വായ്പ ദീർഘകാല വായ്പയായി മാറ്റി പുതിയവായ്പ കൃഷിക്കരന് ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

20. ദേശസാൽകൃതബാങ്കുകളുടെ ശാഖകൾ ഇല്ലാത്ത ഈ പഞ്ചായത്തിൽ ഏതെങ്കിലും ദേശസാൽകൃതബാങ്കിന്റെ ഒരു ശാഖസ്ഥാപിക്കുക.

21. കൃഷിഭവന്റെ പ്രവർത്തനം കുറേക്കൂടി ഊർജ്ജിതമാക്കാൻ ഉദ്യോഗസ്ഥർ ആഫീസ് വിട്ട് കൃഷിയിടങ്ങളിലെത്തി കൃഷിക്കാരന്റെ ആവശ്യങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കുവാൻ വേണ്ടനടപടികൾ സ്വീകരിക്കുക.

22. പഞ്ചായത്തിൽ തരിശുഭൂമികിടക്കുന്നതിന്റെ പ്രധാനകാരണം കർഷകതൊഴിലാളികളുടെ അഭാവമാണ്. പഞ്ചായത്ത് ചെലവിലിൽ കർഷകത്തൊഴിലാളികളുടെ ഒരു സംഘടന രൂപീകരിച്ച് ആവശ്യമായ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അവരുടെ സേവനം കൃത്യസമയത്ത് കൃഷിക്കാരന് ലഭ്യമാക്കിയാൽ തരിശിടീൽ സമ്പ്രദായം ഒഴിവാക്കപ്പെടും. ആകയാൽ മുഖ്യപരിഗണന കർഷകതൊഴിലാളികളെ കാര്യക്ഷമമായി കൃഷിക്കാരന് ലഭ്യമാകുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്യണം. അതോടൊപ്പം കാർഷികാവശ്യത്തിനുള്ള എല്ലാവിധ ഉപകരണങ്ങളും കൃഷിക്കാരന് ലഭ്യമാകുന്നതിനുള്ള ഏർപ്പാടുകളും ഉണ്ടാക്കുക. ന്യായമായവിലയ്ക്ക് എല്ലാവിധ കീടനാശിനികളും അത് ഉപയോഗിക്കുവാനുള്ള ഉപകരണങ്ങളും കൃഷിക്കാരന് യഥാസമയം ലഭ്യമാക്കുക

## ഇന്റേണൽ ആഡിറ്റ്.

23. ഇന്റേണൽ ആഡിറ്റിന് വിദഗ്ദരെ ഉൾപ്പെടുത്തി പഞ്ചായത്തു പ്രസിഡന്റ് പ്രസിഡന്റായി ഒരു ബോർഡ് (സമിതി) രൂപികരിക്കണം. ഓരോ വാർഡിൽ നിന്നും ഓരോ അംഗം ആ സമിതിയിൽ ഉണ്ടായിരിക്കണം. പഞ്ചായത്ത്, പഞ്ചായത്തുമായി ബന്ധപ്പെട്ട കൃഷിഭവൻ, മൃഗസംരക്ഷണം, പൊതുജനാരോഗ്യം, പൊതുവിതരണ സ്ഥാപനങ്ങൾ തുടങ്ങിയ ശാഖകളിൽ എല്ലാം പരിശോധനയും ആഡിറ്റും നടത്തുന്നതിനുള്ള ആധികാരം സമിതിക്കുണ്ടായിരിക്കണം. അതിനുവേണ്ടിയുള്ള നടപടി ക്രമങ്ങൾക്കും പ്രവർത്തന

മണ്ഡലത്തിനും ആവശ്യമായ ഓർഡറുകൾ ലഭിക്കുന്നതിനുള്ള നടപടികൾ ബ്ലോക്ക്-പഞ്ചായത്ത്-ഡിസ്ട്രിക്പഞ്ചായത്ത്-ഗവൺമെന്റു തലത്തിൽ ഉണ്ടാക്കുകയും വേണം.

24. ജില്ലയിലെ എല്ലാ പഞ്ചായത്തു പ്രസിഡന്റുമാരും ബ്ലോക്ക്, ജില്ലാതല പ്രസിഡന്റുമാരും ഉൾപ്പെട്ട ഒരു കർമ്മസമിതി ഗവൺമെന്റിൽ നിവേദനം നടത്തി യുദ്ധകാലാടിസ്ഥാനത്തിൽ കല്ലട പദ്ധതി എത്രയും വേഗം പൂർത്തിയാക്കാനുള്ള സത്വര നടപടി സ്വീകരിക്കണം.

25. പഞ്ചായത്തിലെ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളുടെ പട്ടികയിൽ ജലസേചന പ്രവർത്തനങ്ങളെ കൂടി ഉൾപ്പെടുത്തി കൂടുതൽ പ്രയോജനകരമായ വിധത്തിൽ എത്രയുംവേഗം പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ സാധിക്കുമെന്നുള്ള വസ്തുതകളുടെ അടിസ്ഥാനത്തിൽ ഡിസ്ട്രിക്റ്റിലെ മണ്ണ് സംരക്ഷണവിഭാഗവുമായി ബന്ധപ്പെട്ട് നമ്മുടെ സ്കീമുകൾ നടപ്പിലാക്കുക. കൂടാതെ മണ്ണു സംരക്ഷണത്തിനായി ബണ്ടുകൾ, കയ്യാലകൾ, ഭൂമിനിരപ്പാക്കൽ, മരങ്ങൾ വച്ചു പിടിപ്പിക്കൽ മുതലായവയും പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

26. പഞ്ചായത്തു പ്രദേശം മുഴുവൻ വാട്ടർ ഷെഡ്ഡ് പദ്ധതിയിൽ ഉൾപ്പെടുത്തി വിപുലമായ വികസന പ്രവർത്തനങ്ങൾ പ്രായോഗികമാക്കുക.

27. മംഗളഅടയ്ക്ക, ഇഞ്ചി, പൈനാപ്പിൾ, വെറ്റിലക്കൊടി, ഏത്തവാഴ, മരച്ചീനി, മറ്റുകിഴങ്ങുവർഗ്ഗങ്ങൾ, മലക്കറി, ഔഷധ സസ്യങ്ങൾ എന്നിവയുടെ കൃഷി ആദായകരമായി കൂടുതൽ സ്ഥലത്തേക്ക് വ്യാപിപ്പിക്കുന്നതിന് ഓരോ കൃഷികൾക്കും പ്രത്യേക വികസന പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുക.



# മൃഗസംരക്ഷണം മത്സ്യമേഖല



ശൂരനാട് തെക്ക് പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങൾ പശു, എരുമ, ആട് എന്നിവയാണ്. ഉഴവുകാളകളും വണ്ടിക്കാളകളും ഇവിടെ സാമാന്യേന കണ്ടു വരുന്നു. വാണിജ്യാടിസ്ഥാനത്തിൽ മുയലുകളെ പഞ്ചായത്തിൽ പലേടത്തും വളർത്തിവരുന്നു. പഞ്ചായത്തിലെ 85% ഭവനങ്ങളിലും വളർത്തുനായ്ക്കൾ ഉണ്ട്. വളർത്തുനായ്ക്കൾക്ക് ആരുംതന്നെ പഞ്ചായത്ത് ലൈസൻസ് എടുത്തിട്ടില്ല.

95% വീടുകളിലും കോഴികളെ വളർത്തി വരുന്നു. വ്യാവസായികാടിസ്ഥാനത്തിൽ നടത്തുന്ന ഇറച്ചിക്കോഴിവളർത്തൽ യൂണിറ്റുകളുമുണ്ട്. സാധാരണയായി നാടൻ കോഴികൾക്കൊപ്പം തന്നെ സങ്കരയിനം കോഴികളേയും വളർത്തിവരുന്നു. താറാവുകൃഷി വീട്ടുവളപ്പിലും നാമമാത്രമായി വാണിജ്യാടിസ്ഥാനത്തിലും നടത്തിവരുന്നു.

കാലിത്തീറ്റയുൾപ്പെടെയുള്ള ഉല്പാദനോപാധികളുടെ ക്രമാതീതമായ വിലവർദ്ധനവ് സാധാരണ കർഷകരെ കാലിവളർത്തലിൽ വിമുഖരാക്കുന്നു. കോഴികളിൽ കണ്ടുവരുന്ന പകർച്ച വ്യാധികൾക്ക് യഥാസമയം മരുന്നും ചികിത്സയും ലഭിക്കാത്തത് ഈ മേഖലയെ തളർത്തുന്ന പ്രധാന ഘടകമാണ്.

കാർഷിക ഗതാഗത രംഗത്തെ അധുനികവത്കരണം ഉഴവുകാളകളുടേയും വണ്ടിക്കാളകളുടേയും എണ്ണം കുറയുവാൻ കാരണമായി.

നിലവിലുള്ള സ്ഥിതിവിവരക്കണക്കുകൾ പ്രകാരം പ്രതിവർഷം ക്ഷീരസംഘങ്ങൾ വഴി 766043.6 ലിറ്റർ പാൽ സംഭരിക്കുകയും 103933 ലിറ്റർ പാൽ പ്രാദേശിക തലത്തിൽ വിപണനം നടത്തുകയും 662110.6 ലിറ്റർ പാൽ T.R.C.M.P.U വഴി കൊല്ലം ഡയറിയിലേക്ക് കയറ്റി അയക്കപ്പെടുകയും ചെയ്യുന്നു. സംഘടിതമേഖലയില്ലാതെ തന്നെ 7,17,317 ലിറ്റർ പാൽ ഉൽപാദിപ്പിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നു.

ശൂരനാട് തെക്ക് പഞ്ചായത്തിൽ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്ന നാല് ക്ഷീരോല്പാദക സഹകരണസംഘങ്ങൾ ഉണ്ട്.

പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയും മൂന്ന് സബ്സെന്ററുകളും കൃത്രിമ ബീജാധാനയൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. ശൈശവ ദശയിലുള്ള മൃഗാശുപത്രിയിൽ നിന്നും പഞ്ചായത്തുമുഴുവനും സേവനം ലഭിക്കുവാനും ആവശ്യത്തിന് മരുന്നുകൾ ലഭിക്കുവാനുമുള്ള നടപടികൾ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു.

ക്ഷീരസംഘങ്ങളിലെ അംഗ കർഷകരുടെ കറവമാടുകൾക്ക് മിൽമ വഴിയുള്ള ചികിത്സാ സൗകര്യം ലഭിച്ചുവരുന്നു. അകിടുവീക്കം, കുളമ്പുരോഗം, ക്യാൻസർ,ഉദരരോഗം, പനി തുടങ്ങിയ രോഗങ്ങൾ കന്നുകാലികളിൽ കണ്ടുവരുന്നു. രോഗപ്രതിരോധം ശുചിത്വം എന്നിവയിലെ ബോധവൽക്കരണക്കുറവും രോഗങ്ങൾക്ക് കാരണമാണ്.

ശൂരനാട് തെക്ക് പഞ്ചായത്തിൽ ഗോബർഗ്യാസ് പ്ലാന്റുകൾ ഉണ്ട്. വർദ്ധിച്ചതോതിൽ നിലവിലുള്ള സർക്കാർ സബ്സിഡികളുപയോഗിച്ച് പുതിയ പ്ലാന്റുകൾ സ്ഥാപിക്കുവാനുള്ള താല്പര്യം കർഷകരിൽ ജനിപ്പിക്കുവാൻ ബന്ധപ്പെട്ടവർക്ക് ഇനിയും കഴിഞ്ഞിട്ടില്ല. ഒരു വീട്ടിലെ ആവശ്യത്തിനുള്ള പാചകത്തിനും, വെളിച്ചത്തിനുംമുള്ള ഇന്ധനം സുലഭമായി ഒരു പ്ലാന്റിൽ നിന്ന് ലഭിക്കുന്നതാണ്.കാലിവളർത്തൽ ലാഭമല്ലാതായതോടുകൂടി ജൈവവളത്തിന്റെ ലഭ്യത കുറയുകയും അതുവഴി മണ്ണിന്റെ ഘടന നഷ്ടപ്പെടുകയും കാർഷികവൃത്തി ലാഭകരമല്ലാതാവുകയും ചെയ്യുന്നു.

മുയൽവളർത്തൽ വിനോദത്തിനായി അങ്ങിങ്ങു കണ്ടുവരുന്നു. എങ്കിലും ഇതുമൂലമുള്ള സാമ്പത്തിക ലാഭം സ്വായത്തമാക്കുവാൻ വേണ്ടത്ര ശ്രമിക്കുന്നില്ല. മുൻകാലങ്ങളിൽ വീട്ടുവളപ്പിലെ കോഴികൃഷി സർവ്വസാധാരണമായിരുന്നു. എങ്കി

ലും ഇപ്പോൾ പലകാരണങ്ങളാലും കോഴിവളർത്തൽ കുറഞ്ഞു കാണുന്നു. വീട്ടുവളപ്പുകളിലും ലഭ്യമായ ജലാശയങ്ങളിലും ലാഭകരമായി താറാവുകൃഷി നടത്താവുന്നതാണ്.

<u>പ്രധാന പ്രശ്നങ്ങൾ</u>

1.കാലിത്തീറ്റയുടെ ക്രമാതീതമായ വിലവർദ്ധനവ്.

2.പാലിന് ഉല്പാദന ചിലവിനനുസരണമായുള്ള വില ലഭിക്കുന്നില്ല.

3.സുലഭമായുള്ള സങ്കരയിനം പ്രജനനസംവിധാനത്തിന്റെ അപര്യാപ്തത.

4.പശുക്കളെ വാങ്ങുന്നതിന് ബന്ധപ്പെട്ട ഏജൻസികൾ ധനസഹായം ചെയ്യുന്നതിൽ കാണിക്കുന്ന വിമുഖതയും ധനസഹായത്തിന്റെ അപര്യാപ്തതയും.

5.പേനായ്ക്കളുടെ ശല്യം നിയന്ത്രിക്കുവാൻ കഴിയാത്തത്.

6.കന്നുകാലി ഇൻഷുറൻസ് സംബന്ധമായി കർഷകർക്കുള്ള അജ്ഞത.

7.സംഘടിതമേഖലയിലുള്ളപാൽ വിലയിലെ സംഭരണ വിതരണ വ്യത്യാസം കുറയ്ക്കുക.

8.മുട്ടക്കോഴി വളർത്തൽ ലാഭകരമല്ലാത്തതും ഇറച്ചിക്കോഴിവളർത്തലിനെക്കുറിച്ച് വേണ്ടത്രബോധവൽക്കരണം നടത്താത്തതും ഈ മേഖല നേരിടുന്ന പ്രശ്നങ്ങളാണ്.

<u>സാദ്ധ്യതകൾ</u>

1.വളരെയേറെ ക്ഷീരകർഷകരും കാലികർഷകരും അധിവസിക്കുന്ന ശൂരനാട് തെക്കു പഞ്ചായത്തിൽ കാലിത്തീറ്റയുടെ അപര്യാപ്തത പരിഹരിക്കുന്നതിനായി വിവധക്ഷീരോല്പാദക സഹകരണസംഘങ്ങളുടെ ഓഹരിപങ്കാളിത്തത്തോടുകൂടി ഒരു കാലിത്തീറ്റ നിർമ്മാണ ഫാക്ടറി പ്രവർത്തനമാരംഭിക്കുക.

2.മരച്ചീനികൃഷി, മക്കച്ചോളകൃഷി എന്നിവ പ്രോത്സാഹിപ്പിച്ച് കാലിത്തീറ്റ നിർമ്മണത്തിനുള്ള അസംസ്കൃത പദാർത്ഥങ്ങൾ സുലഭമാക്കുക.

3.പഞ്ചായത്ത് തലത്തിൽ ഒരുഹെക്ടറിലധികം വരുന്നതും തരിശായിട്ടുള്ളതുമായ വസ്തുക്കൾ പാട്ടവ്യവസ്ഥയിൽ ഏറ്റെടുത്ത് പച്ചപുൽകൃഷി പ്രോത്സസാഹിപ്പിക്കുകയും നടപ്പാക്കുകയും ചെയ്യുക.

4.മൃഗചികിത്സാ സൗകര്യങ്ങൾ ഏകമുഖമാക്കുകയും ആയത് പഞ്ചായത്തിൽ 24 മണിക്കൂറും ലഭിക്കുവാനുള്ള നടപടിയുണ്ടാക്കുകയും ചെയ്യുക.

5.പാലിന്റെ ഉപഭോഗം ഉല്പന്നങ്ങളിലൂടെ പ്രോത്സാഹിപ്പിക്കുക.

6.കൂടുതൽ ഉൽപ്പാദനശേഷിയുള്ള പശുവിനങ്ങളെ ലഭ്യമാക്കുവാൻ മിൽമ, കെ.എൽ.ഡി.ബോർഡ് എന്നിവയുമായി സഹകരിച്ചു കൃത്രിമ ഭ്രൂണമാറ്റം പ്രോത്സാഹിപ്പിക്കുക.

7.പശുവളർത്തലിനുള്ള നബാർഡ് യൂണിറ്റ്റേറ്റ് വർദ്ധിപ്പിക്കുകയും കർഷകന് ആയാസരഹിതമായി സാമ്പത്തിക സഹായം ലഭ്യമാക്കുകയും ചെയ്യുക.

8.പഞ്ചായത്തിലെ മുഴുവൻ കന്നുകാലികളേയും പഞ്ചായത്തിന്റെ ചിലവിൽ ഇൻഷ്വർ ചെയ്യാൻ നടപടിയുണ്ടാക്കുക.

9.നിലവിലുള്ള ഊർജ്ജിത കന്നുകുട്ടി വികസനപദ്ധതി വിപുലീകരിച്ച് പഞ്ചായത്തിലെ മൂന്നുമാസം പ്രായമെത്തിയ മുഴുവൻ കന്നുകുട്ടികളേയും ദത്തെടുത്ത് തീറ്റയും ചികിത്സയും നല്കി വളർത്തുവാൻ സഹായിക്കുക.

10.ശാസ്ത്രീയമായ കാലിത്തൊഴുത്ത് നിർമ്മിക്കുവാനുള്ള സാമ്പത്തിക സഹായവും ആവശ്യമായ ബോധവൽക്കരണവും ബന്ധപ്പെട്ട ഏജൻസികൾ വഴി ലഭ്യമാക്കുക.

11.വാണിജ്യപ്രാധാന്യമുള്ള മുയൽ, ആട്, പന്നി, ഇറച്ചിക്കോഴി എന്നിവകളെ വ്യക്തിഗതമായും വനിതാ വ്യവസായ സഹകരണസംഘങ്ങൾ വഴിയും വളർത്തുവാനും വിപണനം ചെയ്യുവാനുമുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

12.നിലവിലുള്ള ഇറച്ചിവെട്ട് സംവിധാനം അവസാനിപ്പിക്കുകയും പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഗുണനിലവാരം ഉറപ്പു വരുത്തിയ ഇറച്ചി ലഭ്യമാകുന്നതിനുതകുന്ന ഒരു മാംസ സംസ്കരണ വിപണന കേന്ദ്രം സ്ഥാപിക്കുക.

13.പഞ്ചായത്തിൽ ഒരു കാലിച്ചന്ത സ്ഥാപിച്ച് ക്രയ വിക്രയത്തിലെ ബുദ്ധിമുട്ട് ലഘൂകരിക്കുക.

14.പേവിഷബാധ തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും നായ്ക്കൾക്ക് ലൈസൻസ് സമ്പ്രദായം കർശനമാക്കുകയും ചെയ്യുക.

15.ക്ഷീരകർഷകർക്ക് നെല്ലുല്പാദക ബോണസ് മാതൃകയിൽ ലിറ്ററിന് 50 പൈസാ ക്രമത്തിൽ സബ്സിഡി നൽകുക.

16.പഞ്ചായത്തിലെ 6,8,10 വാർഡുകളിൽ മൃഗാശുപത്രിയുടെ സബ്സെന്ററുകൾസ്ഥാപിക്കുക. വാർഡ് 5 ലെ K.I.P വകസ്ഥലം ഏറ്റെടുത്തും വാർഡ് 10 ൽ സ്വന്തമായി സ്ഥലം കണ്ടെത്തിയും സബ സെന്ററുകൾ മാറ്റി സ്ഥാപിക്കുക.

17.പഞ്ചായത്തടിസ്ഥാനത്തിൽ ഒരു ഹാച്ചറി സ്ഥാപിക്കുകയും വീട്ടുവളപ്പിലെ കോഴികൃഷിപ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 10 കോഴികൾ വീതമടങ്ങുന്ന 1500 യൂണിറ്റുകൾ നൽകുകയും ആവർത്തന കൃഷിരീതി പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

18.പഞ്ചായത്തിൽ ക്ഷീരസംഘം രൂപീകരിച്ചിട്ടില്ലാത്തതൃക്കുന്നപ്പുഴ വടക്ക് വാർഡിന്റെ കിഴക്കു ഭാഗത്ത് ഒരു ക്ഷീരസംഘം രൂപീകരിക്കുക.

ഗ്രാമീണ സമ്പദ്ഘടനയിൽ വളരെയേറെ മാറ്റങ്ങൾക്കു പാത്രീഭൂതമാകേണ്ട ഒരു വികസന നിർദ്ദേശമാണ് ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി നടന്ന ഗ്രാമസഭകളിലൂടെയും ചർച്ചകളിലൂടെയും സംവാദങ്ങളിലൂടെയും ഇവിടെ ചമച്ചിട്ടുള്ളത്.

<u>മത്സ്യമേഖല</u>

ശൂരനാടു തെക്ക് പഞ്ചായത്തിൽ വികസന സാധ്യത ഏറെയുള്ള ഒരു മേഖലയാണ് മത്സ്യബന്ധനം. പഞ്ചായത്തിന്റെ പടിഞ്ഞാറൻ അതിർത്തിയിൽ 5.5 കി.മീറ്റർ നീളത്തിൽ സ്ഥിതിചെയ്യുന്ന പള്ളിക്കലാറാണ് ഏറ്റവും വലിയജലസ്രോതസ്. കൂടാതെ മത്സ്യകൃഷിയ്ക്ക് ഏറെ സാദ്ധ്യതകളുള്ള 4 ഹെക്ടർ വിസ്തീർണ്ണം വരുന്ന ചക്കുവള്ളിചിറയും 25.75 കി.മീ. നീളം വരുന്ന 19 തോടുകളും മുപ്പത് ഉൾനാടൻ കുളങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്.

എടുത്തു പറയാവുന്ന ഒരു മത്സ്യബന്ധനമേഖല അല്ല എങ്കിലും ഉപജീവന മാർഗ്ഗമായി മത്സ്യബന്ധനത്തിലേർപ്പെടുന്ന ചുരുക്കം ചിലകുടുംബങ്ങളുമുണ്ട്. മത്സ്യവിപണനത്തിലേർപ്പെട്ടിരിക്കുന്ന എഴുപതോളം തൊഴിലാളികൾ ഈ പഞ്ചായത്തിലുണ്ട്.

നിലവിലുള്ള ജലാശയങ്ങളിൽ പൂർവ്വകാലങ്ങളിൽ കണ്ടുവന്ന വരാൽ,കുറുവ,ആരകൻ,മുശി,പള്ളത്തി തുടങ്ങിയ മീനുകൾ

ഇപ്പോൾ ഒട്ടും തന്നെയില്ല ഇടക്കാലത്തായി വ്യാപകമായി ഉണ്ടായ മത്സ്യരോഗവും അതിനുള്ള പ്രതിവിധി കണ്ടെത്താൻ കഴിയായ്കയുമാണ് ഇതിനുകാരണം. ഇപ്പോൾ സാധാരണയായി കാരി,മുശി,മുരൽ,ചാത്തി,വാക എന്നിവ കണ്ടുവരുന്നു.

ശൂരനാട് തെക്ക് പഞ്ചായത്തിൽ മൂന്നു പൊതു മത്സ്യവിപണനകേന്ദ്രങ്ങൾ ഉണ്ട്. വിപണനകേന്ദ്രങ്ങളിൽനിന്ന് അവശ്യം നല്ല മത്സ്യം ഉപഭോക്താക്കൾക്ക് ഇപ്പോൾ ലഭിക്കുന്നില്ല. രണ്ട് ചന്തകളിലും പൊതുജനാരോഗ്യ മേഖലയിൽ ഗുരുതരമായ ദൂഷ്യങ്ങൾക്ക് കാരണമാകത്തക്കരീതിയിലാണ് മത്സ്യം കൈകാര്യം ചെയ്യുന്നത്.

വളരെയേറെ വികസനസാദ്ധ്യതകളുള്ള ശുദ്ധജലമത്സ്യ കൃഷിയും ഓരുജല ചെമ്മീൻ കൃഷിയും നമ്മുടെ പഞ്ചായത്തിൽ പരീക്ഷിച്ചിട്ടില്ല. സർക്കാർ പദ്ധതികൾ പ്രയോജനപ്പെടുത്തി മത്സ്യവിപണന തൊഴിലാളികൾക്ക് ആധുനിക വാഹന സൗകര്യങ്ങളും വിപണന മാർഗ്ഗങ്ങളും ലഭിക്കുന്നില്ല.

### പ്രശ്നങ്ങൾ

1. പ്രയോജനപ്രദമായ ജലാശയങ്ങൾ ഉണ്ടെങ്കിലും വാണിജ്യാടിസ്ഥാനത്തിലുള്ള മത്സ്യ, ചെമ്മീൻ, കൃഷികൾ നടത്തുന്നില്ല.
2. മത്സ്യവിപണനത്തിന് ആധുനിക സൗകര്യങ്ങളോ പൊതുസംവിധാനങ്ങളോ ഇല്ല.
3. മത്സ്യരോഗം തടയുവാൻ അടിയന്തിര നടപടികൾ ഉണ്ടാകണം.
4. വിപണന കേന്ദ്രങ്ങളിൽ ചീഞ്ഞളിഞ്ഞ മത്സ്യങ്ങൾ സൂക്ഷിക്കുന്നതും വില്ക്കുന്നതും തടയുകയും പരിസരമലിനീകരണം അവസാനിപ്പിക്കുകയും ചെയ്യുക.

### സാദ്ധ്യതകൾ

1. പഞ്ചായത്തിൽ മത്സ്യോല്പാദനത്തിനും വിപണനത്തിനുമായി ഒരു സഹകരണസംഘം രൂപീകരിക്കുക.
2. ഓരുജല മത്സ്യകർഷകവികസന ഏജൻസിയുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് കിടങ്ങയം വടക്ക്വാർഡിന്റെ പടിഞ്ഞാറുഭാഗത്തുള്ള മാലുമേൽപുഞ്ചയിൽ ഒന്നായി ചെമ്മീൻകൃഷി ചെയ്യുവാനുള്ള പദ്ധതി നടപ്പിലാക്കുക.
3. നിലവിൽ ചക്കുവള്ളിചിറയിൽ നടത്തിവരുന്ന മത്സ്യകൃഷി പഞ്ചായത്തു മേൽനോട്ടത്തിൽ കൂടുതൽ വിപുലീകരിക്കുകയും താഴെപ്പറയുന്ന വാഴപ്പള്ളിത്തറയിലെ ഏലായിലെ പുഞ്ച (വാർഡ് 1) മാവിനാത്തറ തെക്കുഭാഗം, കാട്ടിരേത്ത് തെക്കുവശം, മുണ്ടകത്തറ തെക്കുവശം(വാർഡ് 2), മലയാറ്റൂർകുളം, തെക്കേചിറ, വടക്കേചിറ(വാർഡ് 4), വരട്ടുചിറകുളം, പാഞ്ഞിറക്കത്ത്, കിഴക്കേവീട്ടിൽ (വാർഡ് 5), വേങ്ങോലപട്ടന്മാർ (വാർഡ് 6), കുളം ചിറയിൽകുളം, പുത്തൻവീട്ടിൽകുളം, തട്ടയ്ക്കാട്ട് ചിറ,കാവുള്ളതിൽ(വാർഡ് 7), ചൂളൂർകുളം, കുളങ്ങരകുളം, ചെറുകരക്കുളം, അയ്യൻകോയിക്കൽചിറ (വാർഡ് 8), വാർഡ് ഒൻപത്, പത്ത് എന്നിവയിൽ സ്വകാര്യ കുളങ്ങളിലും മത്സ്യകർഷകവികസന ഏജൻസിയുടെ ധനസഹായത്തോടു കൂടി ഉൾനാടൻ മത്സ്യ കൃഷിക്ക് ഉപയുക്തമാക്കുക.
4. ഇരവിചിറ പടിഞ്ഞാറു വാർഡിലെ ബണ്ടിന് കിഴക്കുവശത്തുള്ളതും പന്തിരാമ്പള്ളി ഏലായ്ക്ക് പടിഞ്ഞാറ് ഭാഗത്തുള്ളതുമായ ചതുപ്പുനിലം മത്സ്യകൃഷിക്ക് ഉപയുക്തമാക്കുക.
5. മത്സ്യവിപണനത്തിന് പതാരത്തിൽ കോൾഡ്സ്റ്റോറേജും പതാരം, കക്കാക്കുന്ന് വായനശാല, നാലുമുക്ക് കിഴക്കിടത്തുമുക്ക് എന്നീ കേന്ദ്രങ്ങളിൽ മത്സ്യവിപണനകേന്ദ്രങ്ങൾ സ്ഥാപിക്കുക.

ഉല്പാദനത്തിലും വിപണനത്തിലും അപാരസാദ്ധ്യതകളുള്ളതും നാം വളരെയൊന്നും പരീക്ഷിച്ചിട്ടില്ലാത്തതുമായ ഈ കൃഷി ജനകീയ പങ്കാളിത്തത്തോടുകൂടി ഒമ്പതാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കണമെന്ന് നിർദ്ദേശിക്കുന്നു.



# വിദ്യാഭ്യാസം



കൊല്ലം ജില്ലയിൽ കുന്നത്തൂർ താലൂക്കിന്റെ വടക്കു പടിഞ്ഞാറുഭാഗത്തുള്ള വിശാലമായ ശൂരനാടിന്റെ തെക്കേപകുതിയിലാണ് ശൂരനാട് തെക്കേപഞ്ചായത്ത്. പടിഞ്ഞാറ് പള്ളിക്കലാറിനെ തൊട്ടുരുമ്മിയും ശൂരനാട് വടക്ക്, പോരുവഴി, ശാസ്താംകോട്ട, മൈനാഗപ്പള്ളി പഞ്ചായത്തുകൾ അതിർത്തികളായും സ്ഥിതിചെയ്യുന്ന ഒരു അവികസിത പ്രദേശമാണ്, ഇത്. പിന്നോക്കാവസ്ഥ വിദ്യാഭ്യാസമേഖലയിലും പ്രകടമാണ്. എങ്കിലും മലയാള സാഹിത്യനഭസ്സിലെ നക്ഷത്രദീപ്തിയായ ശൂരനാടു കുഞ്ഞൻപിള്ളയേയും അദ്ദേഹത്തിന്റെ മാതൃക പിൻപറ്റി ഡോക്ടറേറ്റു വരെയുള്ള ഉന്നത ബിരുദങ്ങൾ നേടിയ അനേകം പ്രതിഭാശാലികളെയും സംഭാവനചെയ്യാൻ ഈഗ്രാമത്തിന് കഴിഞ്ഞിട്ടുണ്ട്. പ്രശസ്തികൊതിയ്ക്കാത്ത പല വ്യക്തികളും പാണ്ഡിത്യത്തിന്റെ നിറകുടങ്ങളായി അനൗപചാരിക വിദ്യാഭ്യസത്തിന്റെ കാലഘട്ടങ്ങളിൽ വിളങ്ങിയിരുന്നു.

കഴിഞ്ഞ നൂറ്റാണ്ടിന്റെ അന്ത്യ പാദത്തിൽ, സ്വന്തം സ്വന്തംവിദ്യാഭ്യാസസ്ഥാപനം എന്ന ആഗ്രഹം സമൂഹത്തിൽ ഉടലെടുത്തതിന്റെ ഫലമാണ്, ഈഗ്രാമത്തിലെ ആദ്യ വിദ്യാലയങ്ങൾ. നാട്ടുകാരുടെ നിർലോഭമായ സഹായസഹകരണങ്ങൾ ഇതിന് ഉത്തേജകമായിരുന്നു. കൊല്ലവർഷം 1058 ൽ കുമരഞ്ചിറക്ഷേത്ര മൈതാനത്ത് തുടങ്ങിയ ലോവർ പ്രൈമറി സ്കൂളാണ് ഇവിടുത്തെ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനം ശ്രീ. കേശവപിള്ള, ശ്രീ. തെങ്ങിൻതുണ്ടിൽ പരമേശ്വരൻ പിള്ള തുടങ്ങിയവരുടെ ഉത്സാഹം ഈ സ്കൂളിന്റെ വളർച്ചയ്ക്ക് സഹായിച്ചു. കാലഗണനയിൽ തെട്ടടുത്ത സ്ഥാനം ശ്രീ. ഇടയില വീട്ടിൽ നീലകണ്ഠപ്പിള്ളയുടെ നേതൃത്വത്തിൽ ആരംഭിച്ച ഇഞ്ചക്കാട് എൽ. പി. എസിനാണ്. കൊല്ലവർഷം 1096 ൽ രണ്ടു സ്കൂളുകൾ പ്രവർത്തനമാരംഭിച്ചു. ബഹു. അലി ഉമ്മർ മുസ്ലിയാരുടെ ഉത്സാഹത്തിൽ ഉദയംമുകൾ H.V.L.P.S ഉം ശ്രീ. തറയിൽ രാമൻപിള്ള മുൻകയ്യെടുത്ത് ഇരവിചിറ എൽ. പി. എസും. ഗവൺമെന്റ് ഹൈസ്കൂൾ പോരുവഴി എന്ന വലിയ സ്ഥാപനത്തിന്റെ പ്രാരംഭം ഈ പഞ്ചായത്തിലെ ഇരവിചിറയിലെ ഒരു പ്രൈമറി സ്കൂളായിട്ടായിരുന്നു.

സ്കൂളുകളെല്ലാം സ്വകാര്യമേഖലയിൽ ആരംഭിച്ചെങ്കിലും കൊല്ലവർഷം 1122 ൽ തിരുവിതാംകൂർ ഗവൺമെന്റ് കുന്നത്തൂർ താലൂക്കും നിർബന്ധിത വിദ്യാഭ്യാസ മേഖലയായി പ്രഖ്യാപിച്ചതോടെ പല സന്ദർഭങ്ങളിലായി ഈ സ്കൂളുകൾ ഗവൺമെന്റിന് വിട്ട് കൊടുത്തു. ഗവൺമെന്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൻ കീഴിലുണ്ടായ സ്കൂളാണ് കിടങ്ങയം നോർത്ത് എൽ. പി. എസ്. ശ്രീ. പായിക്കാട്ട് നാണുപിള്ള സൗജന്യമായി നൽകിയ പുരയിടത്തിൽ നാട്ടുകാരുടെ സഹായത്തോടെ ഒരു സ്കൂൾ 1945 ൽ ആരംഭിച്ചു. ഇരവിചിറ എൽ. പി. എസിൽ ചില കുട്ടികൾക്ക് അഡ്മിഷൻ നിഷേധിച്ച സാഹചര്യത്തിൽ ബഹുമാന്യനായ കുറ്റിയിൽ കുര്യാക്കോസ് കത്തനാരുടെ നേതൃത്വത്തിൽ കൊല്ലവർഷം 1107 ൽ ആരംഭിച്ച സെന്റമേരീസ് എൽ. പി. എസ് ഉടമസ്ഥാവകാശത്തർക്കത്തെ തുടർന്ന് അംഗീകാരം പിൻവലിക്കപ്പെട്ട് ഇന്ന് ഒരോർമ്മയായി അവശേഷിച്ചിരിക്കുന്നു. ശുരനാട്ടുകാരിയായ ആദ്യത്തെ ഹെഡ്മിസ്ട്രസ് ഈ സ്കൂളിലെ ശ്രീമതി കെ. കെ്റെയിച്ചൽ ആണ്.

മേൽ കാണിച്ചിട്ടുള്ള വസ്തുതകളുടെ പശ്ചാത്തലത്തിൽ ബോധ്യമാകുന്നത്, ഇവിടുത്തെ പരിമിതമായ വിദ്യാഭ്യാസ സൗകര്യങ്ങൾ അധികവും സ്വേചരാഭരണമെന്ന് അധിക്ഷേപിക്കപ്പെടുന്ന രാജവാഴ്ചക്കാലത്താണ്, ഉണ്ടായതെന്ന വസ്തുതയാണ്. "ജനങ്ങൾക്കുവേണ്ടിയുള്ള ജനങ്ങളുടെ ഭരണം" ഇങ്ങോട്ട് ദൃഷ്ടിപായിക്കുന്നതിന് ഒന്നര പതിറ്റാണ്ട് വേണ്ടി വന്നു. അങ്ങനെ ആയിക്കുന്നത്ത് ഒരു അപ്പർപ്രൈമറി സ്കൂൾ സ്വകാര്യമേഖലയിൽ ഉണ്ടായി.(S.P.M.U.P.S ആയിക്കുന്നം). വീണ്ടും ഒന്നരപ്പതിറ്റാണ്ടിനുശേഷം 1976 ൽ

N.S.N.S.P.M.U.P.S പതാരവും സ്വകാര്യമേഖലയിൽ പ്രവർത്തിച്ചു തുടങ്ങി. ഈ പഞ്ചായത്തിലെ ഒരേഒരു ഹൈസ്കൂൾ ആയ S.M.H.S ന്റെ ആദ്യത്തെ പേര് ശ്രീകണ്ഠൻനായർ ഷഷ്ട്യബ്ദപൂർത്തി മെമ്മോറിയൽ ഹൈസ്കൂൾ എന്നായിരുന്നു. അതിന്റെ പ്രാരംഭകരായ പതാരം എഡ്യൂക്കേഷണൽ ആന്റ് കൾച്ചറൽ സ്വസൈറ്റിയുടെ പ്രവർത്തനം ഈ അവസരത്തിൽ സ്മരണീയമാണ്.പിന്നോക്കം നിന്നിരുന്ന മറ്റ് പ്രദേശങ്ങൾ ഈ കാലഘട്ടത്തിൽ മുന്നേറിയപ്പോൾ നാം വളരെ പിൻതള്ളപ്പെട്ടു. അവഗണന ഇപ്പോഴും തുടരുന്നു. എസ്. എസ്. എൽ. സി. പാസായ കുട്ടികൾക്ക് തുടർന്ന് പഠിക്കാനുള്ള ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളോ വേണ്ടത്ര സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ പഞ്ചായത്തിൽ ഉണ്ടായിട്ടില്ല. ഈ ദുരവസ്ഥയ്ക്കുള്ള പരിഹാര നിർദ്ദേശങ്ങൾ ഗ്രാമസഭാനിർദേശങ്ങളിലുണ്ട്.

1991 ലെ സെൻസസ് അനുസരിച്ച് 10543 പുരുഷന്മാരും 10739 സ്ത്രീകളുമായി 21282 ജലസംഖ്യയുള്ള പഞ്ചായത്തിൽ ഒരു ഹൈസ്കൂളും മൂന്ന് അപ്പർപ്രൈമറി സ്കൂളും അഞ്ച് ലോവർപ്രൈമറി സ്കൂളും മാത്രമേയുള്ളൂ. ഈ വിദ്യാലയങ്ങളിൽ 4071 വിദ്യാർത്ഥികൾ അദ്യയനം നടത്തുന്നു. അദ്ധ്യാപകരുടെ എണ്ണം 145.

### പട്ടിക 1.A.
### വിദ്യർത്ഥികൾ,അദ്ധ്യാപകർ

| നമ്പർ | സ്കൂൾ | മാനേജ്മെന്റ് | വിദ്യർത്ഥികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | പുരുഷൻ | സ്ത്രീ | ആകെ |
| 1 | ബസലേൽ ഇംഗ്ലീഷ് മീഡിയം ശൂരനാട് | പ്രൈവറ്റ് അംഗീകാമില്ല | 161 | 101 | 262 | | 12 | 12 |
| 2 | ഗവ: L.P.S ഇഞ്ചക്കാട് | ഗവൺമെന്റ് | 110 | 144 | 254 | 3 | 5 | 8 |
| 3 | H.V.L.P.S ഉദയംമുഗൾ | ഗവൺമെന്റ് | 74 | 93 | 167 | 3 | 2 | 8 |
| 4 | ഗവൺമെന്റ് L.P.S ഇരവിച്ചിറ | ഗവൺമെന്റ് | 152 | 154 | 306 | 6 | 3 | 9 |
| 5 | ഗവൺമെന്റ് L.P.S കിടങ്ങയം നോർത്ത് | ഗവൺമെന്റ് | 109 | 110 | 219 | 2 | 3 | 5 |
| 6 | S.P.M.U.P.S ആയിക്കുന്നം | പ്രൈവറ്റ് എയിഡഡ് | 226 | 218 | 444 | 3 | 14 | 17 |
| 7 | N.S.N.S.P.M.U.P.S പതാരം | പ്രൈവറ്റ് എയിഡഡ് | 310 | 253 | 563 | 3 | 19 | 22 |
| 8 | ഗവൺമെന്റ് U.P.S കുമരഞ്ചിറ | ഗവൺമെന്റ് | 372 | 293 | 665 | 8 | 14 | 22 |
| 9 | S.M.H.S പതാരം | പ്രൈവറ്റ് എയിഡഡ് | 613 | 578 | 1191 | 18 | 28 | 46 |
| | ആകെ | | 2127 | 1944 | 4071 | 45 | 100 | 145 |

### പട്ടിക 1.B
### പെൺകുട്ടികളുടെ വിവരം

| L.P | | | UP | | | HS | | | ആകെ വിദ്യാർത്ഥികൾ | | |
|---|---|---|---|---|---|---|---|---|---|---|---|
| ആൺ | പെൺ | പെൺ കുട്ടികളുടെ ശതമാനം | ആൺ | പെൺ | പെൺ കുട്ടികളുടെ ശതമാനം | ആൺ | പെൺ | പെൺ കുട്ടികളുടെ ശതമാനം | ആൺ | പെൺ | പെൺ കുട്ടികലുടെ ശതമാനം |
| 888 | 879 | 49.75 | 626 | 487 | 43.75 | 613 | 578 | 48.53 | 2127 | 1944 | 47.75 |

### പട്ടിക 1. C
### പട്ടിക ജാതി, പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

| LP | | | UP | | | HS | | | ആകെ | | |
|---|---|---|---|---|---|---|---|---|---|---|---|
| ആകെ | SC/ST | SC/ST % | ആകെ | SC/ST | SC/ST % | ആകെ | SC/ST | SC/ST% | ആകെ | SC/ST | SC/ST% |
| 1767 | 245 | 13.87 | 1113 | 208 | 18.68 | 1191 | 240 | 20.16 | 4071 | 693 | 17.02 |

സാമ്പത്തിക സാമൂഹ്യ കാരണങ്ങളാൽ ചെറിയ ഒരു വിഭാഗം കുട്ടികൾ ഇടയ്ക്ക് വച്ച് പഠനം നിർത്തുന്നുണ്ട്. അക്കാഡമിക് നിലവാരം പൊതുവിൽ ഭേദമാണെങ്കിലും നമ്മുടെ പ്രൈമറി സ്കൂളുകളിൽ 40% കുട്ടികൾ നിരക്ഷരരാണെന്ന ശാസ്ത്രസാഹിത്യ പരിഷത്തിന്റെ കണ്ടെത്തൽ നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ച് ഏകദേശം ശരിയാണ്. ഹൈസ്കൂളിൽ പോലും കുറഞ്ഞത് 10% നിരക്ഷരരുണ്ട്. ഇവർ സ്കൂളിലെ അച്ചടക്കം ലംഘിക്കുന്നവരും പടിപടിയായി കൊഴിഞ്ഞുപോകുന്നവരുമാണ്. പ്രായപൂർത്തിയാകാത്ത ഇവർ ചില തൊഴിൽ ശാലകളിൽ തൊഴിൽ ചെയ്യാൻ പ്രേരിതമാകുന്നു. 1995-1996 വിദ്യാഭ്യാസ വർഷത്തിൽ കൊഴിഞ്ഞുപോയവരുടെ വിവരം പട്ടിക 1 D യിൽ കാണാം.

### പട്ടിക 1 D
### പഠനം നിർത്തിയവരുടെ കണക്ക്

| SC/ST | | | മറ്റുള്ളവർ | | |
|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 17 | 2 | 19 | 30 | 22 | 55 |

ആകെ സ്കൂളുകളിൽ ഒരു അപ്പർപ്രൈമറി സ്കൂളും 4 ലോവർപ്രൈമറി സ്കൂളും മാത്രമേ സർക്കാർ മേഖലയിലുള്ളൂ. 1239 കുട്ടികളും 49 അദ്ധ്യാപകരും ഈ വിദ്യാലയങ്ങളിലുണ്ട്. അതായത് മൊത്തം വിദ്യാർത്ഥികളിൽ 30.43% വും അദ്ധ്യാപകരും 33.79% ഇവയിലാണ്.

### പട്ടിക 2
### ഗവണ്മെന്റ് സ്കൂളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സ്ഥിതിവിവരം

| ആകെ അദ്ധ്യാപകർ | ഗവണ്മെന്റ് സ്കൂളുകളിലെ അദ്ധ്യാപകർ | ഗവണ്മെന്റ് അദ്ധ്യാപക ശതമാനം | പഞ്ചായത്തിലെ വിദ്ധ്യാർത്ഥികളുടെ എണ്ണം | ഗവണ്മെന്റ് സ്കൂൾ വിദ്ധ്യാർത്ഥികൾ | ഗവ. സ്കൂൾ വിദ്യാർത്ഥി ശതമാനം |
|---|---|---|---|---|---|
| 145 | 49 | 33.79 | 4071 | 1239 | 30.43 |

ഈ പഞ്ചായത്തിലെ ഭൂരിപക്ഷം ആളുകളും കുട്ടികളെ പൊതുവിദ്യാലയങ്ങളിൽ ചേർക്കാനാണ് ഇഷ്ടപ്പെടുന്നത്. ദൂരദേശങ്ങളിലുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ കുട്ടികളെ അയയ്ക്കുന്ന ഒരു വിഭാഗം ആളുകളുണ്ട്.

ശാസ്താംകോട്ട, കായംകുളം, കൊല്ലം എന്നിവിടങ്ങളിലെ കോളജുകളിലേക്കും മറ്റ് സാങ്കേതിക സ്ഥാപനങ്ങളിലേക്കുമാണ് ഉന്നത വിദ്യാഭ്യാസത്തിനായി കുട്ടികൾ പോകുന്നത്.

പഞ്ചായത്തിലെ ഹൈസ്കൂളിലെ വിജയശതമാനം താരതമ്യേന മെച്ചമാണ്. കഴിഞ്ഞ മൂന്നു വർഷങ്ങളിലെ വിജയ ശതമാനം 40 നും 60 നും ഇടയിൽ നിൽക്കുന്നു. സ്കൂൾ കോംപ്ലക്സുകളുടെയും QIPയുടെയും പ്രവർത്തന ഫലമായി വിദ്യാഭ്യാസ നിലവാരം ഇനിയും ഉയർത്താൻ കഴിയും.

നാല് ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിലായി 120 വിദ്യാർത്ഥികൾ പരിശീലനം നേടുന്നു. ഷോർട്ടുഹാൻഡ് പരിശീലനവും ഹിന്ദി ടൈപ്പ്റൈറ്റിംഗ് പരിശീലനവും കാര്യമായി നടക്കുന്നില്ല. കമ്പ്യൂട്ടർ പരിശീലനമോ മറ്റ് സാങ്കേതിക സ്ഥാപനങ്ങളോ ഇല്ല. 12 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. 100 പേർക്ക് 1 എന്ന അനുപാതം പാലിക്കുന്നതിന് 9 അംഗൻവാഡികൾ കൂടി അനുവദിക്കേണ്ടതാണ്. ഒരു പ്രീപ്രൈമറി സ്കൂളും 4 നഴ്സറി സ്കൂളും ഈ പഞ്ചായത്തിലുണ്ട്. സർക്കാർ അംഗീകാരമുള്ള ഒരു തയ്യൽ സ്കൂളും വിദ്യാഭ്യാസ സമാന്തര മേഖലയും അഞ്ച് സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. ആറ് മദ്രസ്സകളും, 3 സൺഡേസ്കൂളുകളും മതപഠന താൽപര്യത്തോടെ രംഗത്തുണ്ട്. ശാസ്താംകോട്ട കോളേജിന്റെ സാമീപ്യം ഇവിടുത്തെ ഭൂരിപക്ഷത്തിനും അനുഭവവേദ്യമാണ്. ഗവേഷണപരമായി വിദ്യാഭ്യസം നടത്തുന്നവർ നന്നേ കുറവാണ്. പെട്ടെന്ന് തൊഴിലു കിട്ടാൻ പറ്റിയ കോഴ്സുകളിലാണ് കുട്ടികളുടെ ശ്രദ്ധ.

ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങളുടെ കുറവ്, ഉറപ്പുള്ളകെട്ടിടങ്ങളുടേയും ക്ലാസ്സ് മുറികളുടെയും അപര്യാപ്തത, കുടിവെള്ളത്തിന്റെ ദൗർലഭ്യം, ബഞ്ച്, ഡെസ്ക്, ബ്ലാക്ക്ബോർഡ് തുടങ്ങിയ ഉപകരണങ്ങളുടെയും മോഡലുകൾ, ഭൂപടങ്ങൾ, ദൃശ്യ ശ്രാവ്യോപകരണങ്ങൾ തുടങ്ങിയ പഠന സാമഗ്രികളുടെയും

അഭാവം തുടങ്ങിയ ഭൗതിക അപര്യാപ്തതകൾക്കൊപ്പം അക്കാഡമിക് നിലവാരത്തകർച്ച, സമരങ്ങൾ കൊണ്ടുണ്ടാകുന്ന കാലതാമസം അദ്ധ്യാപക വിദ്യാർത്ഥി അനുപാത വർദ്ധനവ്, സർവ്വോപരി വിദ്യാലയങ്ങളിലെ കലുഷിതമായ അന്തരീക്ഷം എന്നീ സാഹചര്യങ്ങൾ അദ്ധ്യയനത്തെ ദോഷകരമായി ബാധിക്കുന്നുണ്ട്. പഠന സൗകര്യങ്ങൾ വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട ന്യായമായ അവകാശമാണ്. അത് നിഷേധിക്കുന്നത് തലമുറകളോടു ചെയ്യുന്ന അപരാധമായിരിക്കും.

മാതൃസംഗമവും ക്ലാസ്സ്റൂം പി.ടി. എ യും കാര്യക്ഷമമല്ല. കഴിഞ്ഞ അദ്ധ്യയനവർഷത്തെ ശരാശരി ആദ്ധ്യയന ദിനം 194.2 ആണ്. കൂടുതൽ വിവരങ്ങൾ പട്ടിക 3, പട്ടിക 4 എന്നിവയിൽ നിന്ന് ലഭിക്കും.

### പട്ടിക 3
### ഭൗതിക സാഹചര്യങ്ങൾ

| സ്കൂൾ | ആകെ വിദ്യാർത്ഥികൾ,ആകെ ഡിവഷനുകളുടെ എണ്ണം | ആകെ അദ്ധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|
| ബ[illegible]ലേൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ ശൂരനാട് | 262 12 (ഡി.) | 12 | 1 | 2 | ഉണ്ട്,പൈപ്പ് | ഉണ്ട് |
| G.L.P.S ഇഞ്ചക്കാട് | 254 8(ഡി) | 8 | 1 | 1 | ഉണ്ട്, കിണർ | ഉണ്ട് |
| H.V.L.P.S ഉദയംമുകൾ | 169 4(ഡി) | 5 | 1 | 1 | ഉണ്ട്, | ഉണ്ട് |
| ഇരവിച്ചിറ L.P.S | 306, (10ഡി) | 9 | ഇല്ല | ഇല്ല | ഉണ്ട്, കിണർ | ഇല്ല |
| കിടങ്ങയം (നോർത്ത്) എൽ.പി.എസ്സ് | 219 8(ഡി) | 5 | 1 | ഇല്ല | ഇല്ല | ഇല്ല |
| S.P.M.U.P.S ആയിക്കുന്നം | 444, 14(ഡി) | 17 | 1 | 2 | ഉണ്ട് | ഇല്ല |
| N.S.N.S. P.M യു.വി.പി.എസ്സ്, പതാരം | 563 16(ഡി) | 17 | 3 | 2 | ഇല്ല | ഉണ്ട് |
| Govt. U.P.S, കുമരംചിറ | 665, 17(ഡി) | 22 | 2 | 1 | ഇല്ല | ഉണ്ട് |
| S.M.H.S പതാരം | 1191 (28 ഡി) | 46 | 4 | 2 | ഉണ്ട് | ഉണ്ട് |

### പട്ടിക 4
### അക്കാഡമിക് സൗകര്യങ്ങൾ

| | ലൈബ്രറി | പ്രവർത്തിക്കാത്തത് | ലാബ് | സയൻസ് കോർണർ പ്രവർത്തിക്കാത്ത്/ഇല്ലാത്തത് | പഠനോപകരണങ്ങൾ | റേഡിയോ | ടേപ്പ് | ടി.വി | കമ്പ്യൂട്ടർ | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | സ്റ്റോക്ക് സ്പോർട്സ് ആവശ്യമുള്ളത് | സ്റ്റോക്ക് സ്പോർട്സ് ഉള്ളത് | 1995,96 ലെ അദ്ധ്യയന ദിവസം | സമരം മൂലം നഷ്ടപ്പെട്ട ദിവസങ്ങൾ | പൊതു അവധിമൂലം നഷ്ടപ്പെട്ട ദിവസങ്ങൾ | മാതൃസംഗമം | ക്ലാസ്സ് റൂം പി.ടി.എ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ഉള്ളത് | 6 | — | 3 | 1 | 7 | 4 | 4 | — | — | — | 8 | 126 | 108 | | | സജീവമല്ല. | | 6 |
| ഇല്ലാത്തത് | 3 | — | 5 | — | 2 | 5 | 5 | 9 | 9 | 9 | 1 | | | | | | | 3 |

വരവ് ചെലവിനങ്ങളിൽ സർക്കാർ സ്കൂളുകൾ പിന്നിലാണ്. ഉച്ചക്കഞ്ഞിക്ക് സർക്കാർ നല്കുന്ന ധനസഹായം മാത്രമാണ് പ്രധാന വരവ്. നിസ്സാരമായ അറ്റകുറ്റപ്പണികൾ പോലും ആരും ശ്രദ്ധിക്കാറില്ല. കാലത്തിന് അനുസരിച്ച് സ്കൂളന്തരീക്ഷം മാറാതിരിക്കുന്നത് അഭിലഷണീയമല്ല.

നമ്മുടെ കുട്ടികൾ കായികകലാപരമായ മത്സരങ്ങളിൽ വളരെ പിന്നിലാണ്. U.P.S. വിഭാഗത്തിൽ 2 കുട്ടികൾ മാത്രമാണ് കായികമത്സരങ്ങൾക്ക് ജില്ലാതല സമ്മാനം നേടിയത്. ഹൈസ്കൂളിൽ നിന്ന് ഒരു കുട്ടിക്കും സമ്മാനം ലഭിച്ചില്ല. കലാപരമായ മത്സരങ്ങളിൽ U.P.S. വിഭാഗത്തിൽ 7 കുട്ടികൾക്കും ഹൈസ്കൂൾ വിഭാഗത്തിൽ 9 കുട്ടികൾക്കും ജില്ലാതല സമ്മാനം ലഭിച്ചിട്ടുണ്ട്. ഇവരാരും സംസ്ഥാനതലമത്സരങ്ങളിൽ പങ്കെടുക്കുവാൻ യോഗ്യതനേടിയില്ല. ഇംഗ്ലീഷ് മീഡിയം സ്കൂൾ കലാകായിക പരിശീലനങ്ങൾക്ക് പിന്നിലാണെങ്കിലും KPSEB യുടെ മത്സരപരീക്ഷയിൽ ധാരാളം സമ്മാനം നേടിയിട്ടുണ്ട്. കുട്ടികൾ ആരോഗ്യമുള്ളവരും കലാവാസനയുള്ളവരുമായി വളരുവാനുള്ള പ്രവർത്തനങ്ങളിൽ നാം ശ്രദ്ധിക്കണം.

പട്ടിക 5

കുട്ടികൾക്കു ലഭിച്ചിട്ടുള്ള അവാർഡുകളെ സംബന്ധിച്ച വിവരം

| സ്കൂളിന്റെ പേര് | ഇനം | ജില്ലാതലം | | | സംസ്ഥാനതലം | | |
|---|---|---|---|---|---|---|---|
| | | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| ബസലേൽഇംഗ്ലീഷ് മീഡിയം സ്കൂൾ | KPSEB | | | | 4 | 6 | 10 |
| Gov. L.P.S ഇഞ്ചക്കാട് | — | — | — | — | — | — | — |
| HVLPS ഉദയംമുകൾ | — | — | — | — | — | — | — |
| ഇരവിച്ചിറ LPS | — | — | — | — | — | — | — |
| കിടങ്ങയം നോർത്ത് എൽ.പി.എസ്സ് | | | | | | | |
| SPNUPS ആയിക്കുന്നം<br>NSNSPMUPS പതാരം | Sports<br>Arts | 2<br>2 | <br>7 | 2<br>9 | | | |
| Govt. ups Kumaramchira | | | | | | | |
| SMHS Patharam | Arts | 2 | 7 | 9 | | | |

സാമ്പത്തികാനുകൂല്യം ലഭിക്കുന്ന കുട്ടികളിൽ മെറിറ്റ് സ്കോളർഷിപ്പിന് അർഹത നേടിയത് 12 കുട്ടികൾ മാത്രമാണ്. അതിൽ 4 കുട്ടികൾ SC വിഭാഗത്തിൽ ഉൾപ്പെടുന്നു.

സമർത്ഥരായ വിദ്യാർത്ഥികൾക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല. ശാന്തിനികേതനം മോഡൽ ഹൈസ്കൂളിൽ നിന്നു എസ്സ്.എസ്സ്എൽ.സി യ്ക്ക് കൂടുതൽ മാർക്ക് നേടുന്ന കുട്ടികൾക്കും പരീക്ഷയിൽ കണക്കിന് ഏറ്റവും കൂടുതൽ മാർക്ക് നേടുന്ന കുട്ടിക്കും ഏറ്റവും നല്ല സകൗട്ടിനും സമ്മാനം കിട്ടത്തക്ക വിധത്തിൽ സ്കൂളദ്ധ്യാപകരും മാനേജർ പ്രൊ. ഗോപാലകൃഷ്ണപിള്ളയും ചേർന്ന് എം.കെ. ജേക്കബ് വൈദ്യൻ എൻഡോവ്മെന്റും എൻ. ഗോപാലപിള്ള എൻഡോവ്മെന്റും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സ്കൂളിന്റെ മാനേജർ അദ്ദേഹത്തിന്റെ പിതാവിന്റെ ഓർമ്മക്കായി "കിഴക്കേവീട്ടിൽ രാമൻ നായർ സായ്റാം എൻഡോവ്മെന്റ്" എസ്.എസ്.എൽ.സി യ്ക്ക് ഏറ്റവും കൂടുതൽ മാർക്കുനേടുന്ന കുട്ടിക്ക് നൽകുവാൻ നിശ്ചയിച്ചിട്ടുണ്ട്. പതാരം യു.പി.എസി ൽ മോണോ ആക്ടിൽ ഒന്നാം സമ്മാനം ലഭിക്കുന്ന കുട്ടിക്ക് ജി.ശങ്കരപ്പിള്ള മെമ്മോറിയൽ എൻഡോവ്മെന്റും നല്കി വരുന്നുണ്ട്

ദൃശ്യമാദ്ധ്യമങ്ങളുടെ വ്യാപനം, നിലവാരംകുറഞ്ഞ പ്രസിദ്ധീകരണങ്ങളുടെ പ്രചാരം എന്നിവ കുട്ടികളിൽ അനഭിലഷണീയമായ പ്രവണതകൾ വളർത്തുന്നുണ്ട്. സാമൂഹ്യപ്രവർത്തകർ ജാഗ്രത പുലർത്തണം.

അംഗീകാരമില്ലാത്ത സ്കൂളുകളുടെ വർദ്ധനവ് വിദ്യാഭ്യാസത്തെ യാന്ത്രികമാക്കുന്നു. പെട്ടെന്നുള്ള സാമ്പത്തിക വളർച്ചയുടെ മാസ്മരികപ്രഭാവം വിദ്യാഭ്യാസത്തിന്റെ പാതയിൽ നിന്നും കുട്ടികളെ വ്യതിചലിപ്പിക്കുന്ന പ്രവണത അങ്ങിങ്ങ് കണ്ടുവരുന്നു.

ഇന്ന് സ്കൂളുകളിൽ നടപ്പിലിരിക്കുന്ന പാഠ്യപദ്ധതിയുടെ ലക്ഷ്യങ്ങൾ നേടാൻ കുട്ടികൾക്ക് കഴിയുന്നില്ല. ഉന്നതങ്ങളിൽ സൃഷ്ടിച്ച പാഠ്യപദ്ധതി നടപ്പിലാക്കേണ്ട അദ്ധ്യാപകർക്ക് വേണ്ട പരിശീലനത്തിന്റെ അപര്യാപ്തതയും പാഠ്യപദ്ധതിയുടെ വൈപുല്യവും ഒരു വിഭാഗം അദ്ധ്യാപകരുടെ തൊഴിൽ പരമായ ആത്മാർത്ഥതാരാഹിത്യവും മറ്റും അതിന്റെ കാരണങ്ങളാണ്.

നാലാംകളാസ്സ് വരെയുള്ള വിദ്യാഭ്യാസമെങ്കിലും മാതൃഭാഷാ മാധ്യമത്തിൽ കുട്ടികൾക്ക് നല്കണമെന്ന ബോധം സാമൂഹ്യമനസ്സാക്ഷിയിൽ ഉണർത്താൻ പ്രചരണം നടത്തണം.

സേവനതല്പരരായ റിട്ടയർഡ് അദ്ധ്യാപകർ നമ്മുടെ പഞ്ചായത്തിലുണ്ട്. വിദ്യാഭ്യാസപരമായ മൂല്യങ്ങൾ ഉയർത്താൻ അവരുടെ സേവനം ഉപയോഗി

ക്കാവുന്നതാണ്.

കാൻഫെഡിന്റെയും, ശാസ്താംകോട്ട കോളേജിലെ എൻ.എസ്.എസ് യൂണിറ്റിന്റെയും നേതൃത്വത്തിൽ ഏറ്റെടുത്ത ചില അനൗപചാരിക വിദ്യാഭ്യാസപ്രവർത്തനങ്ങൾ പഞ്ചായത്തിന്റെ ചില പ്രദേശങ്ങളിൽ നടന്നിരുന്നെങ്കിലും നിരക്ഷരരായ ധാരാളം സഹോദരങ്ങൾ ഇവിടെ ഉണ്ട്. 1990 ലെ സാക്ഷരതായജ്ഞത്തിന്റെ ആവേശം നിലനിർത്താൻ കഴിയാതെ പോയതിനാൽ അന്നത്തെ നവസാക്ഷരർ ക്രമേണ നിരക്ഷരരായി എന്നതാണ് ദു:ഖസത്യം.

പഞ്ചായത്തിലെ വികസന പ്രവർത്തകർ ശേഖരിച്ച പ്രാഥമിക ദ്വിതീയ വിവരങ്ങളുടെയും ഗ്രാമസഭകളിലെ ചർച്ചകളിൽ നിന്നും ഉരുത്തിരിഞ്ഞ നിഗമനങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയത്. പത്ത് ഗ്രാമസഭകളിലും വിദ്യാഭ്യാസരംഗം സജീവ ചർച്ചയ്ക്ക് വിധേയമായിട്ടുണ്ട്. വിദ്യാഭ്യസമേഖലയിൽ നിലവിലുള്ള ജീർണ്ണ സംസ്കാരത്തെക്കുറിച്ച് അവഗാഢമായ ബോധം സമൂഹത്തിനുണ്ടെന്നതിന് തെളിവുകളാണ് ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങളും നിഗമനങ്ങളും.

ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വരുന്ന അഞ്ചുകൊല്ലത്തേക്ക് വേണ്ട വിദ്യാഭ്യസപ്രവർത്തനങ്ങളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

---

1. പഞ്ചായത്തിൽ ഒരു ഹയർസെക്കണ്ടറിസ്കൂളോ വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളോ സ്ഥാപിക്കുക.

2. പതാരം ഹൈസ്കൂളിൽ പ്ലസ്ടു ആരംഭിക്കുക

3. a) ഉദയംമുഗൾ എൽ.പി.എസ് അപ്ഗ്രേഡ് ചെയ്ത് യു.പി.എസ് ആക്കുക.

3. b) ഇരവിച്ചിറ എൽ.പി.എസി ൽ നിലവിലുള്ള V-ാം സ്റ്റാൻഡേർഡിനോട് ചേർന്ന് VI,VII സ്റ്റാൻഡേർഡുകൾ കൂടി ഉൾപ്പെടുത്തുക.

C) കുമരംചിറ യു.പി.എസ് എച്ച്.എസ് ആയി അപ്ഗ്രേഡ് ചെയ്യണം.

d) 3-ാം വാർഡിന്റെ വടക്കുഭാഗത്ത് ഒരു എൽ.പി. സ്കൂൾ സ്ഥാപിക്കുക.

e) 5-ാം വാർഡിൽ എൽ.പി. യു.പി. സ്കൂളുകളോടുകൂടിയ ഒരു ഹൈസ്കൂൾ ആരംഭിക്കുക

f) 6-ാം വാർഡിൽ ഒരു എൽ.പി. സ്കൂൾ ആരംഭിക്കുക

g) 7-ാം വാർഡിൽ ഒരു എൽ.പി. സ്കൂൾ ആരംഭിക്കുക.

h) നാലുമുക്കിൽ കേന്ദ്രഗവണ്മെന്റിന്റെ ഒരു റെസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കുക.

i) 10-ാം വാർഡിൽ ഒരു ഹൈസ്കൂൾ സ്ഥാപിക്കുക.

4. ഉദയംമുകൾ H.V.LPS ലും കുമരൻചിറ യു.പി.എസി ലും സ്ഥലസൗകര്യവും കെട്ടിടവും ഉണ്ടാക്കുക.

5. a) പഞ്ചായത്തിൽ ഒരു ഗവ. ഐ.ടി.ഐ യോ പോളിടെക്ക്നിക്കോ സ്ഥാപിക്കുക.

b) ഒന്നാം വാർഡിൽ ഏതെങ്കിലും ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം തുടങ്ങുക

C) നാലാം വാർഡിൽ ഒരു ഐ.ടി.ഐ യും കമ്പ്യൂട്ടർ സെന്ററും സ്ഥാപിക്കുക.

d) അഞ്ചാം വാർഡിൽ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം തുടങ്ങുക.

e) പത്താം വാർഡിൽ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം തുടങ്ങുക.

6. a) ഒന്ന്, നാല്, അഞ്ച്, പത്ത് എന്നീ വാർഡുകളിൽ ഓരോ അംഗൻവാടികൾ ആരംഭിക്കുക.

b) നിലവിലുള്ള അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.

c) എല്ലാ പ്രൈമറി സ്കൂളുകളോടും ചേർന്ന് ഓരോ പ്രീപ്രൈമറി സ്കൂളുകൾ സ്ഥാപിക്കുകയും അതിലേക്കുള്ള ചിലവ് പഞ്ചായത്ത് വഹിക്കുകയും ചെയ്യുക.

7. എല്ലാ വിദ്യാർത്ഥികൾക്കും ഉച്ചഭക്ഷണം ലഭ്യമാക്കുക.

8. a) സ്കൂളുകളിൽ നിലവിലുള്ള കെട്ടിടങ്ങൾക്ക് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി സംരക്ഷിക്കുക.

b) സ്കൂളുകളിൽ ലൈബ്രറി, ലബോറട്ടറി, കളിസ്ഥലം, മൂത്രപ്പുര, ബ്ലാക്ക്ബോർഡ്, മേശ, കസേര എന്നീ അത്യാവശ്യ കാര്യങ്ങൾ ഏർപ്പെടുത്തുക.

9. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കുക.

10. ഉദയംമുഗൾ സ്കൂളിലെ അദ്ധ്യാപകരുടെ കൂട്ടത്തിൽ കർമ്മനിരതരായ ചെറുപ്പക്കാരെയും അല്പം ദൂരെയുള്ളവരെയും ഉൾപ്പെടുത്തുക.

11. അടിസ്ഥാന വിദ്യാഭ്യാസം മലയാളത്തിൽ മാത്രമാക്കുക.

12. കലാകായിക മത്സരങ്ങൾ നടത്തി കുട്ടികളുടെ പ്രസ്തുത വിഷയങ്ങളിലുള്ള വാസന പ്രോത്സാഹിപ്പിക്കുക.

13. സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുക

14. സാക്ഷരതാ തുടർ വിദ്യാഭ്യാസത്തിന് എല്ലാ വാർഡിലും ജനവിദ്യാകേന്ദ്രങ്ങൾ തുടങ്ങുകയും മെച്ചപ്പെട്ട പ്രവർത്തനത്തിന് വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

15. കുട, നോട്ടുബുക്കുകൾ എന്നിവ നിർമ്മിക്കാൻ കുട്ടികൾക്ക് പരിശീലനം നല്കുകയും ഒരു വ്യവസായ സഹകരണസംഘം സ്ഥാപിക്കുകയും ചെയ്യുക.

16. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ അദ്ധ്യാപകർക്ക് റിഫ്രഷർ കോഴ്സുകൾ നടത്തുക.

17. പഞ്ചായത്തിലെ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി എല്ലാ സ്കൂളുകളുടെയും പ്രവർത്തനം ശ്രദ്ധിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

മെച്ചപ്പെട്ട ആദ്ധ്യാപക രക്ഷകർതൃ ബന്ധം, മാതൃ സംഗമങ്ങൾ, സ്കൂൾ കോംപ്ലക്സ് പ്രവർത്തനം സജീവമാക്കൽ ക്ലാസ്സ് പി.ടി.എ കളുടെ നല്ല രീതിയിലുള്ള പ്രവർത്തനം എന്നിവമൂലം വിദ്യാഭ്യാസ നിലവാരത്തകർച്ചയ്ക്ക് മാറ്റം കുറിക്കാം. സ്കൂൾ രാഷ്ട്രീയം ഒഴിവാക്കി സമാധാനാന്തരീക്ഷം സൃഷ്ടിക്കുകയും പഞ്ചായത്ത് കമ്മിറ്റി സ്കൂളുകളുടെ പ്രവർത്തനം ശ്രദ്ധിച്ച് നടപടികൾ സ്വീകരിക്കുകയും വേണം. തൊഴിൽ ലഭ്യതയ്ക്ക് ഉതകുന്ന വിധത്തിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള ഒരു വിദ്യാഭ്യാസ നയം രൂപപ്പെടേണ്ടത് അത്യാവശ്യമാണ്.

# ആരോഗ്യം
# കുടിവെള്ളം
# പരിസരശുചിത്വം



ആരോഗ്യമുള്ള ഒരു ജനതയെ വാർത്തെടുക്കുകയാണല്ലോ നമ്മുടെ ലക്ഷ്യം. ഇത് സാക്ഷാത്കരിക്കപ്പെടുന്നതിനുവേണ്ടി ഒരു തീവ്രയത്ന പരിപാടിതന്നെ നമുക്ക് നടപ്പിലാക്കേണ്ടതുണ്ട്. സമൂഹത്തെ കാർന്നുതിന്നുന്ന മാരക രോഗങ്ങളിൽ നിന്നും മനുഷ്യരാശിയെ രക്ഷിക്കുന്നതിന് ചികിത്സകളോളം പ്രാധാന്യം പ്രതിരോധ പ്രവർത്തനങ്ങൾക്കുമുണ്ട്. ആരോഗ്യമുള്ള ഒരു ജനതയാണ് സമൂഹത്തിന്റെ സമ്പത്ത്. 'എല്ലാവർക്കും സമ്പൂർണ്ണ ആരോഗ്യം' എന്നുള്ളതാവട്ടെ നമ്മുടെ ലക്ഷ്യം.

## *കുടിവെള്ളം*

"ശുദ്ധവായു, ശുദ്ധജലം, ശുചിത്വമുള്ള പാർപ്പിടം" ഒരു ജനതയുടെ ആരോഗ്യകാര്യത്തിൽ ഏറ്റവും അധികം സ്വാധീനം ചെലുത്തുന്ന ഘടകങ്ങളാണിവ. കുടിവെള്ളത്തിനായി പഞ്ചായത്തിലെ 80% ആളുകളും കിണറുകളെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിന്റെ വിസ്തൃതിയുടെ 40% ഭാഗവും രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളാണ്. കേരളാ വാട്ടർ അതോറിറ്റിയിൽ നിന്നുള്ള വാട്ടർ കണക്ഷനുകൾ പഞ്ചായത്തിൽ ചില വാർഡുകളിൽ നിലവിലുണ്ട്. ശാസ്താംകോട്ടയിൽ പ്രവർത്തിക്കുന്ന കൊല്ലം വാട്ടർ സപ്ലൈ സ്കീമുമായി ബന്ധപ്പെട്ട 148 പൊതുടാപ്പുകൾ പഞ്ചായത്തതിർത്തിക്കുള്ളിൽത്തന്നെ പ്രവർത്തിക്കുന്നു. സ്വകാര്യ കണക്ഷനുകളുള്ള 160 വീടുകൾ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിലെ 41 പൊതു കിണറുകളുള്ളവയിൽ 7 എണ്ണം വെള്ളമില്ലാത്തവയാണ്. വെള്ളമുള്ള 2839 സ്വകാര്യ കിണറുകളും 17 വെള്ളമില്ലാത്ത സ്വകാര്യ കിണറുകളും പഞ്ചായത്തിലുണ്ട്.

പഞ്ചായത്തിലെ ജനസംഖ്യയുടെ 50% ശുദ്ധജലക്ഷാമം അനുഭവിക്കുന്നു.

കുടിവെള്ള ശേഖരണത്തിനായി പഞ്ചായത്തിന്റെ ചില പ്രദേശങ്ങൾ ഒഴികെയുള്ള ഭാഗങ്ങളിലെ ജനങ്ങൾക്ക് വളരെ ദൂരം സഞ്ചരിക്കേണ്ടി വരുന്നില്ല. ശാസ്താംകോട്ട ശുദ്ധജലതടാകത്തിൽ നിന്നും പൈപ്പ്ലൈൻ വഴി ലഭ്യമാകുന്ന ശുദ്ധജലം പഞ്ചായത്തിന്റെ ചിലഭാഗങ്ങളിൽ അനുഭവപ്പെടുന്ന ശുദ്ധജലക്ഷാമം ഒരളവ് വരെ പരിഹരിക്കുവാൻ സഹായിക്കുന്നു. ശൂരനാട് തെക്ക് പഞ്ചായത്തിന്റെ താഴ്ന്ന പ്രദേശങ്ങളായ പടിഞ്ഞാറൻ ഭാഗങ്ങളിലേക്ക് ശാസ്താംകോട്ടയിൽ പ്രവർത്തിക്കുന്ന കൊല്ലം വാട്ടർ സപ്ലൈ സ്കീമിൽനിന്ന് വെള്ളം എത്തിക്കുന്നതിനുവേണ്ടിയുള്ളതായിരുന്നു ഒരു സ്കീം. പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലേക്ക് കുടിവെള്ളം എത്തിക്കുന്നതിന് ശാസ്താംകോട്ട പഞ്ചായത്തിനും ശൂരനാട് തെക്ക് പഞ്ചായത്തിനും സംയുക്തമായി ഒരു പദ്ധതി രൂപീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 1982 ൽ പ്രസ്തുത മേഖലകളിൽ പൈപ്പ്ലൈൻ സ്ഥാപിക്കുകയും ചെയ്തിരുന്നു. പുന്നമൂട്ടിൽ സ്ഥാപിച്ചിട്ടുള്ള ഓവർ ഹെഡ്ടാങ്കിന്റെ പണി പൂർത്തിയായിട്ടുണ്ടെങ്കിലും അതിൽ നിന്ന് കുടിവെള്ളം ഈ പഞ്ചായത്തിലെത്തിക്കുന്നതിന് നാളിതുവരെ നടപടിയൊന്നുമുണ്ടായിട്ടില്ല. ഇതിന്റെ പണി പൂർത്തിയാക്കുകയും ഇതിൽനിന്ന് കുടിവെള്ളം എത്തിക്കേ

ണ്ട മറ്റു ഭാഗങ്ങളിലേക്ക് ആവശ്യമായ പൈപ്പ്‌ലൈൻ നീട്ടി പ്രസ്തുത പദ്ധതിയുടെ പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുകയും വേണം. കൂടാതെ ഭാഗികമായി പ്രവർത്തിക്കുന്ന നിലവിലുള്ള ജലവിതരണം അതുമായി ബന്ധപ്പെട്ട പ്രദേശങ്ങളിൽ വ്യാപിപ്പിക്കുകയും വേണം

## ശുദ്ധജല സ്രോതസ്സുകൾ

പട്ടിക 1

| കിണറുകൾ പൊതുകിണറുകൾ | | സ്വകാര്യ കിണറുകൾ | | മൊത്തം കിണറുകൾ |
|---|---|---|---|---|
| വെള്ളം ഉള്ളത് | വെള്ളം ഇല്ലാത്തത് | വെള്ളം ഉള്ളത് | വെള്ളം ഇല്ലാത്തത് | |
| 34 | 7 | 2839 | 17 | 2897 |

പട്ടിക 2

K.W.A. പദ്ധതികൾ

| മൊത്തം ടാപ്പുകൾ | സ്വകാര്യ കണക്ഷനുകൾ |
|---|---|
| 148 | 160 |

പഞ്ചായത്തിലെ മിക്കവാറും പ്രദേശങ്ങളിൽ കിണർകുഴിക്കുമ്പോൾ ധാരാളമായി ചെളി കണ്ടു വരുന്നതിനാൽ കൂടുതൽ താഴേക്ക് കുഴിക്കുവാൻ കഴിയാതെ വരുന്നു. തന്മൂലം പലപ്രദേശങ്ങളിലും കിണറുകൾ കുഴിക്കുന്നതുകൊണ്ട് കുടിവെള്ളക്ഷാമം പരിഹരിക്കാനാവുന്നില്ല. പഞ്ചായത്തിൽ കൂടി കടന്നുപോകുന്ന കനാലുകൾ വേനൽകാലങ്ങളിൽ തുറന്നുവിട്ടാൽ ഇത്തരം സമയങ്ങളിൽ പഞ്ചായത്തതിർത്തിക്കുള്ളിൽ തുടർച്ചയായുണ്ടായിക്കൊണ്ടിരിക്കുന്ന ജലക്ഷാമം ഒരു പരിധിവരെ പരിഹരിക്കുവാൻ കഴിയും. വിശേഷാൽ ഗ്രാമസഭകളിൽനിന്നുയർന്നുവന്നതായ പ്രശ്ന പരിഹാരങ്ങളും പഞ്ചായത്ത് തലത്തിൽ മൊത്തതിൽ ബാധകമാക്കാവുന്നതും ചർച്ചകളിലൂടെ രൂപപ്പെട്ടു വന്നിട്ടുള്ളതുമായ നിർദ്ദേശങ്ങളും സൂക്ഷ്മ വിശകലനത്തിനായി ഇതിൽ ചേർത്തിരിക്കുന്നു

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം |
|---|---|---|
| 1 | കണ്ടനാട്മുക്ക്, ലക്കി ജംഗ്ഷൻ, മാനിടത്ത്മുക്ക് ഇലവിലാൽത്തറ, മാമ്പിയിൽ മുക്ക്, ചുടല, കളീയ്ക്കൽ മുക്ക്, വടക്കടത്ത് മുക്ക് ( പെരിയാൻ നട ഹരിജൻ ക്ഷേത്രത്തിനു കിഴക്കുവശം) | K.W.A.യുടെ പൈപ്പ് ലൈൻ ഈപ്പൻ വിള ജംഗ്ഷനിൽ നിന്നും നീട്ടുക |
| 2 | പെരുങ്ങാടി ജംഗ്ഷൻ-വലിയതറക്കടവ്, പട്ടന്റയ്യത്ത്ഭാഗം, ചക്കാലജംഗ്ഷൻ, തോന്നല്ലൂർ ജംഗ്ഷൻ, മാവിനാൽത്തറ-കുമ്പഴേത്ത്, കാരയ്ക്കാട് കിഴക്ക്, പുന്തല ജംഗ്ഷൻ-പനവിള പടിഞ്ഞാറുവശം | K.W.A യുടെ പൈപ്പ്ലൈൻ പ്രസ്തുത പ്രദേശങ്ങളിലേക്ക് നീട്ടുക. പെരിങ്ങോടി കേന്ദ്രമാക്കി ഒരു വാട്ടർ ടാങ്ക് നിർമ്മിക്കുക. |
| 3 | ജയന്തി കോളനി, പനത്തിട്ട കോളനി, പ്ലാവിള കോളനി, കുറ്റിത്തെക്കതിൽമുക്ക്, കണിയാംകടവ്, മാലുമേൽ കടവ്, കൈവിള ജംഗ്ഷൻ, ചരുവിൽകുളങ്ങര, തൊടിയൂർ, കാവിപുറം | K.W.A യുടെ പൈപ്പ്ലൈൻ നീട്ടുക. കിണറുകളില്ലാത്ത വീടുകൾക്ക് കിണർ നിർമ്മിച്ച് നൽകുക. |
| 4 a) | കടമ്പാട്ടുമുക്ക്-പനന്തറ I.H.D.P കോളനി, തൈവിളജംഗ്ഷൻ-ചരുവിൽകുളങ്ങര, തൊടിയൂർ (പതാരം വായനശാല ജംഗ്ഷൻ, കോയിക്കൽ ചന്ത- കൈതാമുക്ക് | K.W.A യുടെ പൈപ്പ്ലൈൻ നീട്ടുക. പൊതുകിണർ സ്ഥാപിക്കുക, കുഴൽകിണർ സ്ഥാപിക്കുക, 150 ഓളം വീടുകൾക്ക് കിണർ നിർമ്മിച്ച് നൽകുക. |
| b) | വാർഡിലെ അംഗൻവാടി. | പൊതു കിണർ സ്ഥാപിക്കുക |
| 5 a) | വാർഡിന്റെ മൊത്തം സ്ഥലങ്ങളിലും രൂക്ഷമായ ജലക്ഷാമം | ഭൂഗർഭ ജലലഭ്യതയുള്ളതിനാൽ കുഴൽകിണർ സ്ഥാപിക്കുക. ഓവർ ഹെഡ്ടാങ്ക് നിർമ്മിക്കുക, K.W.A. യുടെ പൈപ്പ് ലൈൻ നീട്ടുക |
| b) | 6-ാം നമ്പർ അംഗനവാടി | ഒരു കിണർ സ്ഥാപിക്കുക |
| 6 | വാർഡിന്റെ കൂടുതൽ ഭാഗവും (തെങ്ങുവിളജംഗ്ഷന് വടക്കുവശം, അമ്പിമുക്ക്, കനാൽ ജംഗ്ഷന് തെക്കുവശം, പടത്തറഭാഗം, പ്രതിഭാജംഗ്ഷൻ, കാഞ്ഞിരംവിള വീടിനുതെക്കുവശം, പാടകശേരിയിൽ ഭാഗം, കരിപ്പോന ഞംഗ്ഷൻ, വെങ്ങോല കോളനി, യുജനവായനശാലയുടെ പരിസരഭാഗങ്ങൾ | K.W.A. യുടെ പൈപ്പ്ലൈൻ സ്ഥാപിക്കുക. കുഴൽ കിണർ സ്ഥാപിക്കുക, കുളങ്ങൾ സംരക്ഷിക്കുക |
| 7 | പൂളിയ്ക്കൽ മുക്ക് ഇട്ടിയേക്കൽ മുക്ക്, തറയിൽ മുക്ക്-കൂവളക്കുറ്റി, അയണിവിളമുക്ക്-പുത്തൻവീട് പടിഞ്ഞാറ്, വലിയതറകിഴക്ക്, അയണിവിള-കന്നിമേൽത്തറ,കോയിപ്പുറത്ത്മുക്ക്-ചിറയിൽ ഏലാ, ചിറയിൽമുക്ക്-കാവുള്ളതിൽമുക്ക്,പതാരത്തുനിന്നും തെക്കോട്ട് പനവിളകിഴക്കുവശത്തുകൂടി മുക്കടക്കുഴി,പാറപ്പള്ളിൽ മുക്ക്-ഇട്ടിയേക്കൽമുക്ക്, കാവിൽമുക്ക്-കണ്ണയ്ക്കാട് കാവിൽ, പ്ലാവിളമുക്ക്-ഇഞ്ചക്കാട് ഏലാ, ഇട്ടിയേക്കൽ മുക്ക്-ഇഞ്ചക്കാട് ഏലാ, കാരൂർത്തറ-മാന്തറകോളനി, കാര്യാടിതെക്ക്-മാന്തറകോളനി, കാര്യാടിമുക്ക്-കൊപ്പാറവിളപടിഞ്ഞാറ്, കരോട്ടയ്യത്ത് വടക്കുഭാഗങ്ങൾ. | K.W.A.യുടെ പൈപ്പ്ലൈനുകൾ നീട്ടുക, കുഴൽകിണർ സ്ഥാപിക്കുക. |
| 8 | ഉദയമുകൾ L.P.S.-പെരിയാൻകാവ്റോഡ്, നാലുമുക്ക്-താമരശേരി കോളനി, ഉദയമുകൾ L.P.S-ഇഞ്ചക്കാട് പള്ളി, കുമരംചിറ-കലാഭൂഷണം ഗ്രന്ഥശാല, മുട്ടത്തുമുക്ക്-കടുക്കരമുക്ക്, കുറവൻതറ-മുക്കടക്കുഴി, പുലിത്തിട്ടമുക്ക്-കുറവൻതറ. | പുതിയ പൈപ്പുകൾ സ്ഥാപിക്കുക കിണറുകൾ നിർമ്മിക്കുക. |
| 9 | വാർഡിന്റെ മുഴുവൻഭാഗങ്ങളും | പുന്നമൂട്ടിൽ സ്ഥാപിച്ചിട്ടുള്ള വാട്ടർടാങ്കിന്റെ പണി പൂർത്തീകരിക്കുക. വാർഡിന്റെ എല്ലാ ഭാഗത്തും പൈപ്പ്ലൈൻ സ്ഥാപിക്കുക. കിണറുകളില്ലാത്ത 150 ഓളം ഭവനങ്ങൾക്ക് കിണർ മിർമ്മിച്ച് നല്കുക. |
| 10 | വലിയവീട്ടിൽ ജംഗ്ഷൻ-കൂവളത്തറമുക്ക്, അമ്പിവടക്ക്-പുത്തൻവിളജംഗ്ഷൻ, വലിയവീട്ടിൽ ജംഗ്ഷൻ-പെരുനാക്കര, പുല്ലംപ്ലാവിൽത്തറമുക്ക്-മംഗലത്ത്മുക്ക്, വെൽഫയർ മുക്ക്-കല്ലുംതുണ്ടിൽ ജംഗ്ഷൻ, കോടൻവിള-കൊന്നവിള ജംഗ്ഷൻ, തറയിൽ ജംഗ്ഷൻ-കാഞ്ഞിരംതുണ്ടിൽ, ചെറുകുന്നത്ത് ജംഗ്ഷൻ മുതൽ കുറവന്റയ്യത്ത് വരെയുള്ള ഭാഗങ്ങൾ | K.W.A യുടെ പൈപ്പ്ലൈൻ സ്ഥാപിക്കുക കിണറില്ലാത്ത 100 ഒളം പേർക്ക് കിണർ നിർമ്മിച്ച് കൊടുക്കു |
| 11 | S.P.M. U.P.S | കിണർ സ്ഥാപിക്കുക |

## കുടിവെള്ളക്ഷാമത്തിനുള്ള പരിഹാരമാർഗ്ഗങ്ങൾ

### *പഞ്ചായത്തുതലം*

1. പഞ്ചായത്തിലെ കിണറുകൾ, കനാലുകൾ എന്നിവ യഥാസമയങ്ങളിൽ ശുദ്ധീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക.
2. ശാസ്താംകോട്ടയിൽ പ്രവർത്തിക്കുന്ന കൊല്ലം വാട്ടർസപ്ലൈ സ്കീമുമായി ബന്ധപ്പെടുത്തിയും ശൂരനാട്തെക്ക്-ശാസ്താംകോട്ട ശുദ്ധജലവിതരണപദ്ധതി പൂർത്തീകരിച്ചും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടസത്വരനടപടികൾ കൈക്കൊള്ളണം.
3. പഞ്ചായത്തിലെ പണിപൂർത്തിയാകാത്ത പൈപ്പ്ലൈനുകളുടെ പണി പൂർത്തിയാക്കി പഞ്ചായത്തിന്റെ എല്ലാഭാഗത്തും ശുദ്ധജലം ലഭ്യമാക്കുക.
4. പൈപ്പുകൾ പൊട്ടി കുടിവെള്ളം മലിനപ്പെടുന്നത് പൂർണ്ണമായി തടയാൻ വേണ്ട നടപടികൾ കൈക്കൊള്ളുക.
5. പൊതു ടാപ്പുകളുടെ സമീപം നടത്തുന്ന കുളി, വസ്ത്രം നനയ്ക്കൽ എന്നിവ കുടിവെള്ളം മലിനപ്പെടുന്നതിന് ഒരു പ്രധാന പങ്കു വഹിക്കുന്നു. ഇത്തരം തെറ്റായ പ്രവണതകൾ പൂർണ്ണമായും നിയന്ത്രണവിധേയമാക്കണം.
6. വാട്ടർ അതോറിറ്റി കൂടുതൽ ശ്രദ്ധ ചെലുത്തി ജലശുദ്ധീകരണം നടത്തണം.
7. പൈപ്പുകളിൽ കൂടിയുള്ള ജലവിതരണം മുടക്കം കൂടാതെ നടത്തണം.
8. പഞ്ചായത്തിലെ രൂക്ഷമായ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന തൊടിയൂർ കാവിപ്പുറത്തും ഇരവിച്ചിറ കിഴക്ക്, തൃക്കുന്നപ്പുഴ വടക്ക്, ഇഞ്ചക്കാട്, വലിയതറ കടവ് തുടങ്ങിയ പ്രദേശങ്ങളിലും കുടിവെള്ളമെത്തിക്കുന്നതിനു വേണ്ടസത്വര നടപടികൾ കൈകൊള്ളുക
9. പഞ്ചായത്തിലെ പലഭാഗങ്ങളിലും സ്ഥാപിച്ചിട്ടുള്ള പഴകിദ്രവിച്ച പൈപ്പുകൾ മാറ്റിസ്ഥാപിക്കുകയും ജലവിതരണം കാര്യക്ഷമമാക്കുകയും ചെയ്യണം.
10. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സൗജന്യമായി കിണർ നൽകുക.

### പ്രാവർത്തികമാക്കാവുന്ന മറ്റു നിർദ്ദേശങ്ങൾ

1. ഉയർന്ന സ്ഥലങ്ങളിൽ നീർക്കുഴികൾ കുഴിച്ച് മഴവെള്ളത്തിന്റെ സംഭരണം വർദ്ധിപ്പിക്കുക.
2. ഇതിനായുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ നടപ്പിലാക്കുക.
3. മഴവെള്ള സംഭരണത്തിനായി കുഴികളും പൊട്ടക്കിണറുകളും ഉപയോഗപ്പെടുത്തുക.

# ആരോഗ്യം

1965 വരെ പഞ്ചായത്തിലെ ആരോഗ്യരംഗം ഏതാനം പാരമ്പര്യ വൈദ്യ കുടുംബങ്ങളെയാണ് പ്രധാനമായും ആശ്രയിച്ചിരുന്നത്. ഏകദേശം 75 വർഷങ്ങൾക്കു മുമ്പുതന്നെ പഞ്ചായത്തിലെ ആളുകൾ പൊതുവെ അരോഗദൃഢഗാത്രരായിരുന്നു. എങ്കിലും ഭയാനകമായ പല സാംക്രമിക രോഗങ്ങളും അന്നുണ്ടായിരുന്നു. അന്നെല്ലാംതന്നെ നാട്ടുവൈദ്യന്മാരായിരുന്നു ചികിത്സ നടത്തിയിരുന്നത്. ഇന്ന് ആ സ്ഥിതിയ്ക്കൊക്കെ വളരെയധികം മാറ്റം വന്നു. സമീപപ്രദേശമായ കരുനാഗപ്പള്ളിയിൽ ഒരു ഗവ. ആശുപത്രി സ്ഥാപിതമായതോടെ ആധുനിക ചികിത്സാസമ്പ്രദായത്തിന്റെ പ്രയോജനം പഞ്ചായത്തിൽ മിക്കവർക്കും ലഭ്യമായി. വർഷങ്ങൾക്കു ശേഷം ശൂരനാടിന്റെ വടക്കൻ ഭാഗത്ത് ഒരു ആശുപത്രി സ്ഥാപിക്കപ്പെട്ടു. തുടർന്ന് ശൂരനാട് പഞ്ചായത്തിന്റെ വിഭജനത്തെ തുടർന്ന് പതാരം ആസ്ഥാനമാക്കി ശൂരനാട് തെക്ക് പ്രൈമറി ഹെൽത്ത് സെന്റർ 1973 ൽ സ്ഥാപിച്ചു.

ആധുനിക വിദ്യാഭ്യാസ നിലവാരം ഉയർന്നതിന്റെയും പ്രതിരോധ കുത്തിവെയ്പുകളുടെയും ഫലമായി പണ്ടുണ്ടായിക്കൊണ്ടിരുന്ന പല രോഗങ്ങളും പാടെ മാറി. പകരം ഹൃദയസംബന്ധമായ രോഗങ്ങൾ, ശ്വാസകോശസംബന്ധമായ രോഗങ്ങൾ, മസ്തിഷ്കരോഗങ്ങൾ, അർബുദം, ആസ്മാ, രക്തസമ്മർദ്ദം ടി.ബി. തുടങ്ങിയവ ഇവിടെ സർവ്വസാധാരണമായി. സമ്പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്ത ക്ഷയം പോലെയുള്ള രോഗങ്ങൾ ഇപ്പോൾ പുനർജ്ജനിച്ചുകൊണ്ടിരിക്കുന്നു.

ആധുനിക ശാസ്ത്രവും ചികിത്സാരീതികളും പുരോഗമിച്ച ഈ കാലഘട്ടത്തിലും ചരട് ജപിച്ചുകെട്ടുക, മന്ത്രംചെയ്ത് ഊതുക, കാവുകളിലേക്ക് നേർച്ചകൾ നേരു

ക, പള്ളിയിൽ നേർച്ച നടത്തുക തുടങ്ങിയ അന്ധവിശ്വാസജടിലങ്ങളായ പല പ്രത്യേക ചികിത്സാ രീതികളും ചുരുക്കം ചിലർ അനുവർത്തിക്കുന്നുണ്ട്. പതാരംകേന്ദ്രമായി സ്ഥാപിച്ച പ്രാഥമികാരോഗ്യ കേന്ദ്രമാണ് പഞ്ചായത്തിലെ ആധുനിക ചികിത്സാരംഗത്തെ പൊതുസ്ഥാപനം. ഇതിനോടൊപ്പം 4 മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന 2 അലോപ്പതി ആശുപത്രികളും 2 ഹോമിയോ ക്ലിനിക്കുകളും 15 പാരമ്പര്യ വൈദ്യൻമാരും 2 പാരമ്പര്യ വിഷ ചികിത്സാ കേന്ദ്രവും പഞ്ചായത്തിലെ ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്നു.

ആരോഗ്യ രംഗത്തെ സ്ഥാപനങ്ങളുടെ സേവനത്തിലുള്ള വൈകല്യങ്ങൾ മൂലം പഞ്ചായത്തിന്റെ പൊതു ആരോഗ്യ സ്ഥിതിയിൽ കാര്യമായ പുരോഗതി ഉണ്ടാവുന്നില്ല (പ്രാണിജന്യ) രോഗങ്ങളും വായൂ ജന്യ രോഗങ്ങളും ജലജന്യ രോഗങ്ങളും ബാധിച്ച വളരെയധികം പേർ പഞ്ചായത്തിന്റെ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ചികിത്സയ്ക്കു വിധേയരായിട്ടുണ്ട്. കുഷ്ഠരോഗം ബാധിച്ച് ചികിത്സയിൽ കഴിയുന്നവരും പഞ്ചായത്തിലുണ്ട്. കാൻസർ രോഗബാധിതരുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവാണ് പഞ്ചായത്തിലെ ആരോഗ്യരംഗം നേരിടുന്ന മറ്റൊരു പ്രശ്നം.പഞ്ചായത്തിലെ ശരാശരി കുടുംബവലിപ്പം 4 ആണ്. കിടത്തി ചികിത്സാ സൗകര്യങ്ങളുള്ള ഒരു ആശുപത്രി ഈ പഞ്ചായത്തിലുണ്ടായിരുന്നിട്ടും ഡോക്ടറുടെ മുഴുവൻ സമയ സേവനം ലഭ്യമല്ലാത്തതിനാൽ പഞ്ചായത്തിലെ ആളുകൾക്ക് പ്രാഥമിക ചികിത്സയ്ക്കായി 14 കി. മീറ്ററും വിദഗ്ദ ചികിത്സയ്ക്കായി 100 കി.മീറ്ററും സഞ്ചരിക്കേണ്ടി വരുന്നു.

ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നമ്മുടെ പ്രാഥമികാരോഗ്യ കേന്ദ്രം ഒരു മാതൃകാ ആരോഗ്യ സ്ഥാപനമായി മാറുകയും സമഗ്ര ആരോഗ്യ പരിപാടികൾ പഞ്ചായത്തടിസ്ഥാനത്തിൽ നടപ്പിലാക്കുക വഴി നമ്മുടെ പഞ്ചായത്തിനെ രോഗരഹിതവും ആരോഗ്യ പൂർണ്ണവുമായ ഒരു മാതൃകാ പഞ്ചായത്താക്കി മാറ്റുക എന്നതുമാണ് നമ്മുടെ ലക്ഷ്യം

## സ്ഥാപനങ്ങളും സേവനങ്ങളും

ശൂരനാട് തെക്ക് പഞ്ചായത്തിലെ ആരോഗ്യ രംഗത്തെ പൊതുസ്ഥാപനങ്ങൾ താഴെപ്പറയുന്നവയാണ്.

പ്രാഥമികാരോഗ്യ കേന്ദ്രം : 1
മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ : 4

ഇവയിലെല്ലാം കൂടി 17 ജീവനക്കാർ ആണുള്ളത്.

പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഡോക്ടറുടെ സേവനം മുഴുവൻ സമയവും ലഭ്യമാകുന്നില്ല. കിടത്തി ചികിത്സാ സൗകര്യങ്ങളുള്ള ഒരു സ്ഥാപനമായിരുന്നിട്ടു കൂടി രോഗികളെ കിടത്തി ചികിത്സിക്കാനോ വേണ്ടത്ര ഫലപ്രദമായ രീതിയിലുള്ള ചികിത്സ നൽകുവാനോ ബന്ധപ്പെട്ടവർ തയ്യാറാകുന്നില്ല. ദിവസേന 300-ഓളം പേർ ചികിത്സയ്ക്ക് എത്തുന്ന ഈ ആശുപത്രിയിൽ 24 മണിക്കൂറും ഡോക്ടർമാരുടെ സേവനം ആവശ്യമായിരുന്നിട്ടും രോഗികൾക്ക് പ്രാഥമിക ശിശ്രൂഷ നൽകാൻ പോലും ഈ സ്ഥാപനത്തിൽ ജീവനക്കാരില്ല. ഡോക്ടറുടെയും ബന്ധപ്പെട്ടജീവനക്കാരുടെയും അഭാവം മൂലം പല അത്യാഹിതങ്ങളും പഞ്ചായത്തിലെ ജനങ്ങൾക്ക് സംഭവിച്ചുകൊണ്ടിരിക്കുന്നു. കിടത്തി ചികിത്സ പരിപൂർണ്ണമായി പ്രാവർത്തികമാക്കാൻ വേണ്ടിയെങ്കിലും രണ്ട് ഡോക്ടർമാരുടെ സേവനം അത്യാവശ്യമാണ്. സ്ത്രീ തൊഴിലാളികൾ വളരെ കൂടുതലുള്ള വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്തിൽ ധാരാളം ഉള്ളതിനാൽ അവരുടെ ക്ഷേമച്ചിന് ഫലപ്രദമായചികിത്സ ലഭ്യമാക്കുന്നതിനുമായി ഒരു വനിതാ ഡോക്ടറെ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിയമിക്കണം.

പഞ്ചായത്തിലെ എല്ലാ വർഡുകളിലും സബ് സെന്ററുകൾ സ്ഥാപിക്കുകയും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സബ് സെന്ററുകൾക്ക് സ്ഥിരമായി കെട്ടിടം നിർമ്മിച്ചു കൊടുക്കുകയും സബ്സെന്ററുകളിലേക്ക് സ്ഥിരം ജീവനക്കാരെ നിയമിക്കുകയും ചെയ്യുകയും P.H സെന്ററിൽ ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറേയും രണ്ട് സ്റ്റാഫ് നേഴ്സിനേയും നിയമിക്കുകയും ആരോഗ്യ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും വേണം. യോഗ്യതയുള്ള പാരാമെഡിക്കൽ ജീവനക്കാരുടെ അഭാവം മൂലം നിലവിലുള്ള ഡോക്ടർമാരുടെ കഴിവും പൂർണ്ണമായി വിനിയോഗിക്കാൻ തടസ്സമാകുന്നു. അതുകൊണ്ട് ആവശ്യമായ പാരാമെഡിക്കൽ ജീവനക്കാരെ നിയമിക്കണം. കൂടാതെ പാരാമെഡിക്കൽ കോഴ്സുകൾക്കായുള്ള ഒരു സ്ഥാപനം പഞ്ചായത്തിൽ സ്ഥാപിക്കണം. ഒരു ഹോമിയോ ആശുപത്രിയും ഒരു ആയൂർവേദ ആശുപത്രിയും പഞ്ചായത്തിൽ സ്ഥാപിക്കുകയും ഗ്രാമീണ ജനങ്ങൾക്ക് ഡോക്ടറുടെ സേവനം പരമാവധി ലഭ്യമാക്കുകയും വേണം.

ആരോഗ്യ പരിപാലനത്തിൽ മരുന്നുകളോളം പ്രാധാന്യം ബോധവൽക്കരണ പ്രവർത്തനങ്ങൾക്കുമുണ്ട്. എന്നാൽ ആരോഗ്യരംഗത്തെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്ന ഒന്നായ ഫീൽഡ് വർക്കർമാരിൽ ഭൂരിഭാഗത്തിലും കണ്ടുവരുന്ന നിഷ്ക്രിയതാ മനോഭാവം പൊതു ആരോഗ്യ സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തുന്നതിനുള്ള ജനങ്ങളുടെ വൈമുഖ്യവും മറ്റൊരു പ്രശ്നമാണ്. ജനങ്ങളിൽ ബോധവൽക്കരണം നടത്തി ആരോഗ്യരംഗത്ത് ഒരു പുതിയ കാഴ്ചപ്പാട് ഉണ്ടാകേണ്ടിയിരിക്കുന്നു.

പട്ടിക 1

ആരോഗ്യം

## പഞ്ചായത്തിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ

| നമ്പർ | സ്ഥാപനങ്ങൾ | വാർഡ് | സ്ഥാപിച്ച വർഷം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | പ്രൈമറി ഹെൽത്ത് സെന്റർ ശൂരനാട് തെക്ക് | 4 | 30-06-1973 | 13 |
| 2 | സബ്സെന്റർ കിടങ്ങയം | 1 | —— | 1 |
| 3 | സബ്സെന്റർ കിടങ്ങയംവടക്ക് | 2 | —— | 1 |
| 4 | സബ്സെന്റർ തൃക്കുന്നപ്പുഴവടക്ക് | 6 | —— | 1 |
| 5 | സബ്സെന്റർ | 9 | —— | 1 |

# പരിസരശുചിത്വം

## കക്കൂസ്

പൊതുജനാരോഗ്യത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ കുടിവെള്ളം കഴിഞ്ഞാൽ പ്രാധാന്യമർഹിക്കുന്ന മറ്റൊന്നാണ് പരിസരശുചിത്വം. പരിസരശുചിത്വം പാലിക്കുന്നതിന് പ്രഥമമായി വേണ്ട ഒന്നാണ് കക്കൂസ്. പഞ്ചായത്തിലെ 50% വീടുകളിലും നിലവിൽ കക്കൂസില്ല അതിനാൽ വിരശല്യം, വയറിളക്കരോഗങ്ങൾ എന്നിവ കൂടുതലായി കുട്ടികളിൽ കണ്ടുവരുന്നു. ഈ പഞ്ചായത്തിലെ എല്ലാ വീടുകളിലും നിർബന്ധമായി കക്കൂസ് ഉണ്ടാകണം. കക്കൂസ് നിർമ്മിക്കാത്തതിന്റെ പ്രധാന കാരണങ്ങൾ സാമ്പത്തിക പരാധീനത വേണ്ടത്ര ബോധമില്ലായ്മ സ്ഥലപരിമിതി മുതലായവയാണ്. എല്ലാ വീടുകൾക്കും കക്കൂസ് എന്ന ആശയത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരണം നടത്തേണ്ടതാണ്.പതാരം, കക്കാക്കുന്ന് തുടങ്ങിയ പൊതു വിപണികൾ കേന്ദ്രമാക്കിയും വായനശാലജംഗ്ഷൻ, കുമരൻചിറ എന്നിവിടങ്ങളിലും ഒരോ പബ്ലിക്ക് കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കണം. ഗ്രാമസഭകളിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ കക്കൂസ് നിർമ്മാണത്തിൽ അനുഭവപ്പെടുന്ന പ്രയാസങ്ങളും അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങളും താഴെപ്പറയും വിധം സംഗ്രഹിക്കാം.

| തടസ്സകാരണം | പരിഹാരം |
|---|---|
| 1. സാമ്പത്തിക പരാധീനത | സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ സഹായത്താൽ സാമ്പത്തിക സമാഹരണം നടത്തണം. |
| 2. സ്ഥലപരിമിതി ( കോളനികളിലും ജനങ്ങൾ തിങ്ങിപ്പാർക്കുന്ന മറ്റുസ്ഥലങ്ങളിലും) | പൊതു കക്കൂസുകൾ നിർമ്മിച്ച് ഈ പ്രശ്നം പരിഹരിക്കാം. |
| 3. ആവശ്യകത വേണ്ടത്ര ബോധ്യപ്പെടാത്തതിനാൽ | ആരോഗ്യ ബോധവല്ക്കരണ യൂണിറ്റിന്റെ പ്രവർത്തനം വിപുലമാക്കുക, ആരോഗ്യപ്രവർത്തകർ, ഉദ്യോഗസ്ഥർ എന്നിവരെ ബന്ധപ്പെടുത്തി അയൽക്കൂട്ടങ്ങളിൽ അല്ലെങ്കിൽ വാർഡ് അടിസ്ഥാനത്തിൽ ചർച്ചാക്ലാസ്സ് സംഘടിപ്പിക്കുകയും സ്ലൈഡ്, വീഡിയോ, ഫീൽഡ് പബ്ലിസിറ്റി വിഭാഗത്തിന്റെ പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കുക. |

വ്യവസായ ശാലകൾ കുറവാണെങ്കിലും പഞ്ചായത്തിന്റെ ചില വാർഡുകളിൽ പ്രവർത്തിക്കുന്ന ഇഷ്ടിക ചൂള, കശു വണ്ടി ഫാക്ടറി തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും പുറ പ്പെടുന്ന പുക പരിസരമലിനീകരണത്തിന് ഒരു മുഖ്യപങ്ക് വഹിക്കുന്നു. ജനസംഖ്യാവർദ്ധനവ് മൂലം പരിസരമലിനീ കരണം കൂടുതൽ രൂക്ഷമാകാൻ ഇടയുണ്ട്. പൊതുവായി ശുചീകരണപ്രവർത്തനത്തിന് പഞ്ചായത്തിൽ സ്ഥിരമായി ജീവനക്കാരെ നിയമിക്കുകയും അങ്ങനെ "ശൂരനാട് തെക്ക് പഞ്ചായത്ത് ഒരു ക്ലീൻ പഞ്ചായത്ത്" എന്ന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുകയും ആണ് വേണ്ടത്. പരി സരശുചീകരണത്തിന്റെ അഭാവത്തെക്കുറിച്ചുള്ള പരാതി കൾ പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നും, ഗ്രാമ സഭകളിൽ ഉയർന്നുവന്നിട്ടുണ്ട്.

ഗ്രാമസഭകളിൽ ഉയർന്നുവന്ന പ്രശ്നങ്ങളും പരി ഹാരമാർഗ്ഗങ്ങളുമാണ് താഴെ സംഗ്രഹിച്ചിരിക്കു ന്നത്.

## ഇഷ്ടിക വ്യാപാരം

പഞ്ചായത്തിലെ 1,2,3 വാർഡുകളിൽ പ്രവർത്തി ക്കുന്ന ഇഷ്ടിക കമ്പനികളിൽ നിന്നും വരുന്ന ഹാനികര മായ പുക പരിസരവാസികൾക്ക് ഹൃദ്രോഗങ്ങൾക്കും ശ്വാസകോശസംബന്ധമായ അസുഖങ്ങൾക്കും ഇടവരുത്തി ക്കൊണ്ടിരിക്കുകയാണ്. ഇതിന് പരിഹാരമായി ഇപ്പോൾ നിലവിലുള്ള ചൂളകൾക്ക് നിയമാനുസൃതമായ രീതിയി ലുള്ള പുകക്കുഴലുകൾ സ്വയം നിർമ്മിക്കുകയും മനുഷ്യർ നേരിട്ടുകൊണ്ടിരിക്കുന്ന ഈ മാരകമായ ദുരന്തം ഒഴിവാ ക്കുകയും വേണം. അല്ലാത്ത പക്ഷം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് നിർബന്ധമായും റദ്ദ് ചെയ്യ ണം

## ക്രഷർ

ക്രഷർ യൂണിറ്റുകൾ സ്ഥിതിചെയ്യുന്ന പ്രദേശ ങ്ങളിൽ വൻതോതിൽ വൃക്ഷതൈകൾ വച്ചുപിടിപ്പിച്ച് പൊടിപടലങ്ങളാൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ആമാശയ, ശ്വാസകോശ സംബന്ധമായ രോഗങ്ങളിൽ നിന്നും പരി സരവാസികളെ സംരക്ഷിക്കണം.

## കശുവണ്ടി വ്യവസായം

പഞ്ചായത്തിൽ 6 കശുവണ്ടി വ്യവസായ സ്ഥാപ നങ്ങളുണ്ട്. 99% വും സ്ത്രീതൊഴിലാളികളാണ് കശുവണ്ടി മേഖലയിൽ പണിയെടുക്കുന്നത്. സ്ത്രീ തൊഴിലാളികളുടെ സൗകര്യാർത്ഥം കശുവണ്ടിവ്യവസായ സ്ഥാപനങ്ങളിൽ ക്രഷ് യൂണിറ്റുകൾ നിർബന്ധമായും സ്ഥാപിക്കുകയും ക്രഷുകളിൽ ആയമാരെ നിയമിക്കുകയും വേണം. കശു വണ്ടിവ്യവസായസ്ഥാപനങ്ങളിൽ തൊഴിലാളികളുടെ എണ്ണ ത്തിനനുസരിച്ച് സ്വതന്ത്രമായി തൊഴിൽ ചെയ്യുന്നതിനുള്ള സ്ഥലസൗകര്യം ഉണ്ടാക്കിക്കൊടുക്കണം. വ്യവസായസ്ഥാ പനങ്ങളിൽ കാന്റീൻ സൗകര്യം നിർബന്ധമാക്കുകയും വേണം. ഇങ്ങനെയുള്ള സ്ഥാപനങ്ങളിലെ തൊഴിലാളിക ളുടെ ആരോഗ്യ സംരക്ഷണത്തിന്റെ ഭാഗമായി ഫാക്ടറി നിയമത്തിൽ അനുശാസിക്കുന്ന തരത്തിലുള്ള അവശ്യം വേണ്ട വസ്തുക്കൾ - സോപ്പ്, എണ്ണ, വെള്ളം, ഗ്ലാസ്സ് മുതലായവ ആവശ്യാനുസരണം നൽകണം.

## മത്സ്യം

ഉപയോഗയോഗ്യമല്ലാത്ത മത്സ്യം വിപണനംചെ യ്യുന്ന സമ്പ്രദായം നിർത്തലാക്കണം. ഭക്ഷണശാലകളിൽ വിതരണം ചെയ്യുന്ന ഭക്ഷണസാമഗ്രികൾ ഗുണനിലവാര മുള്ളതാണെന്ന് ഉറപ്പുവരുത്തുകയും പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഭക്ഷണശാലകളിലെ ഭക്ഷണപദാർത്ഥങ്ങ ളുടെ വില്പ്പന ആരോഗ്യ നിയമങ്ങൾക്ക് വിധേയമാക്കേ ണ്ടതും അവ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുക യും വേണം. ഭക്ഷണശാലകളിൽ ജോലിചെയ്യുന്നവർക്ക് ഹെൽത്ത് കാർഡ് സമ്പ്രദായം നടപ്പിലാക്കേണ്ടതാണ്. പരിസരശുചീകരണത്തിന്റെ ഭാഗമായി അങ്ങാടികൾ ശുചീ കരിക്കുകയും കച്ചവടക്കാരെ ബോധവൽക്കരിക്കുകയും ചെയ്യുന്നതോടൊപ്പം ആയത് പാലിക്കാത്തവരിൽ നിന്ന് പിഴ ഈടാക്കേണ്ടതുമാണ്.

കുടിവെള്ള സ്രോതസ്സുകൾ കാലാകാലങ്ങളിൽ ശുദ്ധിചെയ്ത് മാരകമായ പകർച്ച വ്യാധികളെ തടയണം. പൊതു നിരത്തുകളിലും മറ്റും മലിനജലം കെട്ടിക്കിടക്കു ന്നത് കൊതുക് വർദ്ധനവിന് കാരണമാകുകയും അത് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് ഇടയാക്കുകയും ചെയ്യും. കൊതുകുനിവാരണ പ്രവർത്തനങ്ങൾ വാർഡ് അടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മിറ്റി ചുമതലപ്പെടുത്തുന്ന മെമ്പറുടെ നേതൃത്വത്തിൽ നടത്തേണ്ടതാണ്.

## അറവുശാല

പഞ്ചായത്തിൽ നിയമാനുസൃതമായ ഒരു അറവു ശാല ഇല്ലായെങ്കിലും വിപണനത്തിന്റെ ലൈസൻസ് വച്ചു കൊണ്ട് അതിന്റെ മറവിൽ ആടുമാടുകളെ കശാപ്പ്ചെ യ്യുന്ന സമ്പ്രദായം നിലവിലുണ്ട. ഈ സമ്പ്രദായം നിരോ ധിക്കുകയും പഞ്ചായത്തിൽ ഒരു അറവുശാല സ്ഥാപി ക്കുകയും വേണം. വിദഗ്ദ്ധ പരിശോധനയ്ക്ക് വിധേയ മാക്കിയ മൃഗങ്ങളെ മാത്രം അറവുശാലകളിൽ വെട്ടാനായി ഉപയോഗിക്കുകയും വിപണനകേന്ദ്രങ്ങളിൽ നിന്നും വിത

രണം ചെയ്യുന്ന മാംസം പരിശോധനാവിധേയമാക്കിയതുമായിരിക്കണം. കശാപ്പ് ചെയ്യുന്ന മൃഗങ്ങളുടെ അവശിഷ്ടങ്ങൾ സേഫ്റ്റി ടാങ്കുകളിൽ നിക്ഷേപിക്കുകയും വേണം

## യോഗപരിശിലനകേന്ദ്രം.

ആരോഗ്യ പരിപാലനത്തിന്റെ ഭാഗമായി പഞ്ചായത്തിലെ ജനങ്ങളുടെ കായിക പരിശീലനത്തിനും യോഗാഭ്യാസത്തിനും ഉതകുന്ന ഒരു യോഗപരിശീലനകേന്ദ്രം പഞ്ചായത്തടിസ്ഥാനത്തിൽ സ്ഥാപിക്കണം. പഞ്ചായത്തിൽ നിലവിലുള്ള കലാസാംസ്കാരിക സംഘടനകളെ ഏകോപിപ്പിച്ചുകൊണ്ട് ഒരു യോഗ പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതാണ് നല്ലത്. ശരിയായ പരിശീലനം നല്കുക വഴി പഞ്ചായത്തിലെ ജനതയുടെ കായികവും മാനസികവുമായ ആരോഗ്യം മെച്ചപ്പെടുത്തുവാൻ സാധിക്കും.

## വയോജന ആരോഗ്യ കേന്ദ്രം

സമൂഹത്തിലെ വൃദ്ധജനങ്ങളുടെ ആരോഗ്യ പരിപാലനത്തിനും കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനുമായി പഞ്ചായത്താസ്ഥാനമായ പതാരത്തിൽ ഒരു വയോജന കേന്ദ്രം സ്ഥാപിക്കേണ്ടതാണ്. പ്രായമായവരുടെ മാനസികവും ശാരീരികവുമായ പ്രശ്നങ്ങൾ പ്രത്യേകം കൈകാര്യം ചെയ്യുവാൻ പരിശിലനം നേടിയവരെ ഉപയോഗിച്ച് അവരുടെ ആരോഗ്യപരവും മാനസികവുമായ ഉയർച്ചക്കാവശ്യമായ പദ്ധതികൾ രൂപപ്പെടുത്തേണ്ടതാണ്. വയോജന കേന്ദ്രങ്ങളിലെ അംഗങ്ങളെക്കൊണ്ട് അവരാൽ കഴിയുന്ന തൊഴിൽ ചെയ്യിച്ച് വരുമാനമുണ്ടാക്കുകയും സർക്കാരിൽ നിന്നും പൊതുജനങ്ങളിൽ നിന്നും പണം സമാഹരിച്ച് ഫണ്ടുണ്ടാക്കി അവരുടെ ക്ഷേമത്തിനുവേണ്ടി ഉപയോഗിക്കുകയും ചെയ്യാം.

## ഹെൽത്ത് കാർഡ് സംവിധാനം

പഞ്ചായത്തടിസ്ഥാനത്തിൽ ഹെൽത്ത് കാർഡ് സംവിധാനം ഏർപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. ചികിത്സാരംഗത്ത് വളരെയധികം ഗുണംചെയ്യുന്ന ഒന്നാണ് ഹെൽത്ത് കാർഡ്. ചികിത്സയ്ക്കായി എത്തുന്നവരുടെ മുൻകാല ആരോഗ്യ നിലയെക്കുറിച്ചുള്ള വിവരങ്ങൾ, രോഗനിർണ്ണയം വേഗത്തിലും കുറ്റമറ്റതാക്കാനും സഹായിക്കും. രക്തഗ്രൂപ്പ് തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ എല്ലാം കാർഡിലും രേഖപ്പെടുത്തുകയും ഇതിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുകയും വേണം.

ആരോഗ്യരംഗത്തെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നിയന്ത്രണം കൂടുതൽ ഫലപ്രദമാക്കാനുതകുന്ന തരത്തിൽ നിയമനിർമ്മാണങ്ങൾ നടപ്പിലാക്കേണ്ടത് അത്യാവശ്യമാണ്

## പാരമ്പര്യവൈദ്യചികിത്സ

ലേഖനം ചെയ്യപ്പെടാതെ വാമൊഴിയായും വരമൊഴിയായും തലമുറകളിലൂടെ പകർന്നുകിട്ടുന്ന അറിവുകളുടെ സമാഹാരമാണ് പാരമ്പര്യ വൈദ്യം. 25 വൈദ്യ കുടുംബങ്ങൾ ശൂരനാട് തെക്ക് പഞ്ചായത്തിൽ ഈ രംഗത്ത് സേവനമനുഷ്ഠിക്കുന്നുണ്ട്. ഇവരുടെ ഏകീകരണം വഴി പലതായി ചിതറിക്കിടക്കുന്ന വൈദ്യ വിജ്ഞാനം ഏകോപിപ്പിക്കുവാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്. പാരമ്പര്യവൈദ്യചികിത്സ ഫലപ്രദമാക്കുന്നതിനുവേണ്ടി പഞ്ചായത്തടിസ്ഥാനത്തിൽ ഒരു ഔഷധസസ്യ സൊസൈറ്റി സ്ഥാപിക്കണം. നമ്മുടെ പഞ്ചായത്തിലെ തരിശായിക്കിടക്കുന്ന പ്രദേശങ്ങളുടെ ചില ഭാഗങ്ങൾ ഇതിനായി ഉപയോഗിച്ച് ഔഷധസസ്യ കൃഷി നടപ്പിലാക്കേണ്ടത് വളരെ അത്യാവശ്യമാണ്.

ജനങ്ങളുടെ ആരോഗ്യത്തിന് ഹാനികരമായി ബാധിക്കുന്ന മദ്യപാനം, പുകവലി, പുകയില എന്നിവയുടെ ഉപയോഗം പൂർണ്ണമായും നിയന്ത്രിക്കുന്നതിനുവേണ്ട ബോധവല്ക്കരണ പരിപാടികൾ ജനങ്ങളുടെ ഇടയിൽ നടത്തേണ്ടത് വളരെ അത്യാവശ്യമാണ്. രക്തദാനത്തെക്കുറിച്ച് ജനങ്ങളുടെ ഇടയിൽ നിലവിലുള്ള ഭയാശങ്കകൾ ദൂരീകരിക്കുക, നേത്രദാനത്തിന്റെ മഹത്വം ബോധ്യപ്പെടുത്തുക വഴി ദാതാക്കളുടെ രജിസ്ട്രേഷൻ വ്യാപകമാക്കുകയും ജില്ലാനേത്ര ബാങ്കുമായി ബന്ധപ്പെട്ട് പ്രവർത്തനം കാര്യക്ഷമമാക്കുക എന്നിവ അടിയന്തിര പ്രാധാന്യമർഹിക്കുന്നവയാണ്.

നിലവിലുള്ള സാഹചര്യങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി ആരോഗ്യരംഗത്തെ സ്ഥാപനങ്ങളെയും സന്നദ്ധ സംഘടനകളെയും കൂട്ടിയിണക്കിയാൽ 'ശുചിത്വ ഗ്രാമം ആരോഗ്യ ഗ്രാമം' എന്ന സ്വപ്നം യാഥാർത്ഥ്യമാക്കാൻ നമുക്ക് കഴിയും. അതിനാകട്ടെ ഇനിയുള്ള നമ്മുടെ മുഴുവൻ ശ്രമവും..

| വാർഡ് | സ്ഥാപനങ്ങൾ | | കാണപ്പെടുന്ന പ്രധാന രോഗങ്ങൾ | പ്രവർത്തനത്തെ ക്കുറിച്ചുള്ള വിലയിരുത്തൽ | മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|
| | പൊതു സ്ഥാപനങ്ങൾ | സ്വകാര്യ സ്ഥാപനങ്ങൾ | | | |
| 1 | സബ് സെന്റർ ഒന്ന് | സ്വകാര്യമേഖലയിൽ സ്ഥാപനങ്ങളില്ല. | മഞ്ഞപ്പിത്തം, ചെങ്കണ്ണ്, ചിക്കൻപോക്സ്, ദന്തരോഗങ്ങൾ | ഒട്ടും തൃപ്തികരമല്ല അടുത്തുള്ള പി.എച്ച്. സെന്ററിലെ ഡോക്ടറുടെ മുഴുവൻ സമയ സേവനം ലഭ്യമാകുന്നില്ല | മുഴുവൻ സമയ മിഡ്‌വൈഫിനെ നിയമിക്കുകയും മരുന്നുകൾ ലഭ്യമാക്കുന്നതിനും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ആശുപത്രി വികസന സമിതിയെ മെമ്പർ ചുമതലപ്പെടുത്തുകയും വേണം. |
| 2 | സബ്സെന്റർ ഒന്ന് | ഹോമിയോ ക്ലിനിക് | വയറിളക്കം, മഞ്ഞപ്പിത്തം, ചെങ്കണ്ണ്, ആസ്മ. | ഒട്ടും തൃപ്തികരമല്ല. സബ്സെന്ററിന് സ്വന്തം കെട്ടിടം ഇല്ല. ആരോഗ്യ ക്ലാസ്സുകൾ നടത്താറില്ല | ആവശ്യമായ മരുന്നുകൾ സബ്സെന്ററുകൾ വഴി ലഭ്യമാക്കുകയും സബ്സെന്റർ 24 മണിക്കൂറും പ്രവർത്തിക്കുകയും വേണം |
| 3 | സബ് സെന്റർ ഇല്ല പി.എച്ച് സെന്റർ ഇല്ല. | സ്വകാര്യമേഖലയിൽ സ്ഥാപനങ്ങളില്ല | ഛർദ്ദി, വയറിളക്കം, മഞ്ഞപ്പിത്തം, ചിക്കൻ പോക്സ് ആസ്മ | പ്രവർത്തനം ഒന്നുംതന്നെയില്ല | സബ് സെന്റർ സ്ഥാപിക്കുക |
| 4 | പി. എച്ച് സെന്റർ 1 | അലോപതി ക്ലിനിക് 2, ഹോമിയൊപതി ക്ലിനിക് 1 | ദന്തരോഗങ്ങൾ മഞ്ഞപ്പിത്തം,ചെങ്കണ്ണ്,ചിക്കൻപോക്സ്, ഹൃദ്രോഗം | പ്രതിരോധകുത്തിവയ്പുകൾ നടത്താറുണ്ട്. ആവശ്യത്തിനുള്ള മരുന്നുകൾ ലഭ്യമല്ല. സബ്സെന്ററിന് പ്രത്യേകം കെട്ടിടമില്ല. ആരോഗ്യക്ലാസുകൾ നടത്താറില്ല. പകർച്ചാവ്യാധികൾക്കുള്ള യാതൊരു ചികിത്സയും ലഭ്യമല്ല. | പി. എച്ച്. സെന്ററിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക. ഒരു ഗൈനക്കോളജിസ്റ്റിനേയും ശിശുരോഗവിദഗ്ദനേയും അടിയന്തിരമായി നിയമിക്കണം. ഒരു ജൂനിയർഹെൽത്ത് ഇൻസ്പെക്ടറെയും ഒരു സ്റ്റാഫ്നെഴ്സിനെയും നിയമിക്കണം ഒരു ദന്തഡോക്ടറെ നിയമിക്കുക. സബ്സെന്ററിന്റെ സൗകര്യം വർദ്ധിപ്പിക്കുകയും ഗൃഹസന്ദർസനം ഉറപ്പാക്കുകയും വേണം. |
| 5 | ആരോഗ്യ സ്ഥാപനങ്ങളില്ല. | സ്വകാര്യമേഖലയിൽസ്ഥാപനങ്ങളില്ല | മഞ്ഞപ്പിത്തം, ചെങ്കണ്ണ്, ചിക്കൻപോക്സ്, പനി. | കുട്ടികൾക്കുള്ള കുത്തിവയ്പുകൾ നടത്താറുണ്ട്. ആരോഗ്യക്ലാസ്സുകൾ നടത്താറില്ല | സബ്സെന്റർ സ്ഥാപിച്ച് മരുന്നുകൾ ലഭ്യമാക്കുക. പി. എച്ച്. സെന്ററിൽ കിടത്തിചികിത്സ സൗകര്യപ്പെടുത്തണം. ആരോഗ്യക്ലാസ്സുകളും ഗൃഹസന്ദർശനവും ഉറപ്പാക്കണം. |
| 6 | ആരോഗ്യ സ്ഥാപനങ്ങളില്ല | സ്വകാര്യമേഖലയിൽ സ്ഥാ പനങ്ങളില്ല | മഞ്ഞപ്പിത്തം, വയറിളക്കം, ദന്തരോഗങ്ങൾ, ചിക്കൻപോക്സ്, ഹൃദ്രോഗങ്ങൾ | പ്രതിരോധകുത്തിവയ്പുകൾ നടത്താറുണ്ട് പി. എച്ച് സെൻന്ററിൽ കീഴ്ജീവനക്കാർ കുറവാണ്. ആരോഗ്യക്ലാസ്സുകൾ നടത്താറില്ല | സബ്സെന്റർ സ്ഥാപിക്കണം. പി. എച്ച്. സെന്ററിൽ വിദഗ്ദ ചികിത്സയ്ക്കുള്ള പ്രാഥമിക സൗകര്യങ്ങൾ ഉണ്ടാക്കണം. |
| 7. | സബ്സെന്റർ - 1 | ഹോമിയോ ക്ലിനിക് - 1 | മഞ്ഞപ്പിത്തം, ചിക്കൻപോക്സ്, ചർദ്ദി വാത രോഗങ്ങൾ | പ്രതിരോധകുത്തിവയ്പുകൾ നടത്താറുണ്ട് ആരോഗ്യ ക്ലാസ്സുകൾ നടത്താറില്ല. സബ്സെന്ററിൽ ഡോക്ടറുടെ സേവനം ലഭ്യമല്ല. | അംഗനവാടികളിലൂടെ പോഷകാഹാരം വിതരണം ചെയ്യണം. സബ്സെന്ററിൽ സ്ഥിരമായി ഒരു ഡോക്ടറെ നിയമിക്കണം. |
| 8 | സബ്സെന്റർ ഇല്ല. | സ്വരാര്യ മേഖലയിൽ ആരോഗ്യ സ്ഥാപനങ്ങളില്ല | മഞ്ഞപ്പിത്തം, ദന്തരോഗങ്ങൾ, ചിക്കൻ പോക്സ്, ചൊറി | ആരോഗ്യക്ലാസ്സുകൾ നടത്താറില്ല. | പി.എച്ച് സെന്ററിൽ അത്യാവശ്യ മരുന്നുകൾ എത്തിക്കാൻ നടപടികൾ എടുക്കണം. പൊതുജനാരോഗ്യ ക്ലാസ്സുകൾ നടത്തണം. |
| 9. | സബ് സെന്റർ 1 | സ്വകാര്യ മേഖലയിൽ ആരോഗ്യ സ്ഥാപനങ്ങളില്ല | പനിമഞ്ഞപ്പിത്തം,ചിക്കൻപോക്സ് വാത രോഗങ്ങൾ | പ്രതിരോധ കിത്തിവെയ്പുകൾ നടത്താറുണ്ട്.ആരോഗ്യ ക്ലാസ്സുകൾ നടത്താറില്ല | കിടത്തിചികിത്സാ സൗകര്യമുള്ള ഒരു ആയുർവേദാശുപത്രി സ്ഥാപിക്കണം. സബ്സെന്റർ അപ്ഗ്രേഡ് ചെയ്ത് ഡിസ്പെൻസറി ആക്കുക |

| | | | | | |
|---|---|---|---|---|---|
| 10. | സബ് സെന്റർ ഇല്ല | സ്വകാര്യ മേഖലയിൽ സ്ഥാപനങ്ങളില്ല | മഞ്ഞപ്പിത്തം ചിക്കൻപോക്സ് പ്രമേഹം,വാതരോ ഗങ്ങൾ | പ്രതിരോധ കുത്തിവെയ്പ്പുകൾ നടത്താറുണ്ട് ആരോഗ്യ ക്ലാ സ്സുകൾ നടത്താറില്ല | പി.എച്ച് സെന്ററിൽ അത്യാ വശ്യം മരുന്നുകൾ ലഭ്യ മാക്കുകയും കിടത്തി ചികിത്സ പ്രാവർത്തികമാക്കുകയും ചെയ്യണം. ഫീൽഡ് വർക്കർ മാരുടെ ഗൃഹസന്ദർശനം വ്യപകമാക്കണം. ഹോമിയോ ആശുപത്രി സ്ഥാപിക്കണം |

## ആരോഗ്യം, പരിസരമലിനീകരണം

<u>പ്രശ്നങ്ങൾ</u>

### എ. പഞ്ചായത്തു തലം

A) 1. ഒരു ആയൂർവേദ ആശുപത്രി സ്ഥാപിക്കുക.

2. ഒരു പൊതു ശ്മശാനം സ്ഥാപിക്കുക.

3. ഒരു E.S.I ആശുപത്രി സ്ഥാപിക്കുക.

4. ശൂരനാട് തെക്ക് പി.എച്ച് സെന്ററിന് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുകയും ശിശുരോഗ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുക.

5. ശ്വാസകോശ സംബന്ധമായ രോഗങ്ങൾ, ക്ഷയം എന്നിവയ്ക്കുള്ള പ്രതിരോധ നടപടികൾ കാര്യക്ഷമമാക്കുക.

6. ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കുക.

7. സാംക്രമിക രോഗങ്ങൾ തടയുന്നതിനുള്ള നടപടികളെടുക്കുകയും ബോധവൽക്കരണ സെമിനാറുകൾ നടത്തി ജനങ്ങളെ പരമാവധി പങ്കെടുപ്പിക്കുകയും ആരോഗ്യ സർവ്വേ നടത്തുകയും ചെയ്യുക.

8. പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ പി.എച്ച് സെന്ററുമായി ബന്ധപ്പെടുത്തി വാർഡു തലത്തിൽ രക്തഗ്രൂപ്പു നിർണ്ണയം നിർബന്ധമാക്കണം.

9. തെരുവുനായ്ക്കളെ നശിപ്പിക്കുകയും വീട്ടിൽ വളർത്തുന്ന നായ്ക്കൾക്ക് ലൈസൻസ് നല്കുകയും പേ വിഷബാധയിൽ നിന്നും പഞ്ചായത്തിനെ രക്ഷിക്കുകയും ചെയ്യുക.

10. പി.എച്ച് സെന്ററിൽ ഒരു ഗൈനക്കോളജിസ്റ്റിനേയും ശിശുരോഗ വിദഗ്ദനേയും നിയമിച്ച് അവരുടെ മുഴുവൻ സമയ സേവനം ലഭ്യമാക്കുകയും 120 അടി നീളത്തിലുള്ള ഒരു I.P. വാർഡ് കൂടി സ്ഥാപിച്ച് ഹെൽത്ത് സെന്റർ പ്രവർത്തനം കാര്യക്ഷമമാക്കുക.

11. പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് പച്ചക്കറി കൃഷി വ്യാപകമാക്കുക.

12. ആരോഗ്യ രംഗത്ത് ഇനിയുള്ള നിയമനങ്ങളിൽ 'മഹിളാ സ്വസ്ത് സംഘ്' പ്രവർത്തകർക്ക് മുൻഗണന നൽകുക.

13. കൊതുകു നിവാരണം, എലി നശീകരണം എന്നിവയ്ക്കു വേണ്ട നടപടികളെടുക്കുക.

14. കിണറുകൾ, കനാലുകൾ എന്നിവ യഥാസമയങ്ങളിൽ ശുദ്ധീകരിക്കുക.

15. പഞ്ചായത്താസ്ഥാനമായ പതാരത്തിലും പ്രധാനഭാഗങ്ങളായ കക്കാക്കുന്ന്, വായനശാല, കുമരംചിറ, കുഴിയത്തുമുക്ക് എന്നിവിടങ്ങളിലും വെയിറ്റിംഗ് ഷെഡ്ഡും, കക്കൂസും മൂത്രപ്പുരയും സ്ഥാപിക്കുക.

16. എല്ലാ വീടുകൾക്കും കക്കൂസ് നിർമ്മിച്ചുകൊടുക്കുക.

17. പൊതുനിരത്തുകളിൽ നിന്നും മലിനജലം ഒഴുക്കി കളയുന്നതിന് ഡ്രെയിനേജ് സിസ്റ്റം നടപ്പിലാക്കുക.

18. അറവുശാലകളിൽ കശാപ്പിനായി കൊണ്ടു വരുന്ന മൃഗങ്ങളെ നിർബന്ധമായും പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും ഇറച്ചിവെട്ട് കേന്ദ്രത്തിൽ സേഫ്റ്റി ടാങ്ക് നിർമ്മിക്കേണ്ടതുമാണ്.

19. പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പരിസരം ശുചിയാക്കുന്നതിന് M.S.S പ്രവർത്തകർക്ക് വേതനം നല്കി അവരെ ചുമതലപ്പെടുത്തേണ്ടതാണ്.

## B. വാർഡുതലം

### വാർഡ് 1

1. 726/8 A യിൽ താമസിക്കുന്ന ഹരിജൻ കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിച്ച് കൊടുക്കുക.
2. ഇഷ്ടിക ചൂളകളിലേയും കശുവണ്ടി ഫാക്ടറികളിലേയും പുകക്കുഴൽ 50 അടി ഉയരത്തിൽ സ്ഥാപിക്കുക.

### വാർഡ് 2

1. വാർഡിന്റെ മദ്ധ്യഭാഗത്ത് പി.എച്ച് സെന്ററിന്റെ സബ്സെന്റർ സ്ഥാപിക്കുക.
2. അറവുശാലകളിലെ അവശിഷ്ടങ്ങൾ നിക്ഷേപിക്കുന്നതിന് സേഫ്ടി ടാങ്ക് നിർമ്മിക്കുക
3. കിടങ്ങയം വടക്ക് എൽ.പി.എസി ന്റെ മേൽക്കൂരയിൽ നിന്നും വവ്വാൽ തുടങ്ങിയവയുടെ കാഷ്ഠവും മൃത ശരീരങ്ങളും കിട്ടികൾക്ക് ഉച്ചഭക്ഷണം കൊടുക്കുവാൻ വേണ്ടി സൂക്ഷിച്ചിരിക്കുന്ന ഭക്ഷണ സാധനങ്ങളിൽ വീണ് അവ ദ്രവിച്ച് രോഗകാരികഴായ പ്രാണികളും വിഷ പദാർത്ഥങ്ങളും കലരുന്നതിനാൽ ഇപ ഉപയോഗിച്ച് പാകം ചെയ്യുന്ന ആഹാരം കഴിച്ച് കുട്ടികൾക്ക് പലവിധത്തിലുള്ള രോഗങ്ങൾ ഉണ്ടാകുന്നു. ഉതു തടയുന്നതിനു വേണ്ട നടപടികൾ സ്വികരിക്കുക.

### വാർഡ് 3

1. കുടുംബക്ഷേമ ഉപകേന്ദ്രം സ്ഥാവിക്കുക.
2. ശ്വാസകോശസംബന്ധമായ രോഗങ്ങൾ ധാരാളമായി കണ്ടുവരുന്ന സാഹചര്യത്തിൽ ആരോഗ്യസർവ്വെ നടത്തി രോഗകാരണങ്ങൾ കണ്ടുപിടിക്കുക.

### വാൾഡ് 4

1. ഒരു മാതൃ ശിശുസംരക്ഷണ കേന്ദ്രം വായനശാലമുക്കിൽ സ്ഥാപിക്കുക.
2. കുഴിയത്തുമുക്കിലും വായനശാലമുക്കിലും മൂത്രപ്പുരകളും വെയിറ്റിംഗ് ഷെഡ്ഡും സ്ഥാപിക്കുക.
3. കുഴിയത്തുമുക്കിലും വായനശാല ജംഗ്ഷനിലും മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് കമ്പോസ്റ്റ് ടാങ്കുകൾ നിർമ്മിക്കുക.

### വാർഡ് 5

1. സബ്സെന്റർ സ്ഥാപിക്കുക.
2. കൊതുകു നിവാരണ പദ്ധതി ആസൂത്രണം ചെയ്യുക.
3. എലി നശീകരണം നടത്തുക.

### വാർഡ് 6

വാർഡിൽ പ്രാഥമികാരോഗ്യ സബ്സെന്റർ സ്ഥാപിക്കുക.

2. ഹെൽത്ത് സെന്റർ ഉദ്യോഗസ്ഥർ യഥാസമയങ്ങളിൽ പതിശോധനയ്ക്ക് വരുന്നതിനുവേണ്ട നടപടികൾ കൈക്കൊള്ളുക.

### വാർഡ് 7

1. അംഗനവാടി കേന്ദ്രത്തിന് ചുറ്റുമതിലും മൂത്രപ്പുരയും നിർമ്മിക്കുക.
2. കുടുംബക്ഷേമ ഉപകേന്ദ്രത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക.
3. പതാരം മാർക്കെറ്റിന്റെ ശുചീകരണ പ്രവർത്തനങ്ങൾ കാലാകാലങ്ങളിൽ നടത്തുക.

### വാർഡ് 8

1. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ സ്ഥാപിക്കുക.
2. റൂബി കാഷ്യൂ ഫാക്ടറിയിൽ മലിന ജല സംഭരണി സ്ഥാപിച്ച് മലിനീകരണം ഒഴിവാക്കുക.

### വാർഡ് 9

1. ഒരു പി. എച്ച് സെന്റർ സ്ഥാപിക്കുക.
2. കാലാകാലങ്ങളിൽ പ്രതിരോധകുത്തിവയ്പുകൾ നടത്തുക.

### വാർഡ് 10

1. ഒരു ഹെൽത്ത് വിസിറ്ററെ സ്ഥിരമായി നിയമിക്കുക.

## പ്രാവർത്തികമാക്കേണ്ട മറ്റു നിർദ്ദേശങ്ങൾ

1. കുട്ടികളുടെ ആരോഗ്യസംരക്ഷണത്തിന്റെ ഭാഗമായി സ്കൂളുകളിലെ സ്ഥല സൗകര്യം, കെട്ടിട സൗകര്യം, കളിസ്ഥലം എന്നിവ വർദ്ധിപ്പിക്കുക.

2. പതാരം, കക്കാക്കുന്ന് മാർക്കറ്റുകളിലും മറ്റു പൊതു കേന്ദ്രങ്ങളിലും ചപ്പുചവറുകളും മറ്റു മാലിന്യങ്ങളും അമിതമായി പെരുകുന്നത് നീക്കം ചെയ്യുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക.

3. വർഷക്കാലത്തും വരൾച്ചക്കാലത്തും സാധാരണയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന പകർച്ചവ്യാധികൾ തടയുന്നതിനായി കിണറുകളിലെ ക്ലോറിനേഷൻ, ഈച്ചനശീകരണം, കൊതുകു നശീകരണം എന്നിവ ഫലപ്രഥമായി ഉപയോഗപ്പെടുത്താം.

4. ആരോഗ്യശീലങ്ങളെ കുറിച്ചുള്ള ബോധവൽക്കരണം പഞ്ചായത്തടിസ്ഥാനത്തിൽ നടപ്പാക്കുക.

5. കൂത്താടികളുള്ള സ്ഥലങ്ങളിൽ മണ്ണെണ്ണ ഒഴിച്ച് അവയെ നശിപ്പിക്കുക, വീടുകളിൽ D.D.T തളിക്കുക. തുടങ്ങിയ മാർഗ്ഗങ്ങൾ അവലംബിച്ച് കൊതുകുനശീകരണം ഫലപ്രധമാക്കാം.

6. പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് P.S.C നിയമനം വൈകുമ്പോൾ താത്കാലികമായി ആ ഒഴിവുകളിലേയ്ക്ക് യോഗ്യതയുള്ള M.S.S പ്രവർത്തകരെ നിയമിക്കുന്നതിനുള്ള അധികാരം പഞ്ചായത്തിനു വിട്ടുകൊടുക്കുക.

# വ്യവസായം



കൊല്ലം ജില്ലയിലെ ഏറ്റവും പിന്നോക്ക പ്രദേശങ്ങളിൽ ഒന്നായ ശൂരനാട് തെക്ക് പഞ്ചായത്തിന്റെ വികസനത്തിന് വ്യാവസായിക മുന്നേറ്റം അത്യന്താപേക്ഷിതമാണ്. വ്യാവസായിക വികസനത്തിന് അവശ്യം വേണ്ട മനുഷ്യ ശേഷി വേണ്ടത്രകണ്ടെത്തുവാൻ യാതൊരു ബുദ്ധിമുട്ടുമില്ലാത്ത ഈ പഞ്ചായത്തിൽ ഈ രംഗത്ത് യാതൊരുവിധ നേട്ടങ്ങളും ഇതേവരെയുണ്ടാക്കുവാന് കഴിഞ്ഞിട്ടില്ല.

പരമ്പരാഗത വ്യവസായങ്ങളായ കയർ,തഴപ്പായ്, ഈറ്റനെയ്ത്ത് എന്നിവ മുൻകാലങ്ങളിൽ സർവ്വസാധാരണമായിരുന്നു. എങ്കിലും കാലാനുസൃതമായ മാറ്റങ്ങൾകൊണ്ട് വ്യവസായത്തെ നിലനിർത്തുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല.

കൃഷി അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ കണ്ടെത്തുവാനും പ്രോജക്ടുകൾക്ക് രൂപം നൽകി നടപ്പിലാക്കുവാനും നൂതന സാങ്കേതിക വിദ്യകൾ നാം പ്രയോഗിക്കേണ്ടിയിരിക്കുന്നു.

4327 വീടുകളും 15029 തൊഴിൽ രഹിതരുമുള്ള ഈ പഞ്ചായത്തിൽ പഞ്ചായത്തുടമസ്ഥതയിലും സഹകരണാടിസ്ഥാനത്തിലും കൂടുതൽ വ്യവസായ സംരംഭങ്ങൾ ആരംഭിച്ച് തൊഴിൽ ലഭ്യത കൂടി ഉറപ്പുവരുത്തുവാൻ നടപടിയുണ്ടാകണം.

ഈ പഞ്ചായത്തിൽ സ്വകാര്യമേഖലയിലോ, പൊതുമേഖലയിലോ വൻ കിട വ്യവസായങ്ങൾ ഒന്നും തന്നെയില്ല. പരമ്പരാഗതവ്യവസായമേഖലയിൽ (സ്വകാര്യ മേഖലയിൽ) 6 കശുഅണ്ടി ഫാക്ടറികളും ഏതാനും ഇഷ്ടിക, ഓട്, തടിമില്ല് എന്നീ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. നമ്മുടെ പഞ്ചായത്തിൽ വിവിധമേഖലകളിലായി ഏകദേശം 5000 ത്തോളം തൊഴിലാളികൾ ജോലിചെയ്യുന്നുണ്ട്. ഇതിൽ 3200 ഓളം സ്ത്രീ തൊഴിലാളികളും ബാക്കി പുരുഷതൊഴിലാളികളും ആണ്. എന്നാൽ ഈ തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ കുറഞ്ഞു വരുന്ന സാഹചര്യം നിലനിൽക്കുന്നു. ഇതിന് പ്രധാനകാരണം വൈദ്യുതിയുടെ ദൗർലഭ്യവും അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യവും ആണ്.

### വ്യവസായ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം

തൊഴിൽ മേഖലയിൽ പുരുഷന്മാർക്കാണ് ആധിപത്യം-എങ്കിലും ഈ പഞ്ചായത്തിൽ സ്ത്രീകൾക്കാണ് മുൻതൂക്കം.ചെറുകിട മേഖയിലും കാർഷികമേഖലയിലും സ്ത്രീകൾക്കാണ് ആധിപത്യം. എന്നാൽ ഇഷ്ടിക മേഖലയിൽ പുരുഷന്മാർക്കാണ് മുൻതൂക്കം.

### പ്രശ്നങ്ങൾ

1. ഈ പഞ്ചായത്തിൽ വ്യാവസായികാവശ്യത്തിനാവശ്യമായ വൈദ്യുതി, ഗതാഗതം തുടങ്ങി അടിസ്ഥാന സൗകര്യങ്ങൾ വളരെ കുറവാണ്. ഇത് പഞ്ചായത്തിന്റെ വ്യാവസായിക പുരോഗതിയെ പ്രതികൂലമായി ബാധിക്കുന്നു.

2. ഈ പഞ്ചായത്തിൽ നിത്യോപയോഗ സാധനങ്ങളുടെ നല്ലൊരു വിപണി ഉണ്ടായിരുന്നിട്ടും ഒരു വ്യവസായ യൂണിറ്റു പോലും നിലവിൽ വരുന്നില്ല. അതിനുള്ള കാരണം ഗൗരവപൂർവ്വമായി പരിശോധിക്കേണ്ടിയിരിക്കുന്നു.

3. മുഖ്യകാർഷികോല്പന്നമായ നാളികേരം വ്യാവസായികാടിസ്ഥാനത്തിൽ പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ല.

4. മരച്ചീനി ഏത്തയ്ക്കാ എന്നിവ പഞ്ചായത്തിലെ മുഖ്യകാർഷികവിളകളാണെങ്കിലും ഇതുമായി ബന്ധപ്പെട്ട് യാതൊരു ചെറുകിട യൂണിറ്റും പ്രവർത്തിക്കുന്നില്ല.

5. സാങ്കേതിക പരിജ്ഞാനക്കുറവ്, ധനസഹായം കിട്ടുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ട്, വിപണന സാധ്യതക്കുറവ്, പരമ്പരാഗത വ്യവസായത്തൊഴിലാളികൾക്ക് പരിജ്ഞാനത്തിന്റെ അഭാവം.

6. തടിവ്യവസായത്തിനാവശ്യമായ തടികിട്ടുന്നതിനുള്ള ബുദ്ധിമുട്ട്.

7. പഞ്ചായത്തിൽ വനിതാ വ്യവസായത്തിന്റെ കുറവ്. പട്ടികജാതി പട്ടിക വർഗ്ഗ വ്യവസായ സംരംഭത്തിന്റെ അഭാവം തുടങ്ങിയവ ഈ പഞ്ചായത്തിന്റെ വ്യവസായ പുരോഗതിയ്ക്ക് തടസ്സം നിൽക്കുന്നു.

8. അഭ്യസ്ത വിദ്യരും സാങ്കേതിക പരിജ്ഞാനമുള്ളവരുമായ ധാരാളം യുവതീയുവാക്കൾ ഉണ്ടായിരുന്നിട്ടും അത് പ്രയോജനപ്പെടുത്തുന്നതിനുള്ള ഒരു വ്യവസായ യൂണിറ്റും ഈ പഞ്ചായത്തിൽ നിലവിലില്ല.

### സാധ്യതകൾ

#### മിനി വ്യവസായം.

ഈ പഞ്ചായത്തിൽ നാളീകേര ഉല്പന്നങ്ങളുടേയും മറ്റ് കാർഷിക വിളകളുടേയും ലഭ്യതകണക്കിലെടുത്ത് അടിയിൽ പറയുന്ന വ്യവസായങ്ങൾ തുടങ്ങുവാൻ സാധ്യയുണ്ട്.

1. തെങ്ങുകൊണ്ട് കെട്ടിടനിർമ്മാണത്തി

നുള്ള സാമഗ്രികൾ, ഫർണ്ണിച്ചറുകൾ.
2. തേങ്ങാപൗഡറും, ക്രീമും
3. വെളിച്ചെണ്ണ.
4. തേങ്ങാവെള്ളം കൊണ്ടുള്ള ശീതളപാനീയങ്ങൾ.
5. ചകിരി ഉപയോഗിച്ചുള്ള കയറുല്പന്നങ്ങൾ (ചവിട്ടി, കയറ്റുപായ്)
6. ഏത്തയ്ക്ക, മരച്ചീനി, ചക്ക ഇവ ഉപയോഗിച്ചുള്ള ചിപ്സ്.
7. പഴം ജാമുകൾ (ഏത്തയ്ക്ക, കൈതച്ചക്ക, മാങ്ങ, ചക്ക)
8. അവിൽ വ്യവസായം.
9. പേപ്പർകവർ നിർമ്മാണം.
10. കറി പൗഡർ നിർമ്മാണം.
11. പ്ലാസ്റ്റിക് അലങ്കാര വസ്തുക്കൾ.

## വൻകിട വ്യവസായം.

1. പഞ്ചായത്തിൽ പൊതുമേഖലയിൽ ഒരു നാളികേര കോംപ്ലക്സ് സ്ഥാപിക്കുക.
2. പൊതുമേഖലയിൽ ഒരു കാലിത്തീറ്റഫാക്ടറി സ്ഥാപിക്കുക.
3. പഞ്ചായത്തിൽ കൂടുതൽ ശക്തിയുള്ള ട്രാൻസ്ഫോർമർ സ്ഥാപിച്ചും. ഒരു പുതിയ സബ്സ്റ്റേഷൻ നിർമ്മിച്ചും വ്യവസായ പുരോഗതിയ്ക്കാവശ്യമായ വൈദ്യുതിയുടെ അപര്യാപ്തത പരിഹരിക്കുക.
4. വൈദ്യുതിയുടെ അമിത ഉപയോഗം കുറയ്ക്കുന്നതിന് K.S.E.B, ANERT ,സർക്കാർ എന്നിവയുടെ സഹായത്തോടെ ഓരോ വാർഡിലും പരീക്ഷണാർത്ഥം സോളാർ ലാമ്പുകൾ സ്ഥാപിക്കുക.

## ഗ്രാമ സഭകളിലെ നിർദ്ദേശങ്ങൾ

## A. പഞ്ചായത്തു തലം.

1. കാലിത്തീറ്റഫാക്ടറി സ്ഥാപിക്കുക.
2. നാളികേര സംസ്കരണ കേന്ദ്രം സ്ഥാപിക്കുക.
3. തഴപ്പായ് നെയ്ത്ത്, ഈറ, ലോഹ ഉല്പന്നങ്ങൾ, മെഴുകുതിരി, ചന്ദനത്തിരി, പട്ടുനൂൽപ്പുഴു, ചിപ്സ്, അച്ചാറുകൾ, തിരശ്ശീല, മൊട്ടുപിൻ തുടങ്ങിയ യൂണിറ്റുകൾ സ്ഥാപിക്കുക.
4. കോഴി തീറ്റ ഫാക്ടറി സ്ഥാപിക്കുക.
5. പ്ലാസ്റ്റിക് ഉല്പന്നങ്ങൾ നിർമ്മിക്കുന്ന ഫാക്ടറി സ്ഥാപിക്കുക.
6. ശാസ്താംകോട്ട കോക്കനട്ട് പ്രോസ്സസിംഗ് ആന്റ് മാർക്കറ്റിംഗ് സൊസൈറ്റി No: Q 213 പുനരുദ്ധരിക്കണം.
7. വ്യവസായത്തിനുള്ള വൈദ്യുതി തടസ്സം നീക്കണം.
8. വനിതകൾക്ക് റെഡിമെയ്ഡ് യൂണിറ്റ് തുടങ്ങുവാൻ ഉള്ള സാമ്പത്തിക സഹായവും പരിശീലനവും നൽകുക.
9. തടി വ്യവസായത്തിന് പ്രത്യേകിച്ച് ഫർണ്ണിച്ചർ നിർമ്മാണത്തിനുള്ള തടി ഗവൺമെന്റ് ഡിപ്പോകളിൽ നിന്ന് വിതരണം ചെയ്യുക, പുറമ്പോക്കിൽ മരങ്ങൾ വച്ചു പിടിപ്പിക്കുക.
10. ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റും ഒരു വേബ്രിഡ്ജും സ്ഥാപിക്കുക.

## B. വാർഡു തലം

വാർഡ് 1
1. ക്രഷർ മെറ്റൽ - സഹകരണ മേഖലയിൽ
2. ബീഡിതെറുപ്പ് കമ്പനി - സ്വകാര്യം
3. റെഡീമേഡ് ഗാർമെന്റ്സ് - സ്വകാര്യം
4. ഹോളോ ബ്രിക്സ് - സഹകരണം.
5. കറിപൗഡർ വ്യവസായം - സ്വകാര്യം
6. ഇഷ്ടിക വ്യവസായം - സ്വകാര്യം
7 സോപ്പ് നിർമ്മാണം - സ്വകാര്യം
8. തീപ്പെട്ടി വ്യവസായം - സ്വകാര്യം
9.അച്ചാർ, ബേക്കറി - പഞ്ചായത്തിന്റെ സാമ്പത്തിക സഹായത്തോടെ

വാർഡ് 2
1. തൊണ്ടഴുക്കി കയർ പിരിക്കുന്നതിന് സഹായം നൽകുക.
2. പാനെയ്ത്ത്, കുട്ടനെയ്ത്ത്, കൈത്തറി നെയ്ത്ത് സഹകരണസംഘങ്ങൾ ഉണ്ടാക്കുക.
3. അച്ചാർയൂണിറ്റ്, പഴച്ചാർ യൂണിറ്റ്.
4. റെഡിമേഡ് യൂണിറ്റ്, ഫർണ്ണിച്ചർ യൂണിറ്റ്.
5. വ്യവസായ ശാലകളിൽ നിന്നുള്ള മലിനീകരണം തടയുക.

വാർഡ് 3
1. കയർ വ്യവസായ യൂണിറ്റ്, അച്ചാർ, കറി പൗഡർയൂണിറ്റ് ഇഷ്ടികയൂണിറ്റ്, തീപ്പെട്ടി നിർമ്മാണം
2. ഇലക്ട്രോണിക്സ് വ്യവസായ യൂണിറ്റു തുടങ്ങാൻ വേണ്ട സഹായം ഗവൺമെന്റ് നൽകുക.

വാർഡ് 4
1. തഴപ്പായ് നെയ്ത്ത്, മെഴുക്തിരി, ചന്ദനത്തിരി, ചിപ്സ്, അച്ചാറുകൾ, പട്ടുനൂൽപ്പുഴു എന്നീയൂണിറ്റുകൾ സ്ഥാപിക്കുക.
2. പ്ലാസ്റ്റിക് നിർമ്മാണയൂണിറ്റ്
3. മൺപാത്ര നിർമ്മാണയൂണിറ്റ്

വാർഡ് 5
1. ഒരു ബീഡിനിർമ്മാണയൂണിറ്റ് സ്ഥാപിച്ച് 25 പേർക്ക് തൊഴിൽ നൽകുക.
2. ഒരു റെഡീമേഡ് വസ്ത്രനിർമ്മാണയൂണിറ്റും ജനറൽ ഇൻജിനീയറിംഗും ഓട്ടോമൊബൈൽ വർക്ക് ഷോപ്പും സ്ഥാപിക്കുക.

വാർഡ് 6
1. തെങ്ങുംവിള വിനോദ് കാഷ്യൂ ഫാക്ടറി കൂടുതൽ ദിവസം പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

വാർഡ് 7
1. അഭ്യസ്ത വിദ്യരായ തൊഴിൽ രഹിതർക്ക് സ്വയം തൊഴിൽ പരിശീലനവും സാമ്പത്തിക സഹായവും നൽകുക.
2. വാർഡിൽ നിലവിലുള്ള കരകൗശലയൂണിറ്റിന് സാമ്പത്തികസഹായം നൽകുക.

വാർഡ് 8
1. തഴപ്പായ് തൊഴിലാളികൾ ധാരാളം ഉണ്ട്. തഴകൃഷി ചെയ്യണം, പായ് നെയ്ത്ത് സ്വസൈറ്റി രൂപീകരിക്കണം.
2. വനിതകൾക്കായി റെഡിമേഡ് ഗാർമെന്റ്സ്, എംബ്രോയിഡറിംഗ് യൂണിറ്റുകൾ സ്ഥാപിക്കുക.
3. മോട്ടോർമെക്കാനിക് സർവ്വീസ് സെന്റർ, ഹോളോബ്രിക്സ് യൂണിറ്റ്, ഇലക്ട്രോണിക് ചോക്ക്, എമർജൻസി ലാമ്പ് എന്നീ യൂണിറ്റുകൾ സ്ഥാപിക്കുക.

വാർഡ് 9
1. നെയ്ത്ത്, കയർപിരിവ്, നാളീകേര സംസ്കരണവും അനുബന്ധവ്യവസായങ്ങളും, കാലിത്തീറ്റ, ബീഡി, ചിപ്സ്, അച്ചാർ, മെഴുകുതിരി, തീപ്പെട്ടി, ടെയ്ലറിംഗ്, ബേബിഫുഡ് എന്നിവയുടെ യൂണിറ്റുകൾ സ്ഥാപിക്കുക.
2. വ്യവസായ സഹകരണസംഘം തുടങ്ങുക.
3. ദേശീയ പിന്നോക്കവിഭാഗ വികസന കോർപ്പറേഷനിൽ നിന്നും കുറഞ്ഞ പലിശ നിരക്കിൽ സാമ്പത്തിക സഹായം ലഭ്യമാക്കുക.

വാർഡ് 10
1. ഇഷ്ടിക നിർമ്മാണം, കോട്ടൺബെഡ്, ചിപ്സ്, ഫർണ്ണിച്ചർ, റെഡിമേഡ് ഗാർമെന്റ്സ്, പാൽ സംഭരണം, വിതരണം മറ്റ് ചെറുകിട വ്യവസായങ്ങൾ എന്നിവ തുടങ്ങണം.
2. അടിയിൽ പറയുന്ന വ്യവസായങ്ങൾ തുടങ്ങുന്നതിന് ആളുകൾ സന്നദ്ധത പ്രകടിപ്പിക്കുന്നുണ്ട് വേണ്ടത്ര സഹായം ചെയ്യുക.
1, കാലിത്തീറ്റ നിർമ്മാണശാല.
2. ഇഷ്ടിക നിർമ്മാണയൂണിറ്റ്.
3. ചിപ്സ് നിർമ്മാണയൂണിറ്റ്.
4. മെത്ത നിർമ്മാണം.
5. ഈറ്റ വ്യവസായം
6. കൈത്തറി നിർമ്മാണം.
7. നാളീകേര സംസ്കരണയൂണിറ്റ്

8. തീപ്പെട്ടി വ്യവസായം.

## ഗ്രൂപ്പിൽ നിന്നും ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ.

1.വ്യസായങ്ങൾ തുടങ്ങാൻ താല്പര്യമുള്ളവരെ കണ്ടെത്തി അവർക്കുവേണ്ട വിദഗ്ധപരിശീലനം നൽകുകയും അവരുടെ ആശങ്കഅകറ്റുകയും വ്യവസായയൂണിറ്റുകൾ നേരിട്ടുകണ്ട് മനസ്സിലാക്കാൻ പഠനയാത്രസംഘടിപ്പിക്കുകയും ചെയ്യുക.

2. നാളീകേരത്തെ അടിസ്ഥാനമാക്കിയുള്ള വിവിധതരം വ്യവസായം തുടങ്ങുന്നതിന് അതുമായി ബന്ധപ്പെട്ട നാളീകേര വികസന ബോർഡ്, കേരഫെഡ്, കയർവികസന ഡയറക്ടറേറ്റ് എന്നിവയുടെ പരിശീലനം സംഘടിപ്പിക്കുക.

3. കാർഷിക വ്യവസായ പ്രദർശനം സംഘടിപ്പിക്കുക.

4. പുതിയ വ്യവസായ സംരംഭകർക്ക് വൈദ്യുതി ഉറപ്പു വരുത്തുക. വോർട്ടേജ് കൂടിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

5. വ്യവസായ സംരംഭകരെ നിരന്തരമായി പ്രോത്സാഹിപ്പിക്കുകയും വ്യവസായങ്ങൾ തുടങ്ങുവാനും പ്രസ്തുത രംഗത്ത് നല്ല നിലയിൽ പ്രവർത്തിക്കാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കാൻ ഒരു സ്ഥിരം ഉപദേശക കമ്മിറ്റി രൂപീകരിക്കുകയും വ്യവസായത്തെപ്പറ്റിയുള്ള പ്രസിദ്ധീകരണങ്ങൾ പഞ്ചായത്തിൽ വരുത്തുകയും ചെയ്യുക..

# ഗതാഗതം
# ഊർജ്ജം
# മാർക്കറ്റ്



## ആമുഖം

1952 ൽ രൂപീകൃതമായ അവിഭക്ത ശൂരനാട് പഞ്ചായത്തിന്റെ 4 വാർഡുകൾ ചേർന്ന് പിൽക്കാലത്ത് 1962 ൽ ശൂരനാട് തെക്ക് പഞ്ചായത്തുണ്ടായി. നാടിന്റെ ശക്തി ജനങ്ങളാണെന്നും നാടിന്റെ വികസനത്തിന് റോഡുകൾ അനിവാര്യമാണെന്നും നമ്മുടെ പൂർവ്വികർ മനസ്സിലാക്കിയിരുന്നു. സംഘം ചേർന്നുള്ള മനുഷ്യപ്രയത്നത്തിലൂടെ അവർ നിർമ്മിച്ചു തന്ന പാതകളാണ് ഇന്നീ നാടിന്റെ നാഡീസ്പന്ദനമായി മാറിയിട്ടുള്ള റോഡുകൾ.

ഈ പഞ്ചായത്തിലൂടെ കടന്നു പോകുന്ന "തോടിയൂർ - ഭരണിക്കാവ് " റോഡിൽ കൂടി 1972 ൽ ആദ്യമായി കൊല്ലം - കരുനാഗപ്പള്ളി, പുതിയകാവ് - പതാരം ഭരണിക്കാവ് K.S.R.T.C ബസ് സർവ്വീസ് ആരംഭിച്ചു. ഇന്ന് ഫാസ്റ്റ് പാസഞ്ചർ ഉൾപ്പെടെ 11 K.S.R.T.C ബസുകളും 30 ഓളം പ്രൈവറ്റ് ബസുകളും ഈ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ കൂടി സർവ്വീസ് നടത്തുന്നുണ്ട്. എന്നാൽ ഇതിൽ 20 ഓളം പ്രൈവറ്റു ബസുകളും 3 ഫാസ്റ്റ് പാസഞ്ചർ ഉൾപ്പെടെ 5 K.S.R.T.C ബസ്സുകളും പഞ്ചായത്തിന്റെ വടക്കേ അരികിൽ കൂടി സർവ്വീസ് നടത്തുന്നതിനാൽ ഇവയുടെ പ്രയോജനം പഞ്ചായത്തിന്റെ വടക്കേ അരികിലുള്ള ജനങ്ങൾക്ക് മാത്രമേ ലഭ്യമാകുന്നുള്ളൂ. ഈ പഞ്ചായത്തിൽ ബസ് സ്റ്റാൻഡ് ഇല്ല. ഒരു ട്രക്കർ, 2 ജീപ്പ്, 10 ഓളം ടാക്സി കാറുകൾ 40 ഓളം ഓട്ടോകൾ എന്നിവ പ്രൈവറ്റ് സർവ്വീസ് നടത്തുന്നുണ്ട്.

ആകെ വാഹനഗതാഗതത്തിന് യോഗ്യമായ 106.54 കി.മീ. റോഡുണ്ടെങ്കിലും ടാർ ചെയ്തറോഡ് 20 കി.മീ. മാത്രമേയുള്ളൂ. ബാക്കിചരൽ റോഡുകളും മൺറോഡുകളുമാണ്. ഗതാഗതരംഗത്ത് ഈ പഞ്ചായത്തിന്റെ മുഖഛായയ്ക്ക് മാറ്റം വന്നത് കൂവളകുറ്റി പാലത്തിന്റെ നിർമ്മാണത്തോടുകൂടിയാണ്. ശൂരനാട് തെക്ക് പഞ്ചായത്തിന്റെ ഗതാഗതരംഗത്ത് ശാശ്വതമായ പരിഹാരമുണ്ടാകണമെങ്കിൽ പഞ്ചായത്തിന്റെ മധ്യഭാഗത്തുകൂടി കടന്നുപോകുന്ന റോഡുമായി ബന്ധപ്പെട്ട മാലുമേൽക്കടവ് പാലം യാഥാർത്ഥ്യമാക്കണം. ഇത് ഈ നാട്ടുകാരുടെ ഒരു ചിരകാല സ്വപ്നമാണ്. റോഡ് ശൃംഖല സാമാന്യം മെച്ചപ്പെട്ടതാണെങ്കിലും റോഡുകളുടെ അവസ്ഥ വളരെ ശോചനീയമാണ്. അറ്റകുറ്റപ്പണികൾ യഥാസമയം നടക്കുന്നില്ല. വർഷകാലത്ത് മിക്ക റോഡുകളിലും നീർക്കെട്ട് അനുഭവപ്പെടുന്നു. ഓവുചാലുകളുടെയും കലുങ്കുകളുടേയും അഭാവമാണ് ഇതിനുകാരണം. ആവശ്യത്തിന് ഫണ്ടുകളില്ലാത്തതായിരുന്നു എല്ലാ വികസന പ്രവർത്തനങ്ങൾക്കും വിലങ്ങുതടിയായിരുന്നത്.

ഗ്രാമ സഭകളിൽ നിന്നും ഉയർന്ന ആവശ്യങ്ങൾ രണ്ടായി തിരിക്കുന്നു. A .പഞ്ചായത്തുതലം. B. വാർഡ് തലം.

### A .പഞ്ചായത്ത് തലം.

1. മാലുമേൽകടവ് പാലത്തിന്റെ പണി ആരംഭിക്കുക.
2. പതാരത്തിൽ ഒരു ബസ് സ്റ്റാൻഡ്, വെയിറ്റിംഗ് ഷെഡ്, കംഫർട്ട് സ്റ്റേഷൻ.
3. നാല്മുക്ക് - ഭരണിക്കാവ് റോഡ് P.W.D ഏറ്റെടുക്കുക.
4. കക്കാക്കുന്നിൽ വെയിറ്റിംഗ് ഷെഡ് സ്ഥാപിക്കുക.
5. ഓടയില്ലാത്ത റോഡുകൾക്ക് ഓട നിർമ്മിക്കുക.
6. നാലുമുക്കിൽ വെയിറ്റിംഗ് ഷെഡ് സ്ഥാപിക്കുക.
7. വലിയതുറ കടവിൽ പാലം നിർമ്മിക്കുക.
8. K.I.P കനാൽ റോഡ് ഇരു വശവും സഞ്ചാര യോഗ്യമാക്കുക.
9. തൊടിയൂർ കണിയാംകടവ്ബണ്ട് റോഡ് സംരക്ഷിക്കുക.
10. കുഴിയത്തുമുക്ക് മുതൽ കുരണ്ടപ്പിള്ളി ച്ചിറവരെയുള്ള ഓടഭിത്തികെട്ടി വൃത്തിയാക്കുക.
11. പഞ്ചായത്തിലെ റോഡുകളുടെ അറ്റകുറ്റ പണി നടത്തുക.
12. ആക്കുത്തറമുക്കിലെ തകർന്ന കലുങ്കിന്റെ സ്ഥാനത്ത് ചെറിയ പാലം സ്ഥാപിക്കുക.

## B. വാർഡുതലം

| | ഗ്രാമ സഭയിൽ ഉയർന്ന പരാതികൾ | പട്ടിക |
|---|---|---|
| 1. | ടാർറോഡുകളും ബസ് സർവ്വീസും : (നീളം, വീതി,വാർഡ്) | 1 |
| 2. | പുതുതായി ടാർചെയ്യണം എന്ന ആവശ്യം വാർഡ് ഉന്നയിച്ച റോഡുകളും, അവയുടെ വീതി,നീളം , പേര് | 2 |
| 3. | പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ (ആ നിർദ്ദേശം ഉന്നയിച്ച വാർഡുകൾ) | 3 |
| 4. | ഒന്നിലധികം ഗ്രാമസഭകളിൽ നിന്നും കനാൽ റോഡ് വികസനം ആവശ്യപ്പെട്ടിരുന്നു | സാധ്യതകളിൽ ഒന്നാമതായി ചേർത്തു. |
| 5. | ഭരണിക്കാവ് മുസ്ലിയാർ ചിറ- ഉള്ളന്നൂർ മഠം ഏലാവരെ റോഡു നിർമ്മാണം (തോടിന്റെ സൈഡിൽ) | സാധ്യതകളിൽ മൂന്നാമത് |
| 6. | റോഡുകളെക്കുറിച്ചുള്ള കൂടുതൽ പരാതികൾ പ്രശ്നങ്ങൾ 3 ൽ ചേർത്തിരിക്കുന്നു (റോഡ് ഗതാഗതം) | |
| 7. | കനാൽ റോഡ് പ്രശ്നം ഒന്നിൽ പ്രതിപാദിച്ചിരിക്കുന്നു. | |
| 8. | ടാർ റോഡുകളുടെ പരിതാപകരമായ അവസ്ഥയും പരിഹാരവും - പ്രശ്നം II (1) ൽ ചേർത്തിരിക്കുന്നു | |
| 9. | ചരൽ റോഡുകൾ, മൺറോഡുകൾ, ഇവയുടെ ശോചനീയ അവസ്ഥ- പ്രശ്നങ്ങൾ II (3) ൽ ചേർത്തിരിക്കുന്നു. | |
| 11. | നമ്മുടെ പഞ്ചായത്തിലെ എല്ലാ റോഡുകളും അവയെക്കുറിച്ച് 10 ഗ്രാമസഭകളിൽ ഉണ്ടായ പരാതിയും പട്ടിക 4ൽ | 4 |
| 12. | പുതിയ ബസ്സ് സർവ്വീസ് ആവശ്യപ്പെട്ട വാർഡുകൾ. | 5 |
| 13. | നിർത്തിവച്ച സർവ്വീസ് പുനരാരംഭിക്കുക | 6 |

### പട്ടിക 1
### ശൂരനാട് തെക്ക് പഞ്ചായത്തിലെ ടാർറോഡ്

| നമ്പർ | പേര് | വിതി | നിളം | യാത്രാസൗകര്യം,ബസ്സർവ്വീസ് | വാർഡ് |
|---|---|---|---|---|---|
| 1 | മുളമൂട്ടിൽ മുക്ക്-മുണ്ടകത്തറ | 8. മീ | 1.8 കി.മീ | ഇല്ല | 2 |
| 2 | വായനശാല-മുടിയിൽത്തറമുക്ക് | 8 മീ | .2 കി.മീ | ഇല്ല | 4 |
| 3 | കെ.സി.ടി. മുക്ക്-കൊല്ലന്റെയ്യത്ത് മുക്ക് | 8 മീ | .9 കി,മീ | ഇല്ല | 5 |
| 4 | പള്ളിച്ചന്ത-കക്കാക്കുന്ന്-ചെറുകരമുക്ക് | 8 മീ | 3 കി.മീ | ഇല്ല | 5,6,9 |
| 5 | പറക്കൊട്ടമൂല-തെങ്ങുംവിള കമ്പനി | 7 മീ | 3 കി.മീ | ഉണ്ട് | 6,7 |
| 6 | പുളിയ്ക്കമുക്ക്-കക്കാക്കുന്ന് | 8 മീ | 2.5 കി.മീ | ഉണ്ട് | 7,9 |
| 7 | നാലുമുക്ക്-ഭരണിക്കാവ് | 8 മീ | 3.5 കി.മീ | ഉണ്ട് | 8,9,10 |
| 8 | കൊമ്പിപ്പള്ളിമുക്ക്-S.P.M.U.P.S തെക്കേമുക്ക് | 7.5 മീ | 1.2 കി.മീ | ഇല്ല | 10 |
| 9 | കല്ലേലിമുക്ക്-എൽ.പി.എസ്-S.P.M.U.P..S വടക്കുമുക്ക് | 7 മീ | 1.5 കി.മീ | ഇല്ല | 10 |
| 10 | കുമരംചിറകമ്പനിമുക്ക്-കൈരളിമുക്ക് | 7 മീ | 1.4 കി.മീ | ഇല്ല | 7,8 |

## പട്ടിക 2

## ടാർ ചെയ്യേണ്ട റോഡുകൾ

| വാർഡ് | റോഡിന്റെ പേര് | വീതി | നീളം | ഉടമസ്ഥത | വാർഡ് |
|---|---|---|---|---|---|
| 1 | കാളകുത്തുംപൊയ്ക- ആലിന്റെ മുക്ക് | 6.5 മീ | 1.കിമി | പഞ്ചായത്ത് | 1 |
| 2 | മുഗളുംപുറത്തുമുക്ക്-കല്ലുകടവ് | 6.5 മീ | 1.കി.മീ | പഞ്ചായത്ത് | 1 |
| 3 | മുണ്ടകത്തറകോളനി-വലിയതുറക്കടവ് | 6.5 മീ | 1 കി.മീ | പഞ്ചായത്ത് | 2 |
| 4 | പൂവൻതറമുക്ക്-കളരിയ്ക്കൽമുക്ക് | 6 മീ | 200 മീ | പഞ്ചായത്ത് | 2 |
| 5 | തൈവിളമുക്ക്-കുറ്റിതെക്കേമുക്ക് | 5 മീ | 1. കി.മീ | പഞ്ചായത്ത് | 3 |
| 6 | മാലുമേൽക്കടവ്-കൈമവീട്ടിൽ മുക്ക് | 5.5 മീ | 1.കി.മീ | പഞ്ചായത്ത് | 3 |
| 7 | തെങ്ങുംവിളമുക്ക്-കണിയാംകടവ് | 5.5 മീ | 1 കി.മീ | പഞ്ചായത്ത് | 3 |
| 8 | കുഴിയത്തുമുക്ക്-കോയിക്കചന്ത | 6 മീ | 1.5 കി.മീ | പഞ്ചായത്ത് | 4 |
| 9 | തൈവിളമുക്ക്-കൊപ്പാറമുക്ക് | 6 മീ | 1.5 കി.മീ | പഞ്ചായത്ത് | 4 |
| 10 | വായനശാല-ചെറുകരമുക്ക് | 5 മീ | 1.കി.മീ | പഞ്ചായത്ത് | 5 |
| 11 | കമ്പനിമുക്ക്-കല്ലുംതററോഡ് | 5.മീ | 1.5 കി.മീ | പഞ്ചായത്ത് | 6 |
| 12 | മുകളുവിളമുക്ക്-തെങ്ങുംതറമുക്ക് | 5 മീ | 1.5 കി.മീ | പഞ്ചായത്ത് | 6 |
| 13 | നാലുതുണ്ടിൽമുക്ക്-കല്ലുവയലേലറോഡ് | 7 മീ | 1 കി.മീ | പഞ്ചായത്ത് | 6 |
| 14 | കൈരളിമുക്ക്-താമരശ്ശേരികോളനി-ആക്കൽകിഴക്ക്-നാലുമുക്ക് | 6 മീ | 2 കി.മീ | പഞ്ചായത്ത് | 7,8 |
| 15 | പതാരം-മുക്കടക്കുഴി, കുറവൻതറമുക്ക്-മുക്കടക്കുഴിമുക്ക് | 6.5 മീ | 1 കി.മീ | പഞ്ചായത്ത് | 7 |
| 16 | റൂബികമ്പനി-നാലുമുക്ക് | 7 മീ | 750 മീ | പഞ്ചായത്ത് | 8 |
| 17 | ഉദയംമുഗൾL.P.S-പുത്തൻവിളജംഗ്ഷൻ (ഗു.തെ.ശാസ്താം കോട്ടഅതിർത്തി) | 6 മീ | 800 മീ | പഞ്ചായത്ത് | 8 |
| 18 | പുത്തൻവിള-ആലത്തൂരേല | 7 മീ | 500 മീ | പഞ്ചായത്ത് | 8 |
| 19 | കക്കാകുന്ന്-തെറ്റിക്കുഴി | 6 മീ | 1 കി.മീ | പഞ്ചായത്ത് | 9 |
| 20 | മദീനമുക്ക്-പള്ളിമുക്ക് | 6 മീ | 500 മീ | പഞ്ചായത്ത് | 9 |
| 21 | കോട്ടയ്ക്കകത്ത്മുക്ക്-മുടിയിൽതെക്ക്മുക്ക് | 7 മീ | 1.5 കി.മീ | പഞ്ചായത്ത് | 10 |

## പട്ടിക 3

## പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ

| ക്രമനമ്പർ | റോഡിന്റെ പേര് | നീളം | വീതി | വാർഡ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | ഉദയംമുകൾ L.P.S-വഞ്ചിയിൽ കോളനി പെരിയൻ കാവ്-വയൽവഴി-പാലമുറ്റത്തു തെക്കുവശം (കുഴി വേലിത്തറവടക്കുവശം) | 1.5 കി.മീ | 5.മീ | 8 | 8 ഉം 9 ഉം വാർഡുകളു മായിബന്ധി പ്പിക്കുക. |
| 2 | താമരശേരി ഏലാ വഴി-കണ്ണങ്കാട്ട് കാവ്-മേടയിൽമുക്ക് | 2 കി.മീ | 4 മീ | 8 | 8 ഉം 9 ഉം വാർഡുകളു മായിബന്ധി പ്പിക്കുക. |
| 3 | വലിയതറകിഴക്ക്-വെങ്ങോല ഏലാ | | | 7 | |
| 4 | ഇട്ടിയേക്കൽമുക്ക്-വയൽവഴി പാടകശേരിൽമുക്ക് | | | 7 | |
| 5 | തറയിൽതെക്ക് ഏലാ-മാന്തറ ഏലാ | | | 7 | |
| 6 | പുളിക്കമുക്ക്-ചിറയിൽ ഏലാ | | | 7 | |
| 7 | പനവിളക്കിഴക്ക്-മുക്കടക്കുഴി | | | 7 | |

കിടങ്ങയം നോർത്ത് L.P.S - പെരുങ്ങാടിമുക്ക്
മുണ്ടകത്തറപാലം- മീനത്തേമുക്ക്

വാർഡ് 5

കാട്ടൂർമുക്ക് കിഴക്കേവീട്ടിൽകുളം - പാണിറക്കത്ത് ഏല
കൊന്നക്കോട്ട് - വാനശാല
കളീക്കൽതെക്ക് - പാണിറക്കത്ത് ഏല
നാല്തുണ്ടിൽ മുക്ക് - ചക്കുവള്ളിച്ചിറ ഏല
കിഴക്കേവീട്ടിൽമുക്ക് - കൊച്ചുകോയിപ്പുറത്ത്
മഠത്തിലേത്ത് മുക്ക് - കുരിശടിമുക്ക്
പള്ളിച്ചന്ത - പുത്തൻപുരമുക്ക്

വാർഡ് 6

അമ്പിയിൽ മുക്ക് - വിളയിൽവടക്ക് റോഡ്
പ്രതിഭാ ജംഗ്ഷൻ - ഇളംതുരുത്തിൽ
കരിപ്പോന മുക്ക് - കാട്ടൂർത്തറ
ലക്ഷംവീട് കോളനി - കോലയിൽ മുക്ക്
യുവജനശാല - പ്ലാവിള മുക്ക്
പനവിളമുക്ക് - കൊച്ചുവീട്ടിൽ മുക്ക്
നാലുതുണ്ടിൽമുക്ക് - കണ്ണമം
എമ്പട്ടാഴിതെക്ക് - കനാലിൽമുക്ക്
കിഴക്കേവീട്ടിൽമുക്ക് - ഒലിപുറത്ത്മുക്ക്

വാർഡ് 3

മടക്കുളം - കണിയാങ്കടവ്
പുറവിളമുക്ക് - പ്ലാവിള കോളനി
തുണ്ടിൽതെക്കേമുക്ക് - ചരുവിൽകുളങ്ങര
മുകളുവിളമുക്ക് - വരിക്കോലിൽ കോളനി
കുറ്റിവടക്കേമുക്ക് - തുരുത്തിതറമുക്ക്
പൂവൻതറമുക്ക് - കുറ്റിയിൽമുക്ക്
കുറ്റിയിൽമുക്ക് - കാട്ടിൽകടവ്മുക്ക്
തോന്നല്ലൂർമുക്ക് - കൊല്ലകമുക്ക്
ആലുവിളമുക്ക് - മാലുമേൽകടവ് (വടക്ക്)
മറ്റത്തയ്യത്ത്മുക്ക് - പുളിയറത്തുണ്ടിൽമുക്ക്
കോയിപ്പുറത്ത്മുക്ക് - തണ്ടകത്തുമുക്ക്
കളത്തൂർമുക്ക് - മലയാറ്റൂർ കുളങ്ങര
കുറ്റിയിൽതെക്ക് - മടക്കുളം ഏല

വാർഡ് 4

പനച്ചയ്ക്കൽ – കാത്താടി
കോമളത്തുചിറക്കിഴക്ക് – മേലേചിറക്കുറ്റി കാത്താടിവഴി
വെഞ്ഞാറയ്ക്കൽ – പനമ്പിലാവിൽമുക്ക്
കോട്ടയ്ക്കകത്തുമുക്ക് – പുതുശ്ശേരി കുളങ്ങര
കൊപ്പാറമുക്ക് – പോയ്കയിൽ കോളനി
കടമ്പാട്ടുമുക്ക് – വെഞ്ഞാറയ്ക്കൽമുക്ക്
ഇടവനമുക്ക് – പന്തിരാമ്പള്ളി ഏല
കല്ലൂർമുക്ക് – ചാങ്ങയിൽ കുളം
കല്ലൂർമുക്ക് – കരോട്ടിത്തറ

വാർഡ 5

കാട്ടൂർമുക്ക് കിഴക്കേവീട്ടിൽകുളം – പാണിറക്കത്ത് ഏല
കൊന്നക്കോട്ട് – വായനശാല
കളീക്കൽതെക്ക് – പാണിറക്കത്ത് ഏല
കൊന്നക്കോട്ട് – കൊച്ചുകോയിപ്പുറത്ത്മുക്ക്

നാലുതുണ്ടിൽമുക്ക് – ചക്കുവള്ളിചിറ ഏല
കിഴക്കേവീട്ടിൽമുക്ക് – കൊച്ചുകോയിപ്പുറത്ത്
മഠത്തിലേത്ത്മുക്ക് – കുരിശടിമുക്ക്
പള്ളിച്ചന്ത – പുത്തൻപുരമുക്ക്

വാർഡ് 6

അമ്പിയിൽമുക്ക് – വിളയിൽവടക്ക് റോഡ്
പ്രതിഭാജംഗഷൻ – പട്ടൻമാരയിൽ റോഡ്
പ്രതിഭാജംഗഷൻ – ഇളംതുരുത്തിൽ റോഡ്
കരിപ്പോനമുക്ക് – കാട്ടൂർതറ
ലക്ഷംവീട് കോളനി – കോലേലിമുക്ക്
യുവജനവായനശാല – പ്ലാവിളമുക്ക്
പനവിളമുക്ക് – കൊച്ചുവീട്ടിൽമുക്ക്.
നാലുതുണ്ടിൽമുക്ക് – കണ്ണമം
എമ്പാട്ടാഴിതെക്ക് – കനാൽമുക്ക്
കിഴക്കേവീട്ടിൽമുക്ക് – ഒലിപ്പുറത്ത്മുക്ക്

വാർഡ് 7

അയണിവിള – തറയിൽതെക്ക്
കുറ്റ്യാടിതെക്കേമുക്ക് – മാന്തറ ഏല
മുക്കടമുക്ക് – കൂവളകുറി പാലം

വാർഡ് 8

പുലിത്തിട്ടമുക്ക് – കുറവൻതറ മുക്ക്
ഉദയംമുകൾ – വഞ്ചിയിൽ കോളനി
വഞ്ചിയിൽ കോളനി – പാലമുറ്റത്ത്തെക്ക് റോഡ്
പുന്നവിള – ആലത്തൂർ ഏലാറോഡ്

വാർഡ് 9

പള്ളിയാട്ട്മുക്ക് – ഇഞ്ചക്കാട്ട് L.P.S. റോഡ്
ചെറുകരമുക്ക് – ചെമ്മാത്തുമുക്ക്
ഇഞ്ചക്കാട് – ഏലാറോഡ്
കല്ലുവിളമുക്ക് – കോട്ടയ്ക്കകത്തുമുക്ക്

വാർഡ് 10

പെരുനാക്കരമുക്ക് – കാവിനാൽ കോളനി
കാവിനാൽ കോളനി – ഉള്ളന്നൂർതറ റോഡ്
വലിയവീട്മുക്ക് – മണ്ണൂരേത്ത് മുക്ക്

## പുതുതായി വേണ്ട റോഡുകൾ

### വാർഡ് 1

കിഴക്കിടത്ത്മുക്ക് – കുമരംചിറക്ഷേത്രം റോഡ്

വാർഡ് 2

കുമ്പളുവിള – ചാങ്ങക്കുറ്റി
ചാങ്ങക്കുറ്റി – കുരിക്കന്റെയ്യത്തുമുക്ക് റോഡ്
കൂവളക്കുറ്റി ചാലമുതൽ മുണ്ടികത്തറവരെ
തോടുപുറമ്പോക്ക് റോഡാക്കുക
K.C.T. മുക്ക് ബംഗ്ലാവ്മുക്ക് (K.I.Pപുറമ്പോക്ക്) റോഡാക്കുക
വതിയതറക്കടവ് ഉമ്പതുണ്ട് മുക്ക് ഏലാബണ്ട് ബന്ധിപ്പിക്കുക

വാർഡ് 3

തൊടിയൂർ കണിയാങ്കടവ് ബണ്ട് റോഡാക്കുക

പട്ടിക 5

| പുതിയ ബസ്സ് സർവ്വീസുകൾ ആവശ്യപ്പെട്ട വാർഡുകൾ | |
|---|---|
| ബസ്സും റൂട്ടും | വാർഡുകൾ |
| 1. K.S.R.T.C യുടെ കരുനാഗപ്പള്ളി - കാരൂർകടവ് - കുമരചിറ- ശാസ്താംകോട്ട - കുന്നത്തൂർ-കൊട്ടാരക്കര | 1 |
| 2. K.S.R.T.C യുടെ കരുനാഗപ്പള്ളി - കാരൂർകടവ് -കുമരംചിറ- പതാരം -കക്കാക്കുന്ന്- ഭരണിക്കാവ്-കുണ്ടറ | 2 |
| 3. K.S.R.T.C യുടെ കായംകുളത്തുനിന്നും വലിയതറക്കടവിലേയ്ക്ക് ഒരു സർവ്വീസ് | 3 |
| 4. കരുനാഗപ്പള്ളി-കൊട്ടാരക്കര K.S.R.T.C ബസ്സ് via-പുതിയകാവ് -പതാരം, കക്കാക്കുന്ന്, ഭരണിക്കാവ് വഴി | 4 |
| 5. കരുനാഗപ്പള്ളി, പതാരം, വായനശാലമുക്ക്, ചക്കുവള്ളി, മലനട, കടമ്പനാട് | 4 |
| 6. കായംകുളം, പതാരം, പ്രതിഭാമുക്ക്, തെങ്ങുംവിളക്കശുവണ്ടിഫാക്ടറി വഴി ശാസ്താംകോട്ട | 6 |
| 7. കായംകുളം, പുതിയകാവ്, പതാരം, കക്കാക്കുന്ന്, ഭരണിക്കാവ് വഴി കൊട്ടാരക്കര | 9 |
| 8. താമരക്കുളം വഴി കെ.സി.റ്റി.മുക്കിലെത്തുന്ന ബസ്സുകളിൽ രണ്ടെണ്ണം പള്ളിച്ചന്ത, കക്കാക്കുന്ന് വഴി ശാസ്താംകോട്ടയ്ക്ക് | |

പട്ടിക 6

| നിർത്തിയസർവ്വീസ് പുനരാരംഭിക്കാൻ ആവശ്യപ്പെട്ടവർ | |
|---|---|
| ബസ്സും, റൂട്ടും. | വാർഡുകൾ |
| 1. K.S.R.T.C യുടെ കൊല്ലം, തേവലക്കര, കിഴക്കടത്തുമുക്ക്, ചക്കുവള്ളി വഴി അടൂർ | 1 |
| 2. K.S.R.T.C യുടെ കൊല്ലം, മൈനാഗപ്പള്ളി, കുമരംചിറ സ്കൂൾ വഴി അടൂർ | 1 |
| 3. K.S.R.T.C യുടെ കൊല്ലം, മൈനാഗപ്പള്ളി, കുമരംചിറ വഴി ചീക്കൽക്കടവ് | 1 |
| 4. K.S.R.T.C യുടെ കൊല്ലം- നൂറനാട് | 1,8. |

# പ്രശ്നങ്ങൾ

## 1. കനാൽ റോഡ്

ശൂരനാട് തെക്ക് പഞ്ചായത്തിന്റെ കിഴക്ക് വടക്ക് ഭാഗത്തു നിന്നും ആരംഭിച്ച് പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുകൂടി കടന്ന് പെരുങ്ങാടി റബർ എസ്റ്റേറ്റിന്റെ തെക്കു ഭാഗത്ത് അവസാനിക്കുന്ന ഈ കനാലിന്റെ ഇരു വശവും ഉദ്ദേശ് മൂന്നു മീറ്റർ വീതിയിൽ സ്ഥലം നടപ്പാതയായി കിടക്കുന്നു. ഈ സ്ഥലം സഞ്ചാര യോഗ്യമായ രീതിയിൽ നിരപ്പാക്കി വൃത്തിയാക്കിയാൽ ഈ പഞ്ചായത്തിലെ ജനോപകാരപ്രദമായ വഴിയായി മാറും. ഇക്കാര്യത്തിൽ നമ്മുടെ പഞ്ചായത്ത് അധികാരികൾ വേണ്ട ശ്രദ്ധ ചെലുത്തണം.

## 2. റോഡു നിർമ്മാണം.

*ടാർറോഡുകളുടെ പ്രശ്നങ്ങൾ*

ടാർ റോഡുകൾ പലതുണ്ടെങ്കിലും അവയുടെ അറ്റകുറ്റ പണികൾ യഥാസമയം നടക്കുന്നില്ല, റോഡിന്റെ ഇരുഭാഗത്തും സ്ഥാപിച്ചിട്ടുള്ള ഇലക്ട്രിസിറ്റി, ടെലഫോൺ എന്നിവയുടെ പോസ്റ്റുകളും, വാട്ടർ സപ്ലെയുടെ ടാപ്പുകളും, ഗതാഗതത്തിന് തടസ്സമായ രീതിയിലാണ് സ്ഥാപിച്ചിരിക്കുന്നത്. ഇത് അപകടത്തിന് കാരണമാകുന്നു.

*പുതിയ റോഡുകൾ*

ശൂരനാട് തെക്ക് പഞ്ചായത്തിലെ 1,2,3,4,7,8,9 എന്നീ വാർഡുകളിലെ ഗ്രാമസഭകളിൽ നിന്നും പുതിയ റോഡുകളുടെ നിർമ്മിക്കുവാനുള്ള ആവശ്യം ഉയർന്നിട്ടുണ്ട്.

*ചരൽ റോഡുകളുടെയും, മൺ റോഡുകളുടെയും ശോചനീയാവസ്ഥ*

ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങളിൽ ഭൂരിഭാഗവും നിലവിലുള്ള ഗ്രാവൽ റോഡുകളുടെയും മെറ്റൽ റോഡുകളുടെയും ശോചനീയാവസ്ഥയാണ്. പൊട്ടിപ്പൊളിഞ്ഞും, താറുമാറായി കിടക്കുന്ന റോഡുകളിൽ അറ്റകുറ്റപ്പണികൾ അടിയന്തിരമായി നടത്തേണ്ടതാണ്. മെറ്റൽ ചെയ്യുക, ടാർചെയ്യുക ഈ ആവശ്യങ്ങൾ ധാരാളം ഉണ്ട്. വാർഡു തിരിച്ചുള്ള ഈ പട്ടികയിലെ മുൻഗണനാക്രമം തയ്യാറാക്കിയത് ഗ്രാമസഭാ റിപ്പോർട്ടുകളിൽ നിന്നും, അവ വ്യക്തമല്ലാതിരുന്ന സന്ദർഭങ്ങളിൽ മെമ്പർമാരുടെ നിർദ്ദേശം അനുസരിച്ചുമാണ്.

## പുതിയ മൺറോഡുകൾ

പുതിയ മൺറോഡുകൾ നിർമ്മിക്കുന്നതിന് ധാരാളം നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. മിക്കനിർദ്ദേശങ്ങളിലും നിലവിലുള്ള ഇടവഴികൾ മൺറോഡുകളാക്കാനാണ്

## റോഡുശൃംഖലാ വ്യാപനം ഉയർത്തുന്ന പരിസ്ഥിതി പ്രശ്നങ്ങൾ

റോഡുകളുടെ വികസനം നാടിന്റെ പുരോഗതിയ്ക്ക് ആക്കം കൂട്ടുമെങ്കിലും നിരവധി പരിസ്ഥിതിപ്രശ്നങ്ങൾക്ക് കാരണമാകുന്നു. മരങ്ങൾ വളരെയേറെ നശിപ്പിക്കപ്പെട്ടു എന്നതാണ് പ്രധാന പ്രശ്നങ്ങളിലൊന്ന്. പറമ്പുകളുടെ ഇടവഴികൾ വീതികൂട്ടി മൺറോഡാക്കിയപ്പോൾ ഇരുശങ്ങളിലായി അനേകം മരങ്ങൾ മുറിച്ചുമാറ്റപ്പെട്ടു. അനേക വർഷങ്ങളിലായി തുടർന്നുവരുന്ന വനവൽക്കരണ പ്രക്രിയയാണ് ഇതിലൂടെ തടസ്സപ്പെട്ടിരിക്കുന്നത്. അശാസ്ത്രീയമായ ഈ വനനശീകരണം മൺറോഡുകളുടെ ഇരുവശത്തുമുള്ള ഉയർന്ന പറമ്പുകളിലെ മണ്ണ് ഇടിയുന്നതിനു കാരണമായി. ഇത് മണ്ണൊലിപ്പിനു കാരണമായിട്ടുണ്ട്. സമതലങ്ങളിലും, താഴ്ന്ന ഭാഗങ്ങളിലും മൺറോഡുകളായി മാറിയ ഇടവഴികൾ വർഷകാലത്ത് അധികമായി പെയ്തിറങ്ങുന്ന വെള്ളത്തിൽ താഴ്ന്ന പാടശേഖരങ്ങളിലേക്ക് ഒഴുകിപ്പോകുന്നതിന് സഹായിച്ചിരുന്നു. മൺറോഡുകളുടെ നിർമ്മാണ രീതി കാരണം ഈ ഒഴുക്കിനു തടസ്സമുണ്ടായി. സ്വാഭാവികമായും ഇത്തരം റോഡുകൾ ഗതാഗതയോഗ്യമല്ലാതാകുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത.

## സാദ്ധ്യതകൾ

1. ഈ പഞ്ചായത്തിൽ കൂടി കടന്നുപോകുന്ന കനാൽറോഡ് ഇരുവശവും ഗതാഗതയോഗ്യമായ രീതിയിൽ ശരിയാക്കുകയാണെങ്കിൽ 2,4,5,6,7 എന്നീ വാർഡുകളിലെ നല്ലൊരു ജനവിഭാഗത്തിന് ഉപകാരപ്രദമായ വഴിയായി മാറും.

2. തൊടിയൂർ കണിയാങ്കടവ് പള്ളിക്കലാറിന്റെ സൈഡിലൂള്ള ബണ്ട് വാഹന ഗതാഗതത്തിന് അനുയോജ്യമായ രീതിയിൽ മാറ്റപ്പെട്ടാൽ പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലകളിലെ ജനങ്ങൾക്കും, ഇഷ്ടിക വ്യവസായത്തിനും പ്രയോജനപ്രദമാകും.

3. ശൂരനാട് തെക്ക് പഞ്ചായത്തിൽ ആയിക്കുന്നം വാർഡിൽ ഭരണിക്കാവ്-മുസ്ലിയാർ ചിറയിൽ നിന്നും ആയിക്കുന്നത്ത് ഉള്ളന്നൂർ മാമ്മേലായിൽ വന്നുചേരുന്ന തോടിന്റെ സൈഡ് പാറകെട്ടി തെക്കുവശം റോഡ് നിർമ്മിച്ചാൽ ഏകദേശം 100 കുടുംബങ്ങൾക്ക് ഗതാഗതസൗകര്യം ലഭിക്കും.

4. പതാരത്തുനിന്നും, കുമരംചിറയ്ക്ക് വന്നുചേരുന്ന റോഡിൽ കുമരംചിറ ജംഗ്ഷനിലേക്ക് കടക്കുന്ന വളവ് വീതികൂട്ടി അപകടം ഒഴിവാക്കുക.

5. ടാർ റോഡിന്റെ അരികിൽ സ്ഥാപിച്ചിട്ടുള്ള

പോസ്റ്റുകൾ മാറ്റി സ്ഥാപിച്ച് വീതികൂട്ടുക

6. റോഡിനോട് ചേർന്ന് സ്ഥാപിച്ചിട്ടുള്ള വാട്ടർ സപ്ലൈ കുഴികൾക്ക് മുകളിൽ സ്ലാബിട്ട് മൂടുക, റോഡിന്റെ വശങ്ങളിൽ മൂന്നടിയെങ്കിലും നടപ്പാത നിർമ്മിച്ച് അപകടം ഒഴിവാക്കുക.

7. ടാർ ചെയ്ത ഭാഗത്തിന്റെ വീതി കൂട്ടുക, പുറംപോക്കുഭൂമി ഒഴിപ്പിച്ചെടുക്കുക, റോഡുസൈഡിലെ സ്ഥിരസ്വഭാവമുള്ള നിർമ്മാണങ്ങൾ ഒഴിവാക്കുക, ഓടകൾ നിർമ്മിക്കുക.

8. ഭാഗികമായി ടാർചെയ്തിട്ടുള്ള റോഡിന്റെ ബാക്കി ഭാഗം കൂടി ടാർ ചെയ്യുക.

9. വലിയതറകടവ് പാലം നിർമ്മിക്കുക.

10. ചിരകാലസ്വപ്നമായ മാലുമേൽക്കടവ് പാലത്തിന്റെ പണി തുടങ്ങുന്നതിനു വേണ്ട നടപടികൾ ആരംഭിക്കുക

11. കൊല്ലം-കടമ്പനാട് , കൊല്ലം - അടൂർ, കൊല്ലം നൂറനാട് എന്നീ മൂന്ന് ട്രാൻസ്പോർട്ട് സർവ്വീസ് പുനരാരംഭിക്കുക

12. ഏഴാം വാർഡിൽ വെട്ടോലിൽ മുക്കുമുതൽ പടിഞ്ഞാറോട്ട് കന്നിമേൽത്തറ വരെയും, കന്നിമേൽത്തര മുക്കിൽ നിന്ന് കൂവളക്കുറ്റി പാലംവരെയും ഉണ്ടായിരുന്ന നടപ്പാത വെട്ടി പുന:സ്ഥാപിക്കുക.

13. വലിയതറകടവിൽ സ്ഥിരമായ കടത്തു സൗകര്യം ചെയ്തു കൊടുക്കുക.

14. വലിയതറക്കടവിൽ ചങ്ങാടഗതാഗതം ഏർപ്പെടുത്തുക.

15. നമ്മുടെ പഞ്ചായത്തിലെ പ്രധാന വീഥികളിൽ ചോലമരങ്ങൾ (പ്രയോജനപ്രദമാംവിധം) വച്ചുപിടിപ്പിക്കണം.

# ഊർജ്ജം

## ആമുഖം

ശൂരനാട് തെക്ക് പഞ്ചായത്തിൽ ഊർജ്ജ രംഗത്ത് വൈദ്യുതി കടന്നുവന്നിട്ട് 40 വർഷത്തിൽ കൂടുതൽ ആയിട്ടില്ല. അതിനുമുമ്പ് വെളിച്ചം കാണുന്നതിനും മറ്റും മണ്ണെണ്ണ വിളക്ക്, ചൂട്ടുകറ്റ, കരിയിലകൂട്ടി തീയിടുക തുടങ്ങിയ രീതികളായിരുന്നു ഉപയോഗിച്ചിരുന്നത്.

പാചകത്തിന് ഗ്രാമവാസികളിൽ ബഹുഭൂരിപക്ഷവും വിറകാണുപയോഗിക്കുന്നത്. ഗ്യാസ് അടുപ്പുകൾ വളരെ കൂടുതൽ ആവശ്യമാണ്. കാലിവളർത്തൽ ഈ പഞ്ചായത്തിൽ വളരെകൂടുതൽ നടക്കുന്നുണ്ടെങ്കിലും ഗോബർഗ്യാസ് പദ്ധതി ഇവിടെ വിരളമാണ്. മറ്റ് അത്യന്താധുനിക ഊർജ്ജോത്പാദന പദ്ധതികളും ഇവിടെ അന്യമാണ്. വ്യാവസായിക രംഗത്ത് പല പദ്ധതികളും വരാൻ സാദ്ധ്യതയുണ്ടെങ്കിലും വൈദ്യുതിയുടെ അപര്യാപ്തത പ്രധാന തടസ്സങ്ങളിലൊന്നാണ്. വൈദ്യുതിയുണ്ടെന്നു പറയുന്നിടത്തു തന്നെ ബൾബ് പ്രകാശിക്കുന്നോ എന്നറിയാൻ ടോർച്ചിന്റെ സഹായം വേണം. ഇതാണ് വോൾട്ടേജിന്റെ സ്ഥിതി. ഈ പഞ്ചായത്തിലെ 28% ജനങ്ങൾക്കു മാത്രമേ വൈദ്യുതി ലഭിച്ചിട്ടുള്ളു. തെരുവുവിളക്കുകൾ പ്രകാശിപ്പിക്കുന്നതിന് 41,129 രൂ പഞ്ചായത്തിൽ നിന്നും പ്രതിവർഷം അടയ്ക്കുന്നുണ്ടെങ്കിലും പ്രധാന വീഥികളിൽ ഇപ്പോഴും വഴിവിളക്കുകളില്ല. ഉള്ളവ പല കാരണങ്ങളാൽ ഫലപ്രദമാകുന്നില്ല. ഊർജ്ജരംഗത്തെ നമമുടെ ആവശ്യങ്ങൾക്ക് ജനകീയ ആസൂത്രണ പരിപാടിയിലൂടെ പരിഹാരം കാണേണ്ടതാണ്.

## പ്രശ്നങ്ങൾ

### A.പഞ്ചായത്തുതലം

1. പഞ്ചായത്തിലെ എല്ലാ കോളനികൾക്കും വെളിച്ചം എത്തിക്കുക.
2. ഗതാഗതയോഗ്യമായ എല്ലാ റോഡുകളിലും, വഴിവിളക്ക് സ്ഥാപിക്കുക.
3. പ്രധാന വീഥികളിൽ വേപ്പർലാമ്പ് സ്ഥാപിക്കുക.
4. അനർട്ടിന്റെ സഹായത്തോടെ ഈ പഞ്ചായത്തിൽ തിരഞ്ഞെടുത്ത 25 സ്ഥലങ്ങളിൽ സോളാർവിളക്കുകൾ സ്ഥാപിക്കുക.
5. കാർഷികാവശ്യത്തിനുള്ള വെള്ളംകിട്ടുന്നതിനുവേണ്ട സോളാർപമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിന് അനെർട്ടുമായി ബന്ധം സ്ഥാപിക്കുക.
6. വോൾട്ടേജ്ക്ഷാമം പരിഹരിക്കുന്നതിന് നടപടിസ്വീകരിക്കുക.
7. അഡീഷണൽബിൽ അടയ്ക്കുന്നകാലാവധി രണ്ടുമാസം ആക്കി നീട്ടുക.
8. പ്രസരണലൈനിൽ തട്ടിനിൽക്കുന്ന മരങ്ങൾമുറിച്ചു അപകടം ഒഴിവാക്കുക.
9. പാരമ്പര്യേതര ഊർജ്ജ ഉറവിട രംഗത്ത് പ്രവർത്തിക്കുന്ന അനെർട്ടിന്റെ സഹായത്തോടെ കണിയാം കടവ് ബണ്ടിനോട് ചേർന്ന് ഒരു കാറ്റാടി വൈദ്യുതയന്ത്രം സ്ഥാപിക്കുക.
10. കുമരംചിറ ജംഗ്ഷനിൽ ഒരു കാറ്റാടി യന്ത്രം സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

# പ്രശ്നങ്ങൾ

## വാർഡു തലം

| ക്രമ നമ്പർ | | വാർഡ് |
|---|---|---|
| 1 | മാമ്പിമുക്കുമുതൽ സ്കൂൾജംഗ്ഷൻ വരെ, ലക്കിജംഗ്ഷൻമുതൽ കണ്ടനാട്ടുവരെ ലൈൻസ്ഥാപിക്കുക, മാവിന്റെ മുക്കിനു സമീപം ട്രാൻസ്ഫോർമർ സ്ഥാപിക്കുക റോഡുകളിൽ വഴിവിളക്ക് സ്ഥാപിക്കുക. | 1 |
| 2 | വലിയതറകടവിൽ വഴിവിളക്ക്, മുണ്ടകത്തറ കോളനിയിൽ വഴിവിളക്ക്, പെരുങ്ങാടിയിലും വാർഡിന്റെ മദ്ധ്യഭാഗമായ കുമ്പിളുവിള ജംഗ്ഷനിലും ടാൻസ്ഫോർമർ സ്ഥാപിക്കുക. പട്ടന്റയ്യത്ത് ഭാഗത്തു 25ഓളം വീടുകൾക്ക് വെളിച്ചം എത്തിക്കുക. രണ്ടാം വാർഡിന്റെ കിഴക്കുഭാഗത്ത് 25 ഓളം വീടുകൾക്കു സപ്ലൈനൽകുക. വാർഡിലെ ഗതാഗതയോഗ്യമായ എല്ലാ റോഡുകളിലും വഴിവിളക്ക് സ്ഥാപിക്കുക. വലിയതറ കടവിൽ വേപ്പർലാമ്പ് സ്ഥാപിക്കുക. | 2 |
| 3 | പൂവൻതറ ജംഗ്ഷനും, മുളമൂട്ടിൽ ജംഗ്ഷനും ഇടയിലായി ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുക. തൊടിയൂർ ഫാൻസി ഫാക്ടറിക്കുതെക്കുഭാഗം വീടുകൾക്കു ലൈൻകൊടുക്കുക. കുറ്റീതെക്കതിൽ മുക്കിൽ നിന്നും പടിഞ്ഞാറോട്ട് പ്ലാവിളകോളനി വഴി കണിയാംകടവിന് അല്പം തെക്കുഭാഗം വരെയും ലൈൻ നീട്ടുക. മാലുമേൽകടവിൽ ഒരു വേപ്പർലാമ്പ്സ്ഥാപിക്കുക. നടാപ്പള്ളിൽ ജംഗ്ഷനിൽ നിന്നും വലിയയ്യത്ത് ജംഗ്ഷൻലൈൻ നീട്ടുക. കുരണ്ടിപ്പിള്ളി ച്ചിറയിൽ കൂടി പോകുന്ന ലൈൻ തൈവിള ജംഗ്ഷന് പടിഞ്ഞാറ് കുറ്റീതെക്കേമുക്ക് വരെ മാറ്റി സ്ഥാപിക്കുക. | 3 |
| 4 | തൊടിയൂർ നിന്നും പതാരം വരെ പുതിയ ലൈൻ സ്ഥാപിക്കുക. സാമ്പത്തികമായ പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് കുടിൽ ജ്യോതി പദ്ധതിയിൽ പെടുത്തി വെളിച്ചം നൽകുക. | 3<br>4 |
| 5 | വോൾട്ടേജ് ക്ഷാമം പരിഹരിക്കുക. തെരുവ് വിളക്ക് സ്ഥാപിക്കുക. പുകയില്ലാത്ത അടുപ്പുകൾ വ്യാപകമായി സ്ഥാപിക്കുക | 5 |
| 6 | പുകയില്ലാത്ത അടുപ്പ് സ്ഥാപിക്കുക. വോൾട്ടേജ്ക്ഷാമം പരിഹരിക്കുക. | 6 |
| 7 | കണക്ഷന് വേണ്ടി അപേക്ഷനൽകിയിട്ടുള്ളവർക്ക് കണക്ഷൻകൊടുക്കുക. തെരുവ് വിളക്ക് സ്ഥാപിക്കുക. വാർഡിലെ വായനശാലകൾ, ഹെൽത്ത് സെന്റർ, അംഗൻവാടി ഇവയ്ക്കു കണക്ഷൻ കൊടുക്കുക. | 7 |
| 8 | ആയിക്കുന്നംകിഴക്ക് സ്ഥാപിച്ചിരിക്കുന്ന ട്രൻസ്ഫോർമറിന്റെ പവ്വർ വർദ്ധിപ്പിക്കുക. പുരയിടങ്ങളിലൂടെയും വീടിന്റെ മുകൾഭാഗങ്ങളിലൂടെയും പോകുന്ന ക്രോസ് ലൈനുകൾറോഡു വഴിമാറ്റി സ്ഥാപിക്കുക.പുലിത്തിട്ടമുക്ക് കുറവൻതറമുക്ക്, റൂബിജംഗ്ഷൻ കൂവളക്കുറ്റിപ്പാലം, കുറവൻതറമുക്ക് മുക്കടക്കുഴി എന്നീസ്ഥലങ്ങളിൽ പുതിയലൈൻസ്ഥാപിക്കുക. | 7 |
| 9 | കക്കാക്കുന്നിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുക. കോഴിമുക്ക് മുതൽ തെക്കോട്ടും പാൽസൊസൈറ്റിമുതൽ വടക്കോട്ടും പുതിയ ലൈൻ സ്ഥാപിക്കുക. വോൾട്ടേജ്ക്ഷാമം പരിഹരിക്കുക. പബ്ലിക് മാർക്കറ്റ്, ചിറക്കാട്ട്ക്ഷേത്രം, ഇഞ്ചക്കാട് എൽ.പി.എസ്-വഴിവിളക്ക് സ്ഥാപിക്കുക. | 9 |
| 10 | വലിയവീട് ജംഗ്ഷനിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുക. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യ വൈദ്യുതി നൽകുക. കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കാൻ നടപടി സ്വീകരിക്കുക, തെരുവ് വിളക്ക്കത്തിയ്ക്കുക. വോൾട്ടേജ്ക്ഷാമം പരിഹരിക്കുക. | 10 |
| 11 | കുമരംചിറ ജംഗ്ഷനിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുക. | 8 |
| 12 | കുമരംചിറക്ഷേത്രത്തിനും കുവളകുറ്റി പാലത്തിനും ഇടയിലുള്ള P.W.D റോഡിൽ വൈദ്യുതി ലൈൻ വലിച്ച് വഴിവിളക്ക് സ്ഥാപിക്കുക. | 8 |
| 13 | നാലുമുക്കിൽ ഒരു സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കുക. | 8 |
| 14 | വാർഡിൽ വയറിംഗ് നടത്തിയിട്ടുള്ള ദുർബല വിഭാഗങ്ങളിൽ പെട്ട എല്ലാവീടുകൾക്കും വൈദ്യുതി കണക്ഷൻ നൽകുക. | 8 |

# മാർക്കറ്റ്

## *ആമുഖം*

ശൂരനാട് തെക്ക് പഞ്ചായത്തിൽ ഇന്നുള്ള രണ്ട് മാർക്കറ്റുകൾ പഞ്ചായത്തിന്റെ ആസ്ഥാനമായ പതാരത്തിൽ 721-ാം നമ്പർ സർവ്വീസ്സഹകരണസംഘത്തിന്റെ വകയായ പ്രൈവറ്റ് മാർക്കറ്റും, പഞ്ചായത്തിന്റെ വകയായി കക്കാക്കുന്നിൽ സ്ഥിതിചെയ്യുന്ന പബ്ലിക് മാർക്കറ്റുംആണ്.

കാർഷികമേഖലയായ ഈ പഞ്ചായത്തിൽ കൃഷിക്കാരുടെ ആവശ്യങ്ങൾക്ക് ഉപകാരപ്രദമല്ലാത്തതരത്തിലാണ് ഈ മാർക്കറ്റുകളുടെ ഇന്നത്തെ അവസ്ഥ. മൊത്തംഉല്പാദിപ്പിക്കപ്പെടുന്ന സാധനങ്ങളുടെ 30% മാത്രമാണ് ഈ മാർക്കറ്റുകളിലൂടെ വിപണനം നടക്കുന്നത് ആയതിനാൽ ഈ മാർക്കറ്റുകളിൽ പൊതുസ്റ്റാളുകൾ നിർമ്മിച്ചും ശുചീകരണപ്രവർത്തനങ്ങൾക്ക് ഊന്നൽ കൊടുത്തും, വാഹനഗതാഗതത്തിന് സൗകര്യങ്ങൾ ഒരുക്കിയും മാർക്കറ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്.

പഞ്ചായത്തിന്റെ തെക്കൻ പ്രദേശങ്ങളിൽ വസിക്കുന്ന ജനങ്ങൾക്കും ശാസ്താംകോട്ടപഞ്ചായത്തിലെ പള്ളിശ്ശേരിക്കൽ ഭാഗങ്ങളിൽ വസിക്കുന്ന ജനങ്ങൾക്കും ഒരു പബ്ലിക് മാർക്കറ്റ് ആവശ്യമായതിനാൽ "നാലുമുക്ക്" കേന്ദ്രീകരിച്ച് ഒരു പബ്ലിക് മാർക്കറ്റ് തുടങ്ങാനുള്ള സാധ്യതകൾ ആരായേണ്ടതാണ്.

## പഞ്ചായത്തുതലം

1. നാല്മുക്ക് കേന്ദ്രീകരിച്ച് ഒരു പബ്ലിക്മാർക്കറ്റ് സ്ഥാപിക്കുക.
2. നിലവിലുള്ള മാർക്കറ്റുകളുടെ വികസനം ഉറപ്പാക്കുക (കക്കാക്കുന്ന്-പതാരം മാർക്കറ്റുകൾ)
3. പഞ്ചായത്താസ്ഥാനത്ത് ഒരു മാവേലിസ്റ്റോർ തുടങ്ങുക.
4. കാർഷികോല്പന്നങ്ങൾ ശേഖരിച്ച് വിപണനം നടത്തുന്നതിന് പഞ്ചായത്ത് തലത്തിൽ ഒരു സൊസൈറ്റി രൂപീകരിക്കുക.
5. ഒരു കന്നുകാലി ചന്ത ആരംഭിക്കുക.
6. ഷോപ്പിംഗ് കോംപ്ലക്സ് ആരംഭിക്കുക.

# ഭവനനിർമ്മാണം ക്ഷേമപ്രവർത്തനങ്ങൾ



മാനവ സമൂഹത്തിന്റെ സാംസ്കാരിക പുരോഗതിയിലേക്കുള്ള നാഴികക്കല്ലാണ് താവളങ്ങൾ അഥവാ പാർപ്പിടങ്ങൾ. അവ മനുഷ്യനെ പ്രതികൂലകാലാവസ്ഥയിൽ നിന്നും സംരക്ഷിക്കുകമാത്രമല്ല അവന്റെ സ്വകാര്യതയിൽ ഊന്നിയുള്ള വ്യക്തിത്വവികാസത്തിന് വളക്കൂറാവുകയാണ് ചെയ്യുന്നത്. എന്നാൽ 20-ാം നൂറ്റാണ്ടിന്റെ അവസാന ഘട്ടത്തിൽ എത്തിനിൽക്കുന്ന ഒരുശരാശരി ഭാരതീയന്റെ സാക്ഷാത്കരിക്കപ്പെടാത്ത അനേകം സ്വപ്നങ്ങളിൽ പരമപ്രധാനമായ ഒന്നായി ഇന്നും പാർപ്പിടമോഹം അവശേഷിക്കുന്നു. ഏതൊരു രാജ്യവും സമ്പന്നമാണ്, അല്ലെങ്കിൽ വികസിതമാണ് എന്നഭിമാനം കൊള്ളുമ്പോൾ അവിടുത്തെ പ്രായപൂർത്തിയായ ഓരോപൗരനും സ്വസ്ഥമായ ഒരു പാർപ്പിടവ്യവസ്ഥയുണ്ടാകേണ്ടത് രാഷ്ട്രത്തിന്റെ പ്രധാന ലക്ഷ്യങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്നു.എന്നാൽ മറ്റുപലരംഗങ്ങളിലെന്നപോലെ ഈലക്ഷ്യം കൈവരിക്കുന്നതിൽ നാം ഇപ്പോഴും വളരെവളരെ പിന്നിലാണ്. പാർപ്പിട പ്രശ്നം കണക്കിലെടുക്കാതെയുള്ള ഒരാസൂത്രണവും പൂർണ്ണമാവുന്നില്ല. ഇവിടെയാണ് ജനകീയാസൂത്രണപദ്ധതിയിൽ പാർപ്പിടവും ഭവനനിർമ്മാണവും മുൻനിപ്രാധാന്യം കൈവരിക്കുന്നത്.

ആധുനിക ജീവിതത്തിന്റെ അടിസ്ഥാനസൗകര്യങ്ങളായ വെള്ളം, വെളിച്ചം, ക്ഷേമം, ആരോഗ്യം എന്നീ വിവിധമേഖലകളിൽ തുലോം പിന്നോക്കം നിൽക്കുന്ന ശൂരനാടുതെക്ക് പഞ്ചായത്തിന്റെ നിർണ്ണായകമായ ഒരു സാമൂഹ്യപ്രശ്നമാണ് പാർപ്പിടം. ഈ പഞ്ചായത്തിലെ കുടുംബങ്ങളിൽ നല്ലൊരുപങ്ക് സ്വന്തമായി പാർപ്പിടമില്ലാത്തവരോ കൂട്ടുകുടുംബവ്യവസ്ഥിതിയിൽ സ്വകാര്യതയും വ്യക്തിത്വവും കൈവരിക്കാനാവാതെ വീർപ്പുമുട്ടുന്നവരോ ആണ്. ഈ പ്രശ്നം ഇവിടുത്തെ മാതാപിതാക്കൾക്ക് സങ്കീർണ്ണമായ സാമൂഹിക സാംസ്കാരിക അരാജകത്വം സൃഷ്ടിക്കുകയും തൻമൂലം അവരുടെ വരും തലമുറയിൽ അരക്ഷിതത്വവും വ്യാകുലതയും സൃഷ്ടിച്ച് അവരുടെ ഭാവിയെ വേണ്ടവിധത്തിൽ കരുപ്പിടിപ്പിക്കുവാൻ കഴിയാതാവുകയും ചെയ്യുന്ന.

അച്ഛനും അമ്മയും രണ്ടുകുട്ടികളുമടങ്ങിയ എല്ലാകുടുംബങ്ങൾക്കും സ്വന്തമായി ഒരുതുണ്ടുഭൂമിയും അതിലൊരു പാർപ്പിടവും എന്നുള്ളതായിരിക്കണം ഈ പഞ്ചായത്തിന്റെ ആസൂത്രണ ലക്ഷ്യം. ആ ലക്ഷ്യം ഒരു നിശ്ചിത കാലയളവിനുള്ളിൽ സാക്ഷാത്ക്കരിക്കുവാനാവശ്യമായ രൂപരേഖയും പരിഹാരമാർഗ്ഗങ്ങളും ആവിഷ്ക്കരിക്കുകയും അവ ഒറ്റക്കെട്ടായി നേടിയെടുക്കുവാൻ കഴിഞ്ഞാൽ മാത്രമേ 21-ാം നൂറ്റാണ്ടിലേക്ക് കാർഷിക മേഖലയായ ശൂരനാട് തെക്ക് പഞ്ചായത്തിനെ കൊണ്ടെത്തിക്കാൻ ബാദ്ധ്യസ്ഥമായ നടപ്പു പഞ്ചായത്തു സമിതിക്ക് കൃതാർത്ഥതയോടുകൂടി പടിയിറങ്ങാനാവൂ എന്ന് ബോധിപ്പിച്ചുകൊണ്ട് ഈ ആസൂത്രണരേഖ തയ്യാറാക്കുന്നു.

കേരളത്തിലെ അവികസിതമേഖലകളിൽ ഏറ്റവും പിന്നോക്കം നില്ക്കുന്ന താലൂക്കുകളിൽ ഒന്നായ കുന്നത്തൂരിലെ ഏറ്റവും പിന്നിൽ നില്ക്കുന്ന പഞ്ചായത്താണ് ശൂരനാട് തെക്ക്. സ്വാതന്ത്ര്യത്തിന്റെ കനകജൂബിലി ആഘോഷിക്കുന്ന ഈ വേളകളിലും പഞ്ചായത്തിന്റെ ഈ അവസ്ഥ പരിതാപകരമാണ്.

ഇപ്പോൾ പത്തു വാർഡുകളുള്ള പഞ്ചായത്തിൽ ആകെയുള്ള 6074 വീടുകളിൽ 27 ഇരുനില കെട്ടിടങ്ങളും 764 ടെറസ്സ് കെട്ടിടങ്ങളും രണ്ടായിരത്തി 2675 ഓടിട്ട വീടുകളും ബാക്കി 2104 ഓലമേഞ്ഞ വീടുകളും 504 കുടിലുകളുമാണു ള്ളത്. ഇവയിൽ 52 വിടുകൾ ആധുനിക നിർമ്മാണ സാമഗ്രികളായ മാർബിൾ, മൊസൈക്ക്, ടൈൽസ് എന്നി കൊണ്ട് മോടിപിടിപ്പിച്ചവയും എല്ലാ സൗകര്യങ്ങളും ഉള്ളതുമാണ്. 791 വിടുകൾ ടെറസ്സ് മേൽക്കൂരയുള്ളതും സിമന്റ് തറകളുള്ളതും അടിസ്ഥാനസൗകര്യം ഉള്ളതുമാണ്. 2675 വീടുകൾ ഓടുമേഞ്ഞവയും തറ സിമന്റുകൊണ്ട് മിനുസപ്പെടു ത്തിയതും അടിസ്ഥാനസൗകര്യങ്ങൾ ഭാഗികമായി ഉള്ളവയും ആണ്. ഓലമേഞ്ഞ വീടുകൾ കട്ട ചുവരുകളുള്ളതും യാതൊരു അടിസ്ഥാന സൗകര്യങ്ങളും ഇല്ലാത്തവയുമാണ്. ബാക്കി ചെറ്റക്കുടിലുകൾ പാർപ്പിടം എന്നു പേരു മാത്രം ഉള്ളവയുമാണ്.

പട്ടിക എ.

## കെട്ടിടം സംബന്ധിച്ച വിവരം

മേൽപ്പുരയുടെ സ്വഭാവം

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽ കൂടുതൽ നില യുള്ള കെട്ടിടങ്ങളുടെ എണ്ണം | ഒരു നിലയുള്ള കെട്ടിടങ്ങൾ | | | | വിവിധഭവനനിർമ്മാണപദ്ധതികളിലൂടെ നിർമ്മിച്ച വിടുകളുടെ എണ്ണം NREP, JRY, GL, H20 |
|---|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ | |
| 1 | 828 | 4 | 92 | 353 | 299 | 80 | 17 |
| 2 | 801 | 3 | 50 | 375 | 257 | 116 | 37 |
| 3 | 500 | 1 | 42 | 234 | 193 | 30 | 2 |
| 4 | 723 | 3 | 153 | 282 | 197 | 88 | 22 |
| 5 | 667 | 10 | 95 | 333 | 219 | 10 | 10 |
| 6 | 567 | | 71 | 237 | 239 | 20 | 13 |
| 7 | 548 | 1 | 79 | 210 | 229 | 29 | 2 |
| 8 | 726 | 4 | 106 | 295 | 243 | 78 | 16 |
| 9 | 714 | 1 | 76 | 356 | 228 | 53 | 3 |
| ആകെ | 6074 | 27 | 764 | 2675 | 2104 | 504 | 122 |

മുകളിൽ ഇനംതിരിച്ച് പറഞ്ഞിട്ടുള്ളതിൽ കുടിലുകളും ഓലവീടുകളും പ്രതികൂല കാലാവസ്ഥയിൽ അപക ടഭീഷണിയെ അഭിമുഖീകരിക്കുന്നവയും അടിസ്ഥാനസൗകര്യങ്ങൾ ഇല്ലാത്തവയുമാണ്. കൂടാതെ കൂട്ടുകുടുംബമായി താമസിക്കുന്നതും സ്വന്തമായി ഒരു മേൽക്കൂര സ്വപ്നംകാണുന്നവരുമായി I.R.D.P. സർവ്വേ പ്രകാരം 1225 കുടുംബ ങ്ങളുണ്ട്. കഴിഞ്ഞ ഏതാനും വർഷങ്ങളായി കെട്ടിട നിർമ്മാണ സാമഗ്രികൾക്കുണ്ടായ അഭൂതപൂർവ്വമായ വിലക്കയ റ്റവും നിർമ്മാണ തൊഴിലാളികളുടെ കൂലിവർദ്ധനവും താഴ്ന്നവരുമാനക്കാരെ വളരെ ബുദ്ധിമുട്ടിക്കുന്ന പ്രശ്നങ്ങളാണ്. സർക്കാരിൽ നിന്നും വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നൽകുന്ന സൗജന്യമായതോ, സബ്സിഡിയോടുകൂടിയതോ, അല്ലാതെയോ ഉള്ള ഭവനപദ്ധതികൾ തികച്ചും അപര്യാപ്തമാണ്. സംസ്ഥാനത്തെ മറ്റു പഞ്ചായത്തുകളുമായി താരതമ്യം ചെയ്യുമ്പോൾ ശൂരനാട് തെക്ക് പഞ്ചായത്തിൽ പല പദ്ധതികൾ പ്രകാരം അനുവദിച്ചിട്ടുള്ള വീടുകൾ വളരെ കുറവാ ണെന്ന് കണക്കുകൾ കാണിക്കുന്നു.

പഞ്ചായത്തിലെ കുടിലുകൾ മാറ്റിയെടുക്കലും ഭവനരഹിതർക്കു വീടു നിർമ്മിച്ച് നൽകാനും സർക്കാർ വിവിധ ഏജൻസികളിലൂടെ ഇപ്പോൾ ലക്ഷ്യമാക്കുന്നു. വായ്പകൾകൊണ്ടും സൗജന്യങ്ങൾകൊണ്ടും കാര്യമായി കഴിയുന്നി ല്ലെന്ന് നാം അനുഭവത്തിലൂടെ മനസ്സിലാക്കുന്നു. വാർഡുതലത്തിൽ ബൃഹത്തായ ഒരു പദ്ധതികൊണ്ടു മാത്രമേ ഇവയ്ക്കു പരിഹാരം കാണാൻ കഴിയൂ. ഇതിന് വാർഡുതലത്തിൽ ഗുണഭോക്താക്കളുടേയും സന്നദ്ധ സംഘടനകളു ടെയും സംയുക്തമായ പ്രവർത്തനമാവശ്യമാണ്. സർക്കാർഫണ്ടിനു പുറമേ നിർമ്മാണ സാധനങ്ങളും അദ്ധ്വാനവും സംഭാവനവഴി സ്വരൂപിച്ച് ഇതിന് പരിഹാരം കാണാവുന്നതാണ്.

## നിർദ്ദേശങ്ങൾ

1. വാസയോഗ്യമല്ലാത്ത ഭവനങ്ങളിൽ താമസിക്കുന്ന ദുർബലവിഭാഗത്തിൽപ്പെട്ടവർക്ക് അടിസ്ഥാനസൗകര്യങ്ങളോടുകൂടിയ പാർപ്പിടം ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
2. ഒരു ഭവനനിർമ്മാണ സഹകരണസംഘം സ്ഥാപിച്ച് അസംസ്കൃത സാധനങ്ങൾ ന്യായവിലക്ക് നൽകുക.
3. നിർമ്മിതിയുടെ സഹായത്തോടെ സാങ്കേതിക പരിജ്ഞാനവും തൊഴിലാളികൾകൾക്ക് വിദഗ്ധപരിശീലനവും നൽകാനുള്ള നടപടികൾ ആരംഭിക്കുക.
4. പാവപ്പെട്ടവരെ കെട്ടിടനികുതിയിൽ നിന്നും ഒഴിവാക്കുക.
5. ഗ്രാമസഭയിൽ പ്രത്യേകമായി ആവശ്യപ്പെട്ടതിൻ പ്രകാരം മുഴുവൻ പേർക്കും വീടും ജീവനോപാധികളും നൽകുക.
6. മൈത്രി ഭവനനിർമ്മാണപദ്ധതികളുടെ ആനുകൂല്യം പഞ്ചായത്തിൽ കുറഞ്ഞത് 500 പേർക്ക് നൽകുക.
7. ഒരു ഹൗസിംഗ് കോംപ്ലക്സ് സ്ഥാപിക്കുക.
8. കെട്ടിടനിർമ്മാണസാമഗ്രികളുടെ നിർമ്മാണ വിതരണത്തിനായി ( ചുടുകട്ട, കല്ല്, ഹോളോബ്രിക്സ്)പഞ്ചായത്തുതലത്തിൽ രൂപികരിക്കുന്ന ഒരു കെട്ടിട നിർമ്മാണ സഹകരണസംഘത്തിന്റെ കീഴിൽ കൊണ്ടു വരികയും നിയന്ത്രിത വിലയ്ക്ക് ഇവ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുകയും ചെയ്യുക.
9. സർക്കാർ ലഭ്യമാക്കുന്ന ഭവനനിർമ്മാണ വായ്പയ്ക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുക.
10. വായ്പകൾ കുറഞ്ഞ പലിശയ്ക്ക് ഉദാരമായി തിരിച്ചടപ്പ് വ്യവസ്ഥയിലും ലഭ്യമാകുക.
11. സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകുവാനുള്ള അധികാരം പഞ്ചായത്ത് മെമ്പർമാർക്ക് നൽകുക.
12. താലൂക്കിലെ ധനകാര്യസ്ഥാപനങ്ങൾ ഉദാരമായ വ്യവസ്ഥയിൽ ഭവനനിർമ്മാണ വായ്പകൾ നൽകാൻ വേണ്ട നടപടികൾ സ്വീകരിക്കുക.
13. നിർമ്മാണ പ്രവർത്തനങ്ങൾ വിദഗ്ദരായ അഭ്യസ്തവിദ്യർക്ക് കരാറടിസ്ഥാനത്തിൽ വീടുകൾ നിർമ്മിച്ചുകൊടുക്കുവാൻ S.S.I. യൂണിറ്റ് മാതൃകയിൽ മൂലധനസഹായം ധനകാര്യ സ്ഥാപനങ്ങൾ വഴി ലഭ്യമാക്കുക.
14. സർക്കാർ ഏജൻസികൾവഴി വിതരണം ചെയ്യുന്ന വായ്പകളുടെ രേഖകൾ പഞ്ചായത്തുതലത്തിൽ സൂക്ഷിക്കുകയും അതുവഴി വായ്പകളുടെ ദുരുപയോഗം തടയുകയും ചെയ്യുക.
15. എല്ലാ ഭവന നിർമ്മാണ വായ്പകളും ഗ്രാമപഞ്ചായത്തുവഴി വിതരണം ചെയ്യുക.

മേൽപ്പറഞ്ഞ പ്രശ്നങ്ങളും പരിഹാരങ്ങളും ഗൗരവമായ ചർച്ചയ്ക്കും പ്രവർത്തനത്തിനും വിധേയമാക്കുകയും പൂർണ്ണമായല്ലെങ്കിലും പരമാവധി പാർപ്പിട പ്രശ്നത്തിന് ശാശ്വതപരിഹാരം കാണുവാനുള്ള കൂട്ടായ്മയിലൂടെ നാടിന്റെ വികസനത്തിന് ആക്കംകൂട്ടുവാൻ ഈ മാഗ്ഗരേഖ സമർപ്പിക്കുന്നു.

പട്ടിക. ബി.

### I.R.D.P. സർവ്വേപ്രകാരം ഭവന നിർമ്മാണം സംബന്ധിച്ച വിവരം

| വാർഡ് | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം | വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ചതിൽ ഇനി പൂർത്തീകരിക്കാനുള്ള വീടുകൾ | ഇനി അനുവദിക്കേണ്ട വീടുകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 203 | 18 | 14 | 4 | 185 |
| 2 | 158 | 62 | 38 | 24 | 96 |
| 3 | 143 | 16 | 9 | 7 | 127 |
| 4 | 140 | 28 | 19 | 9 | 112 |
| 5 | 140 | 21 | 10 | 11 | 119 |
| 6 | 165 | 20 | 13 | 7 | 145 |
| 7 | 122 | 14 | 9 | 5 | 108 |
| 8 | 175 | 12 | 7 | 5 | 163 |
| 9 | 182 | 12 | 4 | 8 | 170 |
| ആകെ | 1428 | 203 | 123 | 80 | 1225 |

# ക്ഷേമപ്രവർത്തനങ്ങൾ

സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന ദരിദ്രവിഭാഗങ്ങളെയും അംഗങ്ങളെയും പുരോഗതിയുടെ മുഖ്യധാരയിൽ കൊണ്ടുവരാൻ വേണ്ടി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നവയാണ് സാമൂഹ്യക്ഷേമപദ്ധതികൾ. സാമൂഹ്യക്ഷേമരംഗത്ത് പ്രാവർത്തികമാക്കിയിരിക്കുന്ന പദ്ധതികൾ രണ്ട് വിഭാഗത്തിൽ പെടുന്നു. ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര നിർമ്മാർജ്ജനപദ്ധതികളും തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടിയുള്ള ക്ഷേമപദ്ധതികളുമാണ് പ്രധാനമായും നിലവിലുള്ളത്. ഇതിൽ ഒന്നാമത്തേത് പൂർണ്ണമായും കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ വഹിക്കുന്ന സാമ്പത്തിക സഹായപദ്ധതികൾ ആണെങ്കിൽ രണ്ടാമത്തേത് തൊഴിലാളി തൊഴിലുടമ സഹായത്തോടെ ക്ഷേമനിധി ബോർഡുകൾവഴി നടപ്പാക്കുന്നവയാണ്. ഇവയ്ക്കുപുറമേ പട്ടികജാതി പട്ടികവർഗ്ഗ ഉന്നമനത്തിനായി പട്ടികജാതി വികസന കോർപ്പറേഷനും വനിതകളുടെയും ശിശുക്കളുടെയും ക്ഷേമത്തിനായി വനിതാവികസന കോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്.

ഇങ്ങനെയൊക്കെയാണെങ്കിലും അവശതയനുഭവിക്കുന്നവരുടെ ക്ഷേമപ്രവർത്തനങ്ങൾ ഉദ്ദേശിച്ച ഫലം നേടാതെ പലപ്പോഴും പാഴ്ച്ചിലവുകളായി അവശേഷിക്കുകയും അവശതയനുഭവിക്കുന്ന വിഭാഗം ഇന്നും നാടിന്റെ മുഖച്ഛായയിൽ കരിനിഴൽ പരത്തുന്നതായും കാണുന്നു. ഇതിന്റെ കാരണങ്ങൾ ബഹുമുഖവും സങ്കീർണ്ണവുമാണ്. ഇക്കൂട്ടത്തിൽ നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തതയും അറിവില്ലായ്മയും ഗുണഭോക്താക്കളെ കണ്ടെത്തുന്നതിലുള്ള വീഴ്ചകളും ഉദ്യോഗസ്ഥതലത്തിലുള്ള ബോധവൽക്കരണമില്ലായ്മയും ചുവപ്പുനാടയും മറ്റു സാങ്കേതിക നൂലാമാലകളും പ്രത്യേക ശ്രദ്ധ ആർഹിക്കുന്നവയാണ്. തൊഴിലാളിക്ഷേമപ്രവർത്തനങ്ങളും കാര്യക്ഷമമായി നടപ്പിലാക്കപ്പെടുന്നില്ലെന്ന് പരിശോധനയിൽ മനസ്സിലാകുന്നതാണ്. പഞ്ചായത്തിൽ നല്ലൊരു വിഭാഗമായി തുടരുന്ന കെട്ടിടനിർമ്മാണതൊഴിലാളികൾ, കർഷകതൊഴിലാളികൾ, കശുവണ്ടിതൊഴിലാളികൾ, പായനെയ്ത്തുതൊഴിലാളികൾ, തീപ്പെട്ടിനിർമ്മാണതൊഴിലാളികൾ തുടങ്ങിയവർ ഇനിയും തൊഴിലാളിക്ഷേമനിധികളിൽ അംഗങ്ങളായിട്ടില്ലെന്ന് കാണാം.

സാമൂഹ്യക്ഷേമരംഗത്ത് കാര്യമായിപ്രവർത്തിച്ച് പഞ്ചായത്തിൽ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് ശാസ്താംകോട്ട ബ്ലോക്ക് ഡവലപ്പ്മെന്റ് ആഫീസാണ്. ഇതിന്റെ കീഴിൽ ശൂരനാട് തെക്ക് വില്ലേജ്സർക്കിൾവഴി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളെ സംബന്ധിച്ചും ഗുണഭോക്താക്കളെക്കുറിച്ചും പട്ടിക 'A' യിൽ പ്രതിപാദിക്കുന്നു.

### പട്ടിക 'A'

## I.R.D.P. സഹായലഭ്യതാ കണക്ക് - ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ വിവരം.

| വാർഡ് | ആകെ കുടുംബങ്ങൾ | ഇതിൽ SC.ST | നാളിതുവരെ സഹായം ലഭിച്ചവർ | ഇതിൽ SC.ST | സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖയ്ക്കു മുകളിലെത്തിയവർ | ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായംലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| 1 | 289 | 42 | 65 | 30 | 42 | 354 |
| 2 | 255 | 31 | 27 | 13 | 15 | 240 |
| 3 | 244 | 24 | 19 | 6 | 5 | 239 |
| 4 | 231 | 37 | 20 | 10 | 10 | 221 |
| 5 | 226 | 53 | 10 | 4 | 5 | 221 |
| 6 | 259 | 28 | 14 | 6 | 5 | 254 |
| 7 | 175 | 28 | 55 | 28 | 38 | 230 |
| 8 | 254 | 22 | 68 | 23 | 42 | 322 |
| 9 | 264 | 21 | 62 | 22 | 41 | 326 |
| ആകെ | 2197 | 286 | 340 | 142 | 203 | 2407 |

ഈ പദ്ധതി ക്ഷേമരംഗത്ത് ഉദ്ദേശിച്ച രീതിയിലുള്ള ഫലപ്രാപ്തി കൈവരിച്ചിട്ടില്ലെന്ന് മേൽപ്പറഞ്ഞ കണക്കിൽനിന്ന് ബോദ്ധമാകും. സർക്കാർഭാഗത്തുനിന്നുതന്നെയുള്ള പദ്ധതികളെക്കുറിച്ചുള്ള നിർവചനം കാലോചിതമായി പരിഷ്കരിക്കുകയും ജീവിത ചിലവിനനുസരിച്ച് ദരിദ്രരേഖയുടെ പരിധി ഉയർത്തുകയും വേണം. ദേശസാൽകൃതബാങ്കുകൾ ഈ സ്കീമനുസരിച്ച് വായ്പ ലഭ്യമാക്കുന്നതിൽ ഗുരുതരമായ

വീഴ്ചയാണ് കാട്ടുന്നത്. അതുകൊണ്ട് സഹകരണമേഖലയ്ക്ക് പരമാവധി സർക്കാർ ഫണ്ട് അനുവദിച്ച് ഈ മേഖലയെ ഗണ്യമായ പങ്കുവഹിക്കുവാൻ നടപടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

<u>ട്രൈസം</u>

ട്രൈസം പദ്ധതിവഴി 18 മുതൽ 35 വരെ വയസ്സുള്ള യുവതീയുവാക്കൾക്ക് സ്വയംതൊഴിൽ പരിശീലനം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഈ പദ്ധതി പ്രകാരം തൊഴിൽ കണ്ടെത്തിയവർ വളരെ ചുരുക്കമാണെന്ന് കണക്കുകൾ തെളിയിക്കുന്നു.

പട്ടിക. ബി.

ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| വാർഡ് | പരിശീലനവിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയംതൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതരതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരിടെ എണ്ണം | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| 1 | Radio assembling, Plumping, Tyre Re-trading, Tailoring, Sheet metal works | 9 | 9 | - | - |
| 2 | Welding, Wiring, Tailoring, Radio Assembling. | 4 | - | 4 | - |
| 3 | Radio Assembling, Tailoring, Electronics. | 5 | - | 5 | - |
| 4 | Printing, Spray Painting, Welding | 9 | 2 | 7 | - |
| 5 | Handloom weaving, Printing and Composing | 7 | 2 | 5 | - |
| 6 | Watch Repairing, Book Binding, Plumping | 5 | 2 | 3 | - |
| 7 | Weaving, Match Making, Plumping, Watch and Clock Repairing, Wiring, Workshop Composing, Book binding, Printing | 17 | 10 | 7 | - |
| 8 | Radio Assembling, Tailoring, Plumping, | 4 | 3 | 1 | - |
| 9 | Weving, Tailoring, Composing, Plumping T.V. and Radio Repair, Home Appliance | 8 | 5 | 3 | - |
| | Total | 68 | 33 | 35 | - |

ഈ പദ്ധതിപ്രകാരം കൂടുതൽ ആളുകൾക്ക് പരിശീലനം നല്കുകയും പരിശീലനം ലഭിക്കുന്ന മുഴുവൻ യുവതീയുവാക്കൾക്കും സ്വയംതൊഴിൽകണ്ടെത്താൻ I.R.D.P. പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കേണ്ടതുണ്ട്.

## <u>D.W.C.R.A</u>

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനായി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് D.W.C.R.A ഈ പദ്ധതി പ്രകാരം 1-ാം വാർഡിൽ ഒരു പശുവളർത്തൽ യൂണിറ്റ് ആരംഭിച്ചുവെങ്കിലും ഇപ്പോൾ പ്രവർത്തന രഹിതമാണ്. 6-ാംവാർഡിൽ നടപ്പാക്കിയ ബേക്കറിയൂണിറ്റും ഇപ്പോൾ പ്രവർത്തിക്കുന്നില്ല എന്ന് സർവ്വെയിൽ കണ്ടെത്തി. പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും ഈ പദ്ധതി ഊർജ്ജിതമായി നടപ്പാക്കുകയും ഗുണഭോക്താക്കളെ നിശ്ചയിക്കുമ്പോൾ ട്രൈസം പദ്ധതിപ്രകാരം പരിശീലനം നേടിയവർക്ക് മുൻഗണന നൽകുകയും വേണം. തദ്ദേശീയമായ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് നടത്താവുന്ന സംരംഭകർക്ക് മുൻഗണനനൽകണം.

## C.R.S.P

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കുവാൻ ധനസഹായം നൽകി അവരുടെ ആരോഗ്യ പരിപാലന രംഗത്തും ശുചിത്വത്തിലും പുരോഗതിയുണ്ടാക്കാനുള്ള ഈ പദ്ധതി നമ്മുടെ പഞ്ചായത്തിൽ നടപ്പിലുണ്ട്. ഇതിൻ പ്രകാരം അനുവദിച്ചിട്ടുള്ളകണക്ക് പട്ടിക സി യിൽ കാണിച്ചിരിക്കുന്നു. ഇവകൂടാതെ പഞ്ചായത്തിന്റെ ഉപാധിരഹിത ഫണ്ടുപ്രകാരം 95-96 വർഷത്തിൽ 91 കക്കൂസുകൾ കൂടി അനുവദിച്ചുവെങ്കിലും ഈപ്രശ്നം വളരെ രൂക്ഷമായി തുടരുകയാണെന്ന് കണക്കുകളിൽ നിന്നും മനസ്സിലാക്കാം. വരും വർഷങ്ങളിൽ CRSP പ്രകാരം കൂടുതൽ കക്കൂസുകൾ നൽകി കൂടുതൽ കുടുംബങ്ങളെ ഉൾപ്പെടുത്തേണ്ടതാണ്.

പട്ടിക C

കക്കൂസ് സംബന്ധിക്കുന്ന വിവരം I.R.D.P. സർവ്വെ പ്രകാരം.

| വാർഡ് | സാനിട്ടറികക്കൂസുകൾ ഇല്ലാത്തവരുടെ എണ്ണം | വിവിധപദ്ധതികളിൽ കക്കൂസുകൾ ലഭിച്ചവർ | പൂർത്തിയാക്കിയ വരുടെ എണ്ണം | ഇനി കക്കൂസുകൾ വേണ്ടവരുടെ എണ്ണം. |
|---|---|---|---|---|
| 1 | 232 | 7 | 7 | 225 |
| 2 | 190 | 6 | 5 | 184 |
| 3 | 180 | 2 | 2 | 178 |
| 4 | 174 | 5 | 5 | 169 |
| 5 | 192 | 3 | 3 | 189 |
| 6 | 198 | 10 | 10 | 178 |
| 7 | 140 | 13 | 13 | 127 |
| 8 | 198 | 2 | 2 | 196 |
| 9 | 208 | 2 | 2 | 206 |

## മാർക്കറ്റ്

ശൂരനാടുതെക്ക് പഞ്ചായത്തിൽ മാർക്കറ്റിനെ കുറിച്ചോർക്കുമ്പോൾ ആദ്യമായി സ്മരിക്കേണ്ടത് മൺമറഞ്ഞു പോയ തെങ്ങുംവിള ശ്രീ. പി.രാഘവൻപിള്ള അവർകളെയാണ്. അദ്ദേഹം ദാനമായി നൽകിയ ഭൂമിയിൽ തുടങ്ങിയ കക്കാക്കുന്ന് മാർക്കറ്റാണ് ശൂരനാടു തെക്ക് പഞ്ചായത്തിലെ ഏക പബ്ലിക് മാർക്കറ്റ്. ഇതുകൂടാതെ പതാരത്തിലുള്ള ഒരു പ്രൈവറ്റ്മാർക്കറ്റുമാത്രമേപണ്ടുണ്ടായിരുന്നുള്ളു. കക്കാക്കുന്ന്. മാർക്കറ്റിൽ ഒരു ആഴ്ച ചന്ത തുടങ്ങുകയും, വായനശാല, കോയിക്കൽചന്ത, മാമ്പിയിൽ മുക്ക് തുടങ്ങിയ പ്രധാനസ്ഥലങ്ങളിൽ മാർക്കറ്റ് തുടങ്ങേണ്ടതും അത്യാവശ്യമാണ്. കക്കാക്കുന്ന് മാർക്കറ്റിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ചും, മതിൽകെട്ടി അടവാക്കിയും, നിരപ്പാക്കിയും സംരക്ഷിക്കേണതാണ്. കൂടാതെ പതാരം മാർക്കറ്റും നല്ലനിലയിൽ പ്രവർത്തിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## അംഗൻവാടി

വനിതാ ശിശുക്ഷേമരംഗത്ത് അംഗനവാടികൾ വളരെ ക്ഷേമപ്രവർത്തനങ്ങൾ ശൂരനാട് തെക്ക് പഞ്ചായത്തിൽ നടത്തുന്നുണ്ട്. പ്രാഥമികാരോഗ്യകേന്ദ്രവും ഉപകേന്ദ്രവും മാതൃശിശുസംരക്ഷണ രംഗത്ത് പ്രവർത്തനക്ഷമമാണ്. എന്നാലും ഫണ്ടുകളുടെ അപര്യാപ്തതയും മരുന്നുവിതരണത്തിലുള്ള പാകപ്പിഴയും രോഗികളെ കിടത്തിചികിത്സിക്കാനുള്ള സൗകര്യക്കുറവും ആരോഗ്യരംഗത്ത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. പതാരം പ്രാഥമികാരോഗ്യകേന്ദ്രത്തിൽ സ്ത്രീരോഗവിദഗ്ധരുൾപ്പെടെ കൂടുതൽ ഡോക്ടർമാരെ നിയമിച്ചും കൂടുതൽ ഉപകേന്ദ്രങ്ങൾ അനുവദിച്ചും പ്രശ്നപരിഹാരം കാണേണ്ടതാണ്. അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കിയും കൂടുതൽ അംഗൻവാടികൾ അനുവദിച്ചും മാതൃശിശുക്ഷേമത്തിന് കൂടുതൽ പ്രാധാന്യം നൽകണം. പഞ്ചായത്തിൽ ആയുർവേദം, ഹോമിയോ ആശുപത്രികൾ സ്ഥാപിക്കണം.

അംഗനവാടി ജീവനക്കാരുടെ സ്ഥിതിയും ദയനീയമാണ്. വർക്കർ, ഹെൽപ്പർ എന്നീ രണ്ടു തസ്ഥികകളാണ് ഇതിലുള്ളത്. രാവിലെ 9 മണിമുതൽ 3.30 മണിവരെ ജോലിചെയ്യുന്ന ഇവർ ആരോഗ്യമേഖലയിലെ ഗൃഹ സന്ദർശനം ഉൾപ്പെടെ നടത്തേണ്ടതായി വരുന്നുണ്ട്. വളരെ പ്രയാസം സഹിച്ച് നാടിന്റെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്ന പ്രസ്തുത ജീവനക്കാരുടെ വേതനം വളരെ തുച്ഛമാണ്. ഇതിനു പരിഹാരം കാണേണ്ടിയിരിക്കുന്നു. കൂടുതൽ അംഗൻവാടികൾ അനുവദിച്ചും അറ്റകുറ്റപ്പണികൾ നടത്തിയും മതിലും മറ്റു സൗകര്യങ്ങളുമുണ്ടാക്കിയും അംഗൻവാടി പ്രവർത്തനം കാര്യക്ഷമമാക്കാവുന്നതാണ്.

## പട്ടിക D
### അംഗൻവാടികളുടെ വിവരം.

| നമ്പർ | | വാർഡ് 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | Total |
|---|---|---|---|---|---|---|---|---|---|---|---|
| 1 | a, പഞ്ചായത്തിലെ ആകെ ജനസംഖ്യ | 3146 | 2801 | 1896 | 2143 | 2112 | 2119 | 2078 | 2349 | 2751 | 21,395 |
| | b, പുരുഷന്മാർ | 1621 | 1357 | 935 | 1115 | 1011 | 1017 | 1012 | 1111 | 1375 | 10,554 |
| | c, സ്ത്രീകൾ | 1555 | 1473 | 989 | 1073 | 1029 | 1021 | 1094 | 1196 | 1411 | 10,841 |
| 2 | a, പട്ടികജാതി ജനസംഖ്യ | 570 | 560 | 240 | 346 | 298 | 295 | 329 | 272 | 304 | 3,214 |
| | b, പട്ടിക വർഗ്ഗ ജനസംഖ്യ | | | | | | | | | | |
| 3 | അംഗനവാടികളുടെ എണ്ണം. | 1 | 3 | 1 | 1 | 1 | 2 | 1 | 1 | 1 | 12 |
| 4 | a, ഒരുവയസ്സിനുതാഴെ പ്രായമുള്ള കുട്ടികൾ | 18 | 22 | 7 | 10 | 10 | 12 | 20 | 15 | 20 | 134 |
| | b, 1-2 വയസ്സുവരെ പ്രായമുള്ള കുട്ടികൾ | 25 | 45 | 15 | 20 | 22 | 18 | 35 | 30 | 30 | 240 |
| | c, 2-3 വയസ്സുവരെ പ്രായമുള്ള കുട്ടികൾ | 50 | 75 | 30 | 35 | 40 | 30 | 40 | 45 | 42 | 387 |
| | d, 3-5 വയസ്സുവരെ പ്രായമുള്ള കുട്ടികൾ | 75 | 102 | 50 | 55 | 60 | 45 | 60 | 62 | 61 | 570 |
| 5 | a, വാർഡിലെ ആകെ ഗർഭിണികളുടെ എണ്ണം | 7 | 9 | 6 | 8 | 10 | 12 | 15 | 18 | 12 | 97 |
| | b, ഇവരിൽ പ്രത്യേക പരിചരണം ആവശ്യമുള്ളവരുടെഎണ്ണം | 4 | 5 | 4 | 6 | 4 | 3 | 6 | 11 | 5 | 48 |
| 6 | മുലയൂട്ടുന്ന അമ്മമാരുടെ അണ്ണം ( 6മാസം വരെ പ്രായമുള്ളകുട്ടികളുള്ള) | 12 | 7 | 9 | 8 | 4 | 6 | 2 | 3 | 4 | 55 |
| 7 | a, കഴിഞ്ഞ വർഷത്തിൽ ആകെ ജനനങ്ങൾ | 30 | 29 | 16 | 18 | 14 | 18 | 22 | 18 | 24 | 189 |
| | b, ചാപിള്ള ജനനങ്ങൾ | | | | | | | | | | |
| 8 | a, ഒരുവയസ്സിനു താഴെ പ്രായത്തിൽ മരിച്ച കുട്ടികളുടെ എണ്ണം | | 1 | | | | | 1 | | 1 | 3 |
| | b, 1-3 വയസ്സുവരെ മരിച്ചകുട്ടികളുടെ എണ്ണം | | | | | | | | | | |
| | c, 3-6 വയസ്സുവരെ മരിച്ചകുട്ടികളുടെ എണ്ണം | | | | | | | | | | |
| 9 | a, ഗർഭസംബന്ധമായ അസുഖങ്ങളാൽ മരിച്ച സ്ത്രീകളുടെ എണ്ണം | | | | | | | | | | |
| | b, മറ്റുമരണങ്ങളുടെ എണ്ണം | 8 | 7 | 5 | 10 | 8 | 12 | 11 | 9 | 12 | 82 |
| 10 | a, അനുപൂരക പോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം | 20 | 30 | 28 | 32 | 25 | 35 | 18 | 15 | 20 | 223 |
| | b, അനുപൂരക പോഷകാഹാരം ലഭിക്കുന്ന ഗർഭിണികളുടെ എണ്ണം | 5 | 8 | 7 | 9 | 11 | 5 | 6 | 4 | 6 | 61 |
| | c, അനുപൂരക പോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം | 4 | 12 | 9 | 5 | 6 | 7 | 8 | 6 | 6 | 63 |

### പെൻഷൻ

വികലാംഗ പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ, വിധവാപെൻഷൻ, അഗതിപെൻഷൻ തുടങ്ങിയവ നടപ്പിലുണ്ടെങ്കിലും അർഹരായ നല്ലൊരു വിഭാഗം ക്ഷേമപദ്ധതികളുടെ ആനുകൂല്യം കിട്ടാത്തവരാണെന്നുകാണാം. അർഹരായവരെ കണ്ടെത്തുന്നതിനുള്ള പഴയനിബന്ധനകളിൽ മാറ്റം വരുത്തി കൂടുതൽ ഉദാരമാക്കി അർഹരായ മുഴുവൻ ആളുകൾക്കും ഇതിന്റെ ആനുകൂല്യം ലഭ്യമാക്കണം. തൊഴിലില്ലായ്മാ വേതനം കൈപ്പറ്റുന്നവരുടെ എണ്ണം കൂടുതലാണെന്നത് ഈ പഞ്ചായതിലെ തൊഴിലില്ലായ്മയുടെ രൂക്ഷത വെളിപ്പെടുത്തുന്നു.കൂടുതൽ തൊഴിൽ സംരംഭങ്ങൾ ആവിഷ്കരിച്ച് വെറും പാഴായിപോകുന്ന ഈ ധനസഹായം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ചിലവഴിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കണം. വിധവകളുടെ പെൺമക്കളെ വിവാഹം കഴിക്കുന്നതിനുള്ള ധനസഹായം വർദ്ധിപ്പിക്കണം. കുടുംബപെൻഷൻ,പഞ്ചായത്തുമുഖേന നടപ്പാക്കണം. അനാഥരുടെ മരണാനന്തര കർമ്മങ്ങൾ പഞ്ചായത്തുമുഖേന നടപ്പിലാക്കണം.

### ക്ഷേമനിധികൾ

കെട്ടിടനിർമ്മാണ ക്ഷേമനിധിയിൽ ഈ രംഗത്ത് പണിയെടുക്കുന്ന മുഴുവൻ ആളുകളെയും ഉൾപ്പെടുത്തുകയും തൊഴിലിനിടയിൽ സംഭവിക്കാൻ സാധ്യതയുള്ള അപകടങ്ങൾ കണക്കിലെടുത്ത് ഗ്രൂപ്പ് ഇൻഷുറൻസ് നടപ്പിൽ വരുത്തുകയും ചെയ്യാൻ നടപടി സ്വീകരിക്കണം. കൈത്തൊഴിലാളി - വിദഗ്ധതൊഴിലാളി ക്ഷേമനിധികൾ നിലവിലുണ്ടെങ്കിലും ഈ പഞ്ചായ

ത്തിൽ ഇവ കാര്യക്ഷമമല്ല. തച്ചൻ, ബാർബർ,കൊല്ലപ്പണിക്കാർ, മരംകയറ്റ തൊഴിലാളികൾ, ഇഷ്ടികതൊഴിലാളികർ തുടങ്ങിയ പഞ്ചായത്തിലെ എല്ലാവിഭാഗം തൊഴിലാളികളെയും ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവരേണ്ടതാണ്. സാമൂഹ്യക്ഷേമ വുമായി ബന്ധപ്പെട്ടകാര്യങ്ങൾ ജനങ്ങളിലെത്തിക്കാനും അർഹരായവർക്ക് യഥാസമയം ലഭ്യമാക്കുവാനും പഞ്ചായത്തുതല ത്തിൽ ഒരു സാമൂഹ്യക്ഷേമസെൽ രൂപീകരിക്കണം. കൂടാതെ വാർഡുതലത്തിൽ വാളണ്ടിയറന്മാരെ ചുമതലപ്പെടുത്തി വേണ്ട ബോധവൽക്കരണം നടത്തണം.

ഗ്രാമീണകൈത്തൊഴിലുകൾക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി പഞ്ചായത്തിൽ പ്രാവർത്തികമാണെങ്കിലും കാര്യക്ഷമമല്ലെന്ന് പട്ടിക F ലെ വിവരങ്ങൾ വെളിപ്പെടുത്തുന്നു.

## പട്ടിക E
## വികലാംഗരെ സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | 5 വയസ്സുള്ളവർ | | 6നും 15നും | | 16നും 30നും | | 31നും 60നും | | 60നു മേൽ | | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|---|
| | പു. | സ്ത്രീ. | പു. | സ്ത്രീ. | പു. | സ്ത്രീ. | പു. | സ്ത്രീ. | പു. | സ്ത്രീ. | പു. | സ്ത്രീ. |
| 1 | | 2 | 1 | 2 | 7 | 6 | 5 | 3 | | | 13 | 13 |
| 2 | | | 2 | 1 | 6 | 3 | 4 | 3 | | | 12 | 7 |
| 3 | | | 2 | 1 | 5 | 3 | 3 | 3 | | | 10 | 7 |
| 4 | | | 2 | 1 | 2 | 5 | 7 | 5 | | | 11 | 11 |
| 5 | | | 4 | 2 | 7 | 4 | 6 | 5 | 2 | 2 | 19 | 13 |
| 6 | | | 1 | 2 | 2 | 1 | 1 | 2 | 2 | | 6 | 5 |
| 7 | | | 4 | 1 | 9 | 2 | 4 | 1 | 1 | 1 | 18 | 5 |
| 8 | | | 2 | 4 | 8 | 4 | 6 | 2 | 1 | | 17 | 10 |
| 9 | | 1 | 3 | 4 | 6 | 4 | 7 | 3 | 2 | 1 | 18 | 13 |
| 10 | | | 3 | 4 | 6 | 3 | 7 | 3 | 1 | 1 | 17 | 11 |
| ആകെ | | 3 | 24 | 22 | 58 | 35 | 50 | 30 | 9 | 5 | 141 | 95 |

## പട്ടിക F
## ഗ്രാമീണ കൈതൊഴിലാളികൾക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി

| വാർഡ് | IRDP വർവ്വെപ്രകാരം സഹായംഅർഹിക്കുന്ന വരുടെ എണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | ഇനി സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം | കുറിപ്പ് |
|---|---|---|---|---|
| 1 | 9 | 1 | 8 | |
| 2 | 13 | — | 13 | |
| 3 | 13 | — | 13 | |
| 4 | 5 | 1 | 4 | |
| 5 | 4 | — | 4 | |
| 6 | 15 | 1 | 14 | |
| 7 | 9 | 1 | 8 | |
| 8 | 19 | 1 | 18 | |
| 9 | 4 | — | 4 | |
| ആകെ | 91 | 5 | 86 | |

മുഴുവൻ കൈതൊഴിലാളികൾക്കും ഈ പദ്ധതിപ്രകാരം സഹായം ലഭ്യമാക്കി K.A.P കൂടുതൽ കാര്യക്ഷമമാക്കണം.

## പൊതുവിതരണം

റേഷൻകടകൾവഴി എല്ലാവിധ ഗുണമേന്മയുമുള്ള നിത്യോപയോഗസാധനങ്ങളും വിതരണം ചെയ്യാൻ നടപടികൾ സ്വീകരിക്കണം.പഞ്ചായത്തിൽ പ്രധാനകേന്ദ്രങ്ങളായ പതാരം, കക്കാക്കുന്ന് എന്നിവിടങ്ങളിൽ മാവേലിസ്റ്റോറുകൾ അനുവദിക്കുക. പൊതുവിതരണരംഗം വിപുലവും ശക്തവുമാക്കിനിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റം തടയുക. ഉപഭോക്തൃ സഹകരണസംഘം പഞ്ചായത്തുതലത്തിൽ ആവിഷ്കരിച്ച് പ്രവർത്തനം നടത്തുക. റേഷൻകടകൾവഴി നല്ലയിനം അരിവിതരണം ചെയ്യാൻ നടപടികൈക്കൊള്ളണം. ആവശ്യമുള്ള സ്ഥലങ്ങളിൽ കൂടുതൽ റേഷൻകടകൾ അനുവദിക്കുക.

സാമൂഹ്യക്ഷേമരംഗത്ത് ശൂരനാട് തെക്കു പഞ്ചായത്തിൽ തക്കതായ പുരോഗതികൾ കൈവരിക്കുന്നതിലേക്ക് വാർഡുതല ഗ്രാമസഭായോഗങ്ങളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ വേണ്ടി ഇതോടൊപ്പം സമർപ്പിക്കുന്നു.

### പഞ്ചായത്തുതല നിർദ്ദേശങ്ങൾ

1. വ്യാജമദ്യനിർമ്മാണവും വിതരണവും തടയുന്നതിന് ആവശ്യമായ നടപടികൾ അടിയന്തിരമായി കൈക്കൊള്ളുക.
2. അനാഥരായ കുട്ടികളേയും വൃദ്ധജനങ്ങളെയും സംരക്ഷിക്കുന്നതിന് അഭയമന്ദിരങ്ങളും ബാലസദനങ്ങളും ആരംഭിക്കുക.
3. എല്ലാകൃഷിക്കാൾക്കും പെൻഷൻ ഏർപ്പെടുത്തുക.
4. ദുർബലവിഭാഗങ്ങൾക്ക് അനുവദിച്ചുനൽകിയിട്ടുള്ള ഭൂമിയിൽ സ്ഥിരതാമസക്കാർക്ക് പട്ടയം നൽകാൻ നടപടി സ്വീകരിക്കുക.
5. വികലാംഗപെൻഷൻ, അഗതിപെൻഷൻ, വാർദ്ധക്യകാലപെൻഷൻ തുടങ്ങിയവ അർഹരായ മുഴുവൻ ആളുകൾക്കും നൽകുക.
6. ആൺമക്കളുണ്ടെങ്കിലും വിധവകൾക്ക് പെൻഷൻ കിട്ടാൻ നടപടി സ്വീകരിക്കുക.
7. അംഗൻവാടികളെ കൂടുതൽ ഫലപ്രദമാക്കുക. അംഗൻവാടികളിലൂടെ ശിശുക്ഷേമത്തിനും പരിസരശുചീകരണത്തിനും ആവശ്യമായ ബോധവൽക്കരണം വീട്ടമ്മമാർക്ക് നൽകുക.
8. പഞ്ചായത്തിൽ ഒരു പൊതുശ്മശാനം സ്ഥാപിക്കുക.
9. സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഭൂമിനൽകുക.
10. പാവപ്പെട്ടവരെ കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കുക.
11. വികലാംഗക്ഷേമനിധി ആഫീസ്, ആയുർവേദാശുപത്രി എന്നിവ പഞ്ചായത്തിൽ സ്ഥാപിക്കുക.
12. സബ്രജിസ്ട്രാർ ആഫീസിന് സർക്കാർ അനുവദിച്ച 50 സെന്റ് സ്ഥലം രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിന് കൈമാറി പഞ്ചായത്തിൽ സബ്രജിസ്ട്രാരാഫീസിന് സ്വന്തമായി കെട്ടിടം പണിയുക.
13. പഞ്ചായത്തിലെ പ്രധാനകേന്ദ്രങ്ങളിൽ വെയിറ്റിംഗ് ഷെഡ് പണിയുകയും ബസ്സ്റ്റോപ്പ്, നോട്ടീസ് എന്നിവ രേഖപ്പെടുത്തിയ ബോർഡുകൾ സ്ഥാപിക്കുകയും പഞ്ചായത്തതിർത്തികളിൽ സ്വാഗതം, നന്ദി ബോർഡുകൾ സ്ഥാപിക്കുകയും ചെയ്യുക.
14. കശുവണ്ടി ഫാക്ടറികൾ കൂടുതലുള്ള ഈ പഞ്ചായത്തിൽ തൊഴിലാളികളുടെ ആരോഗ്യപരിപാലനത്തിന് ഒരു E.S.I. ആശുപത്രി സ്ഥാപിക്കുക.
15. മൈത്രീ ഭവന പദ്ധതി പഞ്ചായത്തുവഴി കൂടുതൽ പേർക്ക് അനുവദിക്കുക.
16. പഞ്ചായത്തിൽ കമ്മ്യൂണിറ്റി ഹാളും സിനിമാതിയേറ്ററും സ്ഥാപിക്കുക.
17. വെള്ളവും വെളിച്ചവും പഞ്ചായത്തിൽ എല്ലാഭാഗത്തും എത്തിക്കുകയും വോൾട്ടേജ്ക്ഷാമം പരിഹരിക്കുകയും ചെയ്യുക.
18. കക്കൂസില്ലാത്ത ദുർബലവിഭാഗത്തിൽ പെട്ട മുഴുവൻ പേർക്കും കക്കൂസ് നൽകാൻ നടപടികൾ എടുക്കുക.
19. തയ്യൽ പഠിച്ചിട്ടുള്ള സാമ്പത്തിക ബുദ്ധിമുട്ടുള്ളവർക്ക് സൗജന്യമായി തയ്യൽ മെഷീൻ കൊടുക്കുക.
20. ഇന്ദിരാ മഹിളായോജന പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും ഊർജ്ജിതമായി നടപ്പിലാക്കുക.
21. വനിത സ്വസ്ത് സംഘടനകളുടെ പ്രവർത്തനം പഞ്ചായത്തുതലത്തിൽ വിപുലീകരിക്കുക.

### വാർഡുതല നിർദ്ദേശങ്ങൾ

രണ്ടാം വാർഡിൽ പട്ടികജാതി കോളനികേന്ദ്രമാക്കി ഒരു പ്രാഥമികാരോഗ്യകേന്ദ്രം സ്ഥാപിക്കുകയും, പെരുങ്ങടി കേന്ദ്രമാക്കി വിനോദസഞ്ചാരകേന്ദ്രം ആരംഭിക്കുക. പെരുങ്ങാടി കേന്ദ്രമാക്കി അംഗൻവാടി തുടങ്ങുകയും വലിയതുറകടവിൽ കുട്ടികളുടെ പാർക്ക് സ്ഥാപിക്കുക. വാർഡിൽ ഗ്രന്ഥശാലയും സ്റ്റേഡിയവും പണിയുക.

മൂന്നാം വാർഡിൽ വൃദ്ധസദനവും തൈവിളജംഗ്ഷനിൽ അംഗൻവാടിയും സ്ഥാപിക്കുക. നാലാം വാർഡിൽ കോയിക്കൽ ചന്തയിൽ പബ്ലിക് മാർക്കറ്റും കാത്താടി ജംഗ്ഷനിൽ റേഷൻ ഷോപ്പും, ചരുവിൽ കുളങ്ങരമുക്കിൽ ടി.വി ക്ലിയോസ്കം സ്ഥാപിക്കുക. സെന്റ്തോമസ് സ്കൂളിനു പടിഞ്ഞാറുവശമുള്ളവരുടെ റവന്യൂ റിക്കാർഡുകൾ ശരിയാക്കാൻ നടപടികൾ സ്വീകരിക്കുക. അഞ്ചാം വാർഡിൽ അംഗനവാടി സ്ഥാപിക്കുക, റേഷൻകടസ്ഥാപിക്കുക. കൊമ്പാറകിഴക്ക്, പ്ലാവിള കോളനികളിൽ

താമസിക്കുന്നവർക്ക് പട്ടയം നൽകുക. ആറാം വാർഡിൽ ജനസംഖ്യനുപാതത്തിൽ അംഗൻവാടി അനുവദിക്കുക. ഏഴാം വാർഡിൽ പതാരം ജംഗ്ഷനിൽ ടാക്സിസ്റ്റാൻഡും, യൂറിൻഷെഡും സ്ഥാപിക്കുക. എട്ടാം വാർഡിൽ I.C.D.S project ആരംഭിക്കുക. നാലുമുക്കിൽ അന്തിച്ചന്തയും റേഡിയോപാർക്ക്, ടി.വി ക്ലിയോസ്ക് നോഡൽ കേന്ദ്രം എന്നിവ സ്ഥാപിക്കുക. ഒൻപതാം വാർഡിൽ കക്കാക്കുന്ന് ലൈബ്രറിയിൽ ടി.വി. വയ്ക്കാൻ നടപടികൾ സ്വീകരിക്കുക. കക്കാക്കുന്ന് ജംഗ്ഷനിൽ ഒരു വെയിറ്റിംഗ് ഷെഡ് സ്ഥാപിക്കുക, വാർഡിൽ ഒരു പഞ്ചായത്ത് സ്റ്റേഡിയം പണിയുക, ഹോമിയോ അല്ലെങ്കിൽ ആയുർവേദ ആശുപത്രി സ്ഥാപിക്കുക, വാർഡിലെ കുടിവെള്ള പ്രശ്നം എത്രയും പെട്ടെന്ന് പരിഹരിക്കുക, മാർക്കറ്റിന്റെ ശോചനീയാവസ്ഥ പരിഹരിക്കുക, പത്താം വാർഡിൽ അംഗൻവാടി സ്ഥാപിക്കുക, പുത്തൻകുളവും കാവനാൽ കുളവും ഉപയോഗപ്രദമാക്കുക. ക്ഷീരോല്പാദക സഹകരണസംഘത്തിന്റെ പാൽശേഖരണ യൂണിറ്റ് വാർഡിന്റെ കിഴക്കതിർത്തിയിൽ ആരംഭിക്കുക. പ്രാഥമികാ രോഗ്യകേന്ദ്രത്തിന്റെ സബ്സെന്റർ വാർഡിൽ അനുവദിക്കുക.

മേൽപ്പറഞ്ഞ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും ഗൗരവമായ ചിന്തയ്ക്കും ചർച്ചയ്ക്കും വിധേയമാക്കി സമയബന്ധിതമായി നടപ്പാക്കി സാമൂഹികക്ഷേമരംഗത്ത് തുലോം പിന്നിൽ നിൽക്കുന്ന ശൂരനാട് തെക്ക് പഞ്ചായത്തിനെ വികസനത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുവാൻ ഈ വികസനരേഖ വഴിമരുന്നിടുമെന്ന ഉറച്ചവിശ്വാസത്തോടെ അനന്തരനടപടികൾക്കായി സമർപ്പിക്കുന്നു.



# സംസ്കാരം



## ചരിത്രം

ചരിത്രപരമായ ഒരു ഭൂമിക അധികമൊന്നും അവകാശപ്പെടാനില്ലാത്ത തനി നാടൻ ഗ്രാമമാണ് ശൂരനാട് തെക്ക് പഞ്ചായത്ത്. എങ്കിലും തിരുവിതാംകൂറിലെ ചില ചരിത്ര സംഭവങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്ന ഒരു ചരിത്ര പശ്ചാത്തലം ഈ ഗ്രാമത്തിനുണ്ട്. അത് ഓരു മൂടൽമഞ്ഞിലെ മിന്നൽ മാത്രം.

പുരാണപ്രസിദ്ധമായ മൈനാഗംപള്ളി കൊള്ളുന്ന മൈനാഗപ്പള്ളിയും, കറുത്ത നാഗത്തിന്റെ ആസ്ഥാനമായ കരുനാഗപ്പള്ളിയും തെക്കും പടിഞ്ഞാറുമായി സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളാണ്. വേട്ടയ്ക്കൊരു മകനായ അയ്യപ്പന്റെ അഞ്ചു പ്രധാന ക്ഷേത്രങ്ങളിലൊന്നായ ശാസ്താംകോട്ട ക്ഷേത്രം തെക്കു കിഴക്കു സ്ഥിതിചെയ്യുന്നു. ഒരു വലിയ യുദ്ധ പാരമ്പര്യത്തിന്റെ ഓർമ്മകളുമായി പ്രസിദ്ധമായ പോരുവഴി പടനിലം കിഴക്കുണ്ട്. ഒരിയ്ക്കലും വറ്റാത്ത ഉറവയുമായി പത്തനാപുരം പാടങ്ങളിലെ നീരൊഴുക്കുകളിൽ നിന്ന് ഉയിരുൾക്കൊണ്ടുകൊണ്ട് പള്ളിക്കലാർ വടക്കുകൂടി ഒഴുകി പടിഞ്ഞാറു കൂടി നീങ്ങി അറബിക്കടലിലെ ഉപ്പുവെള്ളത്തിൽ വിലയം കൊള്ളുന്നു. പർവ്വത സന്തതി അല്ലാത്ത കേരളത്തിലെ ഒരേയൊരു ആറാണ് പള്ളിക്കലാറ് എന്നുള്ളത് മറ്റൊരു പ്രത്യേകതയാണ്. കുട്ടനാട്ടിലെ ഗ്രാമങ്ങളിലേക്ക് ഇഷ്ടികയും കപ്പയും ചേനയും കിഴങ്ങും മറ്റും കൊണ്ടുപോയി പകരമായി ചാരവും ചാണകപ്പൊടിയുമായി തിരികെയെത്തുന്ന കെട്ടുവള്ളങ്ങൾക്ക് വിശ്രമിക്കാവുന്ന മാലുമേൽക്കടവ് ഈ നാട്ടിലെ കൃഷിയുടെയും വിളവിന്റേയും വർദ്ധനയുടെ ഒരു സുപ്രധാന ഘടകമായി നൂറ്റാണ്ടുകളായി നിലനിൽക്കുന്നു എന്നത് ഈ നദിക്ക് ഈ നാടുമായുള്ള ഉറവ് എത്രമാത്രമെന്ന് വിളിച്ചറിയിക്കുന്ന ഒരു നീണ്ട കഥയാണ്. വേമ്പനാട്ട് കായലിലെ തെക്കോട്ടു വീശുന്ന കാറ്റിൽ ഈ വള്ളങ്ങൾക്ക് അനായാസം ചാരക്കൂമ്പാരങ്ങളുടെ കേവുഭാരവുമായി കന്നേറ്റിവരെ എത്താമെന്നുള്ളത് വാണിജ്യപരമായ ഒരു പ്രകൃതി ദത്ത സൗകര്യമായി വള്ളമൂന്നുന്നവർ പറയുന്നു. മൂന്നു മണിക്കൂറിന്റെ മാത്രം കഴയൂന്നൽ മതിയാവുന്നു അവർക്ക്. മാലുമേൽക്കടവിൽ എത്തിച്ചേരുവാൻ. കൃഷിയെ മാത്രം ഉപജീവിച്ച് കഴിയുന്ന ഈ നാട്ടിലെ ജനങ്ങൾക്ക് ഒരു പ്രധാന തുറമുഖം തന്നെയാണ് മാലുമേൽക്കടവ്. വാഹനഗതാഗതം അധികമില്ലാത്ത കാലത്ത് കൊല്ലത്തുനിന്നും ചരക്കുകൾ ഈ നാട്ടിലെത്തിക്കൊണ്ടിരുന്ന ഉൾനാടൻ ജലപാതയാണ് കന്നേറ്റിമുതൽ മാലുമേൽക്കടവ് വരെയുള്ള ജലപാത. ഈ ഗ്രാമത്തിന്റെ പഴയകാല വ്യാപാരചരിത്രവുമായി ഈ കടവിന് വളരെ വലിയ ബന്ധമുണ്ട്.

രാജ്യ ചരിത്രപരമായി ശൂരനാട് കായംകുളം രാജ്യത്തിന്റെ ഭാഗമായിരുന്നു. തെക്ക് ദേശിങ്ങനാടും ദേവനാരായണസ്ഥാനീയരായ അമ്പലപ്പുഴ രാജാക്കന്മാരുടെ അമ്പലപ്പുഴ രാജ്യം വടക്കും അയിരൂർ രാജാക്കന്മാരുടെ ആസ്ഥാനമായ പന്തളം രാജ്യം കിഴക്കുമായി പടിഞ്ഞാറ് അറബിക്കടൽ അതിരായുള്ള ഒരു രാജ്യമാണ് കായംകുളം. ആ രാജ്യത്ത് പഴയ സാമൂഹ്യവ്യവസ്ഥയുടെ ഘടകങ്ങളായ സാമന്തന്മാരും ഇടപ്രഭുക്കന്മാരും സ്ഥാനികളും ഏറ്റവും താഴെയായി സാധാരണ ജനങ്ങളുമായിരു

ന്നു. കുമരൻ, കൊറ്റൻ, ഏറനാടൻ തുടങ്ങിയ പ്രഭുക്കന്മാർ അന്ന് പ്രസിദ്ധരായിരുന്നു. കുമരന്റെ നാടാണ് കുമരംചിറ എന്നത് ചരിത്രത്തിലേക്ക് വെളിച്ചം വീശുന്ന ഒരു നാഴികക്കല്ലാണ്.

എട്ടുദിക്കിലും എട്ടു പടനിലങ്ങളും പതിനെട്ടു കളരികളും കളരിദേവതകളും തന്ത്രപ്രധാനങ്ങളായ ഭാഗങ്ങളിൽ കിടങ്ങുകളും പോരാളികൾക്ക് തമ്പടിക്കാൻ കോട്ടകളുമുള്ള ഒരു സൈനിക വിന്യാസ രീതിയായിരുന്നു കായംകുളം രാജ്യത്തിനുണ്ടായിരുന്നത് എന്ന് പഴമക്കാർ പറയുന്നു അതിൽ ഏറ്റവും പ്രധാനമായ ഒരു കിടങ്ങ് കുമരംചിറയിലുണ്ടായിരുന്നു. അതാണ് കിടങ്ങേയം എന്ന പേരിന ടിസ്ഥാനം. ചരിത്രപരങ്ങളായ പല സംഭവങ്ങൾക്കും സാക്ഷ്യം വഹിച്ച ചരിത്രാവശിഷ്ടങ്ങൾ അവിടെയും ഇവിടെയുമായി ചിന്നിച്ചിതറി കിടപ്പുണ്ട്

പഴയ ഒരു കൊട്ടാരത്തിന്റെ അവശിഷ്ടം കോയിക്കൽഭാഗത്ത് ഇന്നും കാണാം. ഈ കോയിക്കലിന് കിഴക്കുമാറി വളരെ പുരാതനമായ ഒരു ദേശാതിർത്തിക്കല്ല് പഴമയുടെ പ്രതാപം പോലെ തലയുയർത്തി നിൽക്കുന്നുണ്ട്. ചിലവീടുകളുടെ പേരുകൾതന്നെ പഴയസ്ഥാനമാനങ്ങളുമായി ബന്ധപ്പെട്ടതാണ്. കൊറ്റനാട്ട് എന്ന സ്ഥലപ്പേര് എല്ലാസൈനിക പരിശീലനകേന്ദ്രങ്ങളുടേയും സമീപത്തുണ്ടാകും. ആയിരാജാക്കന്മാരുടെ പേരുമായി ബന്ധപ്പെട്ട ആയിക്കുന്നം ഈ ഗ്രാമത്തിന്റെ തെക്ക്കിഴക്ക് സ്ഥിതിചെയ്യുന്നു. അവിടെയും ഒരു കോയിക്കലും കോട്ടയ്ക്കകവുമുണ്ട്. കാരൂർക്കടവിന് പടിഞ്ഞാറുള്ള നെല്ലുവയൽകോട്ട, തെക്കുള്ള ശാസ്താംകോട്ട, പോരുവഴിക്ക്കിഴക്കുള്ള കോട്ട എന്നിവയുടെ ചരിത്രാംശങ്ങൾ ഈ പ്രദേശത്തിന്റെ പണ്ടത്തെ സുരക്ഷിതത്വവുമായി ബന്ധപ്പെട്ടതാണ്.

കൊല്ലവർഷം 905-ാംആണ്ട് അടുത്ത് തിരുവിതാംകൂർ രാജാവ് അനിഴം തിരുന്നാൾ വീരമാർത്താണ്ഡവർമ്മ കായംകുളം ആക്രമിക്കുകയുണ്ടായി. കൊട്ടാരക്കര, ഏനാദിമംഗലം എന്നീരണ്ടു പ്രദേശങ്ങളിൽ കൂടി പടിഞ്ഞാറോട്ട് നീങ്ങിയ തിരുവിതാംകൂർ സൈന്യം ഈപ്രദേശങ്ങളിലെ പല വീരന്മാരുമായി പടവെട്ടുകയുണ്ടായതായി പത്മനാഭമേനോന്റെ തിരുവിതാംകൂർ ചരിത്രത്തിൽ പറയുന്നു. ചക്കുവള്ളി പടനിലത്തുവച്ച് നടന്ന രൂക്ഷമായ യുദ്ധത്തിൽ കുമരൻചിറ കോയിക്കൽ ഭാഗങ്ങളിലെ പല പടയാളികളും യുദ്ധത്തിൽ പങ്കുചേരുകയുണ്ടായി. കായംകുളം രാജാവിന്റെ മന്ത്രി ഒരു ബ്രാഹ്മണനായിരുന്നു. അദ്ദേഹത്തിന്റെ തന്ത്രങ്ങൾക്കു മുന്നിൽ പിന്നീടുള്ളയുദ്ധങ്ങളിൽ മാർത്താണ്ഡവർമ്മയ്ക്ക് വലിയ പരാജയങ്ങൾ സഹിക്കേണ്ടി വന്നു എന്നുള്ളത് ചരിത്ര വസ്തുതയാണ്. അത്രമാത്രം വ്യവസ്ഥാപിതമായ ഒരു പട്ടാളസംവിധാനമാണ് ഈ പ്രദേശങ്ങളിലെ കളരികളിൽ നില നിന്നിരുന്നത്. അന്നത്തെ യുദ്ധത്തിൽ സൈനിക നേതൃത്വം ഏറ്റെടുത്ത് എതിരാളിയുടെ വെടിയേറ്റ് മരിച്ച ഒരേയൊരു രാജാവ് കായംകുളം രാജാവായ ഒരാൾ മാത്രമാണ്. അതിനു തുല്യമായ മറ്റൊരു ചരിത്രം കേരളചരിത്രത്തിലില്ല. തുടർന്ന് ആ രാജാവിന്റെ സഹോദരൻ സൈനിക നേതൃത്വമേറ്റെടുത്തപ്പോൾ രാമയ്യന്റെ സൈന്യം പിൻവാങ്ങി. പിന്നീട് രാമയ്യൻ തിരുനെൽവേലിയിലേക്ക് കടന്ന് അവിടെ നിന്നും പൊന്നൻ പാണ്ഡ്യന്റെ നേതൃത്വത്തിൽ കുറെ മറവപ്പടയേയും ആയിരം കുതിരപ്പടയേയും സമ്പാദിച്ച് ഇവിടം ആക്രമിച്ചു. കൊല്ലവർഷം 907 ൽ ആണ് ഈ സംഭവം.

ആ യുദ്ധത്തിൽ മാർത്താണ്ഡവർമ്മ ജയിക്കുകയും റാവുത്തർമാർ എന്നറിയപ്പെടുന്ന കുതിരപ്പടയാളികളായ മുസ്ലീങ്ങൾ ഇവിടെ ഇരവിച്ചിറയ്ക്കു കിഴക്ക് തമ്പടിക്കുകയും പിന്നീട് സ്ഥിരതാമസമാവുകയും ചെയ്തു. പിന്നീട് അവരുടെ സ്ത്രീകളും ഇവിടെ കൊണ്ടുവരപ്പെട്ടു. ശൂരനാടിന്റെ കിഴക്കൻ ഭാഗങ്ങളിൽ മുസ്ലിം സമൂഹത്തിന് മുൻതൂക്കമുണ്ടായത് ഈ യുദ്ധം വഴിയാണ് എന്ന് പഴമക്കാർ പറയുന്നു. ചരിത്രവുമായി തട്ടിച്ചുനോക്കുമ്പോൾ ഇതു ശരിയാണെന്നും കാണാവുന്നതാണ്. തിരുവിതാംകൂർ ചരിത്രവും കായംകുളം രാജ്യചരിത്രവുമായി ബന്ധപ്പെട്ട ഈ ദൃശ്യവസ്തുതകളെപ്പറ്റി പുതിയ തലമുറയ്ക്ക് കാര്യമായ ധാരണയൊന്നും ഇല്ലതന്നെ. എങ്കിലും ഏതൊരു സാമൂഹ്യവ്യവസ്ഥിതിയിലും പഴയ ചരിത്ര സംഭവങ്ങൾക്ക് ഒരു സ്ഥാനവും സ്വാധീനവുമുണ്ട്. നാടിന്റെ സാമ്പത്തിക സാമുദായിക ഘടനയിലെ രൂപവ്യതിയാനങ്ങൾക്ക് പഴയ ചരിത്രം ഒട്ടുവളരെ കാരണമായിട്ടുണ്ട്. അതുകൊണ്ട് അതിനെപറ്റിയുള്ള ഒരു ധാരണയും ആവശ്യമാണ്.

## ജാതിവ്യവസ്ഥ

ഈ ഗ്രാമത്തിൽ പ്രധാനമായും ഹിന്ദുക്കൾക്കാണ് മുൻതൂക്കം. രണ്ടാംസ്ഥാനത്ത് മുസ്ലിം സമുദായം നിൽക്കുന്നു. മൂന്നാം സ്ഥാനത്താണ് ക്രിസ്ത്യാനികൾ.

ഹിന്ദുക്കളിൽ നായർ സമൂഹമാണ് എണ്ണത്തിൽ മുൻപന്തിയിൽ. രണ്ടാംസ്ഥാനത്ത് ഈഴവർ നിൽക്കുന്നു.

## കൃഷി

കൃഷിത്തൊഴിലാളികളായ മറ്റുവിഭാഗങ്ങൾ മൂന്നാം സ്ഥാനത്താണ്. തനിഉൾനാടൻ ഭൂമിശാസ്ത്രവ്യവസ്ഥയിൽ ഇവിടെ കൃഷിഭൂമിയുമായി ബന്ധപെട്ട ഒരു ജീവിത ശൈലിയാണ് നിലവിലുള്ളത്. മണ്ണ്, മഴ, വെയിൽ ഇവ പരസ്പരം ഇഴകോർക്കുന്നു.

നാലുകെട്ടുകളും നടുമുറ്റവുമുള്ള പഴയ നായർ തറവാടുകൾ ഈ നാട്ടിൽ ധാരാളമുണ്ട്. നായർ വിഭാഗങ്ങളോളം പ്രാമുഖ്യമുള്ള ഈഴവ തറവാടുകൾ ഈ ഗ്രാമത്തിന്റെ മറ്റൊരു

പ്രത്യേകതയാണ്.

കൃഷിയിടങ്ങളും അവിടെവിളയുന്ന കൃഷിവിഭവങ്ങളായ വാഴ, ചേന, നെല്ല്, എള്ള്, കൂവരക് തുടങ്ങിയ വിളകളുമാണ് ഭൂവുടമകളും കർഷകത്തൊഴിലാളികളുമയുള്ള നിത്യസമ്പർക്കത്തിന്റെ കണ്ണികൾ.

### വിത്തുകൾ

അതിക്കിരാഴി, മുണ്ടകൻ, ജീരകച്ചെമ്പാവ്, തവളക്കണ്ണൻ തുടങ്ങിയ പാരമ്പര്യ നെൽവിത്തിനങ്ങൾ പണ്ട് ഇവിടെ സുലഭമായിരുന്നു. പിന്നെ ആസ്ഥാനത്ത് ഇരുപത്, ജ്യോതി, തുളസി, പാലക്കാടൻ,സന്തോഷ് , 8.8.56, പവിഴം, തൊഴിലാളി തുടങ്ങിയ വിത്തിനങ്ങൾ മാറിമാറി കൃഷി ചെയ്തുവരുന്നു.

### കപ്പ

50 വർഷം മുമ്പ് നാട്ടിൽ കൃഷിചെയ്തു വന്നിരുന്നത് നെടുമങ്ങാടൻ, അരിയൻ, ഏത്തക്കാച്ചീനി, ആനക്കൊമ്പൻ എന്നീ കപ്പ വർഗ്ഗങ്ങളായിരുന്നു. ഇന്ന് അതിന്റെ സ്ഥാനത്ത് ട്യൂബർ ക്രോപ്പ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കണ്ടുപിടുത്തങ്ങൾ സ്ഥാനാരോഹണം ചെയ്തിരിക്കുന്നു. പാവപ്പെട്ടവന്റെ ഭക്ഷണമെന്നനിലയിൽ നിന്നും കപ്പയ്ക്ക് ഒരു പടികൂടി സ്ഥാനക്കയറ്റം കിട്ടുവാൻ ഇത് കാരണമായിട്ടുണ്ട്.

### എള്ള്

മണൽ, നിലങ്ങളിൽ മകരം കുംഭം മാസങ്ങളിൽ എള്ള് ഇടവിളയായി കൃഷിചെയ്യുന്നുണ്ട്. കുമരൻചിറ കോലേലി ഏലാകളിൽ ഈ കൃഷി നടക്കുന്നുണ്ട്. എണ്ണയുടെ ഗുണമേന്മ പടിഞ്ഞാറൻ നാടുകളിലേതിനേക്കാൾ ഇവിടെ മെച്ചപ്പെട്ടതാണെന്ന് പഴമക്കാർ പറയുന്നത് ശരിയാണെന്ന് അനുഭവ പാഠങ്ങൾ വ്യക്തമാക്കുന്നുണ്ട്.

### വാഴകൾ

കണ്ണൻ, പാളയംകോടൻ, പൂവൻ, ഞാലിപ്പൂവൻ, മൊന്തൻ എന്നീ കുടിവാഴകളും ഏത്തവാഴയുമാണ് മുഖ്യമായും ഇവിടെയിള്ള വാഴകൾ. ഇടയ്ക്കിടെ ചെങ്കലതിയുമുണ്ട്.

### മരങ്ങൾ

തെങ്ങ്, ആഞ്ഞിലി, പ്ലാവ് പറങ്കിമാവ് എന്നീ മരങ്ങളാണ് സാർവ്വത്രികമായുള്ളത്. റബ്ബർകൃഷി ഇപ്പോൾ സാർവ്വത്രികമായിട്ടില്ല. 1970 നു ശേഷം ഈ ഗ്രാമത്തിൽ തെങ്ങിന് സാർവ്വത്രികമായി ബാധിച്ചുകൊണ്ടിരിക്കുന്ന പലതരം രോഗങ്ങൾക്ക് പ്രതിവിധി കാണാൻ കഴിയാതെ കർഷകർ വിഷമത്തിലാണ്. പറങ്കിമാവ് ഒരു നാണ്യവിളയാണെങ്കിലും മലബാറിലേതുപോലെ ശാസ്ത്രീയമായ ഒരു കൃഷി സംവിധാനം ആ രംഗത്ത് ഇവിടെ തുടങ്ങിയിട്ടില്ല. അത് സ്വയം വളരുന്നു. നമുക്ക് അത് നല്ല ആദായംതരുന്നുണ്ട്.

### കുളങ്ങൾ-തോടുകൾ

പഴയകാലത്തെ മനുഷ്യസമൂഹത്തിന്റെ നിത്യ ശുചിത്വവുമായി ബന്ധപ്പെട്ട ഒരു മുഖ്യസ്ഥാനം കുളങ്ങൾ സ്വയം ഏറ്റെടുത്തിരുന്നു. കായൽ തീരങ്ങളിലും ആറ്റുതീരങ്ങളിലുമുള്ള ജനവിഭാഗങ്ങളെ അപേക്ഷിച്ച് ഇൾനാടൻ സാധാരണക്കാരൻ വൃത്തിഹീനനായിരുന്നു. അവന് ആകെ ആശ്വാസം നാട്ടിലെ കുളങ്ങളാണ്. പാടത്ത് ഉഴുതു കഴിഞ്ഞ് കാളകളെ നുകമഴിച്ച് നടത്തി കുളത്തിലിറക്കി കുളിപ്പിച്ച് കരയ്ക്കു കയറ്റി വിട്ടിട്ട് അവന്ഒന്നു മുങ്ങിക്കുളിച്ച് മുണ്ടു മുറുക്കിപിഴിഞ്ഞ് ശുചിയായി വീട്ടിലെത്തുന്നതിന് കുളങ്ങൾ ഒരു മുഖ്യ സഹായമായിരുന്നു. എന്നാൽ ഇന്ന് പല കുളങ്ങളും നികത്തപ്പെട്ടു. ഉള്ളവ സംരക്ഷിക്കപ്പെടുന്നില്ല. ഇന്ന് പഞ്ചായത്തിൽ മുഖ്യമായും കാവനാൽകുളം, കളീയ്ക്ക കുളം, കൊത്തംപിള്ളിൽ കുളം ചാങ്ങേൽ കുളം, കുമരംചിറ ക്ഷേത്രക്കുളം, തട്ടയ്ക്കാട്ട് കുളം, തറയിൽ കുളം, മേടയിൽകുളം എന്നീ കുളങ്ങൾ ഈ നാടിന്റെ ശുചിത്വവുമായി ബന്ധപ്പെട്ടു കിടക്കുന്ന ചങ്ങലക്കെട്ടുകളാണ്. അലക്കുതൊഴിലുമായി ബന്ധമുള്ള ചായക്കാർ, പതിയാന്മാർ എന്നിവ ഈ കുളങ്ങൾ ഉപയോഗപ്പെടുത്തുന്നു. ചായക്കാരായ വിഭാഗക്കാർ പ്രധാനമായും മേൽജാതിക്കാരുടെ അലക്കുകാരാണ്. പതിയാന്മാർ, ഈഴവർ തുടങ്ങിയ ജാതി വിഭാഗക്കാരുടെ അലക്കുതൊഴിലാളികളാണ്. എണ്ണത്തിൽ വളരെ ചുരുക്കമായേ അവർ ഈ സമൂഹത്തിൽ കാണപ്പെടുന്നുള്ളു. മണ്ണാന്മാരെന്ന വിഭാഗം ഈ ഗ്രാമപ്രദേശത്ത് ഇല്ലതന്നെ. കൂവളക്കുറ്റിതോട്, ഈ നാടിന്റെ ഹൃദയത്തിലെ മുഖ്യ സിരപോലെ പടിഞ്ഞാറോട്ട് ഒഴുകുന്നു.

## അലക്കുകാർ

അലക്കുകാർക്ക് ആചാരപരമായി ചില അവകാശങ്ങളുണ്ട്. ഉന്നതജാതിക്കാരായ അലക്കുകാർ നായർ വിഭാഗങ്ങളുടെ ശേഷക്രിയകൾക്ക് പാരമ്പര്യമായി ചില അധികാരാവകാശങ്ങൾ ഉള്ളവരാണ്. ബലിക്ക് മാറ്റു കൊടുക്കുക എന്നുള്ളത് അവരുടെ അധികാരവും അവകാശവുമാണ്. കാലം വളരെ മാറിയിട്ടും അത്തരം ആചാരാവകാശങ്ങൾ ഇന്നും ഈ നാട്ടിൽ തുടരുന്നു.

### ക്ഷുരകൻ (വിളക്കിത്തല നായർ)

നായർ വിഭാഗക്കാരുടെ ക്ഷൗരസംബന്ധമായ കാര്യങ്ങൾക്കുള്ള അവകാശം ക്ഷുരകർക്കാണ്. വീടുകളിൽ ചെന്ന് ക്ഷൗരം ചെയ്യുന്ന രീതി പണ്ടു മുതൽക്കേ ഉണ്ട്. ഇന്നും പൊതുവായ മുടിമുറിപ്പ് കേന്ദ്രങ്ങളിൽ പോകാൻ കൂട്ടാക്കാത്ത പ്രമാണിമാരുടെയും നേതാക്കൻമാരുടെയും വസതികളിൽ നേരിട്ട് ചെന്ന് ക്ഷുരകൻ തന്റെ സേവനം കാഴ്ചവയ്ക്കുന്നു. നായർ മരിച്ചാൽ മരണം അറിയിക്കുക, ബലികർമ്മങ്ങൾ ചെയ്യിക്കുക എന്നീ അവകാശങ്ങൾ ക്ഷുരകൻമാർക്കാണ്. വിളക്കിത്തല നായർ എന്നാണ് ഇവർ അറിയപ്പെടുന്നത്. കരക്കാർ തീരുമാനിക്കുന്നതനുസരി

ച്ചുള്ള ആയിന്യവും അവർക്ക് അനുവദിക്കാറുണ്ട്.

## തണ്ടാൻമാർ

തെങ്ങുകയറ്റവും ചാക്കാലയ്ക്ക് വെട്ടും തണ്ടാൻമാരുടെ അവകാശമായി ഇന്നും തുടരുന്നു. ചാക്കാലയ്ക്ക് വെട്ടുന്നതിനു് കരക്കാർ നിശ്ചയിക്കുന്ന തുക അവകാശമായി കൊടുക്കുന്നു.

## വാത്തി

ഈഴവസമൂഹത്തിലെ വിവാഹാദി കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിക്കുന്നത് വാത്തി (ഈഴവ) എന്ന ജാതി വിഭാഗമാണ്. ഈഴത്തുനാട്ടിലെ ആചാരാനുഷ്ഠാനം അനുസരിച്ചുള്ള ഒരു നടപടിയാണ് അത്. ഈഴവരുടെ മരണാനന്തര ചടങ്ങുകൾക്കും കാർമ്മികത്വം വഹിക്കുന്നത് ഈഴവാത്തികളാണ്. ഇന്ന് സാമ്പത്തികമായി ഉയർന്നവരുടെ വിവാഹചടങ്ങുകൾക്ക് കാർമ്മികത്വം വഹിക്കാൻ ബ്രാഹ്മണരുടെ സഹായം തേടിത്തുടങ്ങിയിട്ടുണ്ട്. ബ്രാഹ്മണൻ ഈഴവന്റെ വീട്ടിൽ കർമ്മിയായിട്ട് വന്നു തുടങ്ങി എന്നുള്ളത് നമ്മുടെ ജാതി വ്യവസ്ഥയുടെ മാറ്റത്തെ വ്യക്തമാക്കുന്നു.

## കരയോഗം

നായർ വിഭാഗങ്ങളുടെ സംഘടനയായ കരയോഗം ശൂരനാട് തെക്ക് ഗ്രാമത്തിൽ ചിട്ടയോടെ പ്രവർത്തിക്കുന്നു. വിവാഹം, മരണം മരണാനന്തര കർമ്മങ്ങൾ എന്നീ കാര്യങ്ങളിൽ കരയോഗത്തിന് കാര്യമായ തീരുമാനാവകാശങ്ങളും നിയന്ത്രണങ്ങളും ഉണ്ട്. മരണാനന്തരമുള്ള ചിലവേറിയ സഞ്ചയന കർമ്മങ്ങൾ കരയോഗം സ്വന്തമായ നിയമത്തിലൂടെ കർശനമായി നിരോധിച്ചിരിക്കുകയാണ്.

## എസ്സ്.എൻ.ഡി.പി യോഗം

ഈഴവർക്ക് ശ്രീനാരായണ ധർമ്മ പരിപാലന യോഗം എന്ന സംഘടന താലൂക്ക് ഗ്രാമതലത്തിൽ പ്രവർത്തിക്കുന്നുണ്ട്. വിവാഹം, മരണം വിദ്യാഭ്യാസം എന്നീ മേഖലകളിൽ ഈഴവ സമൂഹത്തിന്റെ പുരോഗതിയ്ക്ക് ആ പ്രസ്ഥാനം വളരെ സഹായകമാണ്. സംസ്ഥാന നേതൃത്വവുമായി അത് ബന്ധപ്പെട്ടിരിക്കുന്നു. വിശ്വകർമ്മ സഭ, പുലയ മഹാസഭ, കുറവ മഹാസഭ, സാംബവ സഭ തുടങ്ങിയ സഭകൾ അതാതു സമൂഹങ്ങളുടെ സംഘടനാശക്തിയായി ഗ്രാമത്തിൽ പ്രവർത്തിക്കുന്നുണ്ട്. Y.M.C.A, ജമാഅത്ത് എന്നീ സംഘടനകൾക്കും കൃസ്ത്യാനികൾക്കും മുസ്ലീങ്ങൾക്കും പ്രത്യേകമായുണ്ട്. ബന്ധപ്പെട്ട സമൂഹങ്ങളുടെ വളർച്ചയ്ക്കും അത്തരം സംഘടനകളുടെ പ്രവർത്തനം കാര്യമായി സഹായിക്കുന്നു.

## കൃഷി ആയുധങ്ങൾ

ഇവിടെ പണ്ടു കാലത്ത് തടി കൊണ്ടുള്ള കലപ്പയാണ് ഉപയോഗിച്ചിരുന്നത്. നിലമുഴാനുള്ള കലപ്പയുടെ അറ്റത്ത് ഇരുമ്പുകൊണ്ടുള്ള കൊഴു ഉണ്ടായിരിക്കും. പിടിക്കുന്ന ഭാഗത്തിന് മേഴ എന്നു പറയും. കാളയേയും കലപ്പയേയുമായി ബന്ധിപ്പിക്കുന്ന നീളമുള്ള കമുകിൽ തടിയ്ക്ക് ഈയക്കോല് എന്നാണ് പറയുക. രണ്ടു കാളകളെ ഉഴവിന് ഇടം വലമായി ഉപയോഗിക്കുന്നു. കാളകളെ ബന്ധപ്പെടുത്തുന്നത് നുകമാണ്. നുകത്തിന് നുകക്കൈയ്യുണ്ട്. നുകവും ഈയ്യക്കോലുമായി ബന്ധിപ്പിക്കുന്ന വഴുകവള്ളിയ്ക്ക് തുടവള്ളി എന്നാണ് ഇവിടെ പറയുക.

## .പൊഴിക്കലപ്പ

ഉഴുതുതേഞ്ഞ കലപ്പ പിന്നീട് പൊഴിപിടിയ്ക്കാൻ ഉപയോഗിക്കുന്നു. വിത്തിടുന്ന പൊഴി അധികം താണുപോയാൽ വിത്ത് കുരുക്കാൻ വൈകും. അതുകൊണ്ട് പൊഴി താണുപോയാകാതിരിക്കാനാണ് ചെറിയ പൊഴിക്കലപ്പ ഉപയോഗിക്കുന്നത്

## മരം

ഇത് ചേറ്റു കാലത്ത് ചേറ്റു നിലമൊരുക്കാനുള്ള ഒരു ഉപകരണമാണ്. അടിവശം വളച്ച് കൊത്തി ഉൾവളവോടുകൂടിയുള്ള മരത്തിന് മരകൈയുണ്ട്. മരക്കൈ കയറുകൊണ്ടോ രണ്ടായി കീറിയ മുളക്കീറുകൊണ്ടോ നുകവുമായി ബന്ധിപ്പിക്കുന്നു. ഒരാൾ കാളയെ തെളിക്കുന്നു. മറ്റൊരാൾ ചേറ് കൂടുതലുള്ള ഭാഗത്തുനിന്നും ചേറു വലിച്ച് ചേറില്ലാത്ത ഭാഗത്ത് നിരത്തുന്നു. ഇതിനായിട്ടാണ് മരമുപയോഗിക്കുന്നത്. പണ്ടൊക്കെ ഇവിടെ മരമടി മത്സരം ഉണ്ടായിരുന്നു. കൃഷിയിലെ ഏറ്റവും പ്രയാസകരവും എന്നാൽ രസമുള്ളതുമായ ഒരു കലയും തൊഴിലുമാണ് മരമടി.

## ചെരിപ്പ്.

ഇത് കട്ടിത്തടികൊണ്ട് ഉണ്ടാക്കിയ ഒരു കട്ടയുടയ്ക്കൽ സംവിധാനമാണ്. മരത്തടിയും ഈയക്കോലും കൊതയുമാണ് ഇതിന്റെ പ്രധാന ഭാഗങ്ങൾ. പൊടിയിൽ വിത്തിടുന്നതിനാണ് ഇത് ഉപയോഗിക്കാറുള്ളത്.

## കൊച്ചു കുന്താലി

പൊടിയിലിട്ട വിത്ത് കിളിർത്ത് കഴിഞ്ഞാൽ ഇടീയ്ക്ക് കിളയ്ക്കുന്നതിന് കൊച്ചുകുന്താലിയും കൊച്ചു തൂമ്പയും ഇവിടെയുള്ള കർഷകർ ഉപയോഗിക്കുന്നു. 10- 20 ആളുകൾ നിരന്നുനിന്ന് ഇടീയ്ക്കു കിളക്കുന്ന കാഴ്ച കൗതുകകരമാണ്. കുന്താലി, തൂമ്പാ, മൺവെട്ടി എന്നിങ്ങനെയുള്ള ആയുധങ്ങളും ഉണ്ട്.

## പല്ലുചെരുപ്പ്

വിത്ത് ഇട്ടു കഴിഞ്ഞാൽ ആഞ്ച്, ആറ് ആകുമ്പോൾ പല്ലുചെരുപ്പ് ഉപയോഗിക്കുന്നു.. മുളച്ചുവരുന്ന കളകളും പുല്ലും അരച്ചു കളയുന്നതിനാണ് ഇതുപയോഗിക്കുന്നത്. മരത്തടി തുളച്ച് നീളത്തിലുള്ള 35 പല്ലുകൾ ഇതിൽ ഉള്ള ദ്വാരങ്ങളിൽ കൂടി കടത്തിവിട്ടാണ് പല്ലു ചെരുപ്പ് വലിക്കു

ന്നത്. കാളകളെ ഉപയോഗിച്ചും അല്ലാതെയും ഇത് ഉപയോഗിക്കാറുണ്ട്.

## ഇരുമ്പുകലപ്പ

ഇപ്പോൾ കൃഷിവകുപ്പ് നിർദ്ദേശിക്കുന്ന തരത്തിലുള്ള കലപ്പയാണ് ഉപയോഗിക്കുന്നത്. 8 ചാല് പൂട്ടി വരമ്പുകോതി ചേറുവെയ്ക്കുന്ന പഴയ കൃഷി സമ്പ്രദായം കാലത്തിന്റെ തിരക്കിൽ മാഞ്ഞു കഴിഞ്ഞു. ആധുനിക കൃഷിയന്ത്രങ്ങൾ ഉപയോഗിച്ചുള്ള ഉഴവും മെതിയും പൊലിപാറ്റലും എല്ലാം ഇപ്പോൾ ഗ്രാമത്തിൽ എത്തിക്കഴിഞ്ഞു. അതൊക്കെ മാറ്റത്തിന്റെ മണിമുഴക്കമാണ്. കൃഷിവകുപ്പിന്റെ ശാസ്ത്രീയ നിർദ്ദേശങ്ങൾക്കനുസരിച്ച് കൃഷിരീതികളിലും കാതലായ മാറ്റം വന്നിരിക്കുന്നു. പഴമ പുതുമയ്ക്ക് വഴി മാറി ക്കൊടുത്തുകൊണ്ടിരിക്കുന്നു.

## ക്ഷേത്രങ്ങളും പള്ളികളും

### കുമരഞ്ചിറക്ഷേത്രം

കുമരഞ്ചിറക്ഷേത്രമാണ് ഈ നാടിന്റെ സിരാകേന്ദ്രത്ത് നൂറ്റാണ്ടുകളായി നിലനിൽക്കുന്ന ഒരു പ്രധാന ക്ഷേത്രം. ഈ പഞ്ചായത്തിന്റെ കിഴക്കു, പടിഞ്ഞാറ്, തെക്കു, വടക്ക് 13 കരകളിലും ബന്ധപ്പെട്ടു കിടക്കുന്ന ഒരു ബന്ധുത്വം ഈ ക്ഷേത്രത്തിന് പണ്ടു മുതൽക്കേ ഉണ്ട്. കുംഭ മാസത്തിലെ ആദ്യത്തെ ചൊവ്വാഴ്ച നടക്കുന്ന ഉത്സവമാണ് ഏറ്റവും പ്രധാനം. അന്ന് നാടിന്റെ നാനാഭാഗങ്ങളിൽ നിന്നും കെട്ടു കാഴ്ചകൾ ഇവിടെ അണിനിരക്കുന്നത്. വർണാഭമായ ഒരു കാഴ്ചയാണ്. ഇത്രയേറെ ജനങ്ങൾ പങ്കെടുക്കുന്ന ഒരുത്സവം സമീപപ്രദേശങ്ങളിലില്ല.

ഭഗവതീ ക്ഷേത്രമായ കുമരഞ്ചിറ ക്ഷേത്രത്തിലെ ഉത്സവത്തിന്റെ മുന്നോടിയായി എല്ലാ കരപ്പുറങ്ങളിലും മുൻകൂട്ടി നിശ്ചയിച്ച പ്രകാരം ഭഗവതി എഴുന്നള്ളുന്നു. ചെണ്ട, തായി, ഇലത്താളം, വെടി, കുട എന്നീ വാദ്യങ്ങളുമായിട്ടുള്ള എഴുന്നള്ളത്തിന് പറയിടീൽ എന്നു പറയുന്നു. വീടുകളുടെ വഴിയോരങ്ങൾ തൂത്ത് ഗൃഹാങ്കണങ്ങളിൽ വിളക്ക് തോരണങ്ങൾ ഒരുക്കപ്പെടുന്നു. നിറപറയും നിറനാഴിയും വാഴയിലയും വയ്ക്കുന്നു. തിടമ്പേറ്റിയ ബ്രാഹ്മണർ ഉറഞ്ഞുതുള്ളി ഭഗവതിയെ പീഠത്തിൽ വയ്ക്കുമ്പോൾ വീടൻ അല്ലെങ്കിൽ ഗൃഹനായിക പറയിടാനുള്ള നെല്ല് കൊണ്ടു വയ്ക്കുന്നു. പൂജാരി പറ തളിച്ചു കഴിയുമ്പോൾ നാഴിപ്പറ, ചങ്ങഴിപ്പറ, മുഴുപ്പറ എന്നീ രീതിയിൽ നെല്ല് കാഴ്ച വയ്ക്കുന്നു. അങ്ങനെ ആയിരക്കണക്കിന് പറകൾ ഉണ്ടാകുന്നു.

ഇതിനൊരു ചരിത്രമുണ്ട്. കുമരംചിറ ക്ഷേത്രത്തിന്റെ കാരാണ്മ കടലായ് മനക്കാർക്കായിരുന്നു.ആ ഗ്രാമത്തിലെ നിലങ്ങൾ മുഴുവൻ കടലായ് മന വകയായിരുന്നു. ആളുകൾ അത് കുത്തകപ്പാട്ടത്തിന് എടുക്കുകയായിരുന്നു. കൊല്ലവർഷം 980 ലെ പട്ടയത്തോടുകൂടിയാണ് അതിന് മാറ്റമുണ്ടായത്. കാലത്തിന്റെ മാറ്റം അവിടെ തുടങ്ങി.

നെല്ലും പണവും ഭഗവതിക്ക് കാഴ്ചവയ്ക്കുന്നത് ഈ കാരാണ്മ അവകാശത്തിന്റെ പേരിലാണ്. ഭഗവതി വീട്ടിൽ വന്ന് വാങ്ങിക്കൊണ്ടു പോകുന്നതായിട്ടാണ് സങ്കല്പം. അതുകൊണ്ട് ഒരാണ്ട് വീട്ടിൽ വസൂരി മുതലായ മാറാ മാരികൾ ഉണ്ടാകുന്നില്ല. ഐശ്വര്യം നിലനിൽക്കുന്നു. ആണ്ടോടാണ്ട് ഭഗവതി വീണ്ടും വീണ്ടും വരുമ്പോൾ അകലെ കേൾക്കുന്ന ചെണ്ടയുടെ താളം പണ്ടും ഇന്നും ഒന്നുതന്നെയാണ്. നടക്കുന്ന കാലടികളുടെ താളത്തിനൊപ്പിച്ചുള്ള താളവട്ടങ്ങൾ ഒരു ഗ്രാമീണ സമൂഹത്തിലെ പഴയ ഹൈന്ദവികതയുടെ ഹൃദയത്തുടിപ്പുകളായി ചെണ്ടയുടെ വലംതലയിൽ മുഴങ്ങുന്നു. ഗാലിയും ഇലത്താളങ്ങളും നിമിഷങ്ങളെ കൃത്യമായും അളന്നുമുറിക്കുന്നു.

കുംഭമാസം ആദ്യത്തെ ചൊവ്വാഴ്ചയാണ് ഉത്സവം. അതിനു മുമ്പ് തുടങ്ങുന്ന പറയിടീൽ മഹോത്സവം ഗ്രാമങ്ങളിൽ ഒരുത്സവത്തിന്റെ വെളിച്ചം പകരുന്നു. പറയിട്ടു കഴിഞ്ഞാൽ ഉത്സവത്തിനുമുമ്പുള്ള ദിവസങ്ങളിൽ നാന്തകവും, കുടയും താലിച്ചെണ്ടയുമായി ഊരുവലത്തു വരുന്നു.അതിന് താലപ്പൊലി മത്സരം എന്നു പറയുന്നു. മൈനാഗപ്പള്ളി, കിടങ്ങയം ഞായറാഴ്ചയും, തൃക്കുന്നപ്പുഴ, ഇഞ്ചക്കാട്, ആയിക്കുന്നം പ്രദേശങ്ങളിൽ തിങ്കളാഴ്ചദിവസവുമാണ് താലപ്പൊലി. പണ്ടു കാലങ്ങളിൽ കൊയ്തൊഴിഞ്ഞ പാടങ്ങളിൽ ഗ്രാമങ്ങൾ തോറും എടുപ്പുകാളകളെ കെട്ടി തോളിലേറ്റി ഉല്ലത്തി നടക്കുമായിരുന്നു. ഇലവിൻതൂപ്പും വാഴച്ചപ്പും കൊണ്ട് പൊക്കത്തിൽ കെട്ടി ഉയർത്തി അതിന് തീ കൊടുക്കുമ്പോൾ ഉണ്ടാകുന്ന ചെറിയ പൊട്ടിത്തെറികൾ കുട്ടികളുടെ വകയായൊരു പ്രത്യേക ആഹ്ലാദപ്രകടനമാണ്.

ഉത്സവത്തിന് 13 കരകളിൽ നിന്നും കരകളിൽനിന്നുതന്നെ പ്രത്യേകം പ്രത്യേകമായും കലാരൂപങ്ങൾ എഴുന്നള്ളിക്കുക പതിവാണ് ഇന്നും. കാലം മാറും തോറും ഉത്സവത്തിന്റെ മോടി കൂടിക്കൂടി വരുകയാണ്. ഇത്തരം പരിപാടികളിൽ സർവ്വജാതി മതക്കാരും ഒന്നുചേരുന്നു എന്നുള്ളതാണ് ഈ ഉത്സവത്തിന്റെ പ്രത്യേകത. മതസാഹോദര്യത്തിന്റെ സമ്മേളനമാണ് ഈ ഉത്സവം. ഉത്സവാദികാര്യങ്ങളിൽ സമീപവാസികളായ മുസ്ലീങ്ങൾ തുറന്നമനസ്സോടെ സഹകരിക്കുകയും സഹായിക്കുകയും ചെയ്യുന്നു എന്നുള്ളത് മതസൗഹാർദ്ദത്തിന്റെ അപ്രഖ്യാപിത സന്ദേശമായി ഇന്നും എന്നും വായിക്കപ്പെടുന്നു. മുസ്ലീങ്ങൾ നെല്ലുകൊണ്ട് ഭഗവതിക്ക് പറയിടുന്ന സംഭവങ്ങൾ ഇപ്പോഴും ഉണ്ട്.

### എടുപ്പുകുതിര, കാള.

എടുപ്പുകാള ശൗവസമ്പ്രദായത്തിന്റെ പ്രത്യക്ഷോദാഹരണമാണ്.

എടുപ്പുകുതിര ബുദ്ധമതസമ്പ്രദായവുമായി ബന്ധപ്പെട്ടതാണ്. കെട്ടുത്സവങ്ങളെന്നും ബുദ്ധമതസംബന്ധിയാണ്. എടുപ്പുകുതിരയ്ക്കു മുകളിലുള്ള സ്തൂപാകൃതിയിലുള്ള ഘടന ബുദ്ധന്റെ സ്മാരകങ്ങളായ സാഞ്ചി സ്തൂപംപോലെയുള്ള സ്തൂപങ്ങളെ ഓർമ്മിപ്പിക്കാൻവേണ്ടിയുള്ളതാണ്. പതിനാലേകാൽ, ഇരുപത്തൊന്നേകാൽ എന്നീ അളവുകോൽ പൊക്കത്തിലുള്ള എടുപ്പുകുതിരകളെ കെട്ടി എഴുന്നള്ളിച്ച് കണ്ടത്തിൽ തുള്ളിച്ച് അമ്പലത്തിന് കിഴക്കുള്ള കുതിരപ്പന്തിയിൽ അണിനിരത്തിവച്ചുള്ള ഉത്സവക്കാഴ്ച മനുഷ്യന്റെ ഒത്തൊരുമിപ്പിന്റെയും തോൾജാലത്തിന്റെയും ഉദാത്തമായ ഉദാഹരണങ്ങളാണ്.

'ശർറോ ... വീക്കോ
ശർറോ ... വീക്കോ'

എന്ന വായ്ത്താരിയുടെ അകമ്പടിയിൽ ഏതുപൊക്കത്തിലുള്ള എടുപ്പുകുതിരകളെയും മനുഷ്യശക്തിയുടെ വിരൽത്തുമ്പുകളിൽ ആകാശത്ത് തുള്ളിക്കളിപ്പിക്കുന്ന കാഴ്ച കേരളത്തിൽ മറ്റെങ്ങും ഇല്ലെന്ന് പറയാം. ആശാരിയും, നായരും, തണ്ടാനും, പുലയനും, ഈഴവനും എല്ലാം കുതിരക്കീഴിൽ ഒന്നാണ്. കുതിരയ്ക്ക് ആലാത്ത്പിടിക്കുന്നത് ഒരു വലിയതന്ത്രം തന്നെയാണ്. കുതിരമറിയാതിരിക്കാൻ ആലാത്തുകാരൻ പ്രത്യേകം ശ്രദ്ധിക്കണം. വള്ളംകളിയിൽ അടനയ്മ്പുകാരന്റെ പ്രാധാന്യമാണ് ഇതിൽ ആലാത്തുകാരനുള്ളത്. പണ്ടുകാലത്ത് 13 നായർ കുതിരകളും 13 അവർണ്ണർക്കുള്ള കുതിരകളും ഉണ്ടായിരുന്നു. അവർണ്ണരുടെ കുതിരകൾക്ക് കിഴക്കുമാറി നിൽക്കാൻ മാത്രമേ അവകാശം ഉണ്ടായിരുന്നുള്ളൂ. ക്ഷേത്രപ്രവേശന വിളംബരത്തിന് മുൻപ് കുതിരയിലും അയിത്തം കല്പിച്ചിരുന്നു. പിന്നീട് ആ രീതി മാറി. ഇന്ന് അത്തരമൊരു വേർപാട് ഒരു ചടങ്ങിലും പാലിക്കപ്പെടുന്നില്ല. കാലത്തിന്റെ മാറ്റം ആചാരങ്ങളിലും മാറ്റം വരുത്തിയിരുക്കുന്നു.

## ഒരു ഐതീഹ്യം

ഏതുനാടിനുംഅതിന്റേതായ കടങ്കഥകളും കെട്ടുകഥകളും ഐതിഹ്യങ്ങളുമുണ്ട് അതിന്റെ സത്യാസത്യങ്ങളെക്കുറിച്ച് ചിന്തിച്ച് അത്തരം കഥകൾ മറക്കുന്നതിനേക്കാൾ വീണ്ടും വീണ്ടും അവ ഓർത്ത് ആവർത്തിച്ച് പറയുന്നത് രസമുള്ള ഒരു കാര്യമാണെന്ന് മാത്രം കരുതിയാൽമതി. ഒരു കഥയുമില്ലാത്ത നാടിനേക്കാൾ ചില കെട്ടുകഥകളുള്ള നാടിന് അതിന്റെ പഴമയിൽ അഭിമാനിക്കാൻ ചിലതുണ്ട്. ഒരു കഥ ഇങ്ങനെയാണ്. കാളകുത്തംപോയ്കയും കായംകുളം രാജാവുമായി ബന്ധപ്പെട്ട ഒരു കഥ പഴമക്കാർ പറഞ്ഞുവരുന്നു.

### ഒരു കുരണ്ടിക്കഥ

കുമരംചിറഭഗവതിയ്ക്ക് ഒരു പൊൻകുരണ്ടി ഉണ്ടായിരുന്നു. ശാസ്താംകോട്ടയിലെ ശാസ്താവിന് അത് എങ്ങനെയെങ്കിലും അപഹരിക്കണമെന്ന് ഒരു മോഹം. ഒരിക്കൽ ശാസ്താവ് പൃഷ്ഠഭാഗത്ത് ചക്കയരക്കുംപുരട്ടി കുമരൻചിറ ക്ഷേത്രത്തിൽ വന്നു. അപകടം മുൻകൂട്ടിയറിഞ്ഞ ഭഗവതി തക്കതായ ഒരു ബുദ്ധി പ്രയോഗിച്ചു. പൊൻകുരണ്ടിയിൽ കുറച്ച് വെളിച്ചെണ്ണ പുരട്ടിയിട്ട് ശാസ്താവിന് ഇരിക്കാൻ ഇട്ടുകൊടുത്തു. ശാസ്താവ് എത്ര ഇരുന്നിട്ടും കുരണ്ടി പൃഷ്ഠഭാഗത്ത് ഒട്ടിപ്പിടിക്കുന്നില്ല. ശാസ്താവിന്റെ തന്ത്രം ആകെ പിഴച്ചു.

'അരക്കുംപെരട്ടി വന്നാൽ
മെഴുക്കംപെരട്ടി നിൽക്കണം'

എന്ന ചൊല്ല് അങ്ങനെയുണ്ടായതാണ്. അരക്കായ പുരുഷന്റെ മുമ്പിൽ സ്ത്രീ മെഴുക്കംപോലെ നിൽക്കണം. അതാണ് സ്ത്രീത്വം. കുമരൻചിറ ക്ഷേത്രം കഴിഞ്ഞാൽ അത്ര പ്രശസ്തിയുള്ളതും സാമൂഹ്യബന്ധമുള്ളതുമായ മറ്റുക്ഷേത്രങ്ങളോ മറ്റു ഉത്സവങ്ങളോ ഈ ഗ്രാമത്തിൽ ഇല്ല തന്നെ. കൊമളത്ത് ക്ഷേത്രം, ചിറ്റക്കാട്ട് ദേവീക്ഷേത്രം, താന്നിക്കൽകളരീ ക്ഷേത്രം, പെരുങ്ങാടി ക്ഷേത്രം തുടങ്ങിയ ചില ക്ഷേത്രങ്ങളുണ്ട്. അവിടെയൊന്നുംഈ നാടിന്റെ മുഴുവൻ പ്രാധിനിധ്യം പാരമ്പര്യമായി ഉണ്ടാകുന്നില്ല.

### മുസ്ലീംപള്ളികൾ

നാലുമുക്ക്, പതാരം, ആയിക്കുന്നം തുടങ്ങിയ സ്ഥലങ്ങളിൽ ഉള്ള മൂന്ന് മുസ്ലീംപള്ളികളും വലിയവീട്ടിൽ പള്ളിയും അനുഷ്ഠാനപരങ്ങളായ കാര്യങ്ങളിൽ മുസ്ലീംസമൂഹത്തിന്റെ ഈശ്വരസങ്കല്പവുമായി ബന്ധപ്പെട്ടു നിൽക്കുന്നു. മതപരമായ ചടങ്ങുകൾക്ക് അവർ കാലാകാലങ്ങളിൽ പ്രാധാന്യം കൊടുക്കുന്നുണ്ട്. മതസൗഹാർദ്ദത്തിന്റെ കാര്യത്തിൽ മുസ്ലീംസമൂഹത്തിന് വളരെ ഉന്നതമായ കാഴ്ചപ്പാടുണ്ട്. എല്ലാകാര്യങ്ങളിലും അവർ ഈ ഗ്രാമസമൂഹത്തിന്റെ മുഖ്യധാരയിൽ ലയിച്ചു ചേർന്നിരിക്കുന്നു. റംസാനും ബക്രീദും ഈദുൽഫിത്തറും അവർ ആചരിക്കുന്നു.

### ക്രിസ്തീയദേവാലയങ്ങൾ

ക്രിസ്തീയദേവാലയങ്ങൾ അധികമൊന്നും ഈ ഗ്രാമത്തിൽ ഇല്ല. കോയിക്കൽ ചന്തയ്ക്ക് സമീപം ഒരു ദേവാലയമുള്ളതു വളരെ പഴക്കമുള്ള ഒന്നാണ്. ശൂരനാട് തെക്ക്, വടക്ക് പഞ്ചായത്തുകളുടെ മദ്ധ്യഭാഗത്ത് മറ്റ് നാല് പള്ളികൾ ഉണ്ട്. അവ വിദ്യാഭ്യാസകാര്യങ്ങളിലും മറ്റും മെച്ചപ്പെട്ട സേവനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. YMCA പോലുള്ള സംഘടനകൾവഴി അത്തരം സ്ഥാപനങ്ങൾ നാട്ടിനുവേണ്ട നല്ലകാര്യങ്ങൾ ചെയ്യുന്നുണ്ട്. പതാരത്തിനു വടക്കുമാറി മറ്റൊരു പള്ളിയുമുണ്ട്.

ക്രിസ്തുമസ്, പെസഹ, കുരുത്തോലപ്പെരുനാൾ, ചാമ്പൽബുധനാഴ്ച തുടങ്ങിയ മറ്റു വിശേഷ ദിവസങ്ങൾ അവർ ആചരിക്കുമ്പോൾ മറ്റു മതക്കാരും ജാതികളും അതിനോട് സഹകരിക്കുന്നു. സഹിഷ്ണുത പ്രദർശിപ്പിക്കുന്നു. മനുഷ്യനുവേണ്ടി

യാണ് മതം എന്ന് ഇവിടെയുള്ളവർ ചിന്തിക്കുന്നു. മതമെന്ന മയക്കുമരുന്നി നടിമകളല്ല ഈ ഗ്രാമവാസികൾ.

ഒരു വിപ്ലവത്തിന്റെ കഥ

ജാതിവ്യവസ്ഥയുടെ ഭീകരമുഖങ്ങളൊന്നും തലനീട്ടാത്ത ഒരു ഗ്രാമമാണ് ശൂരനാട്തെക്ക്. എങ്കിലും മാടമ്പിമേധാവിത്വത്തിന്റെ ചില ലക്ഷണങ്ങൾ പണ്ടൊക്കെ ഇവിടെ തലപൊക്കിയിരുന്നു. 1947-48, 49 കാലത്തെ സ്വാതന്ത്ര്യാനന്തര കാലഘട്ടങ്ങളിൽ ഈ ഗ്രാമത്തിന്റെ വടക്കൻ അതിർത്തികളിൽ പൊട്ടിപ്പുറപ്പെട്ട കലാപങ്ങൾ ഒരുപക്ഷേ ഇന്ത്യയിൽ ആദ്യമായിട്ടുണ്ടായ വർഗ്ഗസമരത്തിന്റെ ബാലപാഠങ്ങളെന്നുവേണം കരുതാൻ. പ്രസിദ്ധമായ ശൂരനാട്സംഭവം ഈ നാടിന്റെ രാഷ്ട്രീയ സാമൂഹ്യ സ്വഭാവത്തെ ആകെ മാറ്റിമറിച്ചു. അതൊരു ചരിത്ര സംഭവമായിരുന്നു.

ശ്രീ. എ.പി. കളക്കാടിന്റെ പോർക്കലിയെന്ന നോവലിലും തോപ്പിൽ ഭാസിയുടെ ഒളിവിലെ ഓർമ്മകളിലും നിറഞ്ഞുനിൽക്കുന്നത് ഈ നാടിന്റെ ചോരയുടെ നിറമാണ്. കൊച്ചീക്കാരനായ പറവൂർ ടി.കെ. നാരായണപിള്ളയുടെ ഭരണകാലത്ത് നടന്ന ക്രൂരമായ നരനായാട്ടിന് ഇരയായി ചവിട്ടി അരയ്ക്കപ്പെട്ട ഒരു സമൂഹമാണ് ഇവിടെ സ്വാതന്ത്ര്യത്തിന്റെ കൊടിയുമായി കൊടുങ്കാറ്റുപോലെ ഉയർന്നുവന്നത്. ഇന്ത്യൻ വിപ്ലവചരിത്രത്തിലെ ആദ്യത്തെ നക്സൽബാരിയാണ് ശൂരനാട്. കുറേക്കൂടി പ്രചാരം കൊടുത്തിരുന്നെങ്കിൽ നക്സൽബാരിയെന്ന പേര് ശൂരനാട് എന്നാകുമായിരുന്നു.

അന്ന് പറവൂർ ടി.കെ. നടത്തിയ ഒരു പ്രസ്താവന ശ്രദ്ധിക്കേണ്ടതാണ്. "ശൂരനാട് എന്നൊരു ഭൂപ്രദേശം ഭൂമിശാസ്ത്രത്തിൽ വേണ്ട".

ഇസ്രയേൽ എന്ന രാജ്യം ഭൂഗോളത്തിൽ വേണ്ട എന്ന് ഈജിപ്റ്റ് പ്രസിഡന്റായ നാസർ പ്രഖ്യാപിച്ചതിനേക്കാൾ കടുപ്പമുള്ള ആ പ്രഖ്യാപനത്തെ നമ്മുടെ ജനത നട്ടെല്ലുകൊണ്ടു നേരിട്ടു. ചോരകൊണ്ട് പകരംവീട്ടി. അതിന്റെയൊക്കെ ഫലമെന്നൊണമാകാം ഇന്നിവിടെ ഉച്ചനീചത്വങ്ങളോ വർഗ്ഗീയ വൈരുധ്യങ്ങളോ ഇല്ല. കേരളത്തിൽ, സോവിയറ്റ് യൂണിയനുപുറത്ത് ലോകത്ത് ആദ്യം, ഒരു കമ്മ്യൂണിസ്റ്റ് ഭരണകൂടമുണ്ടാകാൻ നാന്ദികുറിച്ച ആ സംഭവം, ശൂരനാട്സംഭവം, ചരിത്രത്തിലെ ഒരു തീക്കനലാണ്.

സാഹിത്യത്തിന്റെ രംഗത്തെ അതികായൻ

വിപ്ലവത്തിലെന്നപോലെ സാഹിത്യത്തിലും ഉന്നതമായ ഒരു പീഠത്തിനവകാശിയാണ് ശൂരനാട്. ആദ്യത്തെ എഴുത്തച്ഛൻപുരസ്കാരം നേടിയ ശൂരനാട്ടുകുഞ്ഞൻപിള്ളയെന്ന ഐതിഹാസിക പ്രതിഭ നമ്മുടെ നാടിന്റെ സമ്പത്താണ്. മലയാള മഹാനിഘണ്ടുവിന്റെ പിതാവായ ആ ബഹുഭാഷാപണ്ഡിതൻ ഗവേഷകൻ, നോവലിസ്റ്റ്, കവി എന്നീ നിലകളിൽ മലയാളത്തിന് കാഴ്ച വച്ച സംഭാവനകൾ വിലമതിക്കാനാവാത്തതാണ്. അദ്ദേഹം പിറന്ന തറവാട് പഞ്ചായത്ത് ഏറ്റെടുത്ത് ആ തറവാടിന്റെ തനിമയിൽ പുനർനിർമ്മാണം ചെയ്ത് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സ്മാരകമാക്കേണ്ടിയിരിക്കുന്നു. ആ വഴിക്ക് പഞ്ചായത്ത് ചിന്തിക്കുമെന്ന് പ്രത്യാശിക്കാം.

വിദ്യാഭ്യാസരംഗം

കൊളോണിയൽ വ്യവസ്ഥ തുടരുന്ന കാലത്തും ഇവിടെ നമ്മുടെ പൂർവ്വികന്മാർ സ്കൂളുകൾ സ്ഥാപിച്ച് നാട്ടിൽ അക്ഷരത്തിന്റെ ശ്ക്തി എന്താണെന്ന് വ്യക്തമാക്കിയിരുന്നു. ഇപ്പോഴത്തെ യു. പി. എസ്സ് ആയ കുമരംചിറ സ്കൂൾ, കാത്താടി സ്കൂൾ, ഇഞ്ചക്കാട് എൽ. പി. എസ്സ്, ഉദയംമുകൾ എൽ. പി. എസ്സ് എന്നീ സ്കൂളുകളാണ് ആ രംഗത്ത് ആദ്യമായി ഉണ്ടായത്. അറിവിന്റെ വെളിച്ചം തിരികത്താത്ത അക്കാലങ്ങളിൽ, നൂറു വർഷംമുമ്പ്, നമ്മുടെ പൂർവ്വികരുടെ തലയിൽ ഉദിച്ച ആ സൂര്യ വെളിച്ചം ഇന്നും ഈ നാട്ടിൽ കെടാതെ തിളങ്ങുന്നു. കടമ്പാട്ടുപരപ്പാടിയിൽ നീലകണ്ഠപ്പിള്ളയാണ് ഇഞ്ചക്കാട് സ്കൂളിന്റെ സ്ഥാപകനെന്ന് രേഖകളിൽ കാണുന്നു. അത്തരം വ്യക്തികളെക്കുറിച്ച് ഓർക്കുന്നത് ഇത്തരുണത്തിൽ നല്ലതാണ്. ഈ ഗ്രാമത്തിൽ ഇപ്പോൾ ഒരു ഹൈസ്കൂൾ മാത്രമാണുള്ളത്. യു.പി. സ്കൂളുകൾ മൂന്നെണ്ണമുണ്ട്. ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ നടക്കുന്നുണ്ട്. ക്രിസ്ത്യൻപള്ളികളുമായി ബന്ധപ്പെട്ടാണ് അത്തരം സ്കൂളുകൾ പ്രവർത്തിക്കുന്നത്. ശൂരനാട്ടുകുഞ്ഞൻപിള്ളയുടെ സ്മാരകമായി ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ പതാരത്ത് നടക്കുന്നുണ്ട്. യൂറോപ്യൻ രാജ്യങ്ങൾ ഇംഗ്ലീഷ് തഴഞ്ഞുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ നമ്മുടെ പുതിയ വിദ്യാലയങ്ങളിൽ ഇംഗ്ലീഷ് ഭ്രമം കൂടിവരുന്നത് മാറിവരുന്ന കാലത്തിന്റെയോ മനുഷ്യമനസ്സിലെ മൂഢവിശ്വാസങ്ങളുടെയോ പരണതിയാകാമെന്ന് കരുതേണ്ടിയിരിക്കുന്നു.

രാഷ്ട്രീയപാർട്ടികൾ

ഇന്ത്യൻ രാഷ്ട്രീയത്തിൽ ഇന്ന് നിലവിലുള്ള മിക്ക രാഷ്ട്രീയപാർട്ടികളും ഇവിടെയുണ്ട്. തമിഴ്നിട്ടിലെ ഡി.എം.കെ. യെപ്പോലുള്ള കക്ഷികൾ മാത്രമില്ല. കോൺഗ്രസ്, കമ്മ്യൂണിസ്റ്റ് പാർട്ടി, ആർ.എസ്സ്.പി, കേരളാ കോൺഗ്രസ്, ബി.ജെ.പി., മുസ്ലീംലീഗ്, ജനതാദൾ, പി.ഡി.പി. തുടങ്ങിയ പാട്ടികൾക്കെല്ലാം ഇവിടെ ശക്തവും അശക്തവുമായ വേരോട്ടമുണ്ട്. എങ്കിലും കോൺഗ്രസ് കമ്മ്യൂണിസ്റ്റ് ശക്തികൾക്കാണ് മുൻതൂക്കം.

എന്നുവച്ച് രാഷ്ട്രീയ സൗഹൃദം ഇവിടെ വളരെ ഊന്നിയുറപ്പിച്ചിരിക്കുന്നു. രാഷ്ട്രീയ സംഘട്ടനങ്ങൾക്ക് നമ്മുടെ നാട് അവധി കൊടുത്തിരിക്കുന്നു. തെരുവിൽ രക്തം ഒഴുക്കുന്ന രാഷ്ട്രീയം ഇവിടെയില്ല. അതാണ് ഈ നാടിന്റെ സംസ്കാരം.

അതാണ് ഈ നാടിന് എല്ലാനാടുകളോടും പറയാനുള്ളത്. വരുംതലമുറകൾക്കായി നമുക്ക് കൊടുക്കാനുള്ളതും അ[illegible]ാക്കെയാണ്.

### ലൈബ്രറികൾ

ലൈബ്രറികളുടെ കാര്യത്തിൽ സമ്പന്നമാണ് ശൂരനാട്തെക്ക്. വായനശാലമുക്ക് എന്ന സ്ഥലനാമം തന്നെ 1948 ൽ അവിടെ സ്ഥാപിതമായ വായനശാലയിൽ നിന്നുമാണ്. സ്വന്തമായി കെട്ടിടങ്ങളുള്ള വായനശാലകൾ നമ്മുടെ നാട്ടിൽ വളരെ ചുരുക്കമാണ്. നല്ല ഗ്രന്ഥങ്ങളുടെ എണ്ണം വളരെ കുറയുന്നു. വായനശാലകളിൽ ടി.വി. ഫോട്ടോസ്റ്റാറ്റ് സൗകര്യങ്ങളും കമ്പ്യൂട്ടർ സൗകര്യങ്ങളും ഉണ്ടായിരിക്കണം. കമ്പ്യൂട്ടറൈസ് ചെയ്ത വസ്തുതകൾ അറിയാൻ കഴിവുള്ള രീതിയിൽ പരിശീലകരെ നിയോഗിക്കണം. പഠനം ഗൗരവമുള്ളതായിരിക്കണം. പഠനസാമഗ്രികൾ തലമുറകളുടെ അഭിരുചികൾക്കനുസൃതമായിരിക്കണം. എല്ലാവാർഡിലും ഈ രീതി നടപ്പാക്കാൻ അസാദ്ധ്യമാണെങ്കിൽ പഞ്ചായത്ത് ആസ്ഥാനത്തെങ്കിലും ഒരു മാതൃകാ ലൈബ്രറി സംവിധാനം ചെയ്ത് മാതൃക കാണിക്കേണ്ട ബാദ്ധ്യത ഒരു വികസിത സമൂഹത്തിനുണ്ട്.

ലൈബ്രറികളിൽ ജനവിദ്യാകേന്ദ്രം തുടങ്ങണം. വികസിച്ചുവരുന്ന ശാസ്ത്ര സാങ്കേതിക വിദ്യകളും സാഹിത്യ സാംസ്കാരിക വിവരങ്ങളും സമൂഹത്തിന് കൈമാറേണ്ട ഔദ്യോഗികമായ ഉത്തരവാദിത്വം ഇത്തരം ഗ്രന്ഥശാലകൾക്കും ജനവിദ്യാകേന്ദ്രങ്ങൾക്കും ഉള്ളതാണ്. അതിൽ വരുത്തുന്ന വീഴ്ചകൾ ഒരിക്കലും എഴുന്നേൽക്കാനാവാത്ത വീഴ്ചയാണ്.

### ക്ലബുകൾ

ഇവിടെ ക്ലബുകൾ ധാരാളമുണ്ട്. ക്ലബുകൾ കലകൾക്കും കായികരംഗത്തും പ്രത്യേകമായിരിക്കുന്നതാണ് നല്ലത്.

### കലകൾ

പരമ്പരാഗതമായി നാട്ടിലുള്ളതും ഉണ്ടായിരുന്നതുമായ കലകളുടെ എണ്ണം വളരെയേറെയാണ്. അതിന്റെ ഒരു വലിയ പട്ടികതന്നെയുണ്ട്. കഥകളിലും ജാതീയമായ ചില ഉച്ചനീചത്വങ്ങളുണ്ടെങ്കിലും ഇന്ന് ആവൃതിയാനം വളരെ കുറഞ്ഞുകുറഞ്ഞു വരികയാണ്. നാടൻകലകളും, ശാസ്ത്രീയ കലകളും കൊണ്ട് സമ്പന്നമാണ് നമ്മുടെ നാട്. ഭരതനാട്യം, മോഹിനിയാട്ടം, കഥകളി എന്നീ ശാസ്ത്രീയകലാരൂപങ്ങളിൽ കഥകളിയ്ക്കാണ് ഇവിടെ മുഖ്യസ്ഥാനം കൊടുത്തിരിക്കുന്നത്. ഇഞ്ചക്കാട് രാമചന്ദ്രൻ ഇന്ന് ഒരു വിശ്വോത്തര കലാകാരനാണ്. മാർഗ്ഗി സോമനാഥൻ, മാർഗ്ഗി മോഹനൻ, ബാലകൃഷ്ണൻ തുടങ്ങിയ കലാകാരന്മാർ ഈ നാടിന്റെ അഭിമാനമായി നിലകൊള്ളുന്നു. ഈ രംഗം പഞ്ചായത്തിന്റെ പ്രത്യേക ശ്രദ്ധ അർഹിക്കുന്നു. ഫോക്ക് ആർടിന്റെ കാര്യത്തിലും ഒരു പാരമ്പര്യം ഈ നാട്ടിന് അവകാശപ്പെടാനുണ്ട്. കാക്കാരിശി, സീതകളി, തിരുവാതിര, വിൽപ്പാട്ട്, ഒപ്പന, ഓട്ടൻതുള്ളൽ, പാക്കനാർകളി, കമ്പടികളി, കോൽക്കളി തുടങ്ങിയ ഫോക്ക് കലാരൂപങ്ങൾ ഇവിടെ ഗ്രാമങ്ങൾ തോറും നിലനിന്നിരുന്നു. അവയിൽ ചിലത് ഇന്നും നിലനിൽക്കുന്നുണ്ട്. അടിസ്ഥാന വർഗ്ഗത്തിന്റേതായ അത്തരം കലകൾ സംരക്ഷിക്കേണ്ടതും പ്രോത്സാഹിപ്പിക്കേണ്ടതുമുണ്ട്. ഒന്നുനശിച്ചാൽപിന്നെ അതുണ്ടാവുകയില്ല എന്നുള്ളതുമനസ്സിലാക്കി മനസ്സിൽ തട്ടിച്ചെയ്യേണ്ടകാര്യങ്ങളാണ് ഇതൊക്കെ. പരിശീലനകേന്ദ്രങ്ങൾ നടത്തുന്ന പ്രസ്ഥാനങ്ങൾക്ക് ആവശ്യവും മിതവുമായ സാമ്പത്തിക സഹായങ്ങൾ ചെയ്യേണ്ടത് ഭരണ സംവിധാനത്തിന്റെ കടമയാണ്.

### പഞ്ചായത്തുതല കലാമേളകൾ

ആണ്ടോടാണ്ടു നടക്കുന്ന നേർച്ചവഴിപാടായി മേളകൾമാറുന്നു. പഞ്ചായത്തുതല കലാമേളകൾ ഇന്ന് ഒരു പ്രഹസനവും മേളക്കൂത്തുമായി കഴിഞ്ഞിട്ടുണ്ട്. മത്സരം കലയിൽ നിന്ന് മറ്റെന്തിലേക്കോ വഴിമാറുന്നു ആ[illegible]ാചര്യം ഒഴിവാക്കി മുൻകൂട്ടികണ്ടുകൊണ്ടുള്ള പരിശീലനങ്ങൾ വാർഡുതലത്തിൽ തുടങ്ങണം. രാഷ്ട്രീയവും വർഗ്ഗീയവുമായ ചേരിതിരിവുകളും വിഭാഗീയ പരിഗണനകളും പാടില്ല. സെന്റർ ഫോർ ആർട്ട്സ്ആന്റ് കൾച്ചറൽ അസോസിയേഷൻ ഇന്ന് പഞ്ചായത്തുതലത്തിൽ ഉണ്ട് അതിന്റെ നിയന്ത്രണത്തിന് നാട്ടിലെ ആരംഗത്ത് പ്രാമുഖ്യമുള്ളവരുടെ മുഴുവൻ കർമ്മശേഷിയും ഉപയോഗപ്പെടുത്തണം.

### തിരുവോണക്കലകൾ

തിരിവോണം നമ്മുടെ കലകളുടെ ഒരു നല്ല വിളഭൂമിയും വിളയാട്ടഭൂമിയുമാണ്. അത്തപ്പൂവിടീൽ പത്തുദിവസം പത്തുനാളിലും, പാടുന്ന ഓണപ്പാട്ടുകൾ, കുടമ്മത്തുകളി, തുമ്പിതുള്ളൽ, പെണ്ണുകളി, മുടിയാട്ടം, പാർവ്വള്ളിക്കളി, ഊഞ്ഞാൽപാട്ട്, പുലികളി, ഉറിപിന്നൽക്കളി, കുഴിപ്പന്തുകളി, ഓരോലപ്പന്തുകളി എന്നിവയ്ക്കു മത്സരം ഏർപ്പെടുത്തണം. അത്തരം കലകൾക്കുള്ള വീഡിയോ ലൈബ്രറികൾ ഉണ്ടവണം. നല്ലരീതിയിൽ പരിശീലനം ഉണ്ടായാൽ ദൂരദർശൻ, ഏഷ്യാനെറ്റ് തുടങ്ങിയ സംപ്രേക്ഷണ മാധ്യമങ്ങൾ സാമ്പത്തിക സഹായത്തോടെ പരിപാടികൾ സംപ്രേക്ഷണം ചെയ്യും. ആകാശവാണിപ്രക്ഷേപണം ചെയ്യും. നാടിന്റെ പേരിന് പ്രശസ്തിയും പ്രസക്തിയുമുണ്ടാകും. കടത്തനാടൻ കളരിയും കടമ്മനിട്ടപ്പടയണിയും ഉദാഹരണങ്ങളാണ്. വയനാട്ട് കുലവൻതെയ്യം പ്രത്യക്ഷ ഉദാഹരണമാണ്. കളിക്കാനുള്ള കളമുണ്ടാക്കേണ്ടബാധ്യത ഭരണത്തിനാണ്.

### ഉത്സവങ്ങൾ

പ്രധാനമായും നമ്മുടെ ഉത്സവങ്ങൾ കലയും സംസ്കാരവുമായി ബന്ധപ്പെട്ടിരിക്കുന്നു. കലയുമായോ സംസ്കാരവുമായൊ ബന്ധമില്ലാത്ത

ഉത്സവവുമില്ല. ജനബോധ സംസ്കാരവുമായി ബന്ധപ്പെട്ട ഒരു സംസ്കാരത്തിന്റെ സംഭാവനയായി നമ്മുടെ ഉത്സവങ്ങൾ വർണ്ണാഭമായ ഒരു തലത്തിലേക്ക് കടന്നുചെല്ലുന്നു. കലയുടെ സാങ്കേതികത നിറഞ്ഞു നിൽക്കുന്ന നമ്മുടെ എടുപ്പുകുതിരകൾ ഉത്സവപ്പറമ്പുകളിൽ തലയെടുപ്പോടെ നിൽക്കുന്നു. കെട്ടുകാളകൾ നമ്മുടെ കർഷക പാരമ്പര്യത്തിന്റെ ദ്രാവിഡമായ ഒരു സംസ്കൃതി വിളിച്ചറിയിക്കുന്നു. വണ്ടിക്കുതിരകൾ, തൊഴുത്ത്, വള്ളം, എല്ലാം സാങ്കേതികത ആവശ്യമുള്ള കലകളാണ്.

കുമരൻചിറക്ഷേത്രത്തിലെ ഉത്സവത്തിന് ഇതെല്ലാം അരങ്ങേറാറുണ്ടല്ലോ. അതിൽ എന്തൊക്കെ നഷ്ടപ്പെട്ടോ അതെല്ലാം പുനരാവിഷ്കരിക്കണം. വൈദ്യുത കമ്പികൾ കാരണം നഷ്ടമായ എടുപ്പുകുതിര സമ്പ്രദായം തിരിച്ചുകൊണ്ടുവരണം. അത് നമ്മുടെ സമൂഹത്തിന്റെ സംസ്കാരത്തിന്റെ ഭാഗമാണ്. ഉത്സവങ്ങളെല്ലാം സർവ്വമതസ്ഥർക്കും പങ്കെടുക്കാനുള്ളതാണ്. അത് വിഭാഗീയമായിക്കൂടാ. അവിടെ സംഘർഷം ഉണ്ടാകും. സർവ്വരും പങ്കുചേർന്നാൽ സാർവ്വത്രികമായ സമന്വയം ഉണ്ടാകും. നമുക്ക് അതാണ് വേണ്ടത്. ചിന്തകന്മാരും രാഷ്ട്രീയക്കാരും ഒത്തൊരുമിച്ച് ആ വഴിക്ക് ചിന്തിക്കണം. ഭാഗ്യമെന്നുപറയട്ടെ, നമ്മുടെ പ്രദേശത്ത് അങ്ങനെയൊരു വിഭാഗീയത ഉണ്ടായിട്ടില്ല. ആ നന്മ ഇവിടെ എന്നും പുലരുമെന്ന് കാണാം. അതിനുള്ള പ്രേരണ പഞ്ചായത്ത് കൊടുക്കണം.

### ആശാൻപള്ളിക്കൂടങ്ങൾ

അകക്കണ്ണ് തുറപ്പിക്കാൻ ആശാൻ ബാല്യത്തിലെത്തണം. അകംകണ്ണാണ് ആദ്യം തുറക്കേണ്ടത്. അതിന് ആശാൻപള്ളിക്കൂടങ്ങൾ തുടങ്ങുന്നവരെ സഹായിക്കണം. നമ്മുടെ നാടിന്റെ സാഹചര്യത്തിൽ, നമ്മുടെ ഭാഷയിൽ, നമ്മുടെ കാര്യങ്ങൾ കുഞ്ഞുങ്ങൾ പഠിക്കണം. മറ്റു ഭാഷയിൽ അവർ നമ്മുടെ കാര്യങ്ങൾ പഠിക്കാനുള്ള സാഹചര്യം ഉണ്ടാക്കരുത്. ജർമ്മനിയിലും ഫ്രാൻസിലും സ്പെയിനിലും പോർട്ടുഗലിലും ജപ്പാനിലും റഷ്യയിലും മാതൃഭാഷയാണ് ഒന്നാം ഭാഷ. നമ്മുടെ ഒന്നാം ഭാഷ നമ്മുടെ കുഞ്ഞുങ്ങൾ നമ്മുടെ മണ്ണിൽ നിന്ന് വരച്ചുപഠിച്ചുതുടങ്ങണം. അതാണ് ഗ്രാമം. അതാണ് ഗ്രാമനൈർമല്യം. ആശാന്മാരെയോ ആശാട്ടിമാരെയോ ഗ്രാന്റുനല്കി സഹായിക്കണം.

### കുട്ടികളുടെ ലൈബ്രറികൾ

കുട്ടികളുടെ ലൈബ്രറികൾ പ്രത്യേകം ഉണ്ടായിരിക്കേണ്ടതാണ്. ലൈബ്രറികളിൽ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ നിർമ്മിച്ച കളിക്കോപ്പുകൾ വേണമെന്നില്ല. ഉണ്ടായാലും കുഴപ്പമില്ല. കുട്ടികൾക്ക് വായിച്ചറിയേണ്ടുന്ന കൗതുകകരങ്ങളായ പുസ്തകങ്ങൾ കരുതിവയ്ക്കണം. അവർക്ക് കളിക്കാൻ വേണ്ട കളിപ്പാട്ടങ്ങൾ വേണം. കുട്ടികളുടെ ലൈബ്രറിയിൽ മറ്റുപുസ്തകങ്ങൾ ഉണ്ടാകാൻ പാടില്ല. ലൈബ്രറിയുടെ നടത്തിപ്പ് അന്യൂനമാകണം. പുസ്തകഷെൽഫുകൾ, വായനമുറികൾ എന്നിവ ചിട്ടയോടെ സംവിധാനം ചെയ്തിരിക്കണം. ഇപ്പോൾ അങ്ങനെയൊന്ന് നടപ്പായിട്ടില്ല.

## തൊഴിലധിഷ്ഠിത കലകൾ

### കമ്പടികളി

തൊഴിലധിഷ്ഠിതകലകൾ നമ്മുടെ നാട്ടിൽ ഇന്ന് സാർവ്വത്രികമായ ഒന്നാണ്. തെങ്ങുകയറ്റത്തൊഴിലാളികൾക്കുമാത്രമായുള്ള ഒരു കളിയാണ് കമ്പടികളി. അത് അഭ്യസിച്ചാൽ ആവശ്യമായ മെയ്വഴക്കത്തോടൊപ്പം കഥകളും പാട്ടും മനസിലാകും. പുരാതന പരിജ്ഞാനമുണ്ടാകും. സ്കൂളിൽ പോകാതെ തന്നെ കഥകൾ പഠിക്കാനാകും. മാറിയ രാഷ്ട്രീയ പരിതസ്ഥിതികൾക്കനുസരിച്ചുള്ള പുരോഗമന സംഭവങ്ങൾ പാട്ടാക്കി കളിക്കുകയുമാകാം.

### പുലികളി

പുലികളിയും ഇവിടെ സാധാരണയായി തെങ്ങുകയറ്റ തൊഴിലാളികൾ കളിക്കുന്ന ഒരു കലയാണ്. അതിന് അതിന്റേതായ താളങ്ങളുണ്ട്. ചെണ്ട, ഇലത്താളം എന്നിവ അതിന് മേളക്കൊഴുപ്പ് കൊടുക്കുന്നു. ദാമോദരൻ മൂപ്പർ, പപ്പുമൂപ്പർ തുടങ്ങിയ കലാകാരന്മാർ ഈ രംഗത്തെ പ്രഗത്ഭരായ കലാകാരന്മാരായിരുന്നു.

### ഞാറ്റുപാട്ട്

പാടത്തുനടുന്ന കർഷകസ്ത്രീ തൊഴിലാളികൾ നട്ടുനെരികയറുമ്പോൾ നൂറുകണക്കിന് നാടൻ പാട്ടുകൾ പാടാറുണ്ട്. മഹാഭാരതത്തെക്കാളും രാമായണത്തെക്കാളും പ്രബോധനാത്മകത ഈ പാട്ടുകൾക്കുണ്ട്. അധ്വാനക്ലേശം മറന്ന് ആസ്വാദനത്തിലൂടെ നട്ടുമുന്നേറുന്ന ഓരോ നിരയും ഈ നാടിന്റെ സമ്പത്തിന്റെ നെരികളാണ്. ആ പാട്ടുകൾ നമ്മുടെ നാട്ടിന്റെ നിദ്രയുടെ ഉണർത്തുപാട്ടുകളാണ്. അതൊക്കെ നഷ്ടമാകാതെ ശേഖരിച്ച് വയ്ക്കണം.

### തടിപിടിപ്പാട്ട്

തടിപിടിക്കുമ്പോൾ താളാത്മകമായി പാടുന്ന 'ഐലസാം ഏലേലം' യാന്ത്രികയുഗത്തിൽ നമുക്ക് നഷ്ടമാകുന്നു. ക്രയിനും മറ്റും ആ ഭാഗം ഏറ്റെടുക്കുന്നു. പക്ഷേ എന്നും നമുക്ക് ആ യന്ത്രങ്ങളെ ആശ്രയിക്കാനൊക്കുകയില്ല. അധ്വാനത്തിന്റെ ആ താളം, വിയർപ്പിന്റെ സാഹിത്യം, നമ്മൾ മറന്നുകൂടാ.

പൂവിട്ടകുരുവീ ഐലസാ
ഏലാമാലീ ഐലസാ

എന്നുപോകുന്നു ആ പാട്ട്.

### വിൽപ്പാട്ട്

തെക്കൻ കേരളത്തിലെ കലാരൂപമായ വിൽപ്പാട്ട് 1960 കളിൽ ഇവിടെ വളരെ ആകർഷകമായ രീതിയിൽ അരങ്ങേറപ്പെട്ട ഒരു കലാരൂപമാണ്. ഈ പഞ്ചായത്തിൽ ആയിക്കുന്നത്ത് മാത്രം രൂപം കൊണ്ട ഈ കലാരൂപം ഇന്ന് അന്യം നിന്നുകഴി

ഞ്ഞു. അതിൽ പങ്കടുത്ത് നാടുമുഴുവൻ പേരും പ്രശസ്തിയും നേടിയകലാകാരന്മാരായ ദിവംഗതരായ സർവ്വശ്രീ. ഗോപാലൻ വൈദ്യർ, കാട്ടിശ്ശേരിൽ ഗോപാലനാശാൻ, കൊമ്പിപ്പിള്ളിൽ കൃഷ്ണപിള്ള എന്നിവരുടെ പേരുകൾ എന്നും അനുസ്മരിക്കപ്പെടേണ്ടതാണ്. പാൽകുളങ്ങര രാഘവനാചാരി, പുത്തൻപുരയിൽ ഗോവിന്ദപ്പിള്ള, വലിയവീട്ടിൽ ജനാർദ്ദനക്കുറുപ്പ്, കാഞ്ഞിരംതുണ്ടിൽ വാസുക്കുറുപ്പ് എന്നിവർ അക്കൂട്ടത്തിൽ ഇന്നും ജീവിച്ചിരിക്കുന്ന കണ്ണികളാണ്. അവശകലാകാരന്മാർക്കുള്ള പെൻഷൻ അവർക്ക് അനുവദിക്കേണ്ടതുണ്ട്.

1955-60 കാലഘട്ടത്തിൽ തുടങ്ങിയ കാക്കാരിശ്ശി നാടക സംഘം ഇവിടെ ഉണ്ടായിരുന്നു. ഇഞ്ചക്കാട് ശ്രീ. പാച്ചൻപിള്ള ആശാനാണ് അതിന്റെ തുടക്കക്കാരൻ. കുറേക്കാലം ആ സംഘം പ്രവർത്തിച്ചു.

കോലംതുള്ളൽ

കുമരഞ്ചിറഭാഗത്ത് പാളക്കോലങ്ങൾ കെട്ടി കോലംതുള്ളൽ ഉണ്ട്. ഇന്നും അവ പുനരവതരിപ്പിക്കാവുന്നതാണ്. ക്ഷേത്രത്തിലെ വിഗ്രഹപ്രതിഷ്ഠയ്ക്ക് പാണികൊട്ടുന്ന കാരൂർ ഗോവിന്ദപ്പണിക്കർ അന്നത്തെ ഒരു മഹാത്ഭുതമായിരുന്നു. മരപ്പാണി, തിമിലപ്പാണി എന്നിവ അറിയാവുന്ന അവസാനത്തെകണ്ണിയും ആ വാദ്യവിദ്വാനായിരുന്നു. പാരായണരംഗത്ത് അതിപ്രശസ്തരായ ശൂരനാട് വാസുദേവൻ പിള്ള, കണ്ണത്തു നാരായണൻ നായർ തുയങ്ങിയവർ സോപാനസംഗീതത്തിന്റെ ശൈലികൈവശമുള്ള രണ്ടു മഹാപ്രതിഭകളാണ്. ശ്രീ. വാസുദേവൻപിള്ള അന്തരിച്ചു. നാരായണൻ നായർ ഇപ്പോഴും രംഗത്ത് സജീവമായുണ്ട്.

പാക്കനാർകളി

പറയരുടെ കലയായ പാക്കനാർകളി കാവനാൽക്കുളങ്ങരെ പണ്ട് ഉണ്ടായിരുന്നു. മുണ്ടുപണയിൽ പാക്കനാർക്ക് അത് വശമുണ്ടായിരുന്നു.

കായിയരംഗം

പരമ്പരാഗതമായി ഗ്രാമീണ കായിക ഇനങ്ങൾ പലതാണ്. അതൊന്നറിയുന്നതും പുതിയതിലേക്ക് എത്തിനോക്കുന്നതും നന്നായിരിക്കും.

ഗോലികളി, കുഴിപ്പന്തുകളി, ഓലപ്പന്തുകളി, തലപ്പന്തുകളി, കിളിത്തട്ടുകളി, മരമടി, കാളയോട്ടം, വള്ളംതുഴച്ചിൽ, പരണേറ്, വാൾപയറ്റ്, കുട്ടികുറുഞ്ഞികളി, അമ്മാനക്കളി, പട്ടംകളി, അടിച്ചേച്ചോട്ടം, ഒളിച്ചുകളി, കമ്പടികളി പഞ്ചായിക്ക് തുടങ്ങി അനവധി പുരാതനകായിക വിദ്യകൾ നമുക്ക്സ്വന്തമായുണ്ട്. ആകളികൾക്കെല്ലാം അതിന്റേതായ ശാരീരിക വ്യായാമ സൗകര്യങ്ങളുമുണ്ട്. ഈ കളികളെല്ലാം ഇന്നും സംരക്ഷിക്കപ്പെടേണ്ടതുണ്ട്. അതെങ്ങനെയെന്നുപറയുക വിഷമമാണ്. ക്രിക്കറ്റ് എന്ന മാന്ത്രിക കളിയിലേക്കും ലോകഫുട്ബോളിലേക്കും എത്തിനോക്കാൻ കഴിയാത്ത ഗ്രാമത്തിന്, ടെന്നിസ് കളിയെന്ന വരേണ്യലീല ആസ്വദിക്കാൻ അവസരമില്ലാത്തവന്, കുട്ടിയും കുറിഞ്ഞിയും കിളിത്തട്ടും വേണ്ടത്ര ആവേശം പകരും എന്നുള്ളതിന് സംശയമില്ല.

കളിക്കളമുണ്ടെങ്കിലേ കളിക്കാനാകൂ. അതിന് കളിക്കളം വേണം. കുളിക്കാൻ കുളം വേണം.

നീന്തൽക്കുളം

നീന്തൽക്കുള സൗകര്യമുള്ള നാടാണിത്. സംവിധാനം ചെയ്ത നീന്തൽകുളങ്ങൾ വേണം.

ഫുട്ബാൾകോർട്ട്

പന്തുകളിക്കാൻ ഫുട്ബാൾ കോർട്ട് വേണം

വോളിബോൾ

വോളിബോൾകളിക്കാനുള്ള ബോർഡും ഗ്രൗണ്ടും വേണം

കിളിത്തട്ടുകളി

സ്റ്റേഡിയത്തിൽ കിളിത്തട്ടു കളി പ്രോത്സാഹിപ്പിക്കണം.

ബോൾബാറ്റ്മിന്റൻ

ബോൾബാറ്റ്മിന്റൻ സൗകര്യം വേണം.

കായിക രംഗത്ത് ശ്രദ്ധേയങ്ങളായ പ്രതിഭകൾ നമ്മുടെനാട്ടിൽ നിന്നും ഇതുവരെ പുറത്തു വന്നിട്ടില്ല. ജി. വി. രാജാ സ്പോർട്ട്സ് സ്കൂളിൽ പഠിക്കുന്ന ഒരു കുട്ടി മാത്രമാണ് നമുക്ക് അതിന് ഒരു ആശ്വാസം.

രാഷ്ട്രീയ രംഗത്തെ പ്രധാന വ്യക്തികൾ

പഞ്ചായത്തിന്റെ ആദ്യപ്രസിഡന്റ് തറയിൽ രാമകൃഷ്ണനായിരുന്നു.തറയിൽ രാമകൃഷണൻ, മുടിയിൽത്തറ വി. ഭാസ്കർ, പുതുശ്ശേരി രാമചന്ദ്രൻപിള്ള എന്നിവർ നമ്മുടെ പ്രദേശത്തെ രാഷ്ട്രീയ ചരിത്രവുമായി രക്തബന്ധമുള്ള മൂന്നു വ്യക്തികളാണ്. മുടിയിൽ തറ വി ഭാസ്കരനാണ് രണ്ടാമത്തെ പ്രസിഡന്റ്.

ശൂരനാട് തെക്ക് പഞ്ചായത്തിന്റെ പ്രസിഡന്റുമാരായിരുന്ന മാധവൻപിള്ളയും ഉള്ളന്നൂർത്തറ എം. ഇസ്മയിൽകുട്ടിയും പരേതനായ വേളിക്കാട്ടു രാഘവൻപിള്ളയും തുടർന്നു പഞ്ചായത്തു പ്രസിഡന്റായ പ്രൊഫസർ നാരായണപിള്ളയും നാടിന്റെ വികസനത്തിന് വളരെയേറെ യത്നിച്ചിട്ടുള്ള വ്യക്തികളാണ്. സ്വാതന്ത്ര്യത്തിന്റെ 50 ആണ്ടത്തെ ചരിത്രത്തിൽ ഇവർ ഈ നാടിന് ചെയ്തിട്ടുള്ള സേവനങ്ങൾ കക്ഷിരാഷ്ട്രീയാതീതമായി ചിന്തിക്കേണ്ടതാണ്.

സാഹിത്യരംഗത്തെ പ്രധാന വ്യക്തികൾ

ശൂരനാട്ടു കുഞ്ഞൻപിള്ളയെന്ന മഹാപ്രതിഭാസമാണ് സാഹിത്യരംഗത്ത് ഏറ്റവും ശ്രദ്ധേയൻ. അദ്ദേഹത്തിനുശേഷം അതേപാതയിൽ അത്ര പ്രഗത്ഭരാരും തന്നെ ഉയർന്നു വന്നിട്ടില്ല. പതിനഞ്ചിൽപരം കൃതികളുടെ രചയിതാവുംബഹുഭാഷാപണ്ഡിതനുംതമിഴിൽനിന്നും സംസ്കൃതത്തിൽ നിന്നും ഇംഗ്ലീഷിൽനിന്നുംപല കൃതികളും മലയാളത്തിലേക്ക്പരിഭാഷപ്പെടുത്തുകയും കേന്ദ്രഗവൺമെന്റിന്റെ ബാലസാഹിത്യഅവാർഡ് നേടുകയും കുട്ടികൾക്കുവേണ്ടി എഴു

തുകയും ചെയ്യുന്ന ശൂരനാട് രവി, യുവകവി പി.കെ. ബാലചന്ദ്രൻ, തൃക്കുന്നുപ്പുഴചന്ദ്രൻ, ആനൂർ സുധി, കിടങ്ങയം രാമചന്ദ്രൻ, ശൂരനാട് എൻ. കെ. വിജയകുമാർ എന്നിവർ സാഹിത്യരംഗത്ത് പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിലെ പ്രമുഖകലാസാംസ്കാരികസംഘടനയായ സുരഭിയുടെ ആഭിമുഖ്യത്തിൽ 1996 ആഗസ്റ്റ് 15-ാംതീയതി സംഘടിപ്പിക്കപ്പെട്ട ഒരു ചടങ്ങിൽ വച്ച് ജ്ഞാനപീഠപുരസ്കാര ജേതാവായ മഹാകവി ജി.ശങ്കരക്കുറുപ്പിന്റെ പേരിൽസ്ഥാപിക്കപ്പെട്ട ജി. സ്മാരകട്രസ്റ്റ് അവാർഡ് പ്രശസ്തനോവലിസ്റ്റ് പെരുമ്പടവം ശ്രീധരനും, പത്രപ്രവർത്തനായ ശ്രീ. എം.പി. വീരേന്ദ്രകുമാറിനും, സാഹിത്യനിരൂപകനായ പ്രൊ. കെ.എം. തരകനും, മലയാളസാഹിത്യതറവാട്ടിലെ കാരണവരായ ശ്രീ പൊൻകുന്നം വർക്കിസമർപ്പിക്കുകയുണ്ടായി. ഈ സാംസ്കാരിക സംഗമത്തിൽ സുപ്രസിദ്ധസാഹിത്യകാരന്മാരായ പ്രൊഫ. എം. അച്ചുതൻ, ഏഴാച്ചേരിരാമചന്ദ്രൻ, നീലമ്പേരൂർ മധുസൂധനൻനായർ, ഗോപികൊടുങ്ങല്ലൂർ, ഡോ. പുതുശ്ശേരി രാമചന്ദ്രൻ, മാത്യുകുഴിമറ്റം, ചവറ കെ.എസ്. പിള്ള എന്നിവരും മറ്റു പല പ്രശസ്തവ്യക്തികളും പങ്കെടുക്കുകയുണ്ടായി. പഞ്ചായത്തിൽ നടന്ന ഈ മഹാസംഗമം ഇത്തരുണത്തിൽ സ്മരിക്കപ്പെടേണ്ടതുണ്ട്.

പത്രപ്രവർത്തകർ

മാതൃഭൂമിയിലെ സ്റ്റാഫ് കറസ്പോണ്ടന്റ് ജി.കെ. സുരേഷ്ബാബു, ദീപിക കറസ്പോണ്ടന്റ് സി.വി. രാജശേഖരൻ എന്നിവർ പത്രരംഗത്തെ ഈ നാടിന്റെ സംഭാവനകളാണ്

കലാകാരന്മാർ

കഥകളിനടൻ ഇഞ്ചക്കാട് രാമചന്ദ്രൻപിള്ള ശ്ശാസ്താംകോട്ട ബാലകൃഷ്ണൻ എന്നിവർ ഈ നാടിന്റെ പ്രഗത്ഭ സംഭാവനകളാണ്. മാർഗ്ഗി സോമൻ, മാർഗ്ഗി മോഹൻ ഇഞ്ചക്കാട് മാധവൻനായർ എന്നിവർ ഈ രംഗത്ത് ഇന്ന് നിലകൊള്ളുന്നു. ഇഞ്ചക്കാട് ശശിധരൻ ശ്രദ്ധേയനായ ഒരു കലാകാരനാണ്.

സംസ്കാരത്തിന്റെ മേഖല വളരെ വലുതാണ്. ഒരു നല്ലസാംസ്കാരിക അടിത്തറയുള്ള സമൂഹത്തെ നശിപ്പിക്കാനൊരു ശക്തിക്കും കഴിയുകയില്ല. നമ്മുടെ ഗ്രാമങ്ങൾ സ്നേഹത്തിന്റെയും സമന്വയത്തിന്റെയും സംഗമവേദികളാകണമെങ്കിൽ പ്രത്യേകിച്ചും ഈ യാന്ത്രിക യുഗത്തിൽ, നമ്മൾ നമ്മുടെ സാംസ്കാരികമായ അടിത്തറ അരക്കിട്ടുറപ്പിക്കണം. അതിനുള്ള വഴി അതിന്റെ ഉണങ്ങിവരണ്ട സ്രോതസ്സുകൾകണ്ടെത്തി തുറന്നു വിടുക എന്നുള്ളതാണ്. എല്ലാവിഭാഗം ജനങ്ങളുടേയും സഹകരണത്തോടെ ആ വഴി കണ്ടെത്തിയാൽ ഈ നാട് അടുത്ത നൂറ്റാണ്ടിൽ അത്ഭുതകരമായ വളർച്ചനേടും.

ഒരു ഫോക്ക്ലോർമ്യൂസിയം

പഞ്ചായത്തു സാംസ്കാരികനിലയത്തോടുചേർന്ന് ഒരു ഫോക്ക് ലോർ മ്യൂസിയം തുടങ്ങാവുന്നതാണ്. നമ്മുടെ പ്രാചീന കൃഷിഉപകരണങ്ങൾ, നമ്മുടെ കാലിസമ്പത്തിന്റെ ഫോട്ടോചിത്രങ്ങളും വിവരങ്ങളും, നമ്മുടെ നാട്ടിലെ ഗൃഹനിർമ്മാണ സങ്കേതം, നമ്മുടെ നാട്ടിലെ മൺമറഞ്ഞ രാഷ്ട്രീയ സാമൂഹ്യ സാഹിത്യ സാംസ്കാരിക നായകന്മാരുടെചിത്രങ്ങൾ, ജീവചരിത്രകുറിപ്പുകൾ, അവർ എഴുതിയ പുസ്തകങ്ങൾ, നമ്മുടെ കറുക, നമ്മുടെ തുമ്പ എല്ലാം അയിൽ വരും. കൂടാതെ നമ്മുടെ നാട്ടിലെ കലാരൂപങ്ങളുടെ സ്പെസിമനുകൾ, നമ്മുടെ നാട്ടിലെ വാദ്യോപകരണങ്ങൾ, നമ്മുടെ ഉത്സവങ്ങളുടെ മിനിയേച്ചർ രൂപങ്ങൾ എല്ലാം നമ്മുടെ നാടിനെ ഒരുമുറിയിൽക്കൂടി കണ്ടെത്താൻകഴിയുന്ന തരത്തിൽ നാട്ടുകാരുടെ മുഴുവൻ സഹായത്തോടെ ചെയ്താൽ അത് നമ്മുടെ രാജ്യത്തിന് ആദ്യത്തെ മാതൃകയായിരിക്കും.

വരുംതലമുറയ്ക്ക് നമ്മുടെ നാട് എങ്ങനെ ആയിരുന്നു, നമ്മൾ ആരായിരുന്നു എന്ന് അറിയാനുള്ള ഒരു കണ്ണിയായിരിക്കും ആ മ്യൂസിയം എന്നു കരുതുക.

## ഒരു നടീൽ പാട്ട്

അമ്പഴക്കൊമ്പിക ളമ്മച്ചിമാരേ
ആനാ റാഞ്ചിയെന്റമ്മച്ചിമാരേ
കൊച്ചമ്പിരാന്റെ പെണ്ണുങ്ങളാണേ
കോന്ത്രപ്പല്ലുള്ള പെണ്ണുങ്ങളാണേ
കയ്യാലകുത്തി മറിക്കുന്ന കൊമ്പി
കാഞ്ഞിരംകുത്തിയിടിക്കുന്നകൊമ്പീ
കാളീം നീലീം പെണ്ണുങ്ങളാണേ
കൊച്ചമ്പിരാന്റെ പെണ്ണുങ്ങളാണേ
വീട്ടും കിഴക്കേകല്ലുകണ്ടത്തിലും
നാളെമുതക്കൊരു വിത്തിടീലുണ്ടേ
നിങ്ങളുരണ്ടേരും വന്നേക്കണേടി
കോഴീം കുഞ്ഞും കൊരവയിട്ടില്ല.

നെയ്യനുറുമ്പു വഴിവച്ചിട്ടില്ല
കാട്ടിൽച്ചെലന്തി വലമുറിച്ചില്ല
ഇത്തറകാലത്തേ ആളുവിളിക്കാൻ
കണ്ണിൽകുരുവുണ്ടോകൊച്ചമ്പിരാനേ

(നേരം പുലരുന്നതിനുമുൻപ് ഇരുട്ടത്ത് നടാൻആളുവിളിക്കാൻ ചെന്ന കൊച്ചമ്പിരാനെകളിയാക്കുന്ന ഒരു പാട്ടാണ് ഇത്).

---

## വേറൊരു നടീൽ പാട്ട്

(ഈ പാട്ടിൽ പണ്ടുണ്ടായിരുന്ന കാളകളുടെ ലക്ഷണം പറയുന്നു.)

പോരടരാമുറിത്താമുറി മേമുറി
താഴത്തുവീടന്റെ കാളവരുന്നേ
എത്തുകൊളമ്പനുതിരഞ്ചൊമല
തെക്കേവയലിലെ കണ്ണൻകരിപ്പ
നാലുകാലേപ്പുള്ളി നാക്കാലിപ്പുള്ളി
മാനം തൊടുതൊടെ കൊമ്പുള്ളകാള
വടക്കേവയലിലെ നീലഞ്ചൊമല
കണ്ണാട്ടുമോളിക്കുമത്തന്റെ വെള്ള
ആലുംമൂട്ടിച്ചോവന്റലുകൊള്ളി വെള്ള
അങ്ങനോരോതരം കാളവരുന്നേ
ആതുക്കാട്ടേമാന്റെ കാളെനെക്കണ്ട)
ആതിയില്ലേ പിന്നൊരന്തവുമില്ലേ

(ഈ പാട്ടിൽ വ്യക്തമാകുന്ന ചില പേരുകൾ ശ്രദ്ധേയങ്ങളാണ്. ആലുമ്മൂട്ടിച്ചോവന്റെ കാള. കണ്ണാട്ടു മോളിൽ ഗുമസ്തന്റെ വെള്ളക്കാള, ആതുക്കാട്ടേമാന്റെ കാള എന്നിവ അന്ന് പ്രസിദ്ധങ്ങളാണെന്ന് കാണുന്നു.)

---

## ഇനി മരച്ചീനിയുടെ നിറവും തരവും പറയുന്ന ഒരു നടീൽ പാട്ട്

അമ്മാ കുഞ്ഞമ്മാ കേട്ടുകൊള്ളേണേ
കൊല്ലത്തെച്ചീനി കൊടക്കുത്തു വെള്ള
കൊട്ടാരക്കര നാമ്പുകറുപ്പൻ
കൈതക്കൽക്കാരുടെ കൈതത്തടിയൻ
തോട്ടുവാക്കാരുടെ തോട്ടാലിവെള്ള
പന്തളംകാരുടെ പന്തളം പാല
കണ്ണൻകോടൻചീനി കാച്ചിലുപോലെ
എട്ടുമുട്ടോം നിർത്തി വെട്ടിമുറിച്ച്
കൈയിലപ്പാത്തീച്ചരച്ചിട്ടു നട്ട്
ഒരുകൊത്തുകൊത്തിയാച്ചമ്പലുമിട്ട്
എട്ടിനുമുട്ടം മുളച്ചിങ്ങുവന്നേ

ചാഞ്ഞവിളയിൽ ചരിഞ്ഞവിളയിൽ
ഒത്തുവിളഞ്ഞു കിടക്കുന്ന ചീനി
പുത്തനിടിവെട്ടി പുതുമഴപെയ്തു
ആറുകവിഞ്ഞില്ല തോടുകവിഞ്ഞു
പട്ടിണിപ്പാവം കെടക്കുന്നപ്പോഴേ
മുട്ടേലും താങ്ങി വലിച്ചുപിഴുത്
മുറ്റം നറച്ചുകൊണ്ടിട്ടു കൊടുത്തു
എടക്കംപുഴക്കാരൻ ചുട്ടുതിന്നച്ചീനി
ചുട്ടുതിന്നപ്പം മുട്ടിപ്പം കുത്തും
അയ്യോ എന്റപ്പാ ഞാനിപ്പച്ചാവും
നീയിപ്പച്ചത്താ ഞാനിപ്പമൂടും

---

## ശൂരനാട്ടുനിന്നും ശേഖരിച്ച ഒരു നാടൻപാട്ട്

**ആതിതാനറയടങ്ങി**
**അന്നുഞാൻ കെടന്നകാലം**
**അന്തമില്ലേ ലാതിയില്ലേ**
**അന്നുനാങ്കുവേതമില്ലേ**
**ഇരുളില്ലേ വെട്ടമില്ലേ**
**മുപ്പതുമുക്കോടി തേവരില്ലേ**
**അറുപത്താറായിരംകോടി**
**അസുരകളില്ലേ**
**പന്ത്രണ്ടാതിത്യന്മാര്**
**ഉതിപ്പുമില്ലേ മരിപ്പുമില്ലേ**
**അങ്ങനെല്ലാം കെടന്നകാലം**
**കുമിളയെന്നൊരു സാക്ഷിതോന്നി**
**അതുരുണ്ടു മൊട്ടയായി**
**ഒട്ടുകാലം ഒട്ടുതിവസം**
**ആ മൊട്ട അവിടിരുന്നു**
**ഒട്ടുകാലം പാർത്തവാറേ**
**ആമൊട്ട വിണ്ടു പൊട്ടി**
**മേപ്പട്ടുതെറിച്ചതാകായം**
**കീപ്പെട്ടു തെറിച്ചതുപൂമി**
**പിന്നെ പന്ത്രണ്ടാതിത്യന്മാർ**
**ഉതിപ്പുമായി മരിപ്പുമായി**
**അറുപത്തിരണ്ടായിരക്കോടി**
**അസുരകളുണ്ടായി**
**മുപ്പത്തിമൂവായിരക്കോടി**
**തേവകളുണ്ടായി.**

(ഇത് താണജാതിക്കാരുടെ സങ്കല്പത്തിൽ ഉള്ള ഒരു ശ്ലോകമാണ്. ഭൂമിഉണ്ടായത് ഇങ്ങനെയാണെന്നവർ കരുതുന്നു)

## പഞ്ചായത്തുതല സാംസ്കാരിക നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ എല്ലാ ആർട്സ് ക്ലബ്ബുകളെയും കൂട്ടായി സംയോജിപ്പിച്ച് സാംസ്കാരിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

2. സർക്കാർ അധീനതയിലുള്ള സ്ഥലത്ത് സബ്‌രജിസ്ട്രാരാഫീസിന് സ്ഥിരമായ കെട്ടിടമുണ്ടാക്കുക

3. സാംസ്കാരിക നിലവാരം ഉയർത്താൻ പഞ്ചായത്തുതലത്തിൽ ബോധവല്ക്കരണസെമിനാറുകൾ നടത്താൻ ഏർപ്പടുണ്ടാക്കുക.

4. കുട്ടികളുടെ പഠനസമയത്ത് ടി.വി, റേഡിയോ എന്നിവയിലൂടെയുള്ള ജനപ്രീതീകരമായ പരിപാടികൾ പ്രക്ഷേപണം ചെയ്യാതിരിക്കാൻ വേണ്ട നടപടി സ്വീകരിക്കുകയും, മദ്യപാനം, ബലാത്സംഗം എന്നിവ ഒഴിവാക്കുകയും വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിനും, സാംസ്കാരിക പ്രവർത്തനത്തിനുകൂടുതൽ മുൻഗണന ലഭിക്കുകയും ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

5. പഞ്ചായത്തിൽ ചാരായ നിരോധനം പൂർണ്ണമായി നടപ്പാക്കിയാൽ ജനങ്ങളുടെ സാംസ്കാരിക നിലവാരവും ജീവിത നിവലാരവും ഉയർത്തുന്നതിനും യുവതലമുറയെ മദ്യപാനത്തിൽ നിന്നും രക്ഷിക്കാനും പഞ്ചായത്തിന്റെ സത്വരവികസനത്തിന് പ്രയോജനപ്പെടുത്താനും കഴിയും.

6. പഞ്ചായത്തിലെ സ്റ്റേഡിയത്തോടനുബന്ധിച്ച് എല്ലാകായിക സംഘടനകൾക്കും കലാപരവും കായിക പരവുമായി പരിശീലനം കൊടുക്കുക.

7. പഞ്ചായത്തിൽ ക്ലബ്ബുകൾക്ക് വിവിധതരത്തിൽ കായിക, കലാമത്സരങ്ങൾ നടപ്പിലാക്കുകയും വിജയിക്കുന്ന ക്ലബ്ബുകൾക്ക് പഞ്ചായത്തു തലത്തിൽ സമ്മാനങ്ങൾ വിതരണം ചെയ്യുകയും ആവശ്യമുള്ള പ്രവർത്തന നിരതമായ ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റുകൾ വിതരണം ചെയ്യുകയും ക്ലബ്ബുകളുടെ ബാഹുല്യം നിയന്ത്രിക്കുകയും ചെയ്യുക.

8. കേരളോത്സവം സംഘടിപ്പിക്കുമ്പോൾവിജയികളായ കലാ, കായിക താരങ്ങളെ വിദഗ്ദരായ പരിശീലകരെ കൊണ്ട് പരിശീലനം കൊടുക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

9. നിലവിൽ സ്ഥലവും കെട്ടിടവുമില്ലാത്ത വായനശാലകൾക്ക് ഇവ പഞ്ചായത്തിന്റെ സഹായത്താൽ കൊടുക്കുകയും, വായനശാലകൾ ഇല്ലാത്ത വാർഡുകളിൽ വായനശാലകൾ നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും നിലവാരമുള്ള പുസ്തകങ്ങൾ ഉൾപ്പെടുത്തി ഭവനങ്ങളിൽ പുസ്തകംഎത്തിച്ചുവിതരണം ചെയ്യുകയും, ഈ പഞ്ചായത്തിലെ എല്ലാ ജനങ്ങളിലും, വായനശീലം വളർത്തുകയും ചെയ്യുക.

10. ലൈബ്രേറിയൻസ് ഫീ. പുസ്തകഗ്രാന്റ്, ഫർണിച്ചർ ഗ്രാന്റ് ഇവ നല്കുക.

11. നാടൻകലകൾക്കും നാടൻപാട്ടിനും, കലകൾക്കും പ്രത്യേകംസമിതിയും, പരിശീലനവും ലഭ്യമാക്കുക.

12. പഞ്ചായത്ത് ലൈബ്രറിയുടെ ശോച്യാവസ്ഥ പരിഹരിക്കുക.

13. ദൃശ്യ മാധ്യമത്തേക്കാൾ വായനാശീലത്തിന് കൂടുതൽ മുൻഗണന നല്കാൻ വേണ്ട തരത്തിലുള്ള ബോധ വല്ക്കരണവും നല്കുക.

14. കലാകായിക സാംസ്കാരിക രംഗത്ത് നൈപുണ്യമുള്ളവരെ കണ്ടെത്തി അവർക്ക് പ്രോത്സാഹനവും, ധനസഹായവും നല്കണം. ഒരു കലാപരിശീലന കേന്ദ്രം സ്ഥാപിക്കുക.

## വാർഡുതല നിർദ്ദേശങ്ങൾ

1. ഒന്നാം വാർഡിലെ ഗ്രന്ഥശാലയ്ക്കു സ്ഥലവും, കെട്ടിടവും അനുവദിക്കുക.

2. കൈരളി ഗ്രന്ഥശാല, കലാഭൂഷണം ഗ്രന്ഥശാല, ആർട്സ് &സ്പോർട്സ് ക്ലബ്ബ് എന്നിവയ്ക്കു പൊതുവായ ഒരു കലാ പ്രോത്സാഹനപദ്ധതി നടപ്പിലാക്കണം, അതോടനുബന്ധിച്ച് ഒരു ചിൽഡ്രൻസ് പാർക്ക് നിർമ്മിക്കണം.

3. ഒന്നാംവാർഡിൽ ഒരു മിനിസ്റ്റേഡിയം അനുവദിക്കണം. ഈവാർഡ് ശാസ്താം കോട്ടയോടു ചേർന്നുള്ളതിനാൽ ഈ വാർഡിനെ ഒരു ടൂറിസ്റ്റ്കേന്ദ്രമാക്കുക.

വാർഡ് 2ന്റെ ഗ്രാമസഭാതീരുമാനങ്ങൾ.

1. തൂലിക, നവധാര, ദളിത് സംസ്കാരിക വേദി എന്നീ സംഘടനകൾക്ക്, ജില്ലാ സംസ്ഥാനതലത്തിൽ പങ്കെടുക്കുവാൻവേണ്ട പ്രോത്സാഹനം നല്കുക

2. പഞ്ചായത്തു വായനശാലകളിൽ ഈ വാർഡിലെ കൂയുതൽനനിതകളെ ചേർന്ന് അവർക്ക് വനിതാസംഘടനകൾമുഖേനപുസ്തകം വീട്ടിൽ എത്തിച്ചുകൊടുക്കുക.

3. മൂന്നാം വാർഡിൽ ഒരു വായനശാല തുടങ്ങുക

4. നാലാംവാർഡിലെ ഗ്രന്ഥശാലയുടെ പ്രവർത്തനംകൂടുതൽ മെച്ചപ്പെടുത്തുക, ഒരു ടി.വി സെറ്റ് സ്ഥാപിക്കുക.

5. അഞ്ചാം വാർഡിൽ സാംസ്കാരിക നിലയങ്ങൾസ്ഥാപിക്കുക, ഗ്രന്ഥശാലകളും, വായനശാലകളും സ്ഥാപിച്ച് പുസ്തകങ്ങൾ വീടുകളിൽ എത്തിക്കുക.

6. ആറാം വാർഡിൽ നിലവിലുള്ള ഗ്രന്ഥശാലയുടെ പ്രവർത്തനം മെച്ചപ്പെടുത്തുക. ഗ്രന്ഥശാലയക്ക് ഫർണിച്ചർ, പഞ്ചായത്തിൽ നിന്നും ഗ്രാന്റ്, ടി.വി. സെറ്റ് എന്നിവ അനുവദിക്കുക.

7. ഏഴാം വാർഡിലെ അയണിവിളകോളനിയിൽ ടി.വി. സ്ഥാപിക്കുന്നതിന് ഉള്ള സ്ഥലവും, കെട്ടിടവും അനുവദിക്കുക. കൈരളി കലാസമിതിയിൽ ടി.വി. സെറ്റ് സ്ഥാപിക്കുക.

8. എട്ടാം വാർഡിലെ തരംഗം കലാകായിക വേദി ആർട്സ് & സ്പോർട്ടസ് ക്ലബ്ബിന് സ്വന്തമായുള്ള സ്ഥലത്ത് ഗ്രന്ഥശാലയും, കായിക വിനോദ കേന്ദ്രവും സ്ഥാപിക്കുക.

9. ഇഞ്ചക്കാട് ഒൻപതാം വാർഡിലെ പബ്ലിക് ലൈബ്രറിക്ക് ഫർണിച്ചറും പുസ്ഥകങ്ങളും നല്കുകയും മുൻകാലങ്ങളിൽ നല്കിയിരുന്ന ഗ്രാന്റ് തുടരുകയും ചെയ്യുക.

10. ഇഞ്ചയ്ക്കാട് പബ്ലിക് ലൈബ്രറിയിൽ പ്രവർത്തിക്കുന്ന ജനവിദ്യാകേന്ദ്രത്തിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക. ലൈബ്രറികേന്ദ്രമാക്കി കഥകളി, നൃത്തം, തെയ്യം, കോലം തുടങ്ങിയ കലകൾക്കായി ഒരു പരിശീലനകളരി തുടങ്ങുക. വാർഡിലുള്ള കലാകാരന്മാരുടെ സേവനം ഈകളരിയ്ക്ക് ലഭ്യമാക്കണം. ലൈബ്രറിയിൽ പ്രവർത്തിക്കുന്ന ജനവിദ്യാകേന്ദ്രത്തിന് ടി.വി. അനുവദിക്കുക.

11. ആയിക്കുന്നത്ത് പത്താംവാർഡിൽ നിലവിലുള്ള ഗ്രന്ഥശാലയ്ക്ക് സ്ഥലം വാങ്ങി കെട്ടിടം പണിയാൻ വേണ്ട ഏർപ്പാടുണ്ടാക്കണം. പുസ്തകങ്ങൾവാങ്ങിക്കാനും ലൈബ്രറിയനെ നിയമിക്കുന്നതിനും ധനസഹായം അനുവദിക്കണം. ഗ്രന്ഥശാലയോടുചേർന്ന് ഒരു സാംസ്കാരിക നിലയം സ്ഥാപിക്കണം. വാർഡിന്റെ മധ്യഭാഗത്ത് ഒരു ഓഡിറ്റോറിയം സ്ഥാപിക്കണം.

# വനിത



സാമൂഹ്യ പ്രവർത്തന മേഖലകളിൽ പഴയ കാലത്ത് സ്ത്രീപങ്കാളിത്തം വളരെ കുറവായിരുന്നു. ഈ പഞ്ചായത്തിലെ സ്ഥിതിയും അതിൽ നിന്നും വ്യത്യസ്തമായിരുന്നില്ല വനിതാ വിമോചന പ്രസ്ഥാനങ്ങൾ നാടെങ്ങും സജീവമായി. മുന്നേറുന്ന ഈ കാലഘട്ടത്തിൽ പോലും സ്ത്രീ, വീടുകളിൽ ഒതുങ്ങിക്കൂടുകയാണ്.

ഫ്യൂഡൽ സങ്കല്പങ്ങളുടെ ഭാഗമായി സമൂഹത്തിൽ നിലനിന്നിരുന്ന എല്ലാ വിവേചനങ്ങളും സ്ത്രീകൾക്കിടയിൽ നമ്മുടെ പഞ്ചായത്തിലും കാണാമായിരുന്നു. സ്ത്രീകൾക്ക് മാറുമറയ്ക്കാൻ കഴിയായ്ക, താഴ്ന്ന ജാതിയിൽപ്പെട്ട സ്ത്രീകളോടുള്ളഅവഗണന, സ്ത്രീകൾക്ക് സ്വാതന്ത്ര്യമില്ലായ്മ ഇവയൊക്കെ പ്രകടമായിരുന്നു. ദേശീയ പ്രസ്ഥാനങ്ങളുടേയും നവോത്ഥാനപ്രസ്ഥാനങ്ങളുടേയും വരവോടെ സമൂഹത്തിലുണ്ടായ മാറ്റത്തിന്റെ ഭാഗമായിത്തന്നെയാണ് നമ്മുടെ പഞ്ചായത്തിലെ സ്ത്രീകൾക്കും മാറ്റമുണ്ടായത്. സ്ത്രീകളുടെ വോട്ടവകാശത്തിനും വിദ്യാഭ്യാസസാമൂഹിക പദവിക്ക് വേണ്ടിയും അയിത്തത്തിനും അനാചാരത്തിനുമെതിരെയും നിരവധി പോരാട്ടങ്ങൾ നടത്തിയിട്ടുണ്ട്. സ്വാതന്ത്ര്യ സമരത്തിലും ദേശീയ പ്രസ്ഥാനത്തിലും ആയിരക്കണക്കിനു സ്ത്രീകൾ പുരുഷന്മാർക്കൊപ്പം ഐതിഹാസികമായി മുന്നേറിയിട്ടുണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിൽ അത്തരത്തിൽ സ്ത്രീകൾ സമൂഹിക രാഷ്ട്രീയരംഗത്തേക്ക് ഉയർന്നുവന്നിട്ടുള്ളതായി കാണാൻ കഴിയുന്നില്ല. നമ്മുടെ പഞ്ചായത്ത് രൂപീകൃതമായതിനു ശേഷം ശ്രീമതി. പാലത്തറ കെ.എൻ. വത്സല ഭരണ സമിതിയിലേക്ക് തിരഞ്ഞെടുക്കപ്പെടുകയും അങ്ങനെ പഞ്ചായത്തു മെമ്പർ എന്ന നിലയിൽ സേവനം അനുഷ്ഠിക്കുകയും ചെയ്തിട്ടുണ്ട്. മഹിളാസമാജങ്ങളുടെ പ്രവർത്തനങ്ങളുമായി ചരുവിളയിൽ ശ്രീമതി. സരോജിനിയമ്മയുടെ നേതൃത്വത്തിൽ ചുരുക്കം ചില സ്ത്രീകൾ സാമൂഹ്യ രാഷ്ട്രീയ രംഗത്തേക്ക് കടന്നു വരുന്നത് 1955 നു ശേഷമാണ്. ശ്രീമതി പണിക്കവീട്ടിൽ ആർ. വിലാസിനിയും, വിജയലക്ഷ്മി ടീച്ചർ, രാജലക്ഷ്മി ടീച്ചർ, ശ്രീമതി തങ്കമ്മ എന്നിവരും പഞ്ചായത്ത് മെമ്പർ എന്ന നിലയിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

സമൂഹത്തിലാകെയുണ്ടായ വിദ്യാഭ്യാസ വ്യാപനത്തിന്റെ ഭാഗമായി നമ്മുടെ പഞ്ചായത്തിലും സ്ത്രീകൾക്ക് വിദ്യാഭ്യാസം ലഭിക്കാനുള്ള സൗകര്യം ഉണ്ടായി. തറയിൽ സ്കൂൾ ഹെഡ്മിസ്ട്രസ്സ് കുട്ടിയമ്മ ടീച്ചർ, കളീയ്ക്കൽ വാസന്തി ടീച്ചർ തുടങ്ങിയവൾ നമ്മുടെ പഞ്ചായത്തിലെ ആദ്യകാല വനിതാ അദ്ധ്യാപകരാണ്. ഈ പഞ്ചായത്തിലെ എല്ലാ തുറകളിലും പെട്ട സ്ത്രീകളുടെ ഹൈസ്കൂൾ തല വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിന് 1976-77 ൽ സ്ഥാപിതമായ ശാന്തിനികേതൻ മോഡൽ ഹൈസ്കൂൾ ഒരു നിർണ്ണായകമായ പങ്കുവഹിച്ചിട്ടുണ്ട്.

സമൂഹത്തിൽ പൊതുവെ എല്ലാമേഖലകളിലും കാണുന്ന സ്ത്രീകളുടെ അദൃശ്യത നമ്മുടെ പഞ്ചായത്തിലും ദൃശ്യമാണ്. എന്നാൽ മാറിക്കൊണ്ടിരിക്കുന്ന സാമൂഹിക സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ പാർലമെന്ററി രംഗത്തേക്കും രാഷ്ട്രീയ- സാമൂഹിക മേഖലകളിലേക്കും കടന്നുവരാനുള്ള മനോഭാവം സ്ത്രീകളിൽ കണ്ടുവരുന്നുണ്ട്.

## പഞ്ചായത്തിലെ സ്ത്രീകളുടെ തൊഴിൽ മേഖല

പഞ്ചായത്തിലെ സ്ത്രീകളുടെ തൊഴിലില്ലായ്മ അതിരൂക്ഷമാണ്. സമ്പത്ത് ഉല്പാദന മേഖലകളിൽ സ്ത്രീകളുടെ

പങ്കാളിത്തം വളരെക്കുറവാണ്. സമ്പത്തുല്പാദനവുമായി സ്ത്രീകളെ ബന്ധപ്പെടുത്തിയാലേ അവരുടെ സ്വയം പര്യാപ്തതയും, കുടുംബക്ഷേമവും ഉറപ്പുവരുത്താൻ കഴിയൂ. ഈ പഞ്ചായത്തിൽ 1991 - ലെ സെൻസസ് പ്രകാരം 10739 വനിതകളാണുള്ളത്. ഇത് പുരുഷജനസംഖ്യയെക്കാൾ 196 കൂടുതൽ ആണ്. SC വനിതകളുടെ എണ്ണം 1635 ആണ്. ഇത് SC പുരുഷന്മാരേക്കാൾ 27 കുറവാണ് പഞ്ചായത്തിൽ പൊതുവെ സ്ത്രീകളുടെ എണ്ണം കൂടുതലാണെങ്കിലും ഈ വർദ്ധനവിനനുസരിച്ചുള്ള തൊഴിൽ പങ്കാളിത്തം ഉല്പാദനമേഖലകളിലോ സേവനമേഖലകളിലോ കാണാൻ കഴിയുന്നില്ല. വിദ്യാഭ്യാസരംഗത്ത് മാത്രമാണ് അല്പം വ്യത്യാസം കാണാൻ കഴിയുന്നത്. ഈപഞ്ചായത്തിൽ ജോലി ചെയ്യുന്ന 135 അദ്ധ്യാപകരിൽ 90 പേരും വനിതകളാണ്.തൊഴിൽ മേഖലകളിലെ സ്ത്രീകളുടെ പങ്കാളിത്തം ചുവടെ ചേർക്കുന്നു.

| തൊഴിൽമേഖല | സ്ത്രീകളുടെ എണ്ണം | പുരുഷന്മാടെ എണ്ണം |
|---|---|---|
| കൃഷിക്കാർ | 63 | 1401 |
| കർഷകത്തൊഴിലാളികൾ | 162 | 1117 |
| മൃഗസംരക്ഷണം മത്സ്യബന്ധനം | 3 | 98 |
| കുടിൽ വ്യവസായം | 9 | 49 |
| കുടിലേതരവ്യവസായം | 233 | 452 |
| ഖനനം,പാറപൊട്ടിക്കൽ | - | 41 |
| കെട്ടിടം,റോഡ്നിർമ്മാണം | - | 91 |
| ഗതാഗതം,കമ്മ്യൂണിക്കേഷൻ | 4 | 121 |
| മറ്റ് സേവനമേഖല | 231 | 481 |
| അസംഘടിത മേഖല | 624 | 566 |
| തൊഴിൽ ഇല്ലാത്തവർ | 9484 | 5645 |
| വാണിജ്യമേഖല | 26 | 481 |

സെൻസസ് പ്രകാരം സ്ത്രീ ജനസംഖ്യയിൽ കേവലം 13% ത്തോളം പേർക്ക് മാത്രമാണ് തൊഴിലുള്ളതായി കാണുന്നത്. ഇതിൽതന്നെ പകുതിയോളം അസംഘടിത മേഖലയിൽ പണിയെടുക്കുന്നവരാണ്. കാർഷികമേഖലയിലെ സ്ത്രീ പങ്കാളിത്തം വളരെ കുറവാണ്. കർഷകത്തൊഴിലാളി രംഗത്തെസ്ഥിതിയും വ്യത്യസ്തമല്ല. റോഡുനിർമ്മാണം, കെട്ടിടനിർമ്മാണം എന്നീ മേഖലകളിലേക്ക് തൊഴിൽ തേടിപ്പോകുന്ന പ്രവണത പഞ്ചായത്തിൽ കണ്ടുവരുന്നു. ഈ പഞ്ചായത്തിൽ 6 കശുവണ്ടിഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്. ആ രംഗത്തേക്ക് സ്ത്രീകൾ തൊഴിൽ തേടിപ്പോയത് കാർഷികരംഗത്ത് അവരുടെ പങ്കാളിത്തം കുറയാൻ കാരണമായിട്ടുണ്ട്. കാർഷികമേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് പഞ്ചായത്തിന്റെ സാധ്യതകൾക്ക് അനുസൃതമായി കാർഷിക സംരംഭങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടിയിരിക്കുന്നു.

വ്യാവസായികമായി ഈ പഞ്ചായത്ത് പൊതുവെ പിന്നോക്കമാണെന്ന് സെൻസസ് റിപ്പോർട്ട് സൂചിപ്പിക്കുന്നു. സ്ത്രീകൾക്ക് തൊഴിൽ സംരംഭങ്ങൾക്ക് വേണ്ട സഹായങ്ങൾ ചെയ്യുന്നതിന് വിവധ സർക്കാർ ഏജൻസികൾ ഉണ്ടെങ്കിലും അതിന്റെ സഹായം ഫലപ്രദമായി പ്രയോജനപ്പെടുത്തി അതിലൂടെ സ്ത്രീകാക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഈ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ഈ ഏജൻസികളുടെ പ്രവർത്തനത്തെപ്പറ്റിയുള്ള സ്ത്രീകളുടെ അജ്ഞതയും, അഭ്യസ്തവിദ്യരായ സ്ത്രീകൾ ഈ രംഗത്തേക്ക് കടന്നുവരാതിരിക്കുന്നതും തൊഴിൽ സംരംഭരംഗത്തെ പ്രധാന പ്രശ്നങ്ങളാണ്. ഒന്നാം വാർഡിൽ ഒരു D.W.C.R.A യൂണിറ്റും, നാലാം വാൾഡിൽ ഒരു മഹിളാ വ്യവസായ സഹകരണസംഘവും, ഒരു പാൽ ഉല്പന്നയൂണിറ്റും മാത്രമാണ് ഈ രംഗത്ത് പ്രവർത്തിക്കുന്നത്.

പായ് നെയ്ത്ത്, കുട്ടനെയ്ത്ത് തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളിലെ സ്ത്രീകളുടെ എണ്ണവും കുറഞ്ഞുവരുന്നതായികാണുന്നു. അസംസ്കൃതസാധനങ്ങളുടെ ദൗർലഭ്യവും, ഉല്പന്നങ്ങൾക്ക് ന്യായമായ വിലകിട്ടാത്തതും ഈ രംഗത്തെ പ്രധാന പ്രശ്നങ്ങളാണ്.

കാലിവളർത്തൽ, ആടു വളർത്തൽ മുതലായവ സ്ത്രീകൾക്ക് തൊഴിൽ നൽകാൻ സഹായിക്കുന്ന മേഖലകളാണെങ്കിലും വേണ്ടത്ര സ്ത്രീകൾ ഈ മേഖലയിലേക്ക് കടന്നു വരുന്നില്ല. തീറ്റപ്പുല്ല്, കാലിത്തീറ്റ, വൈക്കോൽ എന്നിവയുടെ ദൽർലഭ്യവും, വിലകൂടുതലും കാലിവളർത്തിന് പ്രധാന പ്രശ്നമാണ്. ഈ രംഗത്തേക്ക് സ്ത്രീകളെ കൂടുതൽ ആകർഷിക്കാൻ ഉതകുന്ന തരത്തിൽ തീറ്റപ്പുല്ല്, കാലിത്തീറ്റ വായ്പാധനസഹായം മുതലായവ ഉൾപ്പെടുത്തി, യും മൃഗപരിപാലന പദ്ധതികൾ ആവിഷ്ക്കരിച്ച്, പഞ്ചായത്തടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടതുണ്ട്.

മറ്റ് പ്രദേശളിലെപോലെ തന്നെ ഈ പഞ്ചായത്തിലും കൂലിയുടെ കാര്യത്തിൽ മിക്കവാറും എല്ലാ മേഖലകളിലും അന്തരം നിലനില്ക്കുന്നു. ഇത് ഗൗരവപൂർവ്വം പരിഗണിക്കേണ്ടതും ഇല്ലായ്മചെയ്യേണ്ടതുമാണ്.

ഈ പഞ്ചായത്തിൽ സ്ത്രീകളുടെ വിദ്യാഭ്യാസ നിലവാരം താരതമ്യേന ഉയർന്നതാണ്. 1991 ലെ സെൻസസ് പ്രകാരം 8253 സ്ത്രീകൾ വിദ്യാഭ്യാസം ലഭിച്ചിട്ടുള്ളവരാണ്. ഇതിന് പുറത്ത് നിൽക്കുന്ന സ്ത്രീകളിൽ 90% വും നവസാക്ഷരരാണ്. ഇതിൽ SC വനിതകൾ എത്രയാണെന്ന് വേർതിരിച്ചുപറയാൻ കഴിയുന്നില്ല. ഇതിൽ തന്നെ കോളേജ് നിലവാരത്തിൽവിദ്യാഭ്യാസം ലഭിക്കുന്നവരുടെ എണ്ണം വർദ്ധിക്കുന്നുണ്ടെങ്കിലും സാങ്കേതിക വിദ്യാഭ്യാസ രംഗത്തേക്ക് വരുമ്പോൾ താരതമ്യേന ഈ വർദ്ധനവ് കുറവാണ്. ഈ

പഞ്ചായത്തിൽ എൽ.പി. സ്കൂളിലേക്ക് വരുമ്പോൾ പെൺകുട്ടികളുടെ എണ്ണം കൂടുതലായും യു.പി. ഹൈസ്കൂൾ തലത്തിലേക്ക് വരുമ്പോൾ അവരുടെ എണ്ണം കുറഞ്ഞു വരുന്നതായും കാണുന്നു. ഇത് SC പെൺ കുട്ടികളുടെ കാര്യത്തിലും കാണാവുന്നതാണ്. ഇത് സൂചി പ്പിക്കുന്ന ചട്ടിക ചുവടെ ചേർക്കുന്നു.

| L.P.S | | | | | U.P.S. | | | | | H.S. | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | SC | | | | | SC | | | | | SC | |
| M | F | TOTAL | M | F | M | F | TOTAL | M | F | M | F | TOTAL | M | F |
| 512 | 532 | 1044 | 58 | 67 | 716 | 641 | 1257 | 159 | 126 | 613 | 578 | 1191 | 133 | 107 |

അവലംബം 1995-95-ലെ സെക്കന്ററി Data collection.

ഈ അദ്ധ്യയന വർഷം യു.പി.എസ്സ് - ൽ നിന്നും 5 പെൺകുട്ടികളും, ഹൈസ്ക്കൂളിൽ നിന്നും 19 പെൺകുട്ടികളും കൊഴിഞ്ഞുപോയിട്ടുണ്ട്. അവരെ സ്ക്കൂളിലേക്ക് തിരികെ കൊണ്ടുവരാൻ കഴിയുമോ എന്ന് പരി ശോധിക്കേണ്ടതാണ്. അതുപോലെതന്നെ കശുവണ്ടി ഫാക്ടറികൾ വന്നതോടുകൂടി സ്കൂൾ തല വിദ്യാഭ്യസം കഴിഞ്ഞ് ആ മേഖലയിലേക്ക് പെൺകുട്ടികൾ തൊഴിൽ തേടി പ്പോകുന്ന പ്രവണതയും കണ്ടു വരുന്നു.

മറ്റ് തൊഴിലുകൾ ഒന്നും ഇല്ലാത്ത വിദ്യാസമ്പന്നരായ സ്ത്രീകൾ വീട്ടുജോലികളിൽ തന്നെ ഒതുങ്ങി നിൽക്കു ന്നതായിട്ടാണ് കാണുന്നത്. ഉല്പ്പാദനമേഖലകളിലേക്ക് അവർ കടന്നുവരുന്നില്ല. ഈ സ്ഥിതിക്ക് മാറ്റം വരണം. സ്കൂൾ പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം നമ്മുടെ പഞ്ചായത്തിൽ വളരെ കുറവാണ്. അഭ്യസ്തവിദ്യരായ സ്ത്രീകൾ പോലും പുറംതിരിഞ്ഞു നിൽക്കുന്ന സ്ഥിതിയാണ്. P.T.A പ്രവർത്തനങ്ങളിൽ വേണ്ടത്ര പക്ഹാളിത്തം ഇല്ല. മാതൃസംഗമം ഫലപ്രദമായി നടക്കാറില്ല. എന്നാൽ ഇപ്പോൾ നേരിയ മാറ്റങ്ങൾ കണ്ടുതുടങ്ങുന്നുണ്ട്.

ഈ പഞ്ചായത്തിൽ 12 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. പുതുതായി രൂപീകരിച്ച പത്താം വാർഡിൽ അംഗൻവാടി ഇല്ല. ഉള്ള അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമല്ല. കുട്ടികൾക്കാവശ്യമായ പോഷകാഹാരം, കളിപ്പാട്ടങ്ങൾ, വിശ്രമസൗകര്യം ഇവ വേണ്ടത്ര ലഭ്യമല്ല. 91 ലെ സെൻസസ് പ്രകാരം 6 വയസ്സിന് താഴെ 2602 കുട്ടികളാണ് ഉള്ളത് ഇതിൽ 1296 പെൺകുട്ടികൾ ആണ്. ആൺകുട്ടികളേക്കാൾ 10 കുറവാണിത്. അംഗൻവാടികളിൽ വേണ്ടത്ര കുട്ടികൾ ഇല്ലാത്ത അവസ്ഥയും നിലനിൽക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവശ്യ മായ നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. അതോടൊപ്പംതന്നെ സാമൂഹ്യക്ഷേമപ്രവർത്തനങ്ങളുടെ പ്രധാനകേന്ദ്രമാ യും സ്ത്രീകൾക്ക് അവരുടെ പ്രശ്നങ്ങൾ ഒരുമിച്ച് ചർച്ച ചെയ്യാനുള്ള പൊതു വേദികളായും അംഗൻവഅടികളെ ഉയർത്തണം.

പഞ്ചായത്തിലെ സ്ത്രീകളുടെ രോഗാതുരത വിശകലനം ചെയ്യാനുതകുന്ന സ്ഥിതിവിവര കണക്കുകൾ ലഭ്യമല്ല. പി.എച്ച് സെന്ററിന്റെ പ്രവർത്തനം വേണ്ടത്ര കാര്യക്ഷമമല്ല. ഒരു മുഴുവൻ സമയ ഡോക്ടറുടേയോ സ്ത്രീരോഗ വിദഗ്ദ്ധരു ടേയോ സേവനം ഇവിടെ ലഭ്യമല്ല. പി.എച്ച്. സി യുടെ കീഴിൽ എം.എസ്സ്.എസ്സ് പ്രവർത്തനം ഉണ്ടെങ്കിലും ഫലപ്രദമല്ല. ഇവിടുത്തെ ഫീൽഡ് വർക്കറന്മാരുടെ സേവനം മതിയായ രീതിയിൽ സ്ത്രീകൾക്ക് ലഭിക്കുന്നില്ല. പോഷകാഹാരക്കുറവു മൂലമുള്ള രോഗങ്ങളും തൊഴിൽ ജന്യമായ രോഗങ്ങളും ചെറിയ തോതിൽ കാണാമെങ്കിലും പൊതുവേ നോക്കിയാൽ സ്ത്രീകളുടെ രോഗാതുരത കുറവാണെന്നു കാണാം. ചുരുക്കം സ്ത്രീകളിൽ ആസ്മാ, ക്യാൻസർ, ടി.ബി തുടങ്ങിയ രോഗങ്ങൾ കണ്ടുവരുന്നുണ്ട്. സബ്സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തിക്കൊണ്ട്. പി.എച്ച്.സി യുടെ സേവനം പഞ്ചായത്തുകളിലെ സ്ത്രീകൾക്കും കുട്ടികൾക്കും ലഭ്യമാക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കണം. രോഗപ്ര തിരോധ ബോധവൽക്കരണവും സ്ത്രീകൾക്കുവേണ്ടി ആരോഗ്യ സർവ്വേയും സംഘടിപ്പിക്കണം.

സ്ത്രീകൾക്കു നേരേയുള്ള അതിക്രമങ്ങൾ പഞ്ചായത്തിൽ പൊതുവേ കുറവാണ്. ബലാത്സംഗങ്ങൾ, അശ്ലീല പോസ്റ്ററുകളുടെ പ്രചാരണം എന്നിവ ഇല്ലെന്നുതന്നെ പറയാം. എന്നാൽ സാമൂഹ്യശാപമായ സ്ത്രീധനപ്രശ്നങ്ങൾ ഈ പഞ്ചായത്തിലും കാണുന്നുണ്ട്. അതുപോലെതന്നെ പുരുഷന്റെ മദ്യപാനംമൂലമുള്ള പ്രശ്നങ്ങളും നിലനിൽക്കുന്നു. ഇതിനെതിരെ ബോധവൽക്കരണം അനിവാര്യമാണ്. അടുത്തകാലത്തായി ഈ പഞ്ചായത്തിൽ സത്രീകളുടെ ദുരൂഹസാഹചര്യത്തിലുള്ള മരണം ഏറി വരുന്നുണ്ട്. ഇത് വളരെ ഗൗരവപൂർവ്വം കാണേണ്ട ഒരു സാമൂഹ്യപ്രശ്നമാണ്. ഇതിനെതിരെ നാമമാത്ര പ്രതികരണങ്ങൾ ഉണ്ടാകുന്നുണ്ടെങ്കിലും ഫലപ്രദമായ ഒരു സാമൂഹ്യ ഇടപെടൽ ഉണ്ടാകുന്നില്ല എന്നു തന്നെ പറയാം. നിലവിലുള്ള നിയമങ്ങൾ കർക്കശമായി നടപ്പിലാക്കുകയാണ് ഇതിനുള്ള പരിഹാര മാർഗ്ഗം. കുടുംബകോടതികളുടെ പ്രവർത്തനം താലൂക്ക് തലത്തിലേക്ക് വ്യാപിപ്പിക്കുകയും പഞ്ചയാത്തുകൾ തോറും സിറ്റിംഗ് ഏർപ്പെടുത്തുകയും വക്കീലന്മാർ, ജനപ്രതിനിധികൾ, മഹിളാസംഘടനാപ്രതിനിധികൾ, രാഷ്ട്രീയ സാംസ്കാരിക സംഘടനാ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി ബ്ലോക്കടിസ്ഥാനത്തിൽ ലീഗൽ സെൽ രൂപീകരിക്കുകയും അതിന്റെ നേതൃത്വത്തിൽ പഞ്ചായത്തുകൾ തോറും ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്താൽ ഒരു പരിധിവരെ സ്ത്രീകൾ നേരിടുന്ന ഇത്തരം പീഢനങ്ങൾക്ക് പരിഹാരം കാണാൻ കഴിയുന്നതാണ്.

സ്ത്രീകളുടെ സാമൂഹ്യരംഗം പരിശോധിച്ചാൽ 1975-80 കാലയളവിലാണ് സ്ത്രീകൾ സാമൂഹ്യ രംഗത്തേക്ക് വരാൻ തുടങ്ങിയത്. 1980 കളുടെ ആദ്യമാണ് ഇവിടെ മഹിളാസംഘടനാപ്രവർത്തനം കാര്യക്ഷമമായി തുടങ്ങിയതെന്നുതന്നെ പറയാം. ഇപ്പോൾ അഖിലേന്ത്യാ ജനാധിപത്യ മഹിളാ അസോസിയേഷൻ, മഹിളാ കോൺഗ്രസ്, മഹിളാസംഘം എന്നീ സംഘടനകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. എല്ലാ അംഗൻവാടികളും കേന്ദ്രീകരിച്ച് മഹാളാ സമാജങ്ങൾ ഉണ്ടെങ്കിലും അവയുടെ പ്രവർത്തനം കാര്യക്ഷമമല്ല. പഞ്ചായത്തിൽ നടത്തിയ സാക്ഷരതാ പ്രവർത്തനം, നീരൊഴുക്ക് സർവ്വേ, വിഭവഭൂപട സർവ്വേ എന്നീ പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ സേവനം എടുത്തുപറയേണ്ടതാണ്. അങ്ങനെ സാമൂഹ്യരംഗത്തേയ്ക്ക് സ്ത്രീകൾ ചെറിയതോതിൽ കടന്നുവരുന്നുണ്ട്.

എല്ലാ നിലയിലും സ്ത്രീകളെ ശക്തിപ്പെടുത്താതെ അവർക്കെതിരെ നിൽക്കുന്ന പ്രതിലോമശക്തികളെ തടുക്കാനാവില്ല. ബോധപൂർവ്വമായ ഇടപെടലിലൂടെ സ്ത്രീകളെ സാമൂഹ്യ മേഖലകളിലേയ്ക്കും, തൊഴിൽ മേഖലകളിലേക്കും കൊണ്ടുവരാൻ കഴിയണം. സ്ത്രീകൾക്കിടയിൽ ആത്മവിശ്വാസം വളർത്തിയെടുക്കാനും പൊതുരംഗത്തും, സാമ്പത്തിക ,സാമൂഹ്യരംഗത്തും അവരുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ കഴിയുന്ന തരത്തിൽ നേതൃപരിശീലന പരിപാടികൾ സംഘടിപ്പിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. സ്ത്രീകളെ തങ്ങളുടെ നേതൃത്വത്തിലേക്ക് കൊണ്ടുവരുന്നതിന് രാഷ്ട്രീയ സാംസ്കാരിക സംഘടനകൾ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

## സ്ത്രീമേഖല നേരിടുന്ന പ്രശ്നങ്ങൾ

1. രൂക്ഷമായ തൊഴിലില്ലായ്മ
2. കാർഷിക വ്യവസായ ഉല്പ്പാദന മേഖലകളിലേക്ക് വിദ്യാസമ്പന്നരായ സ്ത്രീകൾ കടന്നുവരുന്നില്ല.
3. കാർഷികരംഗത്തുനിന്നുള്ള സ്ത്രീകളുടെ പിൻമാറ്റം
4. സ്വയംതൊഴിൽ സംരംഭങ്ങളെക്കുറിച്ചും, സർക്കാർ സഹായ ഏജൻസികളെക്കുറിച്ചും സ്ത്രീകൾക്കിടയിലുള്ള അജ്ഞത.
5. തൊഴിൽ സംരംഭങ്ങളുമായി ബന്ധപ്പെട്ട് വേണ്ടത്ര പരിശീലനം ലഭിക്കുന്നില്ല.
6. ഉല്പ്പന്നങ്ങൾക്ക് വേണ്ടത്ര വിപണി ലഭിക്കുന്നില്ല.
7. വേതന രംഗത്ത് സ്ത്രീപുരുഷ അന്തരം നിലനിൽക്കുന്നു.
8. പൊതുരംഗത്തേക്കും തൊഴിൽ സംരംഭങ്ങളിലേക്കും സ്ത്രീകൾക്ക് കടന്നുവരാനുള്ള ആത്മവിശ്വാസക്കുറവ്.
9. തൊഴിൽ നിയമങ്ങളെക്കുറിച്ചുള്ള ബോധമില്ലായ്മ.
10. പി.എച്ച്.സി യിലെ ആരോഗ്യപ്രവർത്തനം വേണ്ടത്ര കാര്യക്ഷമമല്ല.
11. മുഴുവൻ സമയം ഡോക്ടറുടെയും സ്ത്രീരോഗവിദഗ്ദ്ധരുടെയും സേവനം ലഭ്യമല്ല.
12. ആരോഗ്യവും ശുചിത്വവും സംബന്ധിച്ച ബോധവല്ക്കരണപ്രവർത്തനം നടക്കുന്നില്ല.
13. പാഠ്യേതര പ്രവർത്തനങ്ങളിൽ സ്ത്രീകളുടെയും പെൺകുട്ടികളുടെയും പങ്കാളിത്തക്കുറവ്.
14. സ്ത്രീ പീഢനം, സ്ത്രീധനപ്രശ്നങ്ങൾ പുരുഷന്മാരുടെ മദ്യപാനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ.
15. അംഗൻവാഡികളിൽ വേണ്ടത്ര സൗകര്യമില്ലായ്മ, അവിടുത്തെ ജീവനക്കാർക്ക് മതിയായ വേതനം ലഭിക്കുന്നില്ല.
16. ഗ്രന്ഥശാലാപ്രവർത്തനരംഗത്തേക്കും, സാമൂഹ്യ രാഷ്ടരിയരംഗത്തേക്കും സ്ത്രീകൾ വേണ്ടത്ര ഉയർന്നുവരുന്നില്ല.

## A. പഞ്ചായത്തുതലം

### സാദ്ധ്യതകൾ

1. സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് തൊഴിൽ മേഖലയിൽ അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുക.

2. വിദ്യാസമ്പന്നരായ സ്ത്രീകളെക്കൂടി അവരുടെ ഉല്പ്പാദന മേഖലയിലേക്ക് കൊണ്ടുവരുവാൻ ഉതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

3. പുരയിടകൃഷി, പച്ചക്കറികൃഷി, ഔഷധസസ്യകൃഷി, ഉദ്യാനകൃഷി, കൂൺകൃഷി, കുറ്റിമുല്ല, ഓർക്കിഡ്, ആന്തൂറിയം തുടങ്ങിയവയുടെ പഞ്ചായത്തിലെ സാദ്ധ്യതകൾ മനസ്സിലാക്കി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.

4. വീട്ടുവളപ്പിൽ അടുക്കളത്തോട്ടത്തിന് പ്രോത്സാഹനം നല്കുക.

5. പുരയിട കൃഷിയുടെ വികസനവുമായി ബന്ധപ്പെട്ട് സർവ്വീസ് സഹകരണബാങ്കുകളിൽ സ്ത്രീകൾക്ക് നേതൃത്വം.

6. തീറ്റപ്പുല്ല്, കാലിത്തീറ്റ, കോഴിത്തീറ്റ, വായ്പാധനസഹായം എന്നിവ ഉൾപ്പെടുത്തി മൃഗപരിപാലന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.

7. പാല് ഉല്പ്പന്നങ്ങളുടെ ഉല്പ്പാദനവും, വിതരണവും സാദ്ധ്യമാക്കുന്ന തരത്തിൽ സംരഭങ്ങൾ ഉണ്ടാക്കുക.

8. ഭക്ഷ്യസംസ്കരണം, ഉല്പ്പന്ന സംസ്ക്കരണം, മെഴുകുതിരി, റെഡിമെയ്ഡ്. അച്ചാർ, തീപ്പെട്ടി, പർപ്പടകം തുടങ്ങിയ പഞ്ചായത്തിന്റെ സാദ്ധ്യതകൾക്ക് ഉതകുന്ന വ്യവസായ സംരംഭങ്ങൾ നടപ്പിലാക്കുക. ഈ ഉല്പ്പന്നങ്ങൾക്ക് തദ്ദേശിയമായ ഒരു മാർക്കറ്റിംഗ് ഗ്രൂപ്പ് സംഘടിപ്പിക്കുക. D.W.C.R.A, IRDP, വനിതാവികസന കോർപ്പറേഷൻ, ജില്ലാ വ്യവസായ കേന്ദ്രം തുടങ്ങിയ സർക്കാർ ഏജൻസികളുടെ സഹായം ഉറപ്പുവരുത്തുക.

9. ഈ മേഖലയിൽ തൊഴിൽ എടുക്കുന്ന സ്ത്രീകൾക്ക് നൂതനവും, വൈവിധ്യമുള്ളതുമായ തൊഴിൽ പരിശീലനം ലഭ്യമാക്കുക.

11. സാമ്പത്തിക പരാധിനതയുള്ള പെൺകുട്ടികളുടെ വിവാഹത്തിന് സാമ്പത്തിക സഹായം.

12. സമൂഹവിവാഹം പ്രോത്സാഹിപ്പിക്കുക.

12. ഭൂരിപക്ഷം വനിതകൾ കശുവണ്ടിമേഖലയിൽ സ്ഥിതിചെയ്യുന്നതിനാൽ പഞ്ചായത്ത് കേന്ദ്രമാക്കി ഒരു ഇ.എസ്.ഐ സ്ഥാപിക്കുക.

13. വനിതകൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുവാൻ തയ്യൽ, എംബ്രോയ്ഡറി കേന്ദ്രം, കൈത്തറി, ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ പരിശീലനകേന്ദ്രങ്ങൾ സ്ഥാപിക്കുക.

14. പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്തിൽ ഒരു മാവേലീസ്റ്റോർ സ്ഥാപിക്കുക.

15. പഞ്ചായത്തിൽ സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുക.

16. സ്ത്രീധനത്തിനും, സ്ത്രീപീഡനത്തിനുമെതിരെ പഞ്ചായത്തിൽ ബോധവല്ക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും, അവ നടപ്പിലാക്കുകയും, അതിനുവേണ്ടി ബ്ലോക്കടിസ്ഥാനത്തിൽ ലീഗൽ സെൽ രൂപീകരിക്കുകയും ചെയ്യുക.

17. അശ്ലില പോസ്റ്ററുകൾക്കെതിരെ നടപടികൾ എടുക്കുക.

18. മാതൃശിശുസംരക്ഷണവും, രോഗപ്രതിരോധ നടപടികളും ഊർജ്ജിതപ്പെടുത്തുക.

19. മഹിളാസ്വസ്ത് സംഘ് പ്രവർത്തകരെ ആരോഗ്യവകുപ്പിലേക്ക് വരുന്ന ഒഴിവുകളിൽ മുൻഗണനാക്രമത്തിൽ നിയമിക്കുവാൻ നടപടി സ്വീകരിക്കുക.

20. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഓരോ D.W.C.R.A യൂണിറ്റ് സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുക.

21. പഞ്ചായത്തിലെ മുഴുവൻ അരിഷ്ടക്കടകൾക്കും ലൈസൻസ് ഏർപ്പെടുത്തുക. വ്യാജമദ്യം വിൽക്കുന്നില്ലെന്ന് ഉറപ്പുവരുത്തുക.

22. പഞ്ചായത്തിൽ ഒരു വനിതാ S.T.D. ബൂത്ത് സ്ഥാപിക്കുക.

23. സ്ത്രീകളുടെ ഉന്നമനത്തിനായി കലാസാംസ്കാരിക പ്രസ്ഥാനങ്ങൾ ഉണ്ടാക്കുന്നതിനുള്ള നടപടികളും, വനിതകൾക്ക് തൊഴിൽ പരിശീലനസംരംഭങ്ങളും സ്ഥാപിക്കുക.

24. പി.എച്ച്.സി യുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും, സ്ത്രീരോഗവിദഗ്ദ്ധരുടെയും, മുഴുവൻസമയ ഡോക്ടറുടെയും സേവനം ഉറപ്പുവരുത്തുക.

25. സ്കൂളുകളിൽ ആരോഗ്യപ്രവർത്തകർപങ്കെടുത്തുകൊണ്ട് ആരോഗ്യക്ലാസ്സുകൾ സംഘടിപ്പിക്കുക.

26. വിദ്യാഭ്യാസപ്രവർത്തനത്തിലും, സ്കൂളിലെ പാഠ്യേതരപ്രവർത്തനങ്ങളിലും സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക. പി.ടി.എ. മാതൃസംഗമം എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. പാഠ്യേതര മേഖലകളിൽ പെൺകുട്ടികളെ കൂടുതൽ പങ്കാളികൾ ആക്കുക. സ്കൂൾ തലത്തിൽ കൊഴിഞ്ഞു പോകുന്ന പെൾകുട്ടികളുടെ തുടർവിദ്യാഭ്യാസത്തിനുള്ള സഹായപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.

27. പത്താം വാർഡിൽ അങ്കണവാടി സ്ഥാപിക്കുക. അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക, കുട്ടികൾക്കാവശ്യമായ പോഷകാഹാരം പ്രതിരോധ പ്രവർത്തനം, മറ്റ് സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുക.

28. സ്ത്രീകളെകൂടി പങ്കാളികളാക്കിക്കൊണ്ട് ഗ്രന്ഥശാലാ പ്രവർത്തനം മെച്ചപ്പെടുത്തുക. സ്ത്രീകൾക്ക് മാത്രമായി വായലശാല, സഞ്ചരിക്കുന്ന വായനശാല എന്നിവ നടപ്പിലാക്കുക. സ്ത്രീകളുടെ കലാ സാംസ്കാരിക സംഘടനകൾ രൂപീകരിക്കുകയും, അവർക്കായി പ്രത്യേകം മത്സരങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

29. മഹിളാ സമാജങ്ങൾ ഇല്ലാത്ത പ്രദേശങ്ങളിൽ അത് രൂപീകരിക്കുകയും, ഉള്ള മഹിളാ സമാജങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക. കൂടുതൽ മഹിളാ സഹകരണസംഘങ്ങൾ, വനിതാ ചാരിറ്റബിൾ സൊസൈറ്റി എന്നിവ രൂപീകരിച്ച് തൊഴിൽ സംരംഭങ്ങളിൽ സ്ത്രീകളുടെ കൂട്ടായ്മയും സഹകരണവും ഉണ്ടവുകയും അങ്ങനെ അവരുടെ ആത്മവിശ്വാസം വളർത്തിയെടുക്കുകയും ചെയ്യുക.

30 രാഷ്ട്രീയ മുഖ്യ ധാരയിലേക്ക് സ്ത്രീകളെ കൊണ്ടുവരികയും അവരുടെ കഴിവുകളെ വളർത്തിയെടുക്കാൻ ഉതകുന്ന തരത്തിൽ ആവശ്യമായ നേതൃ പരിശീലനവും അവസര സമത്വവും ഉറപ്പാക്കുക. തുല്യജോലിയിൽ വേതനത്തിന്റെ കാര്യത്തിൽ നിലനിൽക്കുന്ന സ്ത്രീപുരുഷ അന്തരം അവസാനിപ്പിക്കുകയും, തൊഴിൽ സാദ്ധ്യതകളെക്കുറിച്ചും, തൊഴിൽ നിയമങ്ങളെക്കുറിച്ചും, സ്ത്രീകളിൽ അവബോധം ഉണ്ടാക്കുകയും ചെയ്യുക.

31. പഞ്ചായത്തിലെ അർഹരായ മുഴുവൻ സ്ത്രീകൾക്കും അഗതിപെൻഷൻ, വിധവാപെൻഷൻ എന്നിവ ലഭ്യമാക്കുക.

32. ഒരു ലക്ഷം യുവജനങ്ങൾക്ക് കാർഷികമേഖലയിൽ പ്രത്യേക തൊഴിൽദാനപദ്ധതിയിൽ സ്ത്രീകൾക്ക് കൂടുതൽ പ്രാതിനിധ്യം നൽകിക്കൊണ്ട് അവരുടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക.

## ബി. വാർഡുതലം

### വാർഡ് 1

ഒരു വനിതാ സഹകരണസംഘം സ്ഥാപിച്ച് സ്ത്രീകളുടെ സാമ്പത്തിക സാമൂഹിക, സാംസ്കാരിക ഉന്നമനത്തിന് ആവശ്യമായ സഹായവും പ്രോത്സാഹനവും നൽകുക. സംഘത്തിന്റെ മൂലധനത്തിന്റെ 75% പഞ്ചായത്ത് നൽകുക.

### വാർഡ് 2

1. വാർഡിൽ നിലവിലുള്ള രണ്ട് വനിതാ സാംസ്കാരിക സംഘടനകൾക്ക് അവരുടെ സാംസ്കാരിക സാമൂഹിക പ്രവർത്തനങ്ങൾക്ക് സഹായം നൽകുക.
2. വാർഡിൽ സ്വയംതൊഴിൽ കണ്ടെത്തുന്നതിന് കറിപൗഡർ, മെഴുകുതിരി നിർമ്മാണം, റെഡിമെയിഡ് ഗാർമെന്റ്സ്, തീപ്പെട്ടിനിർമ്മാണം, പഴസംസ്കരണം എന്നിവയ്ക്ക് ആവശ്യമായ യൂണിറ്റുകൾ സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിക്കുക.
3. വാർഡിലെ ഒരു അങ്കണവാടിയ്ക്ക് ചുറ്റുമതിൽകെട്ടുകയും കുട്ടികൾക്ക് കളിപ്പാട്ടങ്ങൾ ഉറപ്പുവരുത്തുകയും പോഷകാഹാരങ്ങൾ ലഭ്യമാക്കുകയും സ്ഥിരം സമിതി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

### വാർഡ് 3

1. വനിതാ സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ഇലക്ട്രോണിക്സ്, ബേക്കറി എന്നീ യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

### വാർഡ് 4

1. കാർഷികമേഖലയിൽ തൊഴിൽ ചെയ്യുന്നവർക്ക് നിലവിലുള്ള കൂലിനിരക്കിലെ സ്ത്രീപുരുഷ അന്തരം ഇല്ലാതാക്കുക.
2. വാർഡിൽ ക്രഷ് സമ്പ്രദായം നടപ്പിലാക്കുക.
3. വാർഡിലെ വനിതകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് മെഴുകുതിരിനിർമ്മാണം, കറിപൗഡർ, ചിപ്സ് എന്നീ യൂണിററുകൾ ആരംഭിക്കുക.
4. മഹിളാ സമാജത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക.

## വാർഡ് 5

1. പനമൂട് കേന്ദ്രീകരിച്ച് ഒരു അങ്കണവാടിയും തൊഴിൽ രഹിതരും അഭ്യസ്ഥവിദ്യരുമായ വനിതകൾക്കു വേണ്ടി ഒരു വനിതാ സഹകരണ സംഘവും സ്ഥാപിക്കുക.
2. തൊഴിൽ രഹിതരായ ദുർബലവിഭാഗത്തിലെ വനിതകൾക്ക് തയ്യൽ പരിശീലനവും തയ്യൽ മെഷീനുകളും ടൈപ്പ്റൈറ്ററുകളും സൗജന്യമായി വിതരണം ചെയ്യുക
3. വാർഡിൽ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ടെയ്‌ലറിംഗ് യൂണിറ്റും കരകൗശലനിർമ്മാണ യൂണിറ്റും സ്ഥാപിക്കുക.
4. മഹിളാസംഘങ്ങൾ രൂപീകരിക്കുക.

## വാർഡ് 6

1. സ്ത്രീകൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് ഉതകുന്ന റെഡിമെയ്ഡ് ഗാർമെന്റ്സ്, കരകൗശലവസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള ഒരു യൂണിറ്റ് രൂപീകരിക്കുക.
2. വാർഡിൽ ഒരു M.S.S യൂണിറ്റ് സ്ഥാപിക്കുക.
3. വാർഡിൽ ഒരു മഹിളാ സഹകരണസംഘം രൂപീകരിക്കുക.

## വാർഡ് 7

1. വാർഡിലെ വനിതകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് കറിപൗഡർ, അച്ചാർ, കൈത്തറിനെയ്ത്, തയ്യൽ എന്നീ യൂണിറ്റുകൾ സ്ഥാപിക്കുകയും മഹിളാ സഹകരണസംഘങ്ങൾ സ്ഥാപിക്കുകയും ചെയ്യുക.

## വാർഡ് 8

1. വാർഡിൽ മഹിളാസമാജം സ്ഥാപിക്കുകയും സ്ത്രീകൾക്കും കുട്ടികൾക്കും പ്രതിരോധചികിത്സയും പോഷകാഹാരവിതരണവും ചെയ്യുകയും വാർഡിൽ ഗ്രാമസേവികയുടെ സേവനം ലഭ്യമാക്കുക. ഇന്ദിരാ മഹിളാ യോജനാ കോന്ദ്രങ്ങൾ സ്ഥാപിക്കുക. സ്ത്രീ സാക്ഷരതാ നിരക്ക് ഉയർത്തുന്നതിന് ജനവിദ്യാ കേന്ദ്രം സ്ഥാപിക്കുകയും ഇൻസ്ട്രക്ടറെ നിയമിക്കുകയും ചെയ്യുക.

## വാർഡ് 9

1. അങ്കണവാടിയുടെ പ്രവർത്തനം സുഗമമാക്കുക. മദ്യത്തിനെതിരെ പഞ്ചായത്തു മെമ്പർമാരുടെ നേതൃത്വത്തിൽ സ്ക്വാഡ് രൂപീകരിക്കുക. കായികമേളയിൽ വനിതകൾക്ക് പ്രാധാന്യം നല്കുക. വനിതാ S.T.D ബൂത്ത് സ്ഥാപിക്കുക.

## വാർഡ് 10

1. മെഴുകുതിരിനിർമ്മാണം, തീപ്പെട്ടി നിർമ്മാണം, മെറ്റൽ ഉല്പ്പാദനം, കലാസാംസ്കാരിക സമ്മേളനം, തൊഴിൽ പരിശീലന ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുന്നതിന് ആവശ്യമായ നടപടികളെടിക്കുക.

# പട്ടികജാതിക്ഷേമം



"കരയാതെമക്കളേ കല്പിച്ചു തമ്പുരാൻ
ഒരുവാഴവേറെഞ്ഞാൻ കൊണ്ടുവയ്ക്കാം"
ചങ്ങമ്പുഴ

"നെല്ലിൻ ചുവട്ടിൽ മുളയ്ക്കും കാട്ടു-
പുല്ലല്ല സാധുപുലയൻ "
കുമാരനാശാൻ

ഒൻപതാം പഞ്ചവൽസര പദ്ധതി ആസൂത്രണം ചെയ്യുന്ന ഒരു പുതിയ സംവിധാനത്തിൽ നൂറ്റാണ്ടുകളായി അടിമത്വം അനുഭവിച്ചുവന്ന പട്ടികജാതി വിഭാഗത്തിന്റെ സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക നവോഥാനത്തിനു വേണ്ടി അനവധി പരിപാടികൾ ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

ജനസംഖ്യയുടെ 16% പട്ടികജാതിക്കാരാണ്. അയിത്തം നിലനിന്നിരുന്ന കാലഘട്ടത്തിൽ പ്രത്യേകം പ്രത്യേകം നടത്തിവന്നിരുന്ന ആചാരാനുഷ്ഠാനങ്ങൾക്ക് മാറ്റം വന്നിട്ടുണ്ട്. പ്രധാനമായും 3 ക്ഷേത്രങ്ങളാണ് ഇവിടുള്ളത്. ഈ ക്ഷേത്രങ്ങളിൽ പട്ടികജാതിക്കാർ പ്രത്യേകിച്ചാണ് ഉത്സവം നടത്തിവന്നത്. കണ്ണാടിക്കഷണങ്ങൾ ഘടിപ്പിച്ച തൂക്കിനു പകരം നെൽക്കതിരുകൾ ചതുഷ്ക്കോണത്തിൽ കലാപരമായി കോർത്തുകെട്ടി 21.25 കോൽവരെ ഉയരമുള്ള കുതിരയെ കെട്ടിയലങ്കരിച്ച് ആയിരുന്നു അതിരുകൾക്കപ്പുറം ഉത്സവം ആഘോഷിച്ചിരിന്നത്. കോലം തുള്ളൽ (തെയ്യം) പുത്തരി നിറയ്ക്കൽ, ചൂട്ടെടുപ്പ്, കാലൻതുള്ളൽ എന്നീ അനുഷ്ഠാനങ്ങളും നടത്തിയിരുന്നു. കാക്കാലചരിതം നാടകം കുറവരു കളി, സീതകളി, പുലികളി, ഓച്ചിറക്കളി, പാക്കനാർകളി, കോൽക്കളി, തുടങ്ങിയ കലാരൂപങ്ങളും കൊയ്ത്തുപാട്ട്, ഞാറ്റുപാട്ട്, നാടൻപാട്ട്, ഉടുക്കുപാട്ട്, വള്ളോൻ പാട്ട്, തുടങ്ങിയവ കലാവിനോദങ്ങളായിരുന്നു. ഇവയിൽ പലതും ഇന്ന് അപ്രത്യക്ഷമായിരിക്കുന്നു. മന്ത്രവാദംകൊട്ട്, തുള്ളൽ, കോഴി, ആട്, എന്നിവയെ ബലിയർപ്പിക്കൽ, പഴയകാല മരണാനന്തരചടങ്ങുകൾ എന്നിവ ഇന്ന് പൂർണ്ണമായും ഇല്ലാതായി. അടുത്തകാലംവരെ ഉപയോഗിച്ചിരുന്ന തനതായ ഭാഷയും പദങ്ങളും ഇന്ന് അപ്രത്യക്ഷമായിരിക്കുന്നു. ഒറ്റപ്പെട്ട ചില അതിക്രമങ്ങൾ ഒഴികെ വർഗ്ഗീയ കലാപങ്ങളോ സംഘട്ടനങ്ങളോ നമ്മുടെ നാട്ടിൽ ഉണ്ടായിട്ടില്ല. കല്ലുമാല ധരിച്ചും മാറുമറക്കാനവകാശമില്ലാത്ത സ്ത്രീകളും മുണ്ട് നീട്ടി ഉടുക്കുവാനും വഴിനടക്കുവാനും അവകാശമോ സ്വാതന്ത്ര്യമോ ഇല്ലാതിരന്ന മുഴുവൻ പട്ടികജാതിക്കാരും മഹാനായ ശ്രീ. അയ്യൻകാളിയുടെ സമരപോരാട്ടങ്ങളുടെ ഫലമായും, ബഹുജനസംഘടനകളുടെ പ്രവർത്തനഫലമായും ഉയർത്തെഴുന്നേറ്റു.

പട്ടിക 1

പട്ടികജാതിക്കാർ (1991 സെൻസസ്)

| വാർഡ് | ആൺ | പെൺ | ആകെ | ശതമാനം |
|---|---|---|---|---|
| 1 | 295 | 276 | 571 | 18.15 |
| 2 | 289 | 278 | 567 | 20.24 |
| 3 | 118 | 122 | 240 | 12.65 |
| 4 | 195 | 197 | 392 | 18.29 |
| 5 | 184 | 184 | 368 | 17.42 |
| 6 | 154 | 144 | 298 | 14.9 |
| 7 | 158 | 174 | 332 | 15.97 |
| 8 | 141 | 136 | 277 | 11.79 |
| 9 | 128 | 124 | 252 | 9.14 |
| | 1662 | 1635 | 3297 | 15.49 |

പട്ടിക 2

<u>ശൂരനാട് തെക്ക് പഞ്ചായത്തിലെ പട്ടികജാതി വിദ്യാൾത്ഥികളുടെ വിദ്യാഭ്യാസനിലവാരം</u>

| ക്രമനമ്പർ | സ്കൂൾ | ആൺ | പെൺ | ആകെ | കൊഴിഞ്ഞുപോയവർ ആൺ | കൊഴിഞ്ഞുപോയവർ പെൺ | കൊഴിഞ്ഞുപോയവർ ആകെ |
|---|---|---|---|---|---|---|---|
| 1 | L.P.S, U.P.S | 247 | 198 | 445 | 3 | 3 | 6 |
| 2 | ഇംഗ്ലീഷ് മീഡിയം | 12 | 8 | 20 | | | |
| 3. | എച്ച്.എസ്സ് | 170 | 115 | 285 | 17 | 2 | 19 |
| | ആകെ. | 429 | 321 | 750 | 20 | 5 | 25 |

വിദ്യാഭ്യാസം പൂർത്തിയായവർ

| | | |
|---|---|---|
| 1. | S.S.L.C | 230 |
| 2. | ഡിഗ്രി | 53 |
| 3. | പ്രൊഫഷണൽ | 2 |
| 4. | I.T.I | 13 |
| | ആകെ. | 298 |

ഉദ്യോഗമുള്ളവർ

| ക്ലാസ്സ് | 1 | 2 | 3 | 4 | ആകെ |
|---|---|---|---|---|---|
| | 1 | 6 | 54 | 11 | 72 |

I.R.D.P സഹായംലഭിച്ചവർ

| വാർഡ് | എണ്ണം |
|---|---|
| 1 | 65 |
| 2 | 31 |
| 3 | 24 |
| 4 | 37 |
| 5 | 53 |
| 6 | 28 |
| 7 | 55 |
| 8 | 68 |
| 9,10 | 62 |
| ആകെ | 423 |

പ്രത്യയശാസ്ത്രത്തിന്റെ പേരിൽ ജന്മിത്വത്തിനെതിരെ നടന്ന ശൂരനാട് സംഭവവും, വൈക്കംസത്യാഗ്രഹവും മറ്റ് 'നിവർത്തന പ്രസ്ഥാന'ങ്ങളും രാജ്യമെമ്പാടും അലയടിച്ചപ്പോൾ അതിന്റെ ഭാഗമെന്നോണം ഇവിടെയും മാറ്റങ്ങൾ വന്നിട്ടുണ്ട്.

ഈ വിഭാഗത്തിന്റെ സാമൂഹിക സാമ്പത്തിക ഉയർച്ചയ്ക്കുവേണ്ടി സർക്കാർ നടപ്പാക്കിവരുന്ന പല പദ്ധതികളും വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും കർക്കശമായ നിയമങ്ങളും ചട്ടങ്ങളും കൊണ്ടും ഭാഗികമായ നേട്ടങ്ങൾ മാത്രമേ കൈവരിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. ഇതിൽ ഏറിയപങ്കും ലഭിച്ചിട്ടുള്ളത് കോളനിനിവാസികൾക്കാണ്. നിരവധി പ്രശ്നങ്ങൾ ഇനിയും പരിഹരിക്കപ്പെടാതെ നിലനില്ക്കുന്നു.

<u>വിദ്യാഭ്യാസം.</u>

നിരക്ഷരരുടെ നിലവാരം കുറഞ്ഞിട്ടുണ്ടെങ്കിലും വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. സാമ്പത്തിക ബുദ്ധിമുട്ടുകളാൽ ഉണ്ടാകുന്ന കുടുംബഭാരത്താൽ പലർക്കും തുടർന്ന് പഠിക്കുവാൻ കഴിഞ്ഞിട്ടില്ല. സാമൂഹികസാമ്പത്തിക സാഹചര്യങ്ങളാൽ, രക്ഷകർത്താക്കൾക്ക് വേണ്ടത്ര ശ്രദ്ധപതിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ബോധവല്ക്കരണം നടത്തേണ്ടതാണ്. L.P, U.P, H.S, L.K.G, ITI എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളിലായി പരമാവധി പേർ പഠിച്ചുകൊണ്ടിരിക്കുന്നു. നിരവധി കുട്ടികൾ കൊഴിഞ്ഞുപോകുന്നുണ്ട്. അദ്ധ്യാപകർക്ക് കുട്ടികളോടുള്ള സമീപനത്തിലെ പക്ഷപാതവും ഈ കൊഴിഞ്ഞു പോക്കിനൊരു കാരണമാണ്. (പട്ടിക 2 കാണുക.)

## <u>തൊഴിൽ രംഗം</u>

പട്ടികജാതി കുടുംബങ്ങൾ അധികവും കാർഷിക തൊഴിൽ ചെയ്തും കശുവണ്ടി ഫാക്ടറികളിൽ പണിചെയ്തുമാണ് ഉപജീവനം നടത്തുന്നത്. എന്നാൽ കാർഷികമേഖലയുടെ തകർച്ച കാരണം ഈ വിഭാഗത്തിന് തൊഴിൽ നഷ്ടപ്പെടുന്നു. അതിനാൽ നിർമ്മാണരംഗത്തേക്കും ഇഷ്ടികരംഗത്തേക്കും മറ്റുമേഖലകളിലേക്കും തിരിഞ്ഞുപോകുന്നു. കാർഷികമേഖലയിൽ പുരുഷൻമാർക്ക് 75 രൂപയും സ്ത്രീകൾക്ക് 40 രൂപയും 1 പ്രാവശ്യം ഭക്ഷണവും ലഭിക്കുന്നുണ്ട്. കൊയ്ത്തിന് ഏഴിന് 1 പതവും ആഹാരവും നല്കുന്നുണ്ട്. കശുവണ്ടിത്തൊഴിലാളികൾക്ക് 30 രൂപാ മുതൽ 40 രൂപാ വരെ ശരാശരി കൂലി ലഭിക്കുന്നു. വർഷത്തിൽ 20-30 ദിവസം മാത്രമാണ് തൊഴിൽ ലഭിക്കുന്നത് ഭക്ഷ്യപ്രശ്നം പരിഹരിക്കുന്നതിന് ഉല്പാദനം വർദ്ധിപ്പിക്കുവാൻ തൊഴിലാളികളെ ആകർഷിക്കുന്ന തരത്തിൽ പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യണം. കാർഷിക മേഖലയിൽ സീസണിലാണ് തൊഴിലുള്ളത്. മറ്റ് സമയങ്ങളിൽ പ്രധാന തൊഴിലായി സ്വീകരിച്ചിരുന്ന പായനെയ്ത്ത്, കുട്ട, വട്ടി, മുറം എന്നിവ നിർമ്മിക്കൽ മറ്റ് കൈത്തൊഴിലുകളായിരുന്നു. തോടുകളും കാടുകലും വെട്ടി നശിപ്പിച്ചതോടുകൂടി അസംസ്കൃത സാധനങ്ങൾ നഷ്ടപ്പെട്ടിരിക്കുന്നു. കൂലിവേലയും കൈത്തൊഴിലും നഷ്ടപ്പെട്ടിരിക്കുന്നതിനാൽ പുതിയ തൊഴിൽ സംരംഭങ്ങൾ ഉറപ്പുവരുത്തണം. 11 ഓളം പേർ തൊഴിൽ തേടി ഗൾഫ് നാടുകളിലേക്ക് പോയിട്ടുണ്ട്.

## പാർപ്പിട പ്രശ്നം

പാർപ്പിട പ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. ഒരു പരിധിവരെ സർക്കാർ സൗജന്യങ്ങൾ നൽകുന്നതിനാൽ കുറച്ചൊക്കെ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. പരിമിതമായ സൗകര്യങ്ങൾ മാത്രമാണുള്ളത്. ചെറ്റക്കുടിലുകൾ ധാരാളമുണ്ട്. ലഭിച്ചിട്ടുള്ള വീടുകൾ, കിണറുകൾ, കക്കൂസുകൾ, കുളുമുറികൾ എന്നിവ അധികവും കോളനികൾക്കാണ്. ഒറ്റപ്പെട്ടകുടുംബങ്ങൾക്ക് വേണ്ടത്ര പ്രയോജനം ലഭിച്ചിട്ടില്ല. അനവധിപേർ വിവിധ സ്ഥാപനങ്ങളിൽനിന്ന് വായ്പയെടുത്ത് വലിയ കടക്കെണിയിൽ പെട്ടുപോയിട്ടുണ്ട്. വീടുനിർമ്മാണത്തിനും കക്കൂസ് നിർമ്മാണത്തിനും അനുവദിക്കുന്ന തുകയുടെ അപര്യാപ്തത കാരണം പലതും പൂർത്തിയാകാതെ കിടക്കുന്നു. ഈ കുറവ് പരിഹരിക്കേണ്ടതാണ്. ഭൂരഹിത ഭവനരഹിത കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്യണം. (പട്ടിക 3, പട്ടിക 4)

## പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല. നിരക്ഷരത നിലനില്ക്കുന്നു. വിദ്യാർത്ഥികൾ കൊഴിഞ്ഞു പോകുന്നു.

2. കാർഷിക തൊഴിൽ കുറഞ്ഞു വരുന്നു. തൊഴിലാഴികൾ കൊഴിഞ്ഞുപോകുന്നു. യന്ത്രവല്ക്കരണം കാർഷിക തൊഴിൽരംഗത്ത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

3. എല്ലാവർക്കും സ്വന്തമായി ഭൂമിയില്ല.

4. വീടുവയ്ക്കാൻ നല്കുന്ന പരിമിതമായ സാമ്പത്തിക സഹായം കൊണ്ട് വീട് പൂർത്തിയാക്കുവാൻ കഴിയു

## പട്ടിക 4
## ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിലെ കോളനികൾ

| ക്രമനംമ്പർ | വാർഡ് | പേര് | വീട് | കോൺക്രീറ്റ്, | ഓട്, | ഓല |
|---|---|---|---|---|---|---|
| 1 | 1 | ലക്ഷംകോളനി | 7 | ഇല്ല | 5 | 2 |
| 2 | 1 | കുമരംചിറ കോളനി | 48 | ഇല്ല | 36 | 12 |
| 3 | 1 | മാവിനാതറ | 14 | ഇല്ല | 11 | 3 |
| 4 | 1 | ലക്ഷംകോളനി | 7 | ഇല്ല | 2 | 5 |
| 5 | 1 | മുണ്ടകത്തറ J.H.D.P | 45 | ഇല്ല | 23 | 22 |
| 6 | 1 | രപായ്കയിൽ | 7 | ഇല്ല | 2 | 5 |
| 7 | 3 | ഇരവിചിറപടിഞ്ഞാറ് സെറ്റിൽമെന്റ് | 13 | ഇല്ല | 1 | 12 |
| 8 | 3 | പ്ലാവിളകോളനി | 15 | 1 | 8 | 6 |
| 9 | 3 | പനതിട്ടകോളനി | 19 | ഇല്ല | 15 | 4 |
| 10 | 4 | ഇരവിചിറ I.H.D.P | 57 | ഇല്ല | 20 | 37 |
| 11 | 4 | പൊയ്കകോളനി | 21 | ഇല്ല | 15 | 6 |
| 12 | 5 | കൊപ്പാറകിഴക്ക് ലക്ഷംകോളനി | 13 | ഇല്ല | 1 | 12 |
| 13 | 5 | തടത്തിൽ കോളനി | 22 | ഇല്ല | 8 | 14 |
| 14 | 5 | പ്ലാവിളകോളനി | 24 | ഇല്ല | 6 | 18 |
| 15 | 5 | പനമൂട്ടിൽ കോളനി | 14 | ഇല്ല | 7 | 7 |
| 16 | 6 | ഇഞ്ചക്കാട് ലക്ഷംകോളനി | 3 | 1 | 2 | - |
| 17 | 6 | വേങ്ങോല കോളനി | 12 | ഇല്ല | 8 | 4 |
| 18 | 7 | അയണിവിള കോളനി | 46 | 3 | 32 | 11 |
| 19 | 7 | താമരശ്ശേരി | 16 | ഇല്ല | 8 | 8 |
| 20 | 10 | കാവിനാൽ കോളനി | 18 | 1 | 8 | 9 |
| 21 | 1 | കുന്നത്തുവിള | 23 | ഇല്ല | 14 | 9 |
| ആകെ | | | 444 | 6 | 232 | 206 |

## പട്ടിക 3
## ഓരോ വാർഡുകളിലേക്കും വേണ്ട വീട്, കക്കൂസ്, കിണർ

| വാർഡ് | വീട് | കക്കൂസ് | കിണർ | ഇലക്ട്രിസിറ്റി |
|---|---|---|---|---|
| 1 | 40 | 40 | 40 | 40 |
| 2 | 50 | 70 | 30 | 50 |
| 3 | 22 | 25 | 10 | 30 |
| 4 | 45 | 50 | 15 | 50 |
| 5 | 60 | 75 | 40 | 75 |
| 6 | 20 | 30 | 15 | 20 |
| 7 | 35 | 45 | 20 | 40 |
| 8 | 15 | 20 | 10 | 25 |
| 9 | 20 | 30 | 10 | 25 |
| 10 | 25 | 30 | 15 | 25 |
| ആകെ | 332 | 415 | 205 | 380 |

ന്നില്ല.

5. കുടിവെള്ളവും വൈദ്യുതിയും ഇല്ല. പൊതുശ്മശാനം ഇല്ല.

6. കൈവശഭൂമിക്ക് പട്ടയം ലഭിക്കാനുണ്ട്.

7. ആരോഗ്യ സംരക്ഷണ സംവിധാനം മെച്ചപ്പെട്ടതല്ല.

8. നിർദ്ധന കുടുംബത്തിലെ അംഗങ്ങളുടെ ചികിത്സയ്ക്കും പെൺമക്കളുടെ വിവാഹത്തിനും തക്കസമയത്ത് സഹായം ലഭിക്കുന്നില്ല.

9. I.R.D.P പദ്ധതികളും മറ്റും ഫലപ്രദമാകുന്നില്ല.

10. കടക്കെണിയിൽപ്പെട്ടവരെ സഹായിക്കാൻ പദ്ധതികളില്ല.

11. പട്ടികജാതി വികസനവകുപ്പും കോർപ്പറേഷനും അഭ്യസ്തവിദ്യർക്കു നൽകുന്ന ധനസഹായം അപര്യാപ്തവും വ്യവസ്ഥകൾ കഠിനവുമാണ്.

12. വൈദ്യുതി - പഞ്ചായത്തിലെ കിടങ്ങയം വടക്ക് ലക്ഷംകോളനിക്കും പനമൂട് കോളനിയ്ക്കും മാത്രമാണ് വൈദ്യുതി ലഭിച്ചിട്ടുള്ളത്. ഒറ്റപ്പെട്ടകുടുംബങ്ങളിൽ 95% വും വൈദ്യുതീകരിക്കാത്തവയാണ്. ഇതിനാവശ്യമായ പദ്ധതിക്കു രൂപം നൽകണം.

13. കുടിവെള്ളം- കുടിവെള്ളപ്രശ്നം രൂക്ഷമാണ്. കിടങ്ങയംവടക്ക് കോളനികളിലല്ലാതെ മറ്റുകോളനികളിലും ഒറ്റപ്പെട്ടകുടുംബങ്ങൾക്കും കുടിവെള്ളം ലഭിക്കുന്നില്ല. വയൽതീരത്തും തോട്ടിൻകരകളിലും പഞ്ചായത്തിന്റെ പിന്നാമ്പുറങ്ങളിലും താമസിക്കുന്നവർ ഓരു കലർന്നതും മാലിന്യങ്ങൾ കലർന്നതും വിഷാംശം കലർന്നതുമായ ജലമാണ് ഉപയോഗിക്കുന്നത്. ഇത് പലവിധരോഗങ്ങൾക്ക് കാരണമാകുന്നുണ്ട്. കുഴൽക്കിണർ ഈ പഞ്ചായത്തിൽ ഇല്ല. കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിന് ഉടൻതന്നെ പദ്ധതി ആസൂത്രണം ചെയ്യണം.

<u>സത്വരശ്രദ്ധപതിയേണ്ട നിർദ്ദേശങ്ങൾ</u> - റിസോഴ്സ് ഗ്രൂപ്പിന്റേത്.

1. ക്ഷേമ പദ്ധതികൾ അർഹതപ്പെട്ടവർക്ക് കൃത്യസമയത്ത് ലഭ്യമാക്കുക. നിബന്ധനകളും നിയമങ്ങളും ലഘൂകരിക്കുക.

2. കാർഷികമേഖലയെ അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക. തൊഴിലാളികളെ ആകർഷിക്കത്തക്ക പദ്ധതികൾ ആവിഷ്കരിക്കുക. യന്ത്രവൽക്കരണം പൂർണ്ണമായും ഒഴിവാക്കി തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുക. പരമ്പരാഗത കുടിൽവ്യവസായങ്ങളും കൈത്തൊഴിലുകളും അഭിവൃദ്ധിപ്പെടുത്തുക.

3. യുവതീയുവാക്കൾക്ക് സാങ്കേതിക തൊഴിൽ പരിശീലനം നൽകുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുക.

4. വൈദ്യുതി, കുടിവെള്ളപ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കുക.

5. പട്ടികജാതി സർവ്വീസ് സഹകരണസംഘം പുനരുദ്ധരിച്ച് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക.

6. പഞ്ചായത്തിലുള്ള പുറംപോക്കിലുള്ള ഭൂമിയും കെ. ഐ. പി വക ഭൂമിയും കൃഷിയ്ക്കു നൽകുക.

7. കാർഷികോൽപാദനം വർദ്ധിപ്പിക്കാൻ വിത്തും വളവും കൃഷിച്ചിലവിന് സാമ്പത്തിക സഹായവും നൽകുക.

8. വീട്, കക്കൂസ് തുടങ്ങിയവയുടെ തുക വർദ്ധിപ്പിക്കുക. വീട് പുതുക്കിപ്പണിയുന്നതിനുള്ള ധനസഹായം നൽകുക.

9. കാർഷികോല്പന്നങ്ങൾ കൃഷിഭവൻ വഴി ശേഖരിച്ച് ന്യായമായ വിലയ്ക്ക് നൽകുക.

10. കടക്കെണിയിൽ പെട്ടവരെ സഹായിക്കാൻ പദ്ധതി ആവിഷ്കരിക്കുക.

11. ഓടുമേയുന്നതിനും ഓലമേയുന്നതിനും തുക വർദ്ധിപ്പിച്ച് കൂടുതൽ കുടുംബങ്ങൾക്ക് വിതരണം ചെയ്യുക.

12. ബാലവാടികളും അംഗൻവാടികളും നഴ്സറികളും വായനശാലകളും എല്ലാവാർഡുകളിലും സ്ഥാപിക്കുക.

13. പഞ്ചായത്തിൽ ഒരു പ്രീ മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുക.

14. പഠനം അവസാനിപ്പിച്ചിരിക്കുന്ന കുട്ടികളെ കണ്ടെത്തി തുടർവിദ്യാഭ്യാസം നൽകുക. പട്ടികജാതി വിദ്യാർത്ഥികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള സ്പെഷ്യൽ കോച്ചിംഗ് കാര്യക്ഷമതയോടും ഉത്തരവാദിത്തത്തോടും നടപ്പിലാക്കുക.

15. ദുർബലവിഭാഗത്തിൽ പെട്ടവർക്ക് സൗജന്യ ചികിത്സാ സൗകര്യം നൽകുക.

16. പട്ടികജാതി സങ്കേതങ്ങളിലേക്ക് ഗതാഗതയോഗ്യമായ റോഡുകൾ നിർമ്മിക്കുക.

17. വിദ്യാർത്ഥികൾക്കു നൽകുന്ന ഗ്രാന്റ് തുക വർദ്ധിപ്പിക്കുകയും മാസത്തിലൊരിക്കൽ പഞ്ചായത്തുകോൺഫറൻസ് ഹാളിൽ സാമൂഹ്യബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുക.

18. പട്ടികജാതി സങ്കേതങ്ങൾ കേന്ദ്രീകരിച്ച് ആയുർവേദ ഹോമിയോ ആശുപത്രികൾ സ്ഥാപിക്കുക.

19. പട്ടികജാതി സങ്കേതങ്ങൾ കേന്ദ്രീകരിച്ച് പഞ്ചായത്തിന്റെ രണ്ടു ഭാഗങ്ങളിൽ ശ്മശാനങ്ങൾ സ്ഥാപിക്കുക.

20. പഞ്ചായത്തിൽ നിലവിലുള്ളതും ഇനി ഉണ്ടാകാൻ പോകുന്നതുമായ ഷോപ്പിംഗ് കോംപ്ലക്സുകളിൽ വ്യവസായ വാണിജ്യാവശ്യങ്ങൾക്കായി സൗജന്യ നിരക്കിൽ മുറികൾ ലഭ്യമാക്കുന്നതിലേക്ക് റിസർവ്വ് ചെയ്യുകയും ഇതിന്റെ പ്രയോജനം ഇവർക്ക് ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുകയും വേണം.

21. കലാകായിക രംഗത്തുള്ള പ്രതിഭകളെ കണ്ടെത്തി പരിശീലനം നൽകി പ്രാപ്തരാക്കുക. ഇന്ന് നാമാവശേഷമായിരിക്കുന്ന പുരാതനവും പരമ്പരാഗതവുമായ കലാ സാംസ്കാരിക ഇനങ്ങളെ പുനരുദ്ധരിക്കുക. നിലവിലുള്ള ആർസ് ആന്റ് സ്പോർട്ട്സ്ക്ലബ്ബുകൾക്ക് ഗ്രാന്റ് അനുവദിക്കുക. ഒരു പഞ്ചവാദ്യ ട്രെയിനിംഗ് സ്കൂൾ പഞ്ചായത്തിൽ സ്ഥാപിക്കുക.

22. സ്വകാര്യമേഖലയിൽ പട്ടികജാതിക്കാർക്ക് സംവരണം ഏർപ്പെടുത്തുക.

23. പഞ്ചായത്തു വർക്കുകൾ ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്കു നൽകുക.

24. എല്ലാ സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിലും പഞ്ചായകത്തുകളിവും ഡോ. അംബേദ്കറുടെ ഫോട്ടോസ്ഥാപിക്കുക.

## ഗ്രാമസഭകളിലെ നിർദ്ദേശങ്ങൾ

A. പഞ്ചായത്തുതലം. പട്ടികജാതിക്ഷേമം.

1.സർവ്വേ 726/8A യിൽ താമസിക്കുന്ന 11 പട്ടികജാതികുടുംബങ്ങളെ I.H.D.P കോളനിയാക്കി അംഗീകരിക്കുക.

2. തൊഴിൽ രഹിതരായ പട്ടികജാതിക്കാർക്ക് ട്രാക്ടർ, ടില്ലർ മുതലായവ നൽകുക.

3. ഒരു സഹകരണസംഘം രജിസ്റ്റർ ചെയ്യുക.

4. പഴം പച്ചക്കറിയൂണിറ്റ് വ്യവസായ അടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.

5. പാർപ്പിട സൗകര്യമില്ലാത്ത എല്ലാ പട്ടികജാതിക്കാർക്കും വീട്, കക്കൂസ്, വൈദ്യുതി, വെള്ളം എന്നിവ എത്തിക്കുക.

6. കോളനികളിൽ വയറിംഗ് നടത്തി കണക്ഷൻ കിട്ടാൻ നടപടി സ്വീകരിക്കുക.

7. ഒരു വനിതാ സഹകരണസംഘം സ്ഥാപിച്ച് പഴം പച്ചക്കറിയൂണിറ്റ് വ്യവസായ അടിസ്ഥാനതതിൽ നടപ്പാക്കുക.

8. പൊതുശ്മശാനവും കമ്മ്യൂണിറ്റിഹാളും സ്ഥാപിക്കുക.

9. പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകുക.

10. പഞ്ചായത്തു ലൈബ്രറിയിൽ ഡോ. അംബേദ്കർ, അയ്യൻകാളി, കെ.പി. വള്ളോൻ തുടങ്ങിയവരുടെ ജീവചരിത്രവും പുസ്തകങ്ങളും പ്രകാശനം ചെയ്യുക.

11. പട്ടികജാതിക്കാർക്ക് ഒരു നഴ്സറി സ്കൂൾ സ്ഥാപിക്കുക.

12. ഈറലഭ്യമാകുന്നതിന് പഞ്ചായത്തടിസ്ഥാനത്തിൽ ഒരു ഡിപ്പോ ആരംഭിക്കുക.

B വാർഡു തലം പട്ടികജാതിക്ഷേമം.

വാർഡ് 1

1. പട്ടികജാതി വിദ്യാർത്ഥികളുടെ പഠനസൗകര്യങ്ങൾക്കായി ബഞ്ച്, കസേര, മേശ, ഡസ്ക് മുതലായ ഉപകരണങ്ങൾ നൽകുക.

വാർഡ് 2

1. പട്ടികജാതി കോളനികളിൽ ഇനി നടപ്പാക്കാനുള്ള എല്ലാ വികസനങ്ങളും നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുക.

2. വാർഡിലെ ലക്ഷംവീട് കോളനികളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ലഹായിക്കുക.

3. എല്ലാ പട്ടികജാതികുടുംബങ്ങൾക്കും വൈദ്യുതി നൽകുക.

4. ഒരു വായനശാല സ്ഥാപിക്കുക.

5. സോപ്പ്, ഇഷ്ടിക, തയ്യൽ, പലചരക്ക്, പച്ചക്കറി, പാൽ, തഴപ്പായ് എന്നീ കുടിൽ വ്യവസായങ്ങൾ ആരംഭിക്കുവാനുള്ള യൂണിറ്റുകൾ ആരംഭിക്കുക.

6. കോളനിറോഡുകൾ സഞ്ചാരയോഗ്യമാക്കുക. വ്യാജച്ചാരായ വിൽപ്പന നിർത്തലാക്കുക.

7. പട്ടികജാതി വിദ്യാർത്ഥികൾക്കുവേണ്ടി നഴ്സറി സ്കൂൾ ആരംഭിക്കുക.

8. ആയുർവേദ ആശുപത്രിയും ഹെൽത്ത് സെന്ററും സ്ഥാപിക്കുക.

9. ബാങ്ക് വായ്പകിട്ടുവാനുള്ള തടസ്സം ഒഴിവാക്കുക.

വാർഡ് 3

1. ഒരു സൊസൈറ്റി സ്ഥാപിക്കുക. അടിസ്ഥാന ആവശ്യങ്ങളായ വീട്, കക്കൂസ്, വൈദ്യുതി എത്രയും പെട്ടെന്ന് ലഭ്യമാക്കുക.

വാർഡ് 4

1. നിലവിലുള്ള സൊസൈറ്റി പുനരുദ്ധരിക്കുക.
2. I.H.D.P കോളനിയിലെ മുഴുവൻ വീടുകളുടേയും പുരോഗതിക്കുവേണ്ടിയുള്ള നടപടി സ്വീകരിക്കുക.
3. I.H.D.P കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ സ്ഥാപിക്കുക.
4. പൊതുശ്മശാനവും ആയുർവേദ ആശുപത്രിയും സ്ഥാപിക്കുക.
5. പൊയ്കയിൽ കോളനിയിൽ നിലനിലുള്ള തോട് സൈഡ്‌വാൾകെട്ടി സഞ്ചാരയോഗ്യമാക്കുക.
6. മുഴുവൻ വീടുകൾക്കും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക.

വാർഡ് 5

1. 80 ൽ പരം കുടുംബങ്ങൾക്ക് അടിസ്ഥാസൗകര്യങ്ങൾ ഏർപ്പെടുത്തുക.
2. സ്കൂളുകളിൽ നിന്നും കുട്ടികളുടെ കൊഴിഞ്ഞ് പോക്ക് നിയന്ത്രിക്കുക.
3. ഈറ, തയ്യൽ, ഡെയറി, കൈത്തറി തുടങ്ങിയ വ്യവസായങ്ങൾ ആരംഭിക്കുക.
4. വാർഡിന്റെ കിഴക്കുവശം കേന്ദ്രീകരിച്ച് ഒരു മാതൃശിശുസംരക്ഷണകേന്ദ്രം സ്ഥാപിക്കുക.
5. കിഴക്കുഭാഗത്ത് അംഗൻവാടി സ്ഥാപിക്കുക.
6. കമ്മ്യൂണിറ്റിഹാൾ സ്ഥാപിക്കുക.
7. ഭൂരഹിത കർഷകത്തൊഴിലാളികൾക്ക് നൽകിയിട്ടുള്ള വീടും സ്ഥലവും ഉപയോഗിക്കാത്തവ തിരിച്ചെടുത്ത് ഭവന രഹിതർക്ക് നൽകുക.
8. നിലവിലുള്ള വീടിന്റെ അറ്റകുറ്റപ്പണികൾക്ക് സാമ്പത്തിക സഹായം അനുവദിക്കുക.

വാർഡൊ 6

1. രണ്ട് കോളനികളിലെ 45 ഓളം വീടുകൾക്ക് അടിസ്ഥാന സൗകര്യം നൽകുക.
2. വീടില്ലാത്തവർക്ക് വീട് നൽകുക.
3. ശ്മശാനവും കമ്മ്യൂണിറ്റി ഹാളും സ്ഥാപിക്കുക.
4. തഴപ്പായ നെയ്ത്തു സംഘം സ്ഥാപിക്കുക.
5. കോഴിവളർത്തൽ, സോപ്പുനിർമ്മാണം, ആടുവളർത്തൽ, പഴംപച്ചക്കറിയൂണിറ്റുകൾ സ്ഥാപിക്കുക. ഗ്രന്ഥശാലയും അതിനോടനുബന്ധിച്ച് ടി.വിയും സ്ഥാപിക്കുക.

വാർഡ് 7

1. കോളനികളിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുക. സാക്ഷരതാ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക.
2. പൊതുശ്മശാനം, കളിസ്ഥലം, ടി.വി എന്നിവ അനുവദിക്കുക.
3. ഓട്ടോമൊബൈൽ സൊസൈറ്റി രരൂപീകരിച്ച് പ്രവർത്തനമാരംഭിക്കുക.
4. ബാങ്കുവായ്പ നൽകി പരമ്പരാഗത തോഴിൽ സംരക്ഷിക്കുക.
5. തയ്യൽ, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, എംബ്രോയിഡറി, ഡ്രൈവിംഗ് പരിശീലനം കാവുള്ളകുളത്തിൽ മത്സ്യകൃഷി നടത്തുന്നതിനും സഹായമെത്തിക്കുക.
6. പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികർക്ക് കോച്ചിംഗ് നൽകുക.
7. മഹിളാസ്വസ്ഥ് സംഘത്തിൽ പട്ടികജാതിക്കാർക്ക് പ്രതിനിത്യം നൽകുക.
8. മരംകയറ്റതൊഴിലാളികൾക്ക് യന്ത്രവും മറ്റു സഹായവും ചെയ്യുക.
9. ഔഷധത്തോട്ടം സ്ഥാപിക്കുക. പൂകൃഷി ആരംഭിക്കുക.

വാർഡ് 8

1. വീടില്ലാത്തവർക്ക് വീടും മറ്റടിസ്ഥാന സൗകര്യങ്ങളും നൽകുക.
2. വഞ്ചിയിൽ ഭാഗത്ത് വെള്ളം എത്തിക്കുക.

വാർഡ് 9

1. മുക്കോടിവിള മുണ്ടുപണ, വിളഞ്ഞാമ്പുറം എന്നിവ ചേർത്ത് ഒരു കോളനി അംഗീകരിക്കുക.
2. വീടും ഭൂമിയും ഇല്ലാത്തവർക്ക് അടിസ്ഥാന സൗകര്യങ്ങളോടുകൂടി അതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുക.

വാർഡ് 10

1. 33 കുടുംബങ്ങൾക്ക് അടിസ്ഥാന സൗകര്യയങ്ങൾ ലഭ്യമാക്കുക.
2. ഭൂമിയും വീടും ഇല്ലാത്തവരെ പുനരധിവസിപ്പിക്കുക.
3. വലിയവീട്ടിൽ മുക്ക് മുതൽ ഉള്ളന്നൂർ മുക്കുവരെ റോഡുനിർമ്മിച്ച് കാവനാൽ കോളനിക്ക് സഞ്ചാരയോഗ്യമാക്കുക.
4. വ്യവസായ യൂണിറ്റ് സ്ഥാപിക്കുക.

# സഹകരണം



## ആമുഖം

മനുഷ്യസമൂഹത്തിന്റെ പുരോഗതിയ്ക്കും നിലനില്പിനും സഹകരണം അത്യാവശ്യമായിവന്നു. മാനവ സമൂഹത്തിന്റേയും സംസ്കാരത്തിന്റെയും ചരിത്രം സഹകരണത്തിന്റെ ചരിത്രമാണ്. എന്നാൽ കാലം പിന്നിട്ടതോടുകൂടി ഒരു പ്രത്യേക രീതിയിൽ വ്യാപാരം നടത്തുക എന്നതാണ് സഹകരണത്തിന്റെ സാങ്കേതികമായ അർത്ഥം. സ്വന്തം സാമ്പത്തിക താല്പര്യങ്ങളുടെ ഉന്നമനാർത്ഥം വ്യക്തികൾ മനുഷ്യനെ സമഭാവനയുടെ അടിസ്ഥാനത്തിൽ സ്വമേധയാ സംഘടിപ്പിക്കുകയും അതിന്റെ ഭരണം നീതിനിഷ്ഠമായ രീതിയിൽ നടത്തുകയും ചെയ്യുന്ന സ്വയം പ്രേരിതമായ ഒരു സംഘടനയാണ് സഹകരണം. സഹകരണം പൊതുനന്മകൾ ലക്ഷ്യമാക്കിക്കൊണ്ട് പ്രവർത്തിക്കുന്നു.( Each for all and all for each) തൊഴിലില്ലായ്മ ഒരു പരിധിവരെ പരിഹരിക്കുന്നതിനും കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിനും സർക്കാർ നൽകുന്ന സാമ്പത്തിക സഹായങ്ങളുടെ വിതരണോപാധിയായും ജനതയുടെ ഉപഭോഗാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള വിതരണകേന്ദ്രങ്ങളായും പ്രവർത്തിക്കുന്നു. സാമ്പത്തികാസൂത്രണം ജനാധിപത്യവൽക്കരിക്കുന്നതിന് സഹകരണം പോലെ മറ്റൊരു ഘടകം ഇല്ല. സഹകരണം സാമൂഹ്യ സമ്പത്ഘടനയുടെ വളർച്ചയ്ക്കും ഭദ്രതയ്ക്കും അനിവാര്യമാണെന്ന് അംഗീകരിക്കപ്പെട്ടിട്ടുണ്ട്. 1859 ൽ ഉണ്ടായ വ്യവസായ പ്രൊവിഡന്റ് നിയമമാണ് ആദ്യമായി സഹകരണപ്രസ്ഥാനവുമായി ബന്ധപ്പെട്ടുണ്ടായ നിയമം. 1904 ൽ ഇന്ത്യയിൽ ആദ്യമായി ഒരു സഹകരണ നിയമം പീസ്സായി. 1906 ൽ കൊണ്ടുവന്ന നിയമത്തിന്റെ അപര്യാപ്തതമൂലം 1912 ൽ കൊണ്ടുവന്ന നിയമം, ഈ പ്രസ്ഥാനത്തിന്റെ വളർച്ചയെ വളരെയേറെ സഹായിച്ചു. 1919 ലെ റിഫോംസ് ആക്ടിന് ശേഷം സഹകരണം പ്രവിശ്യാഗവൺമെന്റുകൾക്ക് വിട്ടുകൊടുത്തു.

1956 ൽ കേരളസംസ്ഥാനം രൂപം കൊള്ളുമ്പോൾ കേരളത്തിൽ രണ്ടു വ്യത്യസ്ഥനിയമങ്ങൾ നിലനിന്നിരുന്നു. മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന മലബാറിൽ 1932 ലെ മദിരാശി സഹകരണനിയമവും, തിരുകൊച്ചി സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന തിരുവിതാംകൂറിൽ 1951 ലെ തിരുകൊച്ചി സഹകരണനിയമവും. 1969 ലെ സഹകരണനിയമമാണ് കേരളത്തിന് മൊത്തത്തിൽ പ്രാബല്യത്തിലായ ആദ്യസഹകരണനിയമം.

ഈ മേഖലയിലെ കണക്കുകൾ പ്രകാരം ഇന്ത്യയിൽ 19 കോടിയും കേരളത്തിൽ 3.95 ലക്ഷവും ആളുകൾ അംഗങ്ങളായിരിക്കുകയും 1.18 ലക്ഷം കോടി രൂപ വായ്പാ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

കൊല്ലവർഷം 1099 (1923) ൽ പരേതനായ ശ്രീ. തോട്ടുകര കൊച്ചയ്യപ്പൻ ചാന്നാർ ചീഫ് പ്രമോട്ടറായി പതാരം കേന്ദ്രീകരിച്ച് പ്രവർത്തനമാരംഭിച്ച കിടങ്ങയം ഈഴവ പരസ്പര സഹായസഹകരണസംഘമാണ് ശൂരനാട് തെക്ക് പഞ്ചായത്തിലെ ആദ്യസഹകരണസംഘം. അതിനോടടുത്തകാലഘട്ടത്തിൽ തന്നെ (1101 ൽ (1925))പനമ്പിലാവിൽ ശ്രീ. വി. നാരായണപിള്ള ചീഫ് പ്രമോട്ടറായി ഇരവിച്ചിറ നടുവിലേമുറിവിവിദോദ്ദേശസഹകരണസംഘവുംപ്രവർത്തനമാരംഭിച്ചു. തോട്ടുകര സി. മാധവൻ, കല്ലൂർ മാധവൻ പിള്ള, എൻ. വേലായുധക്കുറുപ്പ്, തറയിൽ രാമകൃഷ്ണൻ, മുടിയിൽതറ വി. ഭാസ്കരൻ, കലതിവിളയിൽ മൈതീൻകുഞ്ഞ്, മാവിന്റെ തെക്ക് പരമുപണിക്കർ, കെ.

വാസന്തി ടീച്ചർ, മുട്ടത്ത് എം. ഹനീഫാക്കുഞ്ഞ് തുടങ്ങിയവരാണ് പഞ്ചായത്തിലെ ആദ്യകാല സഹകാരികൾ.

1923 ൽ രൂപീകരിച്ച കിടങ്ങയം ഈഴവ പരസ്പര സഹായ സഹകരണസംഘം പിന്നീട് കിടങ്ങയം വിവിധോദ്ദേശ സഹകരണസംഘം. കിടങ്ങയം സർവ്വീസ് സഹകരണസംഘം, പതാരം സർവ്വീസ് സഹകരണസംഘം എന്നീ പേരുകളിൽ പ്രവർത്തിക്കുകയും ഇപ്പോൾ പതാരംസർവ്വീസ്സഹകരണ ബാങ്ക് എന്ന പേരിൽ പ്രവർത്തിക്കുകയും ചെയ്യുന്നു. തോട്ടുകര സി. മാധവൻ ഭരണാധികാരിയായിരുന്ന സമയത്ത് അദ്ദേഹം സംഭാവനയായി നൽകിയ സ്ഥലവും കെട്ടിടവും അദ്ദേഹത്തിന്റെ സേവനങ്ങളുമാണ് പതാരം സർവ്വീസ് സഹകരണബാങ്കിന്റെ അടിസ്ഥാനമുറപ്പിച്ചത്.

1925 ൽ രൂപീകരിച്ച ഇരവിച്ചിറ നടുവിലേമുറി വിവിധോദ്ദേശ സഹകരണസംഘം പിന്നീട് ശൂരനാട് പീപ്പിൾസ് സർവ്വീസ് സഹകരണസംഘം, ശൂരനാട് പീപ്പിൾസ് സർവ്വീസ് സഹകരണബാങ്ക് എന്നീ പേരുകളിലും ഇപ്പോൾ ശൂരനാട് ഫർമേഴ്സ് സഹകരണബാങ്ക് എന്ന പേരിലും പ്രവർത്തിക്കുന്നു.

ശ്രീ. മുടിയിൽ തറ വി. ഭാസ്കരൻചുമതലയേറ്റെടുത്ത ശേഷം സഹകരണപ്രസ്ഥാനത്തിന്റെ സാദ്ധ്യതതകൾ സമൂഹത്തിന് പ്രയോജനപ്പെടുത്തുന്നതിനായി വായ്പാവിതരണത്തിനു പുറമേ, റേഷൻകട, പച്ചക്കറിത്തോട്ടം, കോഴിവളർത്തൽ, മുട്ടനാട് വളർത്തൽ, തേനീച്ച വളർത്തൽ, നെയ്ത്തത്ത് എന്നിവസംഘടിപ്പിച്ചത് സംഘത്തിന്റെ വളർച്ചയ്ക്കും യശ:സ്സിനും കാരണമായി. ശൂരനാട്, പതാരം, കക്കാക്കുന്ന്, കിടങ്ങയം എന്നീ പേരുകളിൽ 4 ക്ഷീരോത്പാദകസഹകരണസംഘങ്ങൾ ഈ പഞ്ചായത്തിൽ അംഗീമാനാർഹമായി പ്രവർത്തിക്കുന്നു. 4 സംഘങ്ങളിലുമായി 2200 ലിറ്റർ പാൽ സംഭരിക്കുകയും വിപണനം നടത്തുകയും ചെയ്യുന്നു. സഹകരണപ്രസ്ഥാനങ്ങളുടെ പട്ടികയിൽ രണ്ട് കൺസ്യൂമർ സഹകരണസംഘങ്ങ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ഖാദിമേഖലയിൽ പതാരം ഖാദിഗ്രാമ വ്യവസായ സംഘവും, അടിസ്ഥാന ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി ശൂരനാട് പട്ടികജാതി പട്ടികവർഗ്ഗസഹകരണ സംഘവും, വനിതാസംരംഭമായ ശൂരനാട് മഹിളാ വ്യവസായ സഹകരണസംഘവും പ്രവർത്തിക്കുന്നു കൂടാതെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മാർക്കറ്റിംഗ് സഹകരണസംഘവും ഈ പഞ്ചായത്തുകൂടി പ്രവർത്തന പരിധിയിൽ വരുന്ന ശാസ്താംകോട്ട കാർഷിക വികസനബാങ്ക്, കുന്നത്തൂർ റൂറൽ ഹൗസിംഗ് സൊസൈറ്റി എന്നീസഹകരണസംഘങ്ങളും ഇവിടെ പ്രവർത്തിച്ചു വരുന്നു. പഞ്ചായത്തിലെ വിവിധ സഹകരണസംഘങ്ങളിലായി 30 ജീവനക്കാർ ജോലി നോക്കുന്നു.

## സഹകരണസംഘങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ

### വായ്പാ സംഘങ്ങൾ

നമ്മുടെ പഞ്ചായത്തിന്റെ വികസനത്തിനും പ്രത്യേകിച്ച് കാർഷികമേഖലയുടെ പുരോഗതിയ്ക്കും സാധാരണ ജനങ്ങളുടെ ഉന്നമനത്തിനും വായ്പാസംഘങ്ങൾ വഹിച്ച പങ്ക് എടുത്തുപറയേണ്ടതാണ്. ആത്മാർത്ഥതയും അർപ്പണമനോഭാവുമുള്ള സഹകാരികൾ വളർത്തിയെടുത്ത കൂട്ടായ്മയിലൂടെയാണ് ഈ നേട്ടങ്ങൾ കൈവരിച്ചത്.

ആധുനിക കൃഷിരീതികൾ കർഷകർക്കു പകർന്നു കൊടുക്കാനും കൃഷിയിൽ താൽപര്യം ഉള്ളവരാക്കാനുള്ള പ്രവർത്തനങ്ങളും ഈ സ്ഥാപനങ്ങൾ നടത്തിയിരുന്നു. എന്നാൽ ഇടക്കാലത്ത് കാർഷികമേഖലയിലുണ്ടായ മുരടിപ്പ് കൃഷിക്കാരും സഹകരണസ്ഥാപനങ്ങളും തമ്മിലുണ്ടായിരുന്ന ബന്ധത്തിന് മങ്ങലേല്പിച്ചു.

പൂർണ്ണമായ ജനപങ്കാളിത്തം ഉറപ്പുവരുത്തിയെങ്കിൽ മാത്രമേപരിപാടികൾ പൂർണ്ണവിജയത്തിലെത്തുകയുള്ളൂ. ശൂരനാട് ഫാർമേഴ്സ് ബാങ്ക് മുന്നിട്ട് സംഘടിപ്പിച്ച എലിനശീകരണം, ചെല്ലിനശീകരണം, തെങ്ങിന് മരുന്ന് തളി എന്നിവ ഇത്തരുണത്തിൽ സ്മരണീയമാണ്. നമ്മുടെ പഞ്ചായത്തിലെ മുഴുവൻ കർഷകർക്കും വായ്പ കൊടുക്കുവാനുള്ള ശേഷി ഈ രണ്ട് സർവ്വീസ് ബാങ്കുകൾക്കുമിന്നില്ല. നബാർഡിന്റെ കർഷിക വായ്പാ നയത്തിൽ മാറ്റം വരുത്തുന്നതിലൂടെ മാത്രമേ ഉദ്ദേശിക്കുന്ന രൂപത്തിൽ വായ്പാവിതരണം നടത്തുവാൻ കഴിയൂ. സഹകരണാടിസ്ഥാനത്തിന്റെ പോരായ്മകൾ കണ്ടെത്തുവാനും പരിഹരിക്കുവാനും ഭരണസമിതിയും ജീവനക്കാരും സഹകാരികളും കൂട്ടായിശ്രമിക്കേണ്ടതാണ്. സഹകരണസംഘങ്ങളെകുറിച്ചുള്ള തെറ്റായ ധാരണകളും താല്പര്യമില്ലായ്മയും സമൂഹവും മാറ്റേണ്ടിയിരിക്കുന്നു. 1136-ാംനമ്പർ സർവ്വീസ് സഹകരണബാങ്കും 721-ാം നമ്പർ സർവ്വീസ് സഹകരണബാങ്കും നഷ്ടത്തിലാണ്. ഇതിനുള്ള കാരണം പരിശോധിച്ച് പരിഹാരം കാണണം.

കാർഷിക വായ്പയ്ക്കായി ഏറ്റവും അധികം കർഷകർ ആശ്രയിക്കുന്നതു കാർഷിക വികസനബാങ്കിനെയാണ്. പ്രാഥമികസഹകരണ ബാങ്കുവഴി ഹ്രസ്വകാലകാർഷിക വായ്പ, ദീർഘകാല കാർഷിക വായ്പ, മദ്ധ്യകാല കാർഷിക വായ്പ, സ്വർണ്ണപ്പണയ വായ്പ, കാർഷികേതര വായ്പ എന്നിവയും നല്കി വരുന്നു.. ശൂരനാടു തെക്കു പഞ്ചായത്തിലെ കിടങ്ങയം നടുവിൽ, കന്നിമേൽ, വടക്ക്, ഇരവിച്ചിറപടിഞ്ഞാറ്, തൃക്കുന്നപ്പുഴ തെക്ക് എന്നീ വാർഡുകൾ പതാരം സർവ്വീസ് സഹകരണ ബാങ്കിന്റേയും ഇരവിച്ചിറനടുവിൽ, ഇരവിച്ചിറകിഴക്ക്, ഇഞ്ചക്കാട്, ആയിക്കുന്നം, തൃക്കുന്ന

പ്പുഴ വടക്ക് വാർഡുകൾശൂരനാട് ഫാർമേഴ്സ്സഹകരണ ബാങ്കിന്റെയുംപ്രവർത്തന പരിധിയിൽ വരുന്നു.

വായ്പ്പാ സംഘത്തിന്റെ കൂട്ടത്തിൽ അടിസ്ഥാന വർഗ്ഗത്തിന്റെ ഉന്നമനത്തിനായി രൂപീകരിച്ചു പ്രവർത്തിക്കുന്ന സഹകരണസംഘമാണ് ശൂരനാട് പട്ടികജാതി പട്ടികവർഗ്ഗ സഹകരണസംഘം. സർക്കാരിൽ നിന്നും വിവധക്ഷേമ പ്രവർത്തനങ്ങൾക്കായി ധനസഹായം ലഭിച്ചിട്ടുണ്ടെങ്കിലും പ്രവർത്തിനാവശ്യമായ ഫണ്ട് ഇപ്പോൾ ഈ സംഘത്തിലി വായ്പയിൽ നല്ലൊരു ശതമാല്ലൊ തിരിച്ചടയ്ക്കുവാനുണ്ട്.

| സംഘം | ഓഹരി മൂലധനം | അംഗങ്ങൾ | സ്ഥിര നിക്ഷേപം | ഹ്രസ്വകാല നിക്ഷേപം | റിക്കറിംഗ നിക്ഷേപം | ഹ്രസ്വകാല കാർഷിക വായ്പ | മധ്യകാല കാർഷിക വായ്പ | ദീർഘകാപ കാർഷിക വായപ | കാർഷികേര വായ്പ | സ്വർണപ്പണയ വായ്പ | സ്വന്തം വായ്പ |
|---|---|---|---|---|---|---|---|---|---|---|---|
| പതാരം സർവ്വീസ് സഹകരണബാങ്ക് | 1063155 | 3748 | 3764500 | 470063.06 | 222700 | 1685887 | | 1048508 | 3404837 | 537620 | 153847 |
| ശൂരനാട് ഫാർമേഴ്സ് സർവ്വീസ് സഹകരണബാങ്ക് | 797015 | 5905 | 2152660 | 1137039 | | 865475 | 657638 | 758871 | 1597425 | 366950 | |

## സംഘങ്ങളുടെ വായ്പ്പാ നിക്ഷേപ വിവരങ്ങൾ

### ക്ഷീരോൽപാതക സഹകരണസംഘങ്ങൾ

ശൂരനാട് തെക്ക് പഞ്ചായത്തിന്റെ പത്ത് റവന്യൂ കരകളിൽ തൃക്കുന്നപ്പുഴതെക്ക്, കിടങ്ങയം വടക്ക് എന്നിവ ചേർത്ത് പതാരം ക്ഷീരസംഘവും ഇരവിച്ചിറ നടുവിൽ, ഇരവിച്ചിറ, ഇരവിച്ചിറ പടിഞ്ഞാറ്, ഇരവിച്ചിറകിഴക്ക് വാർഡുകർ ചേർത്ത് കക്കാക്കുന്ന് ക്ഷീരസംഘവും ആയിക്കുന്നം ഇഞ്ചക്കാട്വാർഡുകൾ ചേർത്ത് കക്കാക്കുന്ന് ക്ഷീരസംഘവും കിടങ്ങയം നടുവിൽ, കിടങ്ങയം,. കന്നിമേൽ കരകൾ ചേർത്ത് കിടങ്ങയംക്ഷീരസംഘവും പ്രവർത്തിക്കുന്നു. 4 ക്ഷീരോല്പാദക സഹകരണസംഘങ്ങളിലായി 2200 ലിറ്റർ പാൽ പ്രതിദിനം ശേഖരിക്കുകയും 308 ലിറ്റർ പ്രാദേശിക വില്പന നടത്തുകയും 1892 ലിറ്റർ ഡയറിക്കയയ്ക്കുകയുംചെയ്യുന്നു. ഈ സംഘങ്ങളിൽ പന്ത്രണ്ടുപേർ ജീവനക്കാരായി പ്രവർത്തിക്കുന്നു.

സംഘങ്ങൾ വഴി പാൽ ശേഖരണത്തിതിനും വിപണനത്തിനും പുറമെ, സൗജന്യമൃഗചികിത്സാ പദ്ധതി, അംഗങ്ങളുടെ മക്കളുടെ വിദ്യാഭ്യാസ സ്കോളർഷിപ്പ്, മരണാന്തര സഹായ പദ്ധതി, പുൽകൃഷിവികസന പദ്ധതി, പാലുൽപ്പന്നനിർമ്മാണ പദ്ധതി, ഊർജ്ജിത കന്നുകുട്ടി പരിപാലന പദ്ധപു ക്രിത്രിമബീജാധാന പദ്ധതി, കൃത്രിമ ഭ്രൂണമാറ്റപദ്ധതി, വൈക്കോൽസമ്പുഷ്ടീകരണപദ്ധതി, പുൽകൃഷി വികസന പദ്ധതി എന്നിവ സംഘങ്ങൾ വഴി നടത്തി വരുന്നു.

ക്ഷീരസംഘങ്ങളുടെ പൊതുസ്ഥതി.

| | ശൂരനാട്ക്ഷീരസംഘം | പതാരംക്ഷീരസംഘം | കക്കാക്കുന്നക്ഷീരസംഘം | കിടങ്ങയം ക്ഷീരസംഘം |
|---|---|---|---|---|
| അംഗങ്ങൾ | — | 375 | — | — |
| ഓഹരിമൂലധനം | — | 3960 | — | — |
| ആകെ സംഭരണം | 268044. ലി | 177525. ലി | 199612.6 ലി | 120262. ലി |
| പ്രാദേശിക വില്പന | 40908.ലി | 209040.5 ലി. | 2366.9. ലി | 18415. ലി |
| ഡയറിക്കയച്ചത് | 227736. ലി | 156584.5 ലി | 175943.1 ലി | 101847. ലി |

### മാർക്കറ്റിംഗ് സഹകരണസംഘം

ഒരു കാലത്ത് നിരവധിപേർക്ക് തൊഴിൽ ലഭിച്ചിരുന്ന ശാസ്താംകോട്ട മാർക്കറ്റിംഗ് സഹകരണസംഘം ഇന്ന് പ്രവർത്തനമില്ലാത്ത സ്ഥിതിയിലാണ്. നാളീകേരസംസ്കരണമാണ് ഉദ്ദേശമെങ്കിലും ഈ രംഗത്ത് മുന്നോട്ടുപോകാൻ

കഴിയാത്ത പ്രതിസന്ധി നിലനിൽക്കുന്നു. ആധുനിക സാങ്കേതിക രീതികൾ ഉപയോഗപ്പെടുത്തി നാളീകേരത്തിന്റെ സംസ്കരണവും വിപണനവുംനടത്തണം.

**കൺസ്യൂമർ സംഘങ്ങൾ**

പഞ്ചായത്തിൽ രണ്ട് കൺസ്യൂമർസഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു.

**വനിതാവ്യവസായ സഹകരണസംഘം**

ശൂരനാട് മഹിളാ വ്യവസായ സഹകരണസംഘം എന്ന പേരിൽ ഒരു വ്യവസായസംഘം നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. 66 അംഗങ്ങളും 18850 രൂപ പ്രവർത്തന മൂലധനവും ഉള്ള ഈ സംഘം നോട്ടുബുക്കു നിർമ്മാണവും തുന്നൽ ജോലികളും ഇപ്പോൾ നടത്തുന്നു.

**ഖാദിസംഘം**

പഞ്ചായത്തിൽ പതാരം ഖാദിഗ്രാമ വ്യവസായ സംഘം എന്നപേരിൽ ഒരു ഖാദി സംഘം 1973 മുതൽ പ്രവർത്തിച്ചുവരുന്നു. 110 അംഗങ്ങളും280000 രൂപ മൂലധനവുമുള്ള ഈ സംഘം ഓട്, ഇഷ്ടിക എന്നിവയുടെ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നു

## ഈ മേഖലയിലെ പ്രധാന പ്രശ്നങ്ങൾ

കാർഷികവായ്പാസംഘങ്ങളിലെ ലോൺ തിരിച്ചടവില്ലായ്മ, സംഘങ്ങളുടെ വർദ്ധിച്ചുവരുന്ന തൻചിലവ്, മാർക്കറ്റിംഗ് സംവിധാനത്തിന്റെ അപര്യാപ്തത, പാലിന് ഉല്പാദനച്ചിലവിനുസരിച്ച് വിലനൽകുവാൻ കഴിയാത്ത അവസ്ഥ, ഉപഭോക്തൃസംഘങ്ങളുടെ അഭാവം.

**നിർദ്ദേശങ്ങൾ**

1. നഷ്ടത്തിൽ പ്രവർത്തിക്കുന്ന വായ്പാസംഘങ്ങൾ ലാഭത്തിലെത്തിക്കുന്നതിന് മുൻകൈ എടുത്ത് സമയബന്ധിതപരിപാടി ആസൂത്രണം ചെയ്യുക. ഇതേസമയം നഷ്ടത്തിന് തുല്യമായ തുക സർക്കാർ പലിശരഹിത ദീർഘകാലവായ്പയായോ ഓഹരിമൂലധനമായോ നല്കുക.
2. സംഘത്തിന് ഈടാക്കാനുള്ള തുകവസൂലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.
3. സഹകരണബാങ്കുകളെ പഞ്ചായത്തിന്റെ ധനകാര്യസ്ഥാപനമായി അംഗീകരിക്കുകയും പഞ്ചായത്തിലെ മുഴുവൻ അക്കൗണ്ടുകളും സഹകരണബാങ്കുവഴി ആക്കുകയും ചെയ്യുക.
4. സഹകരണബാങ്കുകൾക്ക് കൂടുതൽ സലമുള്ള ചിട്ടിനടത്തുവാൻനിലവിലുള്ള നിയമതടസ്സങ്ങൾ നീക്കുക.
5. സഹകരണബാങ്കുകൾക്ക് വാണിജ്യബാങ്കുകളുമായി ആധുനിക വിപണിയിൽ കിടപിടിക്കത്തക്ക സജ്ജീകരണങ്ങളും സൗകര്യങ്ങളും ഏർപ്പെടുത്തുക.
6. കർഷകർക്ക് ക്രഡിറ്റ് കാർഡ് സംവിധാനം ഏർപ്പെടുത്തുക.
7. എസ്റ്റാബ്ലിഷ്മെന്റ് ചിലവുകൾ വരുമാനത്തിനനുസരണമായി നിജപ്പെടുത്തുക.
8. എല്ലാ കർഷകർക്കും അംഗത്വം നൽകുകു.
9. ശൂരനാട് ഫാർമേഴ്സ് ബാങ്കിന്റെ ഒരു ശാഖ കക്കാക്കുന്നിൽ ആരംഭിക്കുക.
10. സംഘംവഴി കൊപ്രാസംഭരണം ഫലപ്രദമായി നടപ്പാക്കുക.
11. കാർഷികബാങ്കുകളുടെ നേതൃത്വത്തിൽ വർഷത്തിൽ നാലു തവണ എങ്കിലും കാർഷിക പരിശീലനപരിപാടികളോ സെമിനാറുകളോ പ്രവർത്തിപരിചയമേളകളോ സംഘടിപ്പിക്കുകയും വർഷത്തിലൊരിക്കൽ കാർഷികപ്രദർശനം സംഘടിപ്പിച്ചു വിജയികൾക്ക് ആകർഷകമായ സമ്മാനങ്ങൾ വിതരണം ചെയ്യുക.
12. പച്ചക്കറികൃഷിക്കായി ഗ്രൂപ്പ്ഫാമിംഗ് സംഘങ്ങളും കർഷകക്ലബ്ബുകളും രൂപീകരിക്കുക.
13. ജനങ്ങളുടെ കൂട്ടായ പ്രവർത്തനത്തിലൂടെ, ഇന്ന് കൊമേഴ്സ്യൽബാങ്കുകളിലേക്ക് ഒഴുകുന്ന നിക്ഷേപങ്ങൾ സഹകരണ ബാങ്കുകളിലേക്ക് തിരിച്ച് വിടുക.

**മാർക്കറ്റിംഗ്.**

നിലവിലുള്ളതോ പുതിയതായി ഒരു സംഘം രൂപീകരിച്ചോ കാർഷികോല്പന്നങ്ങൾ, വിശിഷ്യാ നാളീകേരം, കർഷകരിൽ നിന്നും വാങ്ങുവാനും സംസ്കരിച്ച് വിപണനം നടത്തുവാനും നടപടിയുണ്ടാക്കുക.

**ക്ഷീരസംഘം**

1. ഉല്പാദകന് ഉല്പാദനച്ചിലവിനനുസരിച്ചുള്ള വില ഭ്യമാക്കുക.
2. ആവശ്യമായ പഠനങ്ങൾ നടത്തി കർഷകന് ഉപകാരപ്രദമായ തരത്തിൽ സംഘം പരിധി പുന:നിർണ്ണയംചെയ്യുകയോ പുതിയ സംഘങ്ങൾ രൂപീകരിക്കുകയോ ചെയ്യുക.

## പട്ടികജാതി പട്ടികവർഗ്ഗ സംഘം

1. പിരിഞ്ഞു കിട്ടാനുള്ള പണം പിരിച്ചെടുക്കാവാൻ നടപടികളും ഓഡിറ്റ്ന്യൂനത പ്രകാരം കിട്ടാനുള്ള പണം ഈടാക്കുവാനും നിയമനടപടി സ്വീകരിക്കുക.
2. IHDP കോളനി കേന്ദ്രീകരിച്ച് കാർഷികോപകരണങ്ങൾ നൽകിയിട്ടുള്ള സഹകരണസംഘങ്ങളുടെ പ്രവർത്തനം ഉദ്ദേശലക്ഷ്യങ്ങൾക്കനുസരണമായി നടക്കുന്നു എന്നുറപ്പുവരുത്തുക.
3. ഹരിജൻസംഘത്തിന്റെ ഉടമസ്ഥതയിൽ ഒരു ജൈവവളനിർമ്മാം യൂണിറ്റ് ആരംഭിക്കുക.
4. ചിലവുകുറഞ്ഞതും അംഗങ്ങൾക്ക് അവരുടെ വീടുകളിൽവച്ച് നിർമ്മിക്കാവുന്നതുമായ മെഴുകുതിരി, സോപ്പ് എന്നിവ നിർമ്മിച്ച് സംഘം വിതരണം ചെയ്യുക.

## വനിതാസഹകരണസംഘം

1. റെഡിമെയ്ഡ് വസ്ത്രങ്ങൾ നിർമ്മിച്ച് വിപണനം ചെയ്യുക.
2. ഒരു പ്രിന്റിംഗ്പ്രസ് ആരംഭിക്കുക.
3. ബേക്കറി ഐറ്റങ്ങൾ ഉല്പാദിപ്പിക്കുക.
4. വസ്തു പാട്ടത്തിനെടുത്ത് ഉദ്യാനകൃഷി ഏറ്റെടുക്കുക.
5. നോട്ടുബുക്കുകളുടെ നിർമ്മാണം വിപുലീകരിക്കുക.
6. സംഘംചുമതലയിൽ DWCRA യൂണിറ്റുകൾ IYK എന്നിവ രൂപീകരിച്ച് അച്ചാറുകൾ, കറിപൗഡറുകൾ, വറ്റലുകൾ, ജാമുകൾ, ശീതളപാനീയങ്ങൾ എന്നിവ നിർമ്മിക്കുക.
7. സംഘത്തിന്റെ ആഭിമുഖ്യത്തിൽ ചക്കുവള്ളി, പതാരം, വായനശാല എന്നിവടങ്ങളിൽ ലഘുഭക്ഷണശാല ആരംഭിക്കുക.

## കൺസ്യൂമർ

കൺസ്യൂമർ സഹകരണസംഘത്തിന്റെ ആഭിമുഖ്യത്തിൽ ഒരു വിതരണ കേന്ദ്രം പതാരത്തിൽ ആരംഭിക്കുക.

## പുതിയ നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ ഒരു കാലിത്തീറ്റ നിർമ്മാണ ഫാക്ടറി ക്ഷീരസംഘങ്ങളുടെ ഓഹരിപങ്കാളിത്തത്തോടെ ആരംക്കുക.
2. പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു മുട്ട, ഇറച്ചി ഉല്പാദന വിപണനസംഘം രൂപീകരിക്കുകയും ഹാച്ചറി സ്ഥാപിച്ച് കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുകയും അവരിൽനിന്ന് ആവർത്തസ്വഭാവത്തിൽ ലഭിക്കുന്ന ഇറച്ചി ഉപയോഗിച്ച് പഞ്ചായത്തിന്റെ വിവിധകേന്ദ്രങ്ങളിൽ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യാ മോഡലിൽ വിപണന കേന്ദ്രങ്ങൾ തുറക്കുകയും ചെയ്യുക.
3. കാർഷികോല്പന്നങ്ങളുടെ ഉല്പാദന വിപണന സംഘങ്ങൾ ഉണ്ടാക്കുക.
4. കിടങ്ങയം വടക്ക് ഇര:പടിഞ്ഞാറ് വാർഡുകളിൽ മത്സ്യകർഷക സഹകരണസംഘം രൂപീകരിക്കുക.
5. പഞ്ചായത്തടിസ്ഥാനത്തിൽ കാർഷികയന്ത്രസാമഗ്രികൾ ലഭ്യമാക്കുക. ഒരു സഹകരണസംഘം രൂപീകരിക്കുകയോ ക്രഡിറ്റ് സംഘങ്ങളോട് ചേർന്ന് പ്രവർത്തിക്കുകയോ ചെയ്യുക.
6. പഞ്ചായത്തിൽ ഒരു ലേബർ കോൺട്രാക്ട് സോസൈറ്റി രൂപീകരിക്കുക.

ഇത്രയും നിർദ്ദേശങ്ങളുമായി ഓൻപതാം പഞ്ചവത്സരപദ്ധതിയിലേക്കുള്ള സഹകരണത്തിന്റെ മാർഗ്ഗരേഖ വികസന സെമിനാറിന്റെ വിശദമായ ചർച്ചകൾക്കും വിലപ്പെട്ട നിർദ്ദേശങ്ങൾക്കുമായി സമർപ്പിക്കുന്നു.

# വിഭവസമാഹരണം



സാമ്പത്തിക പ്രതിസന്ധിനേരിടുന്ന കേരളത്തിലെ ചുരുക്കം ചില പഞ്ചായത്തുകളിൽ ഒന്നാണ് ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത്. വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിയുന്ന കാർഷിക മേഖല സാഹചര്യങ്ങളുടെ സമ്മർദ്ദം കൊണ്ട് പുറംതള്ളപ്പെടുന്ന ഒരു അവസ്ഥാ വിശേഷമാണ് ഇന്ന് സംജാതമായിക്കൊണ്ടിരിക്കുന്നത്. ജനപ്പെരുപ്പം കാരണം കൃഷിസ്ഥലങ്ങൾ വാസസ്ഥലങ്ങളായി മാറുകയാണ്. ഉല്പാദനക്ഷമത അനുദിനം ക്ഷയിച്ചുകൊണ്ടിരിക്കുന്നു. രാസവളപ്രയോഗത്തിന്റെ മുന്നേറ്റം ദോഷഫലങ്ങളെ തടയാനാവാത്തവിധം വളർന്നുകൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ജൈവവളത്തിന്റെ പ്രാധാന്യം കർഷകരിൽ പ്രചരിപ്പിക്കേണ്ടയിരിക്കുന്നു. കർഷകത്തൊഴിലാളികളുടെ അഭാവത്തിൽ വിളനിലം തരിശിടുന്ന ഗതികേടിലാണ് കർഷകർ ചെന്നെത്തിയിരിക്കുന്നത്. ജലസേചനസൗകര്യം വർദ്ധിപ്പിക്കാതെ കാർഷികമേഖലയിലെ വിഭവസമാഹരണം വർദ്ധിപ്പിക്കാനാവില്ല.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ കാര്യമായ ഒരു വ്യവസായ സ്ഥാപനം പോലുമില്ല. ഏതൊരു നാടിന്റെയും വികസനത്തിന് പാതയൊരുക്കുന്നതിൽ വ്യവസായത്തിന് മുഖ്യമായ പങ്കുവഹിക്കാനുണ്ട്. വ്യാവസായികമായി പുറംതള്ളപ്പെട്ട നമ്മുടെ നാടിന്റെ ശോചനീയാവസ്ഥ വ്യവസായവല്ക്കരണത്തിന്റെ അനുപേക്ഷണീയത വിളിച്ചറിയിക്കുന്നു. ഏതു വ്യവസായത്തിനും അതിപ്രാധാന്യമുള്ള വൈദ്യുതി പ്രശ്നം പരിഹരിക്കാതെ ഈ രംഗത്ത് പുതിയ വിഭവസമാഹരണം കൈവരിക്കാൻ സാധ്യമല്ല. കാർഷികവും വ്യവസായികവുമായ മേഖലകളിൽ ഗ്രാമപഞ്ചായത്തിന് പൂർണ്ണമായി പ്രവർത്തിക്കാനുള്ള അധികാരം നൽകിയാലല്ലാതെ കാര്യമായ ഗുണഫലങ്ങൾ ഉണ്ടാകുകയില്ല.

വിവിധ ഡിപ്പാർട്ടുമെന്റുകളിൽ നിന്നും പഞ്ചായത്തിൽ കിട്ടേണ്ട നികുതിവിഹിതം പഞ്ചായത്തിൽ കിട്ടുന്നതിൽ ഇപ്പോൾ വലിയകാലതാമസം ഉണ്ട്. ഇവ അതാത്വർഷങ്ങളിൽ തന്നെ പഞ്ചായത്തുകൾക്ക് കിട്ടാൻ ഏർപ്പാടുണ്ടാക്കണം.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഏകദേശകണക്കനുസരിച്ച് ഗൾഫ്മേഖലകളിൽ പണിയെടുക്കുന്നവരുടെ എണ്ണം 350 ആണ്. എന്നാൽ ഗണ്യമായ സാമ്പത്തിക പുരോഗതി കൈവരിച്ചിട്ടുള്ളവർ വളരെ കുറവാണെങ്കിലും 5% ത്തോളം പേർ കാര്യമായ സാമ്പത്തികനേട്ടം കൈവരിച്ചവരാണ്. പക്ഷേ, സമൂഹത്തിന് നേട്ടുണ്ടാകുന്നതരത്തിൽ ഇന്നവർ അവരുടെ പക്കലുള്ളപണം നിക്ഷേപിക്കുന്നില്ല.

നമ്മുടെ പഞ്ചായത്തിലെ 245 വ്യാപാരസ്ഥാപനങ്ങളിലെ ലൈസൻസ് ഫീസായി 6330 രൂപ വസൂലാക്കാൻ കഴിഞ്ഞവർഷം സാധിച്ചിട്ടുണ്ട്. നിർബന്ധമായി നികുതി കൊടുക്കുകയും വാങ്ങുകയും ചെയ്യുന്ന കാര്യത്തിൽ ഇരുഭാഗത്തും വീഴ്ച വരാറുണ്ട്. വരുമാനത്തിന്റെ അടിസ്ഥാനത്തിൽ മുഴുവൻആളുകളിൽ നിന്നും നികുതി വസൂലാക്കാൻ കഴിഞ്ഞാൽ കഴിഞ്ഞ വർഷത്തെ 6330 രൂപ മൂന്നിരട്ടിയാക്കി മാറ്റാൻ കഴിയുന്നതാണ്.

## കെട്ടിട നികുതി.

ആകെയുള്ള 6094 കെട്ടിടങ്ങളുടെ നികുതിയിനത്തിൽ പിരിഞ്ഞ് കിട്ടിയത് 1,70,065 രൂപയാണ്. അശാസ്ത്രീയമായ നികുതി ചുമത്തലാണ് ഇന്നുള്ളത് വിലപിടിപ്പുള്ള സാമഗ്രികളുടേയും ആഡംബരത്തിന്റേയും മാനദണ്ഡത്തിൽ കെട്ടിടങ്ങൾക്ക് നികുതിയേർപ്പെടുത്തണം. സ്ഥിരമായ ചുമരുള്ള എല്ലാ കെട്ടിടങ്ങൾക്കും നികുതെയേർപ്പെടുത്തണം. നിർമ്മാണത്തിലെ അനാവശ്യമായ ധൂർത്ത് ഒഴിവാക്കാൻ സ്ലാബ് സമ്പ്രദായം ആവിഷ്രിക്കാവുന്നതാണ്. അഴിമതി ഒഴിവാക്കാൻ ഒരു അസ്സസ്സ്മെന്റ് കമ്മിറ്റി ഉചിതമായിരിക്കും. അസ്സസ്സ് ചെയ്ത രീതയെക്കുറിച്ച് വീട്ടുടമസ്ഥനെ ബോധ്യപ്പെടുത്തണം.

## തൊഴിൽ നികുതി.

ഗവൺമെന്റോ അർദ്ധഗവൺമെന്റോ ആയിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നുമാത്രമെ തൊഴിൽ നികുതി ഈടാക്കുന്നുള്ളു. തൊഴിലുള്ള എല്ലാവരിൽ നിന്നും നിയമം മൂലം തൊഴിൽ നികുതി പിരിക്കാവുന്നതാണ്. നിയമം ഏതുരീതിയിൽ വേണമെന്ന് പഞ്ചായത്തു ഭരണസമിതിക്ക് തീരുമാനിക്കാവുന്നതാണ്.

വിനോദ നികുതി നമ്മുടെ പഞ്ചായത്തിലില്ല. നമ്മുടെ പഞ്ചായത്തിന്റെ സിരാകേന്ദ്രമായ പതാരം ജംഗ്ഷനിൽ ഒരു സിനിമാതിയേറ്റർ രൂപം കൊള്ളുന്നത് നന്നായിരിക്കും. അതിനെ പ്രോത്സാഹിപ്പിക്കാൻ പഞ്ചായത്തുസമിതി മുൻകയ്യെടുക്കേണ്ടതാണ്. തുടക്കത്തിൽ നല്ല മുതൽമുടക്കുണ്ടാകണമെങ്കിലും ഒരു ആഡിറ്റോറിയംനമ്മുടെ പഞ്ചായത്തിന് ഒരു അനുഗ്രഹമായിരിക്കും, ഒരുനല്ല വരുമാനമാർഗ്ഗവുമായിരിക്കും.

## മറ്റുധനാഗമന മാർഗ്ഗങ്ങൾ

നമ്മുടെ പഞ്ചായത്തിലെ പ്രകൃതി വിഭവങ്ങളുടെ പട്ടികയിൽ വരുന്ന കല്ലുവെട്ട് യാതൊരു നിയന്ത്രണവുമില്ലാതെ തുടരുകയാണ്. ഓരോ കല്ലുവെട്ടുമലയ്ക്കും അതിന്റെ വിസ്തൃതിയ്ക്കനുസരണമായ സെസ്സ് ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കേണ്ടതാണ്. അതുപോലെ നമ്മുടെ പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലയിൽ വർദ്ധിച്ചുവരുന്ന ഇഷ്ടിക നിർമ്മാണത്തിലെ ഓരോചൂളയ്ക്കും സെസ് ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കേണ്ടതാണ്.

## ഫൈനാൻസിയേഴ്സ്

നമ്മുടെ പഞ്ചായത്തിലെ ധനകാര്യസ്ഥാപനമായ 721-ാം നമ്പർ സർവ്വീസ് സഹകരണ ബാങ്കും 1136-ാം നമ്പർ ശൂരനാട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കും ഒഴിച്ചാൽ നിയന്ത്രണമില്ലാതെ ദൈനംദിനം വർദ്ധിച്ച് കൊണ്ടിരിക്കുന്ന സ്വകാര്യ ഫൈനാൻസിയേഴ്സ് ആണ് എടുത്തുപറയാവുന്ന സാമ്പത്തികസ്ഥാപനങ്ങൾ. പഞ്ചായത്തുകൾക്ക് വായ്പയെടുക്കുവാനുള്ള സാധ്യത പുതിയ പഞ്ചായത്താക്ടിലുണ്ട്. ഈ സാഹചര്യത്തിൽ പഞ്ചായത്തു സമിതിയുടേയും ഗ്രാമസഭകളുടെയും കൂട്ടായ യത്നത്തിലൂടെ നിക്ഷേപസമാഹരണം ത്വരിതപ്പടുത്തി ബാങ്കുകളുടെ വായ്പാ ശേഷി വർദ്ധിപ്പിക്കാവുന്നതാണ്. അതുവഴി ഗ്രാമപഞ്ചായത്ത് അംഗീകരിക്കുന്ന പദ്ധതികൾക്ക് വായ്പകൊടുക്കുവാൻ ബാങ്കുകൾ ബാധ്യസ്ഥരാകുന്ന നിയമം ഈ രംഗത്ത് ഉണ്ടായേ മതിയാകൂ. നമ്മുടെ പഞ്ചായത്തിൽ നിന്നും സമാഹരിക്കുന്ന നിക്ഷേപങ്ങളുടെ 90% വും പഞ്ചായത്തിൽ തന്നെ വായ്പയായി കൊടുക്കേണ്ടതാണ്.

## ചെലവുകൾ

പ്രത്യുല്പാദന പരമല്ലാത്ത ചെലവഴിക്കൽ നമ്മുടെ പഞ്ചായത്തിനെ വിഭവ ദാരിദ്ര്യത്തിലേക്ക് നയിക്കുവാനേ ഉപകരിച്ചിട്ടുള്ളു. താത്കാലിക റിപ്പയർ വർക്കുകൾ പഞ്ചായത്തിന് ഒരു ഗുണവും ചെയ്തിട്ടില്ല. മറിച്ച് പഞ്ചായത്തുഫണ്ട് പാഴായിപ്പോകുന്ന സ്ഥിതിവിശേഷമാണുള്ളത്. റോഡുസംരക്ഷണച്ചുമതല ഇരുഭാഗത്തുമുള്ള താമസക്കാർ ഏറ്റെടുക്കേണ്ടതാണ്.

ചെലവിനങ്ങൾ പരിശോധിച്ചാൽ ഭരണച്ചിലവുകൾ വളരെക്കൂടുതലാണ് നമ്മുടെ പഞ്ചായത്തിഎ എന്നുകാണാം.

### ചെലവ് സംബന്ധിച്ച വിവരങ്ങൾ 1995- 96

| ഇനം | തുക |
|---|---|
| ഭരണം | 5,07,028 |
| പൊതുമരാമത്ത് | 79,583 |
| വിദ്യാഭ്യാസം | 18,738 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 620 |
| തെരുവ് വിളക്കുകർ കത്തിക്കുന്നത് | 41,129 |
| മറ്റുള്ളവ | 67,782 |
| ആകെ | 7,14,880 |

## പൊതുസാമ്പത്തിക നില

| | പൊതുകണക്ക് | മൂലധനക്കണക്ക് | കടംസംബന്ധിച്ച കണക്ക് |
|---|---|---|---|
| വരവ് | 14,17,820 | —— | 74,178 |
| ചെലവ് | 7,14,880 | —— | 74,178 |

എന്നാൽ ചെലവിനങ്ങളിൽ കാര്യമായ മാറ്റം വരുത്തുവാൻ സാധ്യവുമല്ല. മഴക്കാലം തുടങ്ങുന്നതിന് മുമ്പ് റോഡുകളിലെ ഓടകൾ പുതുക്കി സംരക്ഷിക്കുന്ന ചുമതല സന്നദ്ധസംഘടനാ പ്രവർത്തകർ ഏറ്റെടുത്താൽ പഞ്ചായത്തിന്റെ വിഭവച്ചോർച്ചതടയുന്നതിനും റോഡുകൾ തോടുകളാകുന്നത് ഇല്ലാതാക്കാനും സാധിക്കുന്നതാണ്.

സമ്പാദ്യനിക്ഷേപത്തിന്റെ ഭാഗമായി ഇന്ദിരാവികാസ് പത്രത്തിന്റെ പഞ്ചായത്തടിസ്ഥാനത്തിലുള്ള പിരിവിന്റെ 15 മുതൽ 25 % വരെ പഞ്ചായത്തിന് തന്നെകിട്ടുന്ന ഒരു വ്യവസ്ഥ ഇപ്പോൾ ഉണ്ട്.എന്നാൽ പതാരം പോസ്റ്റോഫീസിൽ ഇന്ദിരാവികാസ് പത്ര വിതരണം ഏറ്റെടുക്കാത്തതുകൊണ്ട് നമ്മുടെ പഞ്ചായത്തിന് ഈ വിഹിതം നഷ്ടപെട്ടുകൊണ്ടിരിക്കുകയാണ്. ഇതിന് ഉടനടി പരിഹാരമുണ്ടാക്കണം.

### മനുഷ്യാദ്ധ്വാനം.

എതൊരു പഞ്ചായത്തിലേയും വികസനപ്രവർത്തനത്തിന്റെ കാതലായ ഒരു ഭാഗമാണ് മനുഷ്യാദ്ധ്വാനം. വിഭവങ്ങളിൽ പ്രാഥമിക അംഗീകാരവും അതിനുതന്നെയാണ്. ജാതിമത രാഷ്ട്രീയ ചിന്തകൾക്കതീതമായി സ്വന്തം നാടിന്റെ വികസന പ്രക്രിയയിൽ പങ്കാളികളാവാൻ താല്പര്യമുള്ള ഏതൊതാളിനേയും ഉൾപ്പെടുത്തി ഗ്രാമസഭാതലത്തിൽ പരിപാടികൾ ആവിഷ്കരിക്കേണ്ടതാണ്. വികസനംകൊതിക്കുന്ന നമ്മുടെ പഞ്ചായത്തിലെ പ്രത്യേകിച്ച് കാർഷിക പൊതുമരാമത്തു മേഖലകളിൽ ഒക്കെത്തന്നെ പുതിയവെളിച്ചം സൃഷ്ടിക്കുവാൻ മനുഷ്യവിഭവത്തിന് നിസ്സീമമായ സ്വാധീനമുണ്ട്. റോഡുകൾ, തോടുകൾ മുതലായവ വെട്ടുന്നതിനും പരിസരമലിനീകരണം ഇല്ലാതാക്കുന്നതിനും വിദ്യാഭ്യാസനിലവാരം മെച്ചപ്പെടത്തുന്നതിനും പൊതുജനാരോഗ്യകേന്ദ്രങ്ങൾ കുറ്റമറ്റതാക്കുന്നതിനും മനുഷ്യ വിഭവശേഷി വികസനത്തിന്റെ മുഖ്യഘടകമായി ഉയർത്തിക്കൊണ്ടുവരേണ്ടതാണ്. ഇതിനായി എല്ലാ ബഹുജന സംഘടനകളെയും പങ്കാളികളാക്കി ഗ്രാമസഭാതലത്തത്തിൽ പരിപാടികൾ ആവിഷ്കരിക്കാൻ പഞ്ചായത്ത് ഭരണ സമിതി മുൻകയ്യെടുക്കേണ്ടതാണ്.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തുകൾക്ക് വായ്പയെടുക്കാനുള്ള സാധ്യത പുതിയ പഞ്ചായത്താക്ടിൽ ഉള്ളതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ ധനകാര്യസ്ഥാപനമായ സഹകരണബാങ്കുകളിൽ നിക്ഷേപ സമാഹരണം ജനപങ്കാളിത്തത്തോടെ യുദ്ധകാലാടിസ്ഥാനത്തിൽ ത്വരിതപ്പെടുത്തുക. തദ്വാരാ ലഭിക്കുന്ന നിക്ഷേപത്തിന്റെ 85% വരെ പഞ്ചായത്തുതല വികസന പ്രവർത്തനത്തിന് ലോൺ ലഭ്യമാക്കുക.

2.. നമ്മുടെ പഞ്ചായത്തിലെ തൊഴിൽ ചെയ്യുന്ന ഏവരേയും തൊഴിൽ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി അവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുവാൻ വ്യവസ്ഥചെയ്യുക.

3. ഗ്രാമവികസന പ്രവർത്തനങ്ങൾക്കുവേണ്ടി പഞ്ചായത്ത് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കേണ്ടതാണ്. ഇതിന് നിയമതടസമുണ്ടെങ്കിൽ ആവശ്യമായ മാറ്റം വരുത്താൻ നടപടി സ്വീകരിക്കുക.

### വാർഡുകളിലെ നിർദ്ദേശങ്ങളുടെ ചുരുക്കം

1. ഗൾഫുപണം പ്രദേശികോന്നമനത്തിനുവേണ്ടി ഉപയോഗിക്കുക.
2. വികസനപ്രവർത്തനങ്ങൾ കൂട്ടുത്തരവാദിത്തത്തോടെ നടപ്പിലാക്കുക.
3. മാനവ വിഭവശേഷി വികസനകാര്യത്തിൽ പരമാവധി പ്രയോജനപ്പെടുത്തുക.
4. കാർഷിക വ്യാവസായിക ഉല്പാദനം വർദ്ധിപ്പിച്ച് സമ്പത്ത് വർദ്ധിപ്പിക്കുക.
5. കൂടുതൽ സഹകരണസംഘങ്ങളും കമ്പനികളും സ്ഥാപിക്കുക.
6. ഖാദിബോർഡിന്റെ സഹായം ഉപയോഗപ്പെടുത്തുക.
7. സന്നദ്ധസേവനത്തിന് തയ്യാറുള്ള ചെറുപ്പക്കാരുടെ സേവനം പ്രയോജനപ്പെടുത്തുക.

**********************************************************

***Please register every birth and death to avoid difficulties in future***

PRINTED AT SANTHOSH INDUSTRIES 61.M.G.STREET, THAMARAKULAM, KOLLAM.1 PHONE : (0474) 70382


കേരളം
0
80 കി.മി.
കൊല്ലം